ഉത്തരരാമായണം

ഗദ്യം

(രണ്ടാം ഭാഗം)

കേരളസാഹിത്യ
അക്കാദമി

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു

പ്രസിദ്ധപ്പെടുത്തുന്നതു്.

ശ്രീരാമവർമ്മ ഗ്രന്ഥാവലി നമ്പർ 40.

ഉത്തരരാമായണം

ഗദ്യം

(രണ്ടാം ഭാഗം)

കേരളസാഹിത്യ അക്കാദമി

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നത്.

ശ്രീരാമവർമ്മഗ്രന്ഥാവലി നമ്പർ 40.

ഉത്തരരാമായണം

ഗദ്യം

(രണ്ടാം ഭാഗം)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു
പ്രസിദ്ധപ്പെടുത്തിയതു്.

1125.

[പകർപ്പവകാശം കമ്മിറ്റിക്കുള്ളതു.]

[വില 1—8—0.

രണ്ടാം പതിപ്പ്.

കേരള സാഹിത്യ
അക്കാദമി

എറണാകുളം

പരിഷന്മുദ്രണാലയത്തിൽ

അച്ചടിച്ചതു്.

[കോപ്പി 500.

വിഷയാനുക്രമണിക

സീതയുടെ ഗർഭാരംഭം—പുഷ്പകവിമാനത്തിന്റെ പ്രതിപ്രേഷണം—ദേവനിവേദനം. ഭാഗം 1—4.

ഗർഭവർണ്ണന—സീതയുടെ ദോഹദപ്രാർത്ഥന—ഭദ്രൻ എന്ന ചാരൻ സീതയെക്കുറിച്ചുള്ള കിംവദന്തിയെ ഉണർത്തിക്കുന്നു്. ഭാ. 4—11.

ശ്രീരാമൻ ഭ്രാതാക്കന്മാരെ വരുത്തി ആലോചിച്ചു് സീതാപരിത്യാഗനിശ്ചയത്തെപ്പറയുന്നു് — ലക്ഷ്മണനോടു് സീതയെ വനത്തിൽ കളയുവാൻ നിയോഗിക്കുന്നു്. ഭാ. 11—17.

ലക്ഷ്മണൻ സീതയെ കാട്ടിലേക്കു കൊണ്ടുപോകുന്നു്— ദുർന്നിമിത്തങ്ങളാകയാൽ സീത ദുഃഖിക്കുന്നു്—ലക്ഷ്മണൻ ശ്രീരാമാജ്ഞയെ അറിയിക്കുന്നു്—സീതയുടെ വിലാപം—ലക്ഷ്മണന്റെ സാന്ത്വനം—വാല്മീകിമഹർഷി സീതാദേവിയെ ചെന്നു കണ്ടു് സമാധാനിപ്പിച്ചു് ആശ്രമത്തിലേക്കു കൊണ്ടുവന്നു് താപസിമാരെ ഏല്പിക്കുന്നു്. ഭാ. 17—31.

ലക്ഷ്മണന്റെ പ്രതിപ്രയാണം—ലക്ഷ്മണൻ സുമന്ത്രനോടു ശ്രീരാമന്റെ ദാമ്പത്യവിയോഗത്തിനു കാരണം ചോദിക്കുന്നതും സുമന്ത്രൻ ശ്രീദുർവ്വാസസ്സു പറഞ്ഞുകേട്ട ഭൃഗുമഹർഷിയുടെ ശാപത്തെ അറിയിക്കുന്നതും—സീതാപരിത്യാഗാനന്തരം ദുഃഖിതനായ ശ്രീരാമൻ പള്ളിയറയിൽ അടച്ചിരിക്കുന്നതും ലക്ഷ്മണൻ സമാധാനിപ്പിക്കുന്നതും. ഭാ. 31—40.

ശ്രീരാമൻ ലക്ഷ്മണനോടു കഥകൾ പറയുന്നു്:—നൃഗനു പറ്റിയ ശാപം—നിമിയുടെ യജ്ഞവും നിമിയെ വസിഷ്ഠനും വസിഷ്ഠനെ നിമിയും ശപിക്കുന്നതും—വസിഷ്ഠനും നിമിയും വായുരൂപന്മാരായി സഞ്ചരിക്കുന്നു്—വസിഷ്ഠൻ മിത്രാവരുണന്മാരിൽനിന്നു വീണ്ടും ശരീരം ലഭിക്കുന്നു്—ദേവയാനിയുടെയും ശർമ്മിഷ്ഠയുടെയും കഥ—പൂരുവിന്റെ ഉൽപത്തി. ഭാ. 40—60.

മഹർഷിമാർ ലവണാസുരനെക്കൊണ്ടുള്ള ഉപദ്രവം അറിയിക്കുന്നു്—ലവണാസുരവധത്തിനു ശ്രീരാമൻ ശത്രുഘ്നനെ പറഞ്ഞയക്കുന്നു്—ശത്രുഘ്നന്റെ യുദ്ധയാത്ര—ശത്രുഘ്നൻ വാല്മീകിയെ കാണുന്നതും, വാല്മീകി സൗദാസരാജാവിന്റെ കഥ പറയുന്നതും—ലവണാസുരയുദ്ധം—ശത്രുഘ്നൻ ലവണനെ കൊല്ലുന്നു്—ശത്രുഘ്നൻ മധുരാപുരിയിൽ ഇരുന്നു രാജ്യഭാരം ചെയ്യുന്നു്—ശത്രുഘ്നൻ അയോദ്ധ്യയിലേക്കു മടങ്ങി ശ്രീരാമനെ കാണുന്നതും ശ്രീരാമൻ അദ്ദേഹത്തെ മധുരയിലേക്കുതന്നെ അയക്കുന്നതും. ഭാ. 60—90.

അക്കാദമി

അയോദ്ധ്യയിൽ ഒരു ബ്രാഹ്മണനുണ്ടായ ബാലമരണം—നാരദമുനി വന്നു് ബാലമരണത്തിനുള്ള കാരണം ശംബുകൻ എന്ന ശൂദ്രമുനിയുടെ തപസ്സാണെന്നറിയിക്കുന്നതു്—ശ്രീരാമൻ ശംബുകനെക്കൊല്ലുന്നതും, ബാലൻ ജീവിക്കുന്നതും. ഭാ. 90—98.

ശ്രീരാമന്റെ അഗസ്ത്യദർശനം—അഗസ്ത്യൻ കഥകൾ പറയുന്നതു്—ശ്വേതരാജചരിതം—ദണ്ഡൻ എന്ന രാജാവിന്റെ കഥയും ദണ്ഡകാരണ്യമുണ്ടായ പ്രകാരവും—ശ്രീരാമൻ അയോദ്ധ്യയിലേക്കു എഴുന്നെള്ളുന്നതു്. ഭാ. 98—114.

ശ്രീരാമന്റെ യജ്ഞത്തിനുള്ള ആലോചന—ലക്ഷ്മണൻ ഇന്ദ്രന്നു വൃത്രവധത്തിലുണ്ടായ ബ്രഹ്മഹത്യയുടെ കഥ പറഞ്ഞു അശ്വമേധമാണു് ചെയ്യേണ്ടതു് എന്നു പറയുന്നതു്—ശ്രീരാമൻ ഇളമഹാരാജാവിന്റെ കഥ പറയുന്നതും, അശ്വമേധം ചെയ്യാനൊരുങ്ങുന്നതും. ഭാ. 114—129.

കുശലവന്മാരുടെ ഉൽപത്തി—അശ്വമേധാശ്വത്തെ ശത്രുഘ്നൻ സഞ്ചരിപ്പിക്കുന്നതു്—ലവൻ ശത്രുഘ്നനോടെതിരിടുന്നതും ശത്രുഘ്നൻ ലവനെ ബന്ധിക്കുന്നതും—കുശൻ ചെന്നു ശത്രുഘ്നനേയും മററും ബന്ധിച്ചുകൊണ്ടുവരുന്നതും സീതാദേവി വിടുവിക്കുന്നതും. ഭാ. 129—138.

ശ്രീരാമാശ്വമേധാരംഭം—അശ്വമേധത്തിന്നു സീതയോടും കുശലവന്മാരോടുംകൂടി വാല്മീകിമഹർഷി എത്തുന്നതു്—കുശലവന്മാർ രാമായണകഥ പാടുന്നതു്.—ശ്രീരാമൻ വാല്മീകിയെ വരുത്തുന്നതും സീതയെ വീണ്ടും അഗ്നിപ്രവേശം ചെയ്യിക്കാൻ നിശ്ചയിക്കുന്നതും—സീതാദേവിയുടെ സത്യവാക്യം—ഭൂമിദേവി പ്രത്യക്ഷീഭവിച്ചു് സീതയെ കൊണ്ടുപോകുന്നതു്—അശ്വമേധാവസാനം. ഭാ. 138-167.

ശ്രീരാമന്റെ ഭ്രാതാക്കന്മാർക്കു ഈരണ്ടു പുത്രന്മാർ ഉണ്ടാകുന്നതും അവരെ ഓരോ നഗരത്തിൽ രാജാവായി വാഴിക്കുന്നതും—ബ്രഹ്മനിയോഗത്താൽ കാലൻ താപസവേഷംപൂണ്ടു ശ്രീരാമനോടു സ്വകാര്യം പറയുന്നതും അപ്പോൾ ദുർവ്വാസസ്സിന്റെ ആഗമനത്താൽ ലക്ഷ്മണൻ അവിടെ ചെല്ലുന്നതും—ശ്രീരാമൻ കാലനോടു പ്രതിജ്ഞ ചെയ്ത പ്രകാരം ലക്ഷ്മണനെ കൊല്ലേണ്ടതല്ലോ എന്നോർത്തു് വ്യസനിക്കുന്നതും വസിഷ്ഠോപദേശത്താൽ കൊല്ലുന്നതിന്നു പകരം ഉപേക്ഷിക്കുന്നതും—ശ്രീരാമാദികളുടെ സ്വർഗ്ഗാരോഹണം. ഭാ. 167—199.

ഫലശ്രുതി—ഭാ. 199—202.

കേരള സാഹിത്യ അക്കാദമി

ഉത്തരരാമായണം

(ഭാഷാഗദ്യം)

രണ്ടാം ഭാഗം

പിന്നെ ശ്രീരാഘവചക്രവൎത്തി സമസ്തലോകത്തിന്നുമഭിഷിക്തനായി രണ്ടു മാസം ചെന്ന കാലമഖിലലോകകൎത്താവാകിയ ശ്രീരാമദേവന്റെ ധൎമ്മപത്നിയാകിയ സീതാദേവിക്കു ഗൎഭമുണ്ടാവിതും ചെയ്തു. അതു കണ്ടു ശ്രീരാമദേവൻതിരുവടിയും നമുക്കു സന്തതിയുണ്ടായിതെന്നു പെരിക പ്രീതിപെട്ടു സന്തോഷമുടയവനായിവസിപ്പൂതും ചെയ്താൻ. പിന്നെ രാവണാദിരാക്ഷസരെ നിഗ്രഹിച്ചു തിരുവയോധ്യാപുരിയെ പ്രാപിപ്പാൻ ശ്രീവിഭീഷണൻ കൊടുത്ത വിമാനമേറി വന്ന പുഷ്പകവിമാനം പണ്ടു ബ്രഹ്മൻതിരുവടി വൈശ്രവണന്നു കൊടുത്തതൊന്നുമതു വൈശ്രവണനോടു രാവണൻ ബലാൽക്കാരേണ പറിച്ചു കൊണ്ടുപോയതിപ്പോഴ് വൈശ്രവണന്നു കൊടുക്കേണമെന്നു നിൎണ്ണയിച്ചു വിമാനത്തെ തന്തിരുവടി തിരുവയോധ്യക്കെഴുന്നള്ളിയ നാളെ വൈശ്രവണന്നു കൊടുപ്പിതും ചെയ്തു. അതുനേരം ലോകപാലന്മാരിൽ പ്രധാനനാകിയ വൈശ്രവണനും നിരൂപിച്ചു സകലലോകമംഗല്യാംഗസമ്പന്നനാകിയ വിഷ്ണുഭഗവാൻ ദേവകളെയും മഹൎഷികളെയും ബ്രാഹ്മണരെയും പശുക്കളെയും പതിവ്രതമാരെയും ത്രൈലോക്യത്തെയും രക്ഷി

പ്പാനായി സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ദശരഥരാ
ജാവിന്നു പുത്രനായി ശ്രീരാമനെന്നു തിരുനാമമുടയവ
നായി അവതരിപ്പതും ചെയ്തു ത്രൈലൊക്യകണ്ടകനാ
കിയ രാക്ഷസരാജാവു രാവണനെന്നൊടു പറിച്ചു കൊ
ണ്ടുപൊയ വിമാനത്തെയവനെയുമവൻെറ വംശമശെ
ഷമൊടുക്കി പുഷ്പകവിമാനമെനിക്കു കൊടുത്തയച്ചതു
ഞാനിപ്പൊൾ ഭഗവാൻഭക്തവത്സലനായി ജഗൽകൎത്താ
വായിരിക്കുന്നശ്രീരാമദെവന്തിരുവടിക്കുകൊടുക്കണമെ
ന്നു നിൎണ്ണയിച്ചു പുഷ്പകത്തെ നൊക്കിച്ചൊല്ലിനാൻ
വൈശ്രവണ്ണൻ. എടൊ പുഷ്പകവിമാനെ നീ പൊയി
തിരുവയൊദ്ധ്യയെ പ്രാപിച്ചു ശ്രീരാമദെവനെ ചുമന്നു
നടപ്പൊരുത്തനാകായെന്നു വൈശ്രവണ്ണൻ ചൊല്ലു
കെട്ടു സത്വരമളകാപുരിയിൽനിന്നുപുറപ്പെട്ടംബരമാ
ൎഗ്ഗെ പൊയി തിരുവയൊദ്ധ്യാപുരിയെ പ്രാപിച്ചാസ്ഥാ
നമണ്ഡപത്തിൽപരിവാരജനപരിവൃതനായിരുന്നരുളി
ന ചക്രവൎത്തിയെക്കണ്ടു മുമ്പിലാമ്മാറു വന്ദിച്ചുനിന്നറി
യിപ്പതും ചെയ്താൻ. കെൾക്ക മഹാരാജാവെ ഞാന
ളകാപുരിയിൽനിന്നു വൈശ്രവണ്ണൻ നിയൊഗത്താൽ
നിന്തിരുവടിയെ വഹിച്ചു നടപ്പാൻ വന്നിതുമെന്നാൻ.
അന്നെരം ചന്ദ്രമണ്ഡലംപൊലെ കുളുൎത്ത ശൊഭയൊടു
കൂടിയുള്ള ശ്രീമുഖമുയൎത്തി രമണീയമയങ്ങളായ തൃക്ക
ണ്ണുകൊണ്ടു വളരെ മിഴിച്ചു കളിര നൊക്കിയപ്പൊളെന്നെ
കൈക്കൊൾകെന്നു പുഷ്പകവിമാനം ചൊല്ലുകെട്ടു മന്ദ
സ്മിതം ചെയ്തു പുഷ്പകവിമാനത്തൊടരുളുവിതും ചെ
യ്തു. എടൊ വിമാനെ നീ പൊയി വൈശ്രവണ്ണനെത്ത
ന്നെ പ്രാപിച്ചു അവിടെ വസിക്ക, എനിക്കൊന്നും

പോകണമെന്നുവരികിൽ ഞാൻ നിന്നെ നിരൂപിക്കുന്നേരം വരികയെന്നുമരുളിച്ചെയ്തു വൈശ്രവണനുള്ളിടം പോകയെന്നു യാത്രയയച്ചു പുഷ്പകത്തെയും ചക്രവർത്തി. പിന്നെ പരിവാരജനത്തോടും കൂടിസ്സുഖിച്ചിരിക്കുമളുകാലമൊരുനാൾ അനുജഭ്രാതാവാകിയ ശ്രീഭരതകുമാരനാസ്ഥാനമണ്ഡപത്തിലിരുന്നരുളുന്ന ചക്രവർത്തിയെച്ചെന്നു നമസ്കരിച്ചു തൊഴുതറിയിച്ചാൻ ശ്രീഭരതകുമാരൻ. കേൾക്ക മഹാരാജാവെ ഞാൻ പിതാവിൻ നിയോഗത്താൽ പതിനാലാണ്ടു പാലിച്ചെനല്ലൊ രാജ്യം; നിന്തിരുവടി പിതാവിന്റെ നിയോഗത്താൽ വനവാസത്തിന്നെഴുന്നള്ളിയനാൾ നിന്തിരുവടിയെ ചിത്രകൂടത്തിലടിയൻ വന്നു കണ്ടുള്ളനേരം നിന്തിരുവടിയുടെ തൃക്കാൽമെതിയടി രണ്ടും തന്നു നന്ദിഗ്രാമത്തിങ്കലൊരു സിംഹാസനത്തിന്മേലെഴുന്നള്ളിച്ചു നിന്തിരുവടിയുടെ നിയോഗത്താൽ പതിനാലാണ്ടു പാലിച്ചെനല്ലൊ രാജ്യമെന്നാൽ നിന്തിരുവടി വാണരുളിയതിൽപിന്നെയുള്ളതും പണ്ടുള്ളതും തമ്മിലൊത്തു കണ്ടാൽ പണ്ടുള്ളതിൽ നാന്മടങ്ങുണ്ടിപ്പോളുള്ള ദ്രവ്യമെന്നുമറിയിച്ചു പിന്നെയുമറിയിച്ചാൻ ശ്രീഭരതകുമാരൻ. പക്ഷികൾ പാമ്പുകൾ പുഴുക്കൾ ഉറുമ്പുകൾ മൃഗങ്ങൾ ഇത്യാദി പ്രാണികൾ നിന്തിരുവടിയെ സ്തുതിച്ചു പ്രശംസിച്ചു കേൾക്കാകുന്നു. പിന്നെയത്രയുമല്ലാതതിവൃഷ്ടിയില്ലാ, ദുർഭിക്ഷമില്ലാ, പരന്മാരുടെ ഉപദ്രവമില്ലാ, അന്യോന്യം കാംക്ഷയില്ലാ, ചതിയും കളവുമിത്യാദിയില്ലാ, ബാലമരണമില്ലാ, നഗരവാസികൾക്കും രാജ്യവാസികൾക്കും പെരിക ധനധാന്യങ്ങൾ പുഷ്ടിവെച്ചു കാണാകുന്നു. ചതുർവ്വർണ്ണ

വും സംബന്ധികളും അതുപിഴയാതെയടുത്തവണ്ണം
ചെയ്തു കാണുന്നൊന്നിപ്രകാരം തൊഴുതറിയിച്ചാൻ
ശ്രീഭരതകുമാരൻ. പിന്നെ അനന്തരം സീതാദെവിക്കു
ഗൎഭമുണ്ടായതു ചിന്തിച്ചു മഹാരാജാവും പെരിക പ്രീതി
പെട്ടു എനിക്കിപ്പൊഴനുഭവാൎത്ഥമായൊരു പുത്രനുണ്ടാ
കുമവൻ പെരികസ്സമൎത്ഥനായിരിക്കുമെല്ലായെന്നുള്ളസ
ന്തൊഷത്താൽ സീതാദെവിയെ വളര മിഴിച്ചു കുളിര
നൊക്കി പ്രീതിയൊടും മുറുകപ്പിടിച്ചാശ്ലെഷിച്ചു പി
ന്നെയരുളിച്ചെയ്തു ശ്രീരാമഭദ്രസ്വാമി മഹാഭാഗെ സീ
തെ സ്ത്രീകൾക്കു നൂതനഗൎഭത്താലെതാനുമിച്ഛിച്ച ദ്രവ്യ
ത്തിൽ ശ്രദ്ധയുണ്ടാകുമായതെങ്ങിനെയെന്നുമെന്നാൽ
അതു യാതൊന്നു നിരൂപിച്ചതെന്നാൽ അതുയതു അനുഭ
വിക്കാഞ്ഞാൽ വത്സന്മാൎക്കൊന്നുമൊരു വികൃതിയുണ്ടാ
കുമെന്നു വെച്ചു പണ്ടു ദെവരാജാവു തന്നുടെ ധൎമ്മപത്നി
യാകുന്ന ശചീദെവിക്കു നൂതനഗൎഭമുണ്ടായതുനെരം സ്ത്രീ
കളെതാനനുഭവിക്കണമെന്നു നിനച്ചാലപ്പൊളതു
ചെയ്യാഞ്ഞാൽ കിടാങ്ങളുണ്ടാകുമ്പൊളവൎക്കു കുറവുവ
രുമെന്നു വെച്ചു മധുരമായി രമണീയമായി രാജാൎഹമാ
യിരിപ്പൊരു മധുവിനെ ദെവിക്കുമതുപാനം ചെയ്വാൻ
കൊടുത്തവളനുഭവിപ്പതും ചെയ്താൾ. അപ്രകാരമെ
ന്നുടെ ധൎമ്മപത്നിക്കു കൊടുക്കണമെന്നു ചക്രവൎത്തി നി
ൎണ്ണയിച്ചിരിക്കും സമയം ജാനകീദെവിക്കു മെല്ലെ മെല്ലെ
ഗൎഭം തികഞ്ഞെഴാംമാസമായപ്പൊൾ മുത്തിൻമണി
പൊലെ തിരുമുഖത്തു ചില വിയൎപ്പുനീൎത്തുള്ളി പൊ
ടിച്ചു മുഖം തെളിച്ചു മംഗളാംഗിയൊടുമത്യന്തം ദീനമാ
കിയ ഗൎഭതളൎച്ചയൊടും പെരികയ്യൊരിച്ചിരിക്കുമളവുകാ

ലംദേവിയെ നൊക്കി മധുരമായരുളിനാൻ ചക്രവൎത്തി. കെൾക്ക സീതെ നിണക്ക ഗൎഭമെഴാംമാസമായിട്ടല്ലൊയിരിക്കുന്നതെന്നാൽ നിന്നുടെ ശ്രദ്ധയെന്താകുന്നു കാണെണ്ടതെന്നും കെൾക്കെണ്ടതെന്നും പറഞ്ഞാലതു ചെയ്കയില്ലെന്നു സംശയിക്കെണ്ട ഒട്ടെ. നീ പറഞ്ഞപൊലെ ഞാൻ ചെയ്യുന്നുണ്ടെന്നുമായതു ചെയ്യാഞ്ഞാൽ ഒൎക്കുന്ന ചില അപായങ്ങൾ വരുമെന്നു തന്നുടെ ഭൎത്താവാകിയ ശ്രീരാഘവചക്രവൎത്തി അരുളിച്ചെയ്തുകെട്ടു പെരിക പ്രീതിപെട്ട മാനസമുടയവളായുണൎത്തിനാൾ സീതാദെവി. കെട്ടരുളുവായാക ഭൎത്താവെ യാതൊന്നു നിന്നുടെ ഇച്ഛയെന്നാലതു ഞാൻ ചെയ്യാമെന്നല്ലൊയെന്നൊടരുളിച്ചെയ്തതെന്നാൽ പിതാവിന്നുടെ നിയോഗത്താൽ നിന്തിരുവടി വനവാസത്തിനെഴുന്നരുളുമ്പൊൾ ഞാനും ലക്ഷ്മണനും കൂടിപ്പൊന്നൊരൊരൊ വനങ്ങളിൽചെന്നു മഹൎഷിമാരെയുമവരുടെ പത്നിമാരെയും പുത്രരെയും പുത്രികളെയും കണ്ടു കളിച്ചും അവരൊടു കായും കനിയും കിഴങ്ങുമിത്യാദി വാങ്ങിയുപയൊജിച്ചും നടന്നപൊലെ നടക്കേണമെന്നു ശ്രദ്ധപെട്ടിരിക്കുന്നു. എങ്കിലാവനത്തിലെങ്ങും നടക്കേണമെന്നില്ലാ ഇവിടെ ഗംഗാതീരത്തുള്ള പുണ്യാശ്രമങ്ങളിൽച്ചെന്നു പരമയൊഗികളായിരിക്കുന്ന മഹൎഷിമാരെയും പത്നിമാരെയും ചെന്നു കണ്ടവരെ നമസ്കരിക്കേണമെന്നു പെരിക ശ്രദ്ധപെട്ടിരിക്കുന്നെന്നാൽ പിന്നെയൊ അവിടെ പലനാൾ വസിക്കേണമെന്നില്ലാ പിന്നെയൊരരൊരാത്രമവിടെ വസിച്ചു മഹൎഷിമാരരുളിച്ചെയ്യുന്ന പുണ്യമായിരിക്കുന്ന കഥകൾകെട്ടുമവരുടെ ആശ്രമത്തി

ലകത്തു പുക്ക ധൎമ്മപത്നിമാരെയും നമസ്കരിച്ചവരുടെ പുത്രരൊടും കൂടിക്കളിച്ചു വിനൊദിച്ചുമവരൊടുകൂടിപ്പുളിച്ചും ചവൎത്തുമുള്ള ഫലമൂലങ്ങളെയനുഭവിച്ചു അന്നവിടെ വസിച്ചു പിറെറന്നാൾ ഉഷസ്സിനിങ്ങുവരികയും ചെയ്യാമെന്നു ദെവി തൊഴുതറിയിക്കക്കെട്ടു മഹാരാജശ്രീചക്രവൎത്തിയും മന്ദസ്മിതം ചെയ്തു മുറുകപ്പിടിച്ചാശ്ലെഷിച്ചു ചൊല്ലുവിതും ചെയ്തു. ഞാനവ്വണ്ണം ചെയ്യുന്നു ഭദ്രെയെന്നും സംശയമില്ലാ നാളെപ്പുലർകാലം പൊകുന്നുണ്ടെന്നു മധുരമായരുളിച്ചെയ്തു പിന്നെ ഉപസ്ഥാനകൎമ്മം കഴിച്ചാസ്ഥാനമണ്ഡപത്തിലെഴുനള്ളകെന്നു നിൎണ്ണയിച്ചു അകംകൊയിൽനിന്നു പുറപ്പെട്ടു നടുവിലെപ്പള്ളിയറയിലകംപുക്കതുനെരം ചക്രവൎത്തി ചൊല്ലാൽപത്തുപെർ ചാരന്മാർ പലപല രാജ്യങ്ങളിലും 'നഗരങ്ങളിലും ജനസ്ഥാനങ്ങളിലും ചെരുമാറി നടന്നവിടെയവിടെയുള്ള ദെശകാലാവസ്ഥ അന്നന്നറിഞ്ഞുവന്നു അന്നന്നറിയിക്കണമവർ പത്തുപെരും വന്നു നടുവിലെപ്പള്ളിയറയിലകംപുക്ക മഹാരാജാവെ കണ്ടു രഹസ്യവൃത്തമറിയിപ്പാൻ രാജാവെഴുനള്ളുന്നതും പാൎത്തു നടുവിലെപ്പള്ളിയറയിൽ പാൎത്തു നിൽക്കുന്നവർകളും അതുനെരം മഹാരാജാവെഴുന്നെള്ളാത്സവം കണ്ടുയരത്തൊഴുതു നില്പിതും ചെയ്താർ. അതുനെരം മഹാരാജാവും ചാരന്മാർ പത്തുപെരെയും കണ്ടു പാരം സന്തൊഷ ഹൃദയനായി പത്തിലും പ്രധാനനായിരിക്കുന്ന ഭദ്രനെ നൊക്കിയരുൾചെവിതും ചെയ്തു. എന്തു ഭദ്രാ ഏതാനുമൊരു നൂതന വാൎത്തയുണ്ടു നിങ്ങൾക്കെന്നൊടു ചൊല്ലു

വാനെന്നു തൊന്നുന്നു നിങ്ങളുടെ വരവും നില്പും കാണുന്നെരം, എന്നാലതെന്നൊടു ചൊല്ലാമൊയെന്നു ശങ്കയുണ്ടു നിങ്ങളുടെ മുഖഭാവം കാണുന്നെരം; എന്നാലെതാനുമെന്നൊക്കൊണ്ടു നിങ്ങളുടെ ചെവിക്ക പൊറുന്നാത്ത വാൎത്തയെ കെട്ടിട്ടുണ്ടെന്നു തൊന്നുകിലതു മറച്ചു വെക്കാതെ ചൊല്ലുകയും വെണം. ചൊന്നാൽ ഞാൻ കൊപിക്കുമെന്നു നിങ്ങൾ നിരൂപിച്ചു ഭയപ്പെടകയും വെണ്ടാ. നിങ്ങൾ കെട്ടതിനെച്ചൊന്നാൽ വെണ്ടതിനെ ഞാൻ എടുത്തുകൊണ്ടു കൊള്ളരുതാത്തതൊഴിച്ചു കളയുന്നെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു തൊഴുതുറിയിച്ചാൻ ഭദ്രനാകുന്ന ചാരൻ. കെൾക്ക മഹാരാജാവെ നൂതനവിശെഷങ്ങൾ. നിന്തിരുവടിയെക്കൊണ്ടു ചതുസ്സാഗരപൎയ്യന്തത്തിനകത്തു നിന്നു രാജ്യവാസികളും നഗരവാസികളുമെന്നുവെണ്ടാ അശെഷജനമെല്ലാം അത്യന്തം പ്രശംസിച്ചു പറയുന്നതായതെന്തെന്നാൽ സൂൎയ്യവംശാലങ്കാരസംഭൂതന്മാരായി വാണിരിക്കുന്ന രാജാക്കന്മാരാരും നമ്മുടെ സ്വാമിയാകിയ ശ്രീരാമദെവനെപ്പൊലെ സാമൎത്ഥ്യംകൊണ്ടും ചൈതന്യശക്തികൊണ്ടും നയംകൊണ്ടും നീതികൊണ്ടും മററും പല ഗുണമുണ്ടായിട്ടിതുപൊലെ ആരുമുണ്ടായിട്ടില്ല; അളവില്ലാതാഴത്തൊടും കൂടിയിരിക്കുന്ന മകരാലയം മഹാസമുദ്രം നൂറയൊജന വിസ്താരമുള്ളതു ചിറകെട്ടിക്കടന്നു ചെന്നു ലങ്കയെ പ്രാപിച്ചതു ഭൂമണ്ഡലവാസികളാലും ദെവകളാലും യമവരുണകുബെരദാനവരാലും ദെവരാജാവാലും യക്ഷകിന്നരഗന്ധൎവ്വസിദ്ധവിദ്യാധരചാരണരാലും നാഗരാജാക്കളാലുമെന്നുവെണ്ടാ ആരാലുമശക്യമായിരിക്കുന്ന

സമുദ്രം ബന്ധിച്ചുചെന്നു പിന്നെ ഭൂമണ്ഡലവാസികളെയും അളകാധിപനാകുന്ന വൈശ്രവണ്ണനെയും പാതാളവാസികളെയും ധൎമ്മരാജാവിനെയും സ്വൎഗ്ഗസ്ത്രീകളെയും പതിവ്രതമാരെയുമെന്നുവെണ്ടാ ത്രൈലൊക്യവാസികളെ ഭയപ്പെടുത്തു മുറവിളിയിടീച്ചു ത്രൈലൊക്യകണ്ടകനാം രാക്ഷസരാജാവു രാവണനെയും പുത്രമിത്രപൌത്രബന്ധുബാന്ധവാമാത്യവൎഗ്ഗത്തൊടും കൂടി കൊന്നൊടുക്കിയല്ലൊ നമ്മുടെ സ്വാമിയാകിയ ശ്രീരാഘവചക്രവൎത്തിയെന്നാലായതു നില്ക്കാ; പിന്നെ മനുഷ്യരാജാക്കളെക്കൊണ്ടുമെന്നുവെണ്ടാ ആരാലും മനസ്സുകൊണ്ടംഗീകരിച്ചുകൂടാത്ത സമുദ്രമല്ലൊ ചിറകെട്ടിക്കടന്നു പൊയി രാവണനെ സകുഡുംബത്തൊടും കൂടിക്കൊന്നൊടുക്കിയതെന്നുമപ്രകാരമെല്ലാമിരിക്കുന്ന രാജാവിനെന്തു സീതാദെവി വിഷയമൊരു വിചാരമില്ലാഞ്ഞതെന്നും, രാവണനാൽ പാലിതയായി ലങ്കയിലൊരു സംവത്സരമിരുന്നാളല്ലൊ രാക്ഷസെശ്വരനൊടുകൂടിയെന്നാലങ്ങിനെയിരിക്കുന്ന ദെവിയൊടെങ്ങിനെ രാജാവിനു സുഖാനുഭൂതിയുണ്ടാകുന്നുവെന്നും, പിന്നെയത്രയുമല്ലാ അശൊകവനത്തിൽ ചെന്നാൽ ചെറിക പ്രായവൃദ്ധന്മാരായി കാമസുഖെച്ഛയില്ലാത്തവൎക്കും കാമൊത്സവത്തിനു ബുദ്ധിചെല്ലുവെന്നുമെന്നാലങ്ങിനെയിരിക്കുന്ന അശൊകൊദ്യാനത്തിലൊരുത്തിയല്ലൊ ദെവിയിരുന്നതെന്നുമവിടെയിരുന്നാൽ കാമൊന്മാദം കിളൎന്നിരിഞ്ഞൊഴുന്നുണ്ടാകുമെന്നും, പിന്നെയാരുമൊരുടയവരായി പരൊക്ഷമറിവാൻ ഇല്ലയെന്നും, പിന്നെ മാതാവായും പിതാവായും ഭ്രാതാവായും ഭൎത്താവായും രാക്ഷസരെന്നിയെ

മററാരുമില്ലയെന്നുമെന്നാൽ രാവണനെടക്കയില്ലാ, മൎയ്യാദമില്ലാ, മായാനിപുണനായി കാമൊന്മാദപരവശനാകയുമുണ്ടുതാനും. പിന്നെയത്രയുമല്ലാ, ജനസ്ഥാനമായ പഞ്ചവടിയിൽ ചെന്നു ദെവിയെക്കട്ടെടുത്തു കൊണ്ടു പൊകുമ്പൊഠം മടിയിലിരുത്തി ഇരുപതു കൈകൊണ്ടും മുറുകപ്പിടിച്ചാശ്ലെഷിച്ചല്ലൊ കൊണ്ടു പൊയതുമെന്നാലങ്ങിനെയിരിക്കുന്ന ദെവിയെ ലങ്കാപുരിയിൽ നിന്നു സ്വീകരിച്ചു കൊണ്ടുപൊന്നു തിരുവയൊദ്ധ്യാപുരിയിൽ വെച്ചു സുഖിച്ചു രസിച്ചു വസിക്കുന്നതു പരാപവാദം ശങ്കിയാതെയങ്ങിനെ ദെവിയെ മഹാരാജാവനുഭവിക്കുന്നുവെന്നും, ലൊകാപവാദം വരാതെയിരിക്കണമെങ്കിൽ ദെവിയെയിളക്കണമെന്നും, ദെവിയെ ത്യജിച്ചില്ലെങ്കിൽ നമുക്കു മഹാരാജാവൊടു ശിക്ഷയില്ലെന്നും, പിന്നെ നമ്മുടെ രാജ്യങ്ങളിലെതാനുമാപത്തു ഭവിച്ചുവെങ്കിൽ നമ്മുടെ രാജാവു വെണം ശിക്ഷാരക്ഷ ചെയ്വാനെന്നും. രാജാവുതാനമൎയ്യാദം തുടങ്ങിനാലാരൊടു സങ്കടം പറയുന്നെന്നും, പിന്നെ രാജാവിൻ ഭാൎയ്യയെക്കൊള്ളുമുണ്ടൊ നമ്മുടെ ഭാൎയ്യമാൎക്കും സ്ത്രീകഠംക്കും ശിക്ഷയെന്നും, നമ്മുടെ സ്ത്രീകഠം നിൎമ്മൎയ്യാദം തുടങ്ങുകിലും പൊറവിലാരാനും വരുന്നാമൎയ്യാദം കാട്ടുകിലും നാം ചെന്നു രാജാവൊടന്യായം പറയണ്ടതില്ലെന്നുമെനിയെന്തു ചെയ്വതെന്നമിപ്രകാരമൊരൊദെശത്തുനിന്നും നാൽവർ കൂടിയുമൈവർ കൂടിയും പത്തു പെരുകൂടിയും രണ്ടുംമൂന്നും പെരുകൂടിയും പതിനഞ്ചും ഇരുപതും മുപ്പതും പെരു കൂടിയമ്പലത്തിൽ നിന്നും ഗൊപുരത്തിൽനിന്നും കൊളത്തിൻകരനിന്നും

കൊട്ടാരത്തിൽനിന്നും കെനാട്ടുകരനിന്നും വഴികനിന്നും
വയലിൽനിന്നും പുരകളിൽ നിന്നും നഗരങ്ങളിൽനിന്നും
രാജ്യങ്ങളിൽനിന്നും സ്ത്രീകളും പുരുഷന്മാരും സ്ത്രീപുരുഷ
ന്മാരിങ്ങിനെയുള്ള വാൎത്തകൾ ചൊല്ലുന്നതു കെൾപ്പാൻ
ണ്ടു മഹാരാജാവെയെന്നു തൊഴുതറിയിച്ചാൻ ഭദ്രനാകു
ന്ന ചാരൻ· അതു കെട്ടു മഹാരാജാവും ചെറിക ദുഃഖിച്ചു
എന്നെ കഷ്ടമെയെന്നുടെ ധൎമ്മപത്നിയായി നിൎദ്ദൊ
ഷിയായി ശുദ്ധയായിരിക്കുന്ന ദെവിയെക്കൊണ്ടിപ്ര
കാരമല്ലൊ ലൊകാപവാദമെന്നു നിനച്ചു മററുള്ള
ചാരന്മാരൊടുമതിനെയും നൊക്കിയരുളിച്ചെയ്തു ച
ക്രവൎത്തി. എടൊ ചാരന്മാരെ ഭദ്രൻ ചൊന്നവണ്ണ
മെതാനും വാൎത്ത നിങ്ങളും കെട്ടതൊയെന്നു ചക്രവൎത്തി
യരുളിച്ചെയ്യുകെട്ടു തൊഴുതവരറിയിപ്പുതും ചെയ്തൊ
ർ. സ്വാമി ഭദ്രനറിയിച്ചപൊലെ കെവലം ഞങ്ങളും
കെട്ടതു പരമാൎത്ഥമെന്നവരുമുണൎത്തിപ്പുതും ചെയ്താർ.
അതു കെട്ടു മഹാരാജാവും ചെറിക ദുഃഖിച്ചു നിരൂപി
പ്പുതും ചെയ്താൻ· നിൎമ്മലയായി ഗൎഭിണിയായി ധ
ൎമ്മപത്നിയായിരിക്കുന്നയെൻെറ സീതയെയെങ്ങിനെ
ഞാൻ കളയെണ്ടതെന്നു നിനച്ചു പ്രളയകാലത്തുള്ളിടി
വെട്ടും കണക്കെ പൊട്ടിയെഴുന്ന ദുഃഖത്തെ ധൎമ്മംകൊ
ണ്ടടക്കി ലൊകാപവാദം പരിഹാസം പറഞ്ഞു നിൎത്താ
വൊന്നല്ലെന്നുറച്ചു എന്നുടെയനുജന്മാരൊടു കൂടി നി
രൂപിച്ചു വെണം രഹസ്യമായുള്ള കാൎയ്യം ചെയ്വാനെ
ന്നു നിൎണ്ണയിച്ചു വെഗമൊരു ദൂതനെ വിളിച്ചു ഭരതല
ക്ഷ്മണശത്രുഘ്നന്മാരെ പൊടുന്നനവെ കൂട്ടിക്കൊണ്ടു വ
രണമെന്നും ഒരു പരമരഹസ്യകാൎയ്യം പറവാനെന്നും

ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു ദൂതനും വിറയച്ചെന്നു മൂവരൊടുമപ്രകാരമറിയിപ്പതും ചെയ്താൻ ദൂതൻ. അതു കെട്ടനെരമവരും പരിഭ്രമിച്ചിപ്പൊളൊരവസ്ഥയുമുണ്ടായിട്ടെന്നു തൊന്നുന്നു ചക്രവൎത്തിയരുളിച്ചെയ്തയച്ചതൊൎത്താൽ, ആയതിന്നു സംഗതിയെന്താണെന്നുനാമെതുമൊന്നറിഞ്ഞില്ലാ മഹാരാജാവിന്നുണ്ടായ ദുഃഖമെന്നും രാജ്യത്തിലെതാനുമനൎത്ഥമുണ്ടാകകൊണ്ടൊ ദുഷ്ടരെ നിഗ്രഹിക്കായ്കകൊണ്ടൊ ശിഷ്ടരെ രക്ഷിക്കായ്കകൊണ്ടൊയെന്നിപ്രകാരം നിനച്ചു പെട്ടെന്നുവെച്ചെന്നു മഹാരാജാവെക്കണ്ടു വലത്തുവെച്ചു നമസ്കരിച്ചു തൊഴുതഭിവാദ്യം ചെയ്തു പഞ്ചപ്പുമടക്കി തൊഴുതവണ്ണമെ നില്പിതും ചെയ്താർ. അതുനെരം മഹാരാജാവും സീതാദിയൊഗംകൊണ്ടു വാടിയിരുന്ന ശ്രീമുഖത്തൊടും നടുവിലെ മണ്ഡപത്തു സിംഹാസനത്തിന്മെലിരുന്നരുളുന്ന മഹാരാജാവും ഭ്രാതാക്കന്മാരെ നൊക്കിയരുളിച്ചെയ്വതും ചെയ്തു. കെൾപ്പിനെടൊ ഭ്രാതാക്കന്മാരെ എന്നെക്കൊണ്ടുമെന്നുടെ ധൎമ്മപത്നിയാകും ജനകരാജപുത്രിയെക്കൊണ്ടും പെരിക നിന്ദിച്ചു പറയുന്നപൊൽ രാജ്യവാസികളും നഗരവാസികളുമെല്ലാം. ആയതെന്തെന്നാൽ താതാജ്ഞയാ വനവാസത്തിന്നു പൊയി ജനസ്ഥാനപഞ്ചവടിയിലിരുന്ന കാലം നിൎമ്മൎയ്യാദശീലനായിരിക്കുന്ന ദുഷ്ടരാക്ഷസരാവണൻ സീതയെക്കട്ടുകൊണ്ടു പൊയി ലങ്കയിലൊരാണ്ടെക്കാലം വെച്ചുകൊണ്ടിരിന്നയിരുന്ന ദെവിയെക്കൊണ്ടാരാതു കാമൊന്മാദപരവശനായി ഇഹലൊകപരലൊകമറിയാതെയും ലൊകാപവാദമറിയാ-

തെയും സീതാദെവിയെക്കൊണ്ടു പൊന്നാനല്ലൊ നമ്മു
ടെ രാജാവെന്നാൽ രാജാവു വെണമല്ലൊ രാജ്യത്തിലു
ണ്ടാകുന്ന അമൎയ്യാദം നീക്കി മൎയ്യാദം നടത്തുവാനെന്നു
മെന്നാലങ്ങിനെയിരിക്കുന്ന രാജാവു നമ്മുടെ സ്ത്രീകൾ
ക്കും ഭൎത്തുമാൎക്കും ഏതാനുമപഖ്യാതി വന്നുവെങ്കിലെ
ങ്ങിനെ ഈ രാജാവു വിസ്തരിച്ചു ശിക്ഷ ചെയ്തു രക്ഷി
ക്കുന്നെന്നും ഇപ്രകാരമെന്നെക്കൊണ്ടും സീതയെക്കൊ
ണ്ടും പെരിക നിന്ദിച്ചു പറയുന്നപൊൽ രാജ്യത്തിങ്ക
ലുള്ള ജനങ്ങളെല്ലാമെന്നരുളിച്ചെയ്തു പിന്നെയുമരുളി
ച്ചെയ്തു ഭരതശത്രുഘ്നരൊടു. സീതാദെവിയഗ്നിപ്രവെ
ശം ചെയ്തു കെവലം നിൎദ്ദോഷയെന്നു നിങ്ങളും കെട്ട
റിഞ്ഞിരിക്കുന്നല്ലൊ, പിന്നെ ലക്ഷ്മണാ നീയിതെല്ലാ
മെന്നൊടു കൂടിക്കണ്ടറിയുമല്ലൊ. ലങ്കയിൽചെന്നു രാ
വണാദിരാക്ഷസരെക്കൊന്നൊടുക്കി ലങ്കയിൽനിന്നു സീ
തയെക്കൂട്ടിക്കൊണ്ടു കൊട്ടക്കു പുറത്തു വന്നു കണ്ടപ്പൊ
ൾ ഞാൻ ചില പരുഷവചനങ്ങൾ പറഞ്ഞപ്പൊൾ
ജാനകി നിന്നൊടു ചിത കൂട്ടെന്നു ചൊല്ലിയതുനെരം
നീയും ചിത കൂട്ടിക്കൊടുത്തപ്പൊളവളുമഗ്നിയിൽ പാ
ഞ്ഞതുനെരമിന്ദ്രാദിദെവകളും ബ്രഹ്മൎഷിമുഖ്യന്മാരും
കൂടി വന്നു ദൊഷരഹിതയായിരിക്കുന്ന നിന്നുടെ ധൎമ്മ
പത്നിയെ സ്വീകരിച്ചനുഭവിച്ചുകൊള്ളണമെന്നരു
ളിച്ചെയ്യുകെട്ടു നിൽക്കുന്നതുനെരമഗ്നിഭഗവാൻ വ
ന്നെൻകൈയിൽ തന്നു ദൊഷമില്ലാത്തിവളെ പരിഗ്ര
ഹിച്ചുകൊള്ളണമെന്നരുളിയതുനെരം സൎവ്വലൊകശര
ണ്യനാകുന്ന ശ്രീകൈലാസവാസി വന്നു രാമാ ഇവ
ൾക്കു വാക്കുകൊണ്ടും മനസ്സുകൊണ്ടും കൎമ്മംകൊണ്ടു

മൊരു ദൊഷമുള്ളൊരുത്തിയല്ലായെന്നാലിവളെ ഉപെ
ക്ഷിക്കുന്നതൊട്ടും യൊഗ്യമല്ലായെന്നും ഇവളെ കൈ
ക്കൊള്ളണമെന്നരുളിയപ്പൊൾ ബ്രഹ്മതിരുവടിയും
വന്നു ചൊന്നാൻ രാമായിവളെയംഗീകരിച്ചുകൊ
ള്ളുന്നതിനൊന്നുകൊണ്ടുമൊരു ദൊഷമുള്ളൊരുത്തി
യല്ലായെന്നരുളിയതുനെരം സൎവ്വലൊകവ്യാപ്തനാകി
യ വായു ഭഗവാനും വന്നുടനിവൾക്കൊരു ദൊഷമില്ലി
വളെ കൈക്കൊൾകെന്നരുളിയതുനെരമാദിത്യഭഗ
വാനുമെഴുന്നരുളിയെത്തുമൊരു ദൊഷമുള്ളൊരുത്തിയ
ല്ലാ സീതാദെവിയതെല്ലാംകൊണ്ടറിഞ്ഞു ഞാനെന്നാ
ലുദിച്ചാലസ്തമിപ്പൊളം കണ്ടറിയുന്നെന്നരുളിയതു
നെരം ചന്ദ്രനും വന്നരുളിയസ്തമിച്ചാൽ പുലരു
വൊളം ഞാൻ കണ്ടറിവുണ്ടല്ലൊയെന്നാലിവൾക്കൊ
രു ദൊഷമില്ലെന്നരുളിയതുമിവയെല്ലാം ലക്ഷ്മണാ
നീ കൂടെക്കണ്ടറിഞ്ഞിരിക്കുമല്ലൊ. എന്നാൽ സീത
ക്കൊരു ദൊഷമില്ലെന്നുടെയന്തരാത്മാവിങ്കൽ
സൂക്ഷ്മമായറിഞ്ഞിരിക്കുന്നു പിന്നെ ധൎമ്മപത്നിയായും
നിൎദ്ദൊഷയായും ശുദ്ധയായും ഗൎഭിണിയായും പതിവ്ര
തമാരിൽ പ്രധാനിയായും ശചീദെവിയെപ്പൊലെയും
രൊഹിണിയെപ്പൊലെയും പാവനയായിരിക്കുന്ന സീ
തയെക്കൊണ്ടുമെന്നെക്കൊണ്ടും നിന്ദിച്ചു പറയുന്നു ജ
നങ്ങൾപൊലുമെന്നാൽ ധൎമ്മപത്നിയാം സീതയെക്കള
വാനെനിക്കു പെരികസ്സങ്കടമെന്നും ലൊകാപവാദം നി
നച്ചാൻ കളയണമെന്നുമിപ്രകാരം ശ്രീരാമദെവനരുളി
ച്ചെയ്തുകെട്ടു പെരുതായ ദുഃഖത്തൊടും കണ്ണുനീരാലാ
ൎദ്രമാകുന്ന മുഖത്തൊടും കൂടി തൊഴുതറിയിച്ചാർ ഭ്രാ

താക്കന്മാർ മൂവരും. ഗൎഭിണിയായി പുത്രോന്മുഖയായി സകല ഗുണങ്ങളോടും കൂടിയിരിക്കുന്ന മഹാദേവിയെ കളയെണമെന്നല്ലാതൊഴികെ മഹാരാജാവെയെന്നു ഭ്രാതാക്കന്മാർ തൊഴുതറിയിക്കക്കൊണ്ടു ദുഃഖമിളക്കാതെ കൊപിച്ചവരൊടരുളിച്ചെയ്തു ചക്രവൎത്തി. എന്നൊടിതു നിങ്ങൾ പ്രതിഭാവിക്കാതെയിരിക്കണം നിങ്ങൾ മൂവരുമെന്റെ ജ്യേഷ്ഠഭ്രാതാവെന്നപൊലെ ഞാനാദരിച്ചു രാജ്യപരിപാലനത്തിന്നാക്കി രാജ്യം പാലിക്കുന്ന നിങ്ങൾക്കപവാദം വന്നാൽ നിങ്ങളെയും ത്യജിക്കും ഞാനതുമല്ലാ ഞാനെന്റെ പ്രാണനെക്കളയെണമെന്നാകിലപ്പൊഴെ പ്രാണനുപെക്ഷിക്കയും ചെയ്യും. മുന്നം മിഥിലയിൽ ചെന്നു ത്രൈയംബകം പള്ളിവില്ലു ഖണ്ഡിച്ചു സീതയെ അഗ്നിസാക്ഷികമായി കൈപിടിച്ചു തിരുവയൊദ്ധ്യാപുരിപുക്കു പന്തിരാണ്ടു സുഖിച്ചു വസിച്ചു കാലത്തു പിതാവഭിഷെകപാലനത്തിന്നു ഭാവിച്ചപ്പൊൾ മാതാവു വിഘ്നം വരുത്തിയതുനെരം ലക്ഷ്മണനൊടും സീതയൊടും കൂടിവനം പ്രാപിച്ചു പതിനാലാണ്ടു വസിച്ചസമയമവിടെ ശൂൎപ്പണഖയെന്ന രാക്ഷസസ്ത്രീ വന്നാടനവിടെനിന്നു ചില രാക്ഷസരെ വധിച്ചു പിന്നെ രാവണൻ വന്നു കട്ടുകൊണ്ടു പൊകയാൽ സീതയെത്തിരഞ്ഞു ഭ്രാന്തനെപ്പൊലെ നടക്കുന്ന കാലം പമ്പാതീരം ശ്രീഹനൂമാനെക്കണ്ടവനൊടുകൂടിച്ചെന്നു സൂൎയ്യാത്മജനുമായി സഖ്യംചെയ്തു ബാലിയെക്കൊന്നു വാനരരാജ്യം സുഗ്രീവനും കൊടുത്തു ദേവിയെയന്വെഷിച്ചു ലങ്കയിലുണ്ടെന്നറിഞ്ഞു സുഗ്രീവനാദിവാനരസൈന്യത്തൊടുംചെന്നു സമുദ്രം കടന്നുചെന്നു

ചെന്ന രാവണനൊരുത്തൻ ചെയ്ത പിഴസംഗതി
വശാൽ ശെഷമുള്ള രാക്ഷസരെയൊക്കയും കൊ
ന്നൊടുക്കി ദാരാപഹരണത്താലുണ്ടായ ദുഃഖം കള
ഞ്ഞുയിനിയൊരു ദുഃഖവുമപവാദവുമില്ലെന്നു ഞാൻ
നിശ്ചയിച്ചിരിക്കുന്നെരമിപ്പൊളൊരു മഹാനായി
രിക്കുന്ന ദുഃഖമുണ്ടായ്വന്നാലിൻകീഴിൽനിന്നുമാഴിതീരം
നിന്നുമമ്പലങ്ങളിൽ നിന്നും വഴിക്കുനിന്നും വയലിൽ
നിന്നും രണ്ടും മൂന്നുമഞ്ചും പത്തും പതിനഞ്ചും മു
പ്പതുമൈമ്പതുമാളുകൂടിയുമെന്ന വെണ്ടാ രാജ്യത്തൊ
ക്കെയെന്നെക്കൊണ്ടും സീതയെക്കൊണ്ടുമപവാദം പറയു
ന്നു പൊലതുകെട്ടാലൊട്ടും യൊഗ്യവുമല്ലാ. ആയതു
കൊണ്ടു ഗൎഭിണിയെങ്കിലും നിൎദ്ദൊഷയെങ്കിലും ധൎമ്മപ
ത്നിയെങ്കിലുംസീതയെക്കളയവെണം. സീതയെക്കളയാ
ഞ്ഞാൽ രാജാവു അകീൎത്തിയുള്ളവളെ ഭാൎയ്യയാക്കിവെ
ച്ചുവെന്നുള്ള ദുഷ്കീൎത്തി ജനങ്ങളെല്ലാനാളും വിളിച്ചു പ
റയുമെന്നാൽ ജനാപവാദത്തിന്നു ഭയപ്പെടെണമെന്നരു
ളിച്ചെയ്തു പിന്നെയുമരുളിച്ചെയ്തു ശ്രീരാമഭദ്രസ്വാമി.
അധൎമ്മം നീക്കി സ്വധൎമ്മത്താലെയെല്ലാ പുരുഷാൎത്ഥ
ത്തെയും സാധിക്കാമെന്നും പിന്നെ ഇക്ഷ്വാകുവംശ
ത്തിൽ മുന്നമുള്ള രാജാക്കന്മാൎക്കൊന്നുമൊരു കുറവുണ്ടായി
ട്ടുമില്ലെന്നാലതുപൊലെയെന്നുടെ കാലത്തുമില്ലാതി
രിക്കവെണമെന്നും ഞാൻ വസിഷ്ഠാദിമഹൎഷികളൊടും
അമാത്യരൊടും കൂടി വിചാരിക്കണ്ടതുമില്ല. പിന്നെ ല
ക്ഷ്മണകുമാരനെന്നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എ
ന്നുടെ ലക്ഷ്മണാ നീയല്ലൊ ഞാൻ ചൊന്നതു കെട്ടുകൊ
ള്ളെന്നതുമെന്നാൽ ഏതും സംശയിക്കാതെ നാളെ പുലരു

ന്നൊടും സുമന്ത്രനാൽ പൂട്ടപ്പെട്ട തെരിൽ സീതയെക്ക
െററിക്കൊണ്ടു പൊയി നമ്മുടെ രാജ്യത്തിന്നു പുറത്തു
കൊണ്ടു ചെന്നു കളഞ്ഞു പൊരണമെന്നും ആയതി
ന്നൊരുപായവും പറയാമായതെന്തെന്നാൽ സ്ത്രീജന
ത്തിന്നു ഗർഭത്തിൽ ചില ശ്രദ്ധയുണ്ടാകമായതെന്താക
ന്നെന്നു ഞാൻ ചൊദിച്ചപ്പൊളെനിക്കു വനത്തിൽ ചെ
ന്നു മഹർഷിമാരെക്കണ്ടു നമസ്കരിക്കണമെന്നും മഹർഷി
പത്നിമാരെ കാണണമെന്നും അവരുടെ പുത്രികളെയും
പുത്രന്മാരെയും കാണണമെന്നും ശ്രദ്ധപെട്ടിരിക്കുന്നെ
ന്നവളു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു നാളെ പുലരു
ന്നൊടും കൂട്ടി മഹർഷിമാരെ നമസ്കരിപ്പാൻ പൊകുന്നെ
ന്നു ചൊല്ലിക്കൊണ്ടുപൊയി ഗംഗാകടന്നാൽ സുമുഖയൊ
കുന്ന നദിയുണ്ടവിടെ, അന്നലി മുൻപറഞ്ഞ ഗംഗയുടെ
തെ കൈയാകയുമുണ്ടു, അതിന്നു നടുവെയാകുന്നു ശ്രീ
വാത്മീകിമഹർഷിയുടെയാശ്രമമെന്നാലതിന്നു പുറത്തു
ഭാഗത്തുള്ള വനത്തിൽക്കളഞ്ഞു പൊരണമെന്നുമതി
ന്നൊട്ടും സംശയിക്കെണ്ടായെന്നരുളിച്ചെയ്തു ശ്രീരാഘ
വചക്രവർത്തി. പിന്നെ സീതയെക്കളയുന്ന ദുഃഖവിഷയ
നായിക്കണ്ണുനീരാൽനനയപ്പെട്ടശ്രീമുഖത്തൊടുമാസ്ഥാ
നമണ്ഡപത്തിലെഴുന്നരുളിനാൻ ശ്രീലക്ഷ്മണന്റെയും
ഭരതന്റെയും ശത്രുഘ്നന്റെയും കൈയും പിടിച്ചുതന്നെ
രം ശ്രീലക്ഷ്മണനും ഭരതശത്രുഘ്നന്മാരും പെരികസ്സങ്കട
പ്പെട്ടു ദുഃഖിച്ചു വിചാരിച്ചാർ. ഇമ്മഹാപാപത്തിന്നു ക
ർത്താവായാരെന്നും നിനച്ചു നിനച്ചു കരഞ്ഞൊരുവണ്ണമ
ന്നുരാത്രി കഴിഞ്ഞു പിററന്നാളുഷസ്സമയമെഴുനീററു ശ്രീ
ലക്ഷ്മണൻ സ്നാനംചെയ്തു നിത്യകർമ്മം കഴിച്ചു പിന്നെ

നിനച്ചാൻ. സീതാദെവിയെ കൊണ്ടക്കളവാൻ ഞാന
ല്ലൊ വെണ്ടതെന്നു നിനച്ചു പെരുതായ ദുഃഖത്തൊടും കൂ
ടി സ്സീതാദെവിയുടെ പള്ളിയറവാതുക്കലൊമാറ ചെന്നു
ശ്രീമഹാദെവിയെക്കണ്ടു വലത്തു വെച്ചു നമസ്കരിച്ചു പ
ഞ്ചപുഷ്പമടക്കി നിന്നറിയിച്ചാൻ ശ്രീലക്ഷ്മണകുമാരൻ.
മഹാനുഭാവയായുള്ളൊരു മഹാദെവി നിന്തിരുവടി
യൊടു കഴിഞ്ഞ ദിവസം മഹാരാജാവരുളിച്ചെയ്തുവ
ല്ലൊ മഹാമംഗല്യാംഗശൊഭയായുള്ള ഗർഭമുണ്ടായല്ലൊ
യിരിക്കുന്നതെന്നാലെതാനും ശ്രദ്ധയുണ്ടാകിലതു ചൊൽ
കദ്രെയെന്നു സ്വാമിയരുളിച്ചെയ്യുകെട്ടു നിന്തിരുവ
ടിയുമരുളിച്ചെയ്തുപൊൽ എനിക്കു ഗംഗാതീരവാസി
കളായ മഹർഷിമാരെയും പത്നിമാരെയും കണ്ടു നമസ്ക
രിച്ചു കന്യാക്കന്മാരെയും കുമാരന്മാരെയും കണ്ടു കളി
ച്ചു ചിരിച്ചു ഫലമൂലാദികളനുഭവിക്കണമെന്നരുളി
ച്ചെയ്തുപൊലതുകൊണ്ടു ലക്ഷ്മണാ നീ കൂട്ടിക്കൊണ്ടു
പൊയി ഗംഗാതീരവാസികളായ മഹർഷിമാരെക്കാട്ടി
യവളുടെ ഇച്ഛവരുത്തി ഇന്നു രാത്രിയവിടെ വസിച്ചു
നാളെ പുലരുമ്പൊളിങ്ങു പൊരണമെന്നരുളിച്ചെ
യ്തു മഹാരാജശ്രീചക്രവർത്തി. അതിന്നു സുമന്ത്രസാരഥി
യാൻ പൂട്ടിക്കെട്ടിച്ചമച്ചു തെരിതാ കൊണ്ടുവന്നിട്ടു
ണ്ടെന്നാലതിന്മെലെഴുന്നള്ളുവൊയാകാ മഹാദെവി
യെന്നു ശ്രീലക്ഷ്മണകുമാരൻ തൊഴുതറിയിക്കെക്കെട്ടു ജ
നകരാജപുത്രിയും പാരം പ്രീതിപ്പെട്ടു ലക്ഷ്മണകുമാര
നെ നൊക്കി മധുരമായരുളിനാൾ സീതാദെവിയും.
വത്സാ ലക്ഷ്മണാ നീയെല്ലാനാളും എന്നുടെ മനൊരഥ
ത്തിന്നു സാധനമെന്നാൽ വനത്തിൽ നാം ചെന്നാൽ

മഹൎഷിപത്നിമാൎക്കും കന്യകമാൎക്കും കുമാരന്മാൎക്കും മരവുരിയും വൽക്കലവുമല്ലൊ ഉടുപ്പാനെന്നാലവൎക്ക കൊടുപ്പാൻ ദിവ്യങ്ങളായുള്ള ചേലകളും മോഹനമായിരിക്കുന്ന ആഭരണങ്ങളും കൊണ്ടുപോകണമത്രയുമല്ലാ പുളിപ്പും ചവൎപ്പുമുള്ള ഫലമൂലമല്ലൊ അവർ ഭുജിക്കുന്നെന്നാലത്യന്തമിഷ്ടമായുള്ള അപൂപങ്ങളും വാഴപ്പഴങ്ങളും മററു വിശേഷമുള്ള ഭോജനദ്രവ്യങ്ങളും കൊണ്ടുപോകുന്നതെന്നരുളിച്ചെയ്തപ്പോൾ സൌമിത്രിയുമവയെല്ലാമൊരുക്കിക്കൊണ്ടുവന്നു ദേവിയുടെ മുമ്പിൽ വെച്ചു വണങ്ങി പോവാനാക്രമിച്ചതുനേരം ദേവിയെക്കൊണ്ടു പോയി കാട്ടിൽ കളയേണമല്ലോയെന്നുള്ള മഹാദുഃഖത്താൽ വാടിയ മുഖത്തോടും നേത്രകീലാലത്തോടും ഗൽഗദാക്ഷരത്തോടും കലുഷനേത്രത്തോടും വിങ്ങി വിങ്ങി മുറയിട്ടും പിന്നെ ദുഃഖമെല്ലാം ധൈൎയ്യംകൊണ്ടടക്കി ജഗൽസ്വാമിയരുളിച്ചെയ്തതു കേട്ടെ കഴിയുമെന്നോൎത്തതുനേരം ദേവിയും പുറപ്പെട്ടു സുമന്ത്രരാൽ കൊണ്ടുവന്ന തേരിലെഴുന്നള്ളിച്ചു തിരുവയോദ്ധ്യാപുരിയിൽനിന്നു പുറപ്പെട്ടു ഗംഗാതീരം നോക്കിയെഴുന്നള്ളുമതുനേരം കൊടുതായിരിപ്പൊരു ദുൎല്ലക്ഷണം ദേവിയുടെ തിരുവുടമ്പിൽ തോന്നിയതുനേരം ലക്ഷ്മണനെനോക്കിയരുളിനാൻ സീതാദേവി. എന്നുടെ ശരീരത്തിൽ നിന്നുളവാകുന്നു ചില ദുൎല്ലക്ഷണമതു നിനച്ചാലെനിക്കെങ്കിലും ലക്ഷ്മണനെങ്കിലും സുമന്ത്രൎക്കെങ്കിലുമെന്റെ ഭൎത്താവിനെങ്കിലും ഭരതശത്രുഘ്നന്മാൎക്കെങ്കിലും മാതാക്കന്മാൎക്കെങ്കിലും രാജ്യങ്ങളിലെങ്കിലുംകൊടുതായിരിപ്പൊരാപത്തു ഭവിക്കുന്നുണ്ടുമതെന്തുകൊണ്ടെ

റിശതുവെന്നാൽ കെൾക്ക വത്സാ ലക്ഷ്മണായെന്നൊടെ വലത്തെക്കണ്ണിണയും വലത്തെച്ചുമലും തൊളും പെരിക വിറക്കുന്നു, പിന്നെ ഹൃദയവും ശരീരമെല്ലാടവും തളരുന്നു. ഭയവും വളരെ തൊന്നുന്നു യെന്നാലെനിക്കെങ്കിലുമാക്കാകിലുമെന്നറിഞ്ഞില്ലായെന്നു ദെവി ഭയപ്പെട്ടരുളിച്ചെയ്തുകെട്ട ലക്ഷ്മണനും നിരൂപിച്ചു സൂക്ഷ്മമൊന്നുമറിഞ്ഞതല്ലായിരിക്കുന്നു നിന്തിരുവടിയറിഞ്ഞതുമില്ലായെന്നു ലക്ഷ്മണൻനിനച്ചുപിന്നെ അസ്തമനസമയമാകുമ്പൊൾ ഗൊമതിയാകുന്ന നദീതീരത്തിൽ ചെന്നു അവിടെ വസിക്കുന്ന മഹർഷിമാരുടെ ആശ്രമങ്ങളിൽ ചെന്നു മഹർഷിമാരെക്കണ്ടു നമസ്കരിച്ചു അവരാൽ സംഭാവിക്കപ്പെട്ടുന്നു രാത്രിയവിടെസുഖിച്ചു വസിച്ചുളും ചെളു പിറെറന്നാളുഷഃകാലമുണ്ടായപ്പൊളെഴുനീററു സ്നാനംചെയ്തു നിയമകർമ്മങ്ങളും കഴിച്ചു തെരിൽക്കരെയറിച്ചെന്നു ഉച്ചനെരത്തു ഗംഗാതീരം പ്രാപിച്ചു നിന്നു നൊക്കി വിചാരിച്ചാൻ ശ്രീലക്ഷ്മണകുമാരൻ. ഇക്കാണാകിയ മഹാനദിയുടെ മദ്ധ്യയൊരു ഇരുത്തി കാണുന്നതാവിടെയാകുന്നു ശ്രീവാല്മീകിമഹർഷിയുടെയാശ്രമമെന്നാലതിന്നു പുറത്തു കാണുന്ന വനത്തിൽ കളഞ്ഞു പൊരുകായെന്നല്ലൊ മഹാരാജാവരുളിച്ചെയ്തതെന്നു നിരൂപിച്ചു വെകുന്ന ഹൃദയത്തൊടും പൊറുക്കരുതാത്ത ദുഃഖത്തൊടും മുറയിട്ടുതുടങ്ങിനാൻ ശ്രീലക്ഷ്മണൻ. അതുകണ്ടു സീതാദെവിയും പെരിക ദുഃഖിച്ചു കണ്ണുനീരാലാർദ്രമാകുന്ന ശ്രീമുഖത്തൊടും ദുഃഖൊന്മഥിതയായി വളരെ വിങ്ങി മുറയിടുന്ന ലക്ഷ്മണനെ നൊക്കിയരുളിച്ചെയ്തതും ചെതൊം. എന്തു വത്സാ ലക്ഷ്മണാ ധൈര്യവും

നായ നിണക്കു ജളതകാട്ടി മുറയിടുന്നതൊട്ടും യൊഗ്യമല്ലാ, നിന്നുടെ ജ്യെഷ്ഠഭ്രാതാവായ ചക്രവൎത്തിയൊടു പിറന്നന്നുതുടങ്ങി ഒരു നാളും പിരിഞ്ഞില്ലല്ലൊ ഞാൻ ഇപ്പൊൾ രണ്ടുദിവസമായല്ലൊ എന്നുടെ ജ്യെഷ്ഠഭ്രാതാവൊടു പിരിഞ്ഞതുമെന്നല്ലൊ നിന്നുടെ മനസ്സിലുണ്ടായ ദുഃഖം, അതുകൊണ്ടു വത്സാ എന്നും ദുഃഖിയാതെ വെഗം പൊയി ശ്രീവാല്മീകിമഹൎഷിയുടെയാശ്രമത്തെ പ്രാപിച്ചു മഹൎഷിമാരെയും പത്നിമാരെയും നമസ്കരിച്ചു കന്യകമാരൊടും കൂടികളിച്ചു സുഖിച്ചവൎക്കു വസ്ത്രാദ്യാഭരണങ്ങളും കൊടുത്തു പുഷ്പങ്ങളും പറിച്ചുകൊണ്ടു കൊടുത്തു സംഭാവിച്ചവൎ തങ്ങൾക്കായും കിഴങ്ങുമാഹരിച്ചിന്നിവിടെ വസിച്ചു നാളെ പുലരുമ്പൊൾ മാരുതതുല്യമാകുന്ന കുതിരകളെ പൂട്ടിക്കെട്ടിയ തെരിൽ കരെറി പൊയി നാളെയസ്തമിക്കുംമുമ്പെ തിരുവയൊദ്ധ്യയെ പ്രാപിച്ചു ഭ്രാതാവിനെക്കണ്ടു നമസ്കരിക്കാമെന്നരുളി പിന്നെയുമരുളിനാൾ സീതാദെവി. എന്നെ ജനകവിഷയത്തിങ്കൽനിന്നു പാണിഗ്രഹണം ചെയ്തതിൽപിന്നെ ഭൎത്താവെപിരിഞ്ഞിരുന്നതെന്നു പറവാൻ ജനസ്ഥാനപഞ്ചവടിയിൽനിന്നു ദുഷ്ടരാക്ഷസനായ രാവണൻ കട്ടെടുത്തുകൊണ്ടു പൊയി ഒരു സംവത്സരം ലങ്കയിലിരുന്നതെന്നിയെ ഭൎത്താവൊടൊരു നാളും പിരിഞ്ഞിരുന്നൊരുത്തിയല്ലാ, പിന്നെയെന്നുടെ മനസ്സുകൊണ്ടും വാക്കുകൊണ്ടും കൎമ്മംകൊണ്ടും മറ്റൊരു പുരുഷനെ നിരൂപിച്ചില്ലാ, പിന്നെ ഭൎത്താവെന്നെയും പിരിഞ്ഞിരുന്നിട്ടുമില്ലാ, അന്യനാരിമാരിൽ ഭൎത്താവിനു ബുദ്ധി ചെല്ലുകയുമില്ലാ, അങ്ങിനെയിരിക്കുന്ന ഭൎത്താവൊടു ഞാനിന്നു പിരിഞ്ഞു

ണെന്നു ദെവിയരുളിച്ചെയ്തുകെട്ട ശ്രീലക്ഷ്മണന്ന ശൊകം ശമിപ്പിച്ചുകൂടാതെ പെരികെ ദുഃഖിച്ചു വിങ്ങി വിങ്ങി മുറയിട്ടും ഭ്രാതാവിന്റെ നിയൊഗനിമിത്തം വിലപിച്ചും മെല്ലെ മെല്ലെ ധൈൎയ്യംകൊണ്ടടക്കിയതുനെരമരുളിച്ചെയ്തു ദെവി. ഞാൻ പലനാളുണ്ടല്ലൊ ഗംഗ കാണ്മാൻ കൊതിക്കുന്നതെന്നാലിപ്പോളതിന്ന സംഗതിവന്നുവെന്നും പിന്നെയും ലക്ഷ്മണനൊടരുളി ദെവി വത്സ ലക്ഷ്മണാ പ്രാകൃതനെപ്പോലെ ദുഃഖിച്ചു കരയല്ലെന്നരുളിയതുനെരം ലക്ഷ്മണകുമാരൻ കടവരെ വിളിച്ചു തൊണി കൊണ്ടുവായെന്നരുളിയപ്പൊൾ പുഴയുടെയവൻ പെരിക വിസ്തീൎണ്ണമായിരിപ്പൊരൊടവും കൊണ്ടു വന്നതുനെരം തൊണിമെൽ ദെവിയെയെഴുന്നള്ളിച്ചു താനും കരെയെറിയതുനെരം തെരും നിൎത്തി സുമന്ത്രനുമൊടതിൽ കരെയെറുവാൻ ഭാവിച്ചപ്പൊൾ സുമന്ത്രരൊടരുളിച്ചെയ്തു ലക്ഷ്മണകുമാരൻ. നീ തെരും നിൎത്തിതീരം നിൽക്കവെണം ഞാനക്കരെക്കടന്നു മഹൎഷിയാശ്രമത്തിൽ ചെന്നു മഹൎഷിമാരെ നമസ്കരിച്ചു പൊടുന്നനവെ വരുന്നെന്നും ചൊല്ലി സുമന്ത്രരെയവിടെയാക്കി തൊണിയും തുഴപ്പിച്ചു പൊകുന്നെരം പിന്നെയും ശ്രീലക്ഷ്മണന്ന ദുഃഖം സഹിയാഞ്ഞു നിരൂപിച്ചു സൎവ്വലൊകമംഗല്യാംഗയായി പതിവ്രതമാരിൽ പ്രധാനയായിരിക്കുന്ന മഹാദെവിയെ ഇക്കാട്ടിലിട്ടുപൊവാൻ കൎത്താവു ഞാനായും വന്നുവല്ലൊയെന്നാലിവിടെക്കളഞ്ഞു പൊകുന്നതിൽക്കാൾ വെട്ടിക്കൊന്നു കളയുന്നതു യൊഗ്യമെന്നും പിന്നെ ഇങ്ങിനെയുള്ള കൊടും ക്രൂരതെച്ചെയ്യുന്നതിനെക്കാൾ മരിച്ചു പൊകുന്നതു വളരെ

യൊഗ്യമെന്നും പിന്നെക്കൊന്നുകളഞ്ഞാൽ സൎവ്വജ നങ്ങളുമെന്നെക്കൊണ്ടു സദാകാലവും കുട്ടമിട്ടു പറയു മാറാകുമല്ലൊയിമ്മഹാപാപി ലക്ഷ്മണൻ മഹാദെവി യെ മഹാവനത്തിൽക്കളഞ്ഞെച്ചു പൊയാനെന്നുമൊ രിക്കലും പൊകാത്ത ദുഷ്കീൎത്തി വിളിച്ചു പറയും ജന ങ്ങളെന്നു നിനച്ചു ഹൃദയം വെന്തു വെന്തുരുകി കണ്ണുനീ രാലാൎദ്രമാകുന്ന മുഖകമലത്തൊടും ശുഷ്കവദനനായി നിൽക്കുന്ന ലക്ഷ്മണനെ നൊക്കിയവന്റെ ദുഃഖമൊ രിക്കലുമൊരു ജാതിയും ശമിക്കുന്നുമില്ലായെന്നാലിതി ന്നു കൊടിയൊരു കാരണമുണ്ടെന്നു ദെവിയും നിൎണ്ണ യിച്ചു പെരിക ഭയപ്പെട്ടു പ്രലാപിക്കുമതുനെരം തൊ ണിയും തെക്കെക്കരെയണച്ചെന്നണഞ്ഞു നിൽക്കുമതു നെരം ദെവിയെ തൊണിമെൽ നിന്നെടുത്തു കരക്ക വെച്ചു വെന്തു വെന്തീടുന്ന മനസ്സൊടും മഹാദെവിയെ വലത്തുവെച്ചു നമസ്കരിച്ചു കരഞ്ഞൊണ്ടു പിൻവാങ്ങി തൊഴുതു പഞ്ചപുച്ഛമടക്കി നിന്നറിയിച്ചാൻ ശ്രീലക്ഷ്മ ണകുമാരൻ. കെൾക്കെണം മഹാദെവി ആൎയ്യെ നിന്തി രുവടിയെ ഇത്രൊടം കൂട്ടിക്കൊണ്ടു വന്നിവിടെ ഉപെ ക്ഷിച്ചു പൊരണമെന്നു നിന്തിരുവടിയുടെ ഭൎത്താവാകി യ ശ്രീരാഘവചക്രവൎത്തിയരുളിച്ചെയ്തിരിക്കുന്നെന്നു ലക്ഷ്മണനറിയിപ്പാൻ തുടങ്ങുമതുനെരം ദെവിയും എ ന്തു കെൾക്കാകുന്നതെന്നു നിനച്ചു തന്നത്താനറിഞ്ഞു സ ൎവ്വാംഗം തളൎന്നുമാറ വിറച്ചു മൊഹിച്ചു ഭൂമിയിൽ വീ ണു പെരികനെരം കിടിയുന്നെന്നു പൂഴിയിൽ പിരണ്ടുരു ണ്ടു വിങ്ങി മുറയിട്ടു കരഞ്ഞു മാറത്തടിച്ചും തലയിട്ടുരു ട്ടിയുമിങ്ങിനെ കരഞ്ഞൊരുനെരം ചെന്നപ്പൊറം ല

ക്ഷ്മണനെ നൊക്കിയരുൾചെയ്തിതു ദെവി. എന്റെ ലക്ഷ്മണായെന്തു നീ ചൊല്ലുവാൻ തുടങ്ങുന്നിപ്പൊളതു കെട്ടാൽ പാരം സങ്കടമാകുന്നല്ലൊ കുമാരായെന്നാലറയാതെ ചൊല്ലുകെന്നരുളിച്ചെയ്തുകെട്ടു വിങ്ങി മുറയിട്ടു ഉണ്മയെയറിയിപ്പാൻ തുടങ്ങിനാൻ ശ്രീലക്ഷ്മണകുമാരൻ. എന്നാലതു കെൾക്ക സർവ്വലൊകസനാഥനായായുള്ളൊരു മഹാദെവി നിന്തിരുവടി കൊപിക്കയും ദുഃഖിക്കയുമരുതു; നിന്തിരുവടിക്കെതുമൊരു ദൊഷമുണ്ടായിട്ടല്ലാ നിന്തിരുവടിയെക്കുറിച്ചു സ്നെഹമില്ലാഞ്ഞിട്ടുമല്ലാ നിന്തിരുവടിയെ രാക്ഷസരാജാവു രാവണൻ കട്ടുകൊണ്ടു പൊയി ലങ്കയിലൊരാണ്ടൊരു സഹായമില്ലാതെ രാക്ഷസരുടെ സമീപത്തിലിരുന്ന ദെവിയെക്കൊണ്ടുവന്നു സ്വഭാര്യയാക്കിവെച്ചാൻപൊൽ നമ്മുടെ സ്വാമിയെന്നു രാജ്യവാസികളും നഗരവാസികളും വഴിപൊക്കുന്നവരും നിന്ദിച്ചവിടവിടെ നിന്നും കൊളങ്ങര നിന്നും കൊട്ടാരത്തിൽ നിന്നും കുപ്പക്കെ നിന്നുമമ്പലങ്ങളിൽ നിന്നുമെന്നുവെണ്ട പരക്കെള്ളമിട്ടു പറയുന്നതെന്നുള്ളൊരപവാദം ഹെതുവാകകൊണ്ടത്രെ ഇവിടെയുപെക്ഷിച്ചു പൊരണമെന്നെന്നൊടരുളിച്ചെയ്തു സ്വാമിയെന്നു ലക്ഷ്മണൻ ചൊല്ലുകെട്ടു ദെവിയും വെട്ടിവീണ മരംകണക്കെ മൊഹിച്ചു ഭൂമിയിലാമ്മാറു വീണു പിന്നെ പെരികനെരം കുടിയൊരുവണ്ണമൊട്ടുണർച്ചയെ പ്രാപിച്ചു വാപൊങ്ങി മുറയിട്ടു കണ്ണിൽ നിന്നു മല പൊട്ടിയൊഴുകുംവണ്ണമുടനുടനൊഴുകുന്ന കണ്ണുനീരാൽ മുഖവും മാറിടവും വസ്ത്രമിത്യാദി നനയപ്പെട്ടു വിറച്ചു വീൎത്തരുളിനാൾ സീതാദെവി. ഭാഗ്യൊ

വിധാതാവെ ഞാനൊരു ദൊഷമാരൊടും ചെയ്തില്ല
ഭഗവാനെയെന്നിയലൊകപരലൊകത്തുമൊരു ദൊ
ഷം ചെയ്തപ്രകാരം ഞാനറിവില്ലാ, ഇതിന്മുന്നെ ജന്മ
ത്തിലാരുടെ ഭാൎയ്യയെന്നു നിനക്കിലതൊ വിഷ്ണുഭഗവാ
നെന്നിയെ മറ്റാരും ഭൎത്താവു വെണ്ടയെന്നുറച്ചു തപം
ചെയ്തു പിന്നെയഗ്നിപ്രവെശം ചെയ്തെനിക്കിപ്രകാ
രമനുഭവിപ്പാൻ കാരണമെന്തെന്നുമല്ലൊയെന്റെ ല
ക്ഷ്മണാ മറ്റാരുമെനിക്കു ശരണമില്ലെന്നുമല്ലൊ കഷ്ട
മീശ്വരായെന്നുടെ വിധിയിതു നിനച്ചാൽ പെരിക
ഭയമെന്റെ ലക്ഷ്മണായെന്നുമെല്ലാനാളുമെന്നെ ദുഃഖ
പാത്രമാക്കിച്ചമച്ചാനീശ്വരൻതിരുവടിയെന്നും പി
ന്നെ ഞാനവയവസൗഖ്യം നിരൂപിച്ചാലവയവദുഃഖമെ
കാണുന്നതെന്നും മുന്നമെന്നെ അഗ്നിസാക്ഷികമായി
പിതാവു കൊടുപ്പിച്ചു തിരുവയൊദ്ധ്യയെ പ്രാപിച്ചു
പന്തീരാണ്ടു സുഖിച്ചു പിന്നെ ഭൎത്താവിന്നുടെ പിതാവു
രാജ്യം കൊടുപ്പാൻ ഭാവിച്ചപ്പൊൾ ഞാനുമാശ്വസ്സ
പ്പെട്ടു പെരിക സുഖിക്കാമെന്നുടെ ഭൎത്താവൊടും കൂടി
യെന്നു നിനച്ചപ്പൊളെതാനുമൊരു സംഗതിവശാൽ
അഭിഷെകം മുടക്കിപ്പതിനാലാണ്ടു വനവാസം ചെ
യ്യെണ്ടിവന്നു, അന്നു ഞാൻ ഭൎത്താവൊടുകൂടപ്പൊയി
പഞ്ചവടിയിൽ സുഖിച്ചു വസിക്കും കാലം ദുഷ്ടനായി
നിൎമ്മൎയ്യാദശീലനായിരിക്കുന്ന രാക്ഷസൻ വന്നെന്നെ
വലിച്ചെടുത്തു കൊണ്ടുപൊയി സമുദ്രമദ്ധ്യഗതമായി
രിക്കുന്ന ലങ്കയിൽ കൊണ്ടു വെച്ചപ്പൊളെനി ഞാനെ
ന്നുടെ ഭൎത്താവിനെ കാണുകയില്ലെന്നുറച്ചിരിക്കും
കാലം വായുപുത്രനാകിയ ശ്രീഹനുമാൻ വന്നെന്നെ

കണ്ടു ഭൎത്താവിൻ തൃക്കൈക്കൊതിരമെനിക്ക വന്നു ഭ
ൎത്താവും വാനരപ്പടയും മൂന്നു നാളിലകമിവിടെ വന്നു
രാക്ഷസരെ മുടിക്കുമെന്നു നിൎണ്ണയം വരുത്തിയതുനെരം
ഭൎത്താവിനെക്കണ്ടപൊലെ നിനച്ചു സുഖിക്കുമതുനെരം
സുഗ്രീവാദി വാനരപ്പടയൊടും വന്നു സമുദ്രം ചിറ
കെട്ടിക്കടന്നു ലങ്കയെ പ്രാപിച്ചു പാപിയാം രാവണ
നെയും പുത്രമിത്രബാന്ധവന്മാരെയും കൊന്നു പി
ന്നെ ശ്രീവിഭീഷണനെന്നെക്കൊണ്ടുവന്നു എന്നുടെ
ഭൎത്താവിൻ സമീപത്തു വന്നതുനെരമെന്നുടെ മ
നസ്സിനും ചെവിക്കും ചൊരുന്നൊരു ദുസ്സഹപരുഷവ
ചനങ്ങളരുളിച്ചെയ്തതുനെരം ഞാനഗ്നിപ്രവെശം ചെ
യ്തപ്പൊൾ സൎവ്വദെവതാഗണത്തൊടുമഗ്നിഭഗവാനെ
ന്നെയെടുത്തു കൊണ്ടുവന്നെന്നുടെ ഭൎത്താവിൻ കൈ
യിൽക്കൊടുത്തരുളിച്ചെയ്താൻ. സമസ്ത ദെവന്മാ
രും സാക്ഷിയുണ്ടിവൾക്കൊരു ദൊഷമില്ലെന്നുമഗ്നിഭഗ
വാനരുളിച്ചെയ്തതു നെരമെന്നുടെ ഭൎത്താവു നിൎണ്ണയി
ച്ചെന്നെ തൃക്കൈകൊണ്ടു പിടിച്ചാശ്ലെഷിച്ചു പുഷ്പക
വിമാനമെറി തിരുവയൊദ്ധ്യയെ പ്രാപിച്ചു പിതൃ
പൈതാമഹമാകുന്ന രാജ്യത്തിനൊത്തവണ്ണമഭിഷെകം
ചെയ്തു ചതുസ്സാഗരപൎയ്യന്തമാകിയ ഭൂമിക്ക കൎത്താവാ
യി വാണതുനെരമെനിയെനിക്കൊരു ദുഃഖമൊട്ടുമില്ലാ
തൊഷിയായി ഭൎത്താവു വസിക്കുന്നതുകൊണ്ടു പിന്നെ
യെനിക്കൊരു ദുഃഖമുണ്ടെന്മനസ്സിൽ ഇവൾക്ക ഗൎഭമുണ്ടാ
യി പെററില്ലെന്നു നിനച്ചു മറെറാരുത്തിയെ വിവാ
ഹം ചെയ്യുമൊ ഭൎത്താവെന്നു നിനച്ചു ദുഃഖിച്ചിരുന്നു
കാലത്തുമെനിക്ക ഗൎഭമുണ്ടായി വന്നുവല്ലൊയെന്നാലെ

നി പുത്രസ്നെഹംകൊണ്ടെന്നെ വളരെ ബഹുമാനിച്ചു
സംഭാവിക്കമെന്നുടെ ഭത്താവെന്നു ഞാൻ നിനച്ചു സു
ഖിച്ചു വസിക്കുമന്നിനെൻറ ശെഷമിങ്ങിനെയുള്ള ദുഃഖ
മനുഭവിപ്പാൻ പാത്രമാക്കി വിധാതാവിങ്ങിനെ ചമ
ച്ചുവെന്നെൻറ ലക്ഷ്മണായെന്നിപ്രകാരം ദെവി മുറ
യിട്ടരുളിച്ചെയ്യുകെട്ടു തൊഴുതറിയിച്ചാൻ ശ്രീലക്ഷ്മണ
കുമാരൻ. മഹാനുഭാവയായുള്ളൊരു ദെവി നിന്തി
രുവടി അടിയനൊടും നിന്തിരുവടിയുടെ ഭത്താവാ
കിയ ചക്രവത്തിയൊടുമെതുമെ ഗർവ്വിച്ചു കൊപിക്കൊ
ല്ലാ പിന്നെയെതും ഭയപ്പെടാതെ മുനിബാലന്മാരൊരു
തപൊവനം കാണാമന്നതവിടെയൊരു ദിവ്യാശ്രമ
മുള്ള ശ്രീവാത്മീകി മഹഷിയുടെ പർണ്ണശാലയെന്നാല
വിടെ നിന്തിരുവടിയെഴുന്നരുളി മഹഷിയാൽ സംഭാ
വിച്ചു തപസ്സു ചെയ്തു സുഖിച്ചു പരലൊകസൌഖ്യ
ത്തെച്ചെത്തരുളുവൊയാകായെന്നും പിന്നെ തപസ്സു
കൊണ്ടു സകലവും സാധിക്കാവൂ മഹാനുഭാവയായു
ള്ളൊരുവയെന്നും നിന്തിരുവടിയുടെ ഭത്താവിൻ പി
താവാകിയ ദശരഥചക്രവത്തിയും ശ്രീവാത്മീകി മഹ
ഷിയും പെരിക സ്നെഹിതരാകയുമുണ്ടു യെന്നാലവിടെ
ച്ചെന്നാശ്രമമകംപൂകി മഹഷിപത്നിമാരൊടും കൂടി
സ്സുഖിച്ചു വസിച്ചരുളുവൊയാകാ മഹാദെവിയെന്നു
ലക്ഷ്മണൻ തൊഴുതറിയിക്കക്കെട്ടുന്നെരമവിടയങ്ങ
ണത്തിട്ടമെൽ വീണരുണ്ടു മുറയിട്ടു കരയുന്ന ദെവിയ
രുളിച്ചെയ്താൾ. അയ്യൊ വത്സാ ലക്ഷ്മണായെന്നുടെ
ഭത്താവൊടുള്ള വെറപാടു നിനച്ചാലെനിക്കൊരു ജാ
തിയും പൊറുക്കാമെന്നു തൊന്നുന്നില്ലാ, പിന്നെ ഗംഗ

യിൽ വീണു മരിക്കുവൻ ഞാനെന്നു നിനച്ചാലതിനു ചില ദുഷ്കീർത്തിയുണ്ടാകുമെന്നു തോന്നുന്നു, ആയതെന്തെന്നാൽ നിൎദ്ദോഷയായി ഗൎഭിണിയായിരിക്കുന്ന ദേവിയെ തന്റെ ഭൎത്താവു ലക്ഷ്മണനെക്കൂട്ടി യാത്രയാക്കി കൊണ്ടുപോയി പൊഴയിലിട്ടു കൊന്നുവെന്നാൻ ലക്ഷ്മണനെന്നൊരപവാദമൊരിക്കലും പോകാതെവണ്ണം തന്തിരുവടികളെപ്പറ്റിയും ചൊല്ലും. പിന്നെ ദുൎമ്മരണമായി മരിച്ചാലെനിക്കു ഗതിയില്ലായല്ലോയെന്നാലതു ശങ്കിച്ചു ഞാനിതു ചെയ്കയുമില്ലായെന്നു മരുളി പിന്നെയുമരുളിച്ചെയ്തു ദേവി. നീ പൊട്ടെന്നവെ പോയി തിരുവയോദ്ധ്യയെ പ്രാപിച്ചു ചക്രവൎത്തിയുടെ മനോരഥത്തെ സാധിച്ചപോലെ അറിയിക്കയെന്റെ ലക്ഷ്മണകുമാരായെന്നുമെന്നുമെനിക്കു ദൈവകല്പിതംപോലെ ഭവിക്കുമെന്നരുളി പിന്നെയൊന്നുണ്ടു വേണ്ടതു നീ ഞാനെപ്പോഴുമെന്റെ ഭൎത്താവിൻ ശ്രീപാദാരവിന്ദങ്ങളെ തൊഴുകികൊണ്ടല്ലൊയിരിപ്പതുമെന്നാലതു വണ്ണമെന്റെ ഭൎത്താവിനെച്ചെന്നു കണ്ടാൽ ഞാൻ ചൊല്ലിയതെന്നു ചൊല്ലി തന്തിരുവടിയുടെ പാദാരവിന്ദങ്ങളെ നമസ്കരിച്ചാശ്ലേഷിച്ചു ഞാൻ തടവിയാലുള്ളാനന്ദം നീ തടവിയാലും മതിയെന്റെ ലക്ഷ്മണാ, നീ ഇങ്ങിനെ ചെയ്തു കൊണ്ടാൽ ഞാൻ ശപിക്കുമെന്നു നീ ഭയപ്പെടേണ്ടായെന്നാൽ നീ വിരിയപ്പോയി തേരിലേറി തിരുവയോദ്ധ്യയെ നോക്കിപോകയെന്നു മഹാദേവി അരുളിച്ചെയ്തയപ്പതും ചെയ്താൻ. അതുനേരം ലക്ഷ്മണനും തൊഴുതു നമസ്കരിച്ചു പിൻവാങ്ങിത്തോണിമേലെ മന്ദം മന്ദം ദുഃഖസമുദ്രമഗ്നനായിപ്പോവിതും ചെയ്താൻ.

അക്കാലത്തു ശ്രീവാല്മീകിമഹൎഷിയുടെ യാശ്രമ ത്തിൽ നിന്നു പുല്ലു ചമത പുഷ്പമിത്യാദി കൊണ്ടുവരു വാൻ പൊകുന്ന ഋഷികുമാരന്മാർ കാണായീ മണ ലിൽകിടന്നുരുണ്ടു മുറയിട്ടു കെഴുന്ന സീതാദെവിയെ കണ്ടു പെരിക വെഗത്തൊടും ചെന്നു പൎണ്ണശാലയെ പ്രാപിച്ചു ശ്രീവാല്മീകിമഹൎഷിയൊടറിയിപ്പുതും ചെയ്താർ. കെട്ടാലും മഹാനുഭാവനായുള്ളൊരു ഒരു ഗൎഭിണിയായിരിക്കുന്ന ദിവ്യസ്ത്രീയുണ്ടു ഗംഗാതീരം മഹാവനത്തിൽ മണ്ണത്തിട്ടമെൽ കിടന്നു മുറയിടുന്നൊ ളതാരെന്നു ഞങ്ങളറിഞ്ഞീലെന്നു കുമാരന്മാരുണ ൎത്തിക്കെട്ടു മഹൎഷിയും മുന്നമെ അറിഞ്ഞിരിക്കുന്നു ഗ ൎഭിണിയാകിയ സീതാദെവിയെ ലൊകാപവാദപരിഹാ രാൎത്ഥമായി ലക്ഷ്മണനൊടു കൂടിയയച്ചു വന്നിവിടെ ഉപെക്ഷിച്ചു പൊവാൻ ശ്രീരാമചക്രവൎത്തി യാത്ര യാക്കിതെന്നു ദിവ്യമാം ചക്ഷുസ്സുകൊണ്ടു മഹൎഷിയും പെരിക വെഗമൊടും ഗംഗാതീരത്തെഴുന്നരുളിയതു നെരം കാണായി ഭൂരെണുക്കളിൽ വീണുരുണ്ടു വിങ്ങി വിങ്ങി മുറിയിടുന്ന സീതാദെവിയെക്കണ്ടു തൃക്കൈ കൊണ്ടു വാരിയെടുത്തിരുത്തി തിരുവുടമ്പിന്മെലുള്ള പൂഴിയെല്ലാം തടവിക്കളഞ്ഞു മധുരമായരുളിച്ചെയ്തു ശ്രീവാല്മീകിമഹൎഷിയും. മകളെ ജനകരാജനന്ദനെ നീയെതും ദുഃഖിക്കയും വെണ്ട നിന്നെയഴകതായി ര ക്ഷിക്കുന്നുണ്ടു ഞാൻ മുന്നമെയറിഞ്ഞിരിക്കുന്നു സൎവ്വലൊ കമംഗല്യാംഗസമ്പന്നനായിരിക്കുന്ന ശ്രീരാമഭദ്രൻ സ കലലൊകമംഗല്യാംഗസമ്പന്നയായിരിക്കുന്ന നിന്നെ ലൊകരപവാദിച്ചു പറയുന്നതായിക്കൊണ്ടു നിന്നെ

ഇവിടെ ഉപെക്ഷിക്കും നിന്റെ ഭൎത്താവെന്ന മുന്നം ഞാനറിഞ്ഞിരിക്കുന്നതെന്നാൽ നീയെന്നൊടുകൂടിപ്പൎണ്ണശാലയിൽ പൊന്നമറിടെസ്സുഖിച്ചു വസിക്കാമെന്നാൽ നിന്റെ പതിവ്രതത്തിന്നൊരു വിഘ്നംവരാതെ പരലോകത്തിന്ന നല്ലതെന്നമരുളിച്ചെയ്തു പൊരുക മക്കളെ സീതെ ദുഃഖിയാതിരിക്കേണമെന്നമരുളി പിന്നെ തന്തിരുവടിയുടെ തൃക്കൈകൊണ്ടു കണ്ണുനീരും തുടച്ചു മധുരമായി പ്രശംസാപരമായുള്ള വചനങ്ങളെക്കൊണ്ടു സംഭാവിച്ചരുളിച്ചെയ്യുന്നതിനെക്കെട്ടുനറിയിച്ചാരം സീതാദെവി. ഗൎഭിണിയായിരിക്കുന്ന എന്നെ ആരിനി രക്ഷിക്കുന്നതെന്നൊൎക്കുന്നതും ഭഗവാനെയെന്ന സീതാദെവിയറിക്കുന്നതിനെ കെട്ടരുളിച്ചെയ്തു മഹൎഷിയും. കെൾക്ക മകളെ സീതെ ബ്രാഹ്മണസ്ത്രീകളുണ്ടു വൈധവ്യമായിതപസ്സു ചെയ്തു സുഖിച്ചു വസിക്കുന്നതെന്നാലവരുള്ളെടത്തു നിന്നെയും കൂട്ടിച്ചെന്നവരൊടു നിന്നെ നൊക്കി രക്ഷിക്കേണമെന്ന ചൊന്നാലവർ നിന്റെ മാതാപിതാക്കന്മാർ നൊക്കി രക്ഷിക്കുംവണ്ണമിരെറടുത്തു നിന്നെയും നിന്റെ പുത്രനെയും രക്ഷിക്കുമെന്നാലിതു നിനച്ചു ക്ലെശിച്ചു ദുഃഖിക്കെണ്ടതില്ല പിന്നെ നിന്റെ ഭൎത്താവിൻ പിതാവാകിയ ദശരഥചക്രവൎത്തിക്കു പെരിക ഇഷ്ടരായുള്ളവർ. പിന്നെയത്രയുമല്ലാ ദശരഥരാജാവിന്റെ മരുമകളല്ലൊ നീയുമെന്നാൽ അങ്ങിനെയുള്ള ഗൌരവം നിനച്ചു വഴിപൊലെ നിന്നെ രക്ഷിക്കുമവരെന്നമരുളിച്ചെയ്തു ശ്രീവാല്മീകി മഹൎഷിയും. അതുകെട്ടു സീതാദെവിയും ദുഃഖമിളച്ചു പ്രീതിപ്പെട്ടു മഹൎഷിയെ വന്ദിച്ചു

നിൽക്കമെത്രനെരം മഹൎഷിയും കൂട്ടിക്കൊണ്ടു പൎണ്ണശാ
ലയെ പ്രാപിച്ചു ഭൎത്തൃവിരഹസ്ത്രീകളെ വരുത്തിയുണ്ടായ
വൃത്താന്തമെല്ലാമവരൊടരുളിച്ചെയ്തു മഹൎഷിയും.
പിന്നെത്തന്നുടെയാശ്രമത്തിന്നരികെ പൎണ്ണംകൊണ്ടു
പൎണ്ണശാലയും കെട്ടി താപസസ്ത്രീകളുടെ സന്നിധി
യിൽ ദെവിയെയുംകൊണ്ടു ചെന്നെല്പിച്ചു താപസി
മാരൊടരുളിച്ചെയ്തു മഹൎഷിയും. കെൾപ്പിനായാ
കാ താപസിമാരെ ഇവളെ നിങ്ങളുടെ പുത്രി
കളെപ്പൊലെ പെരികസ്സംഭാവിച്ചു രക്ഷിച്ചുകൊൾക
വെണമിവളെങ്ങിനെയുള്ളൊരുത്തിയെന്നു മെന്തിവി
ടെക്ക വരുവാനെന്നും നിങ്ങൾക്ക തൊന്നില്ലെങ്കിലതു
ഞാൻ ചൊല്ലിത്തരാമെന്നാൽ സൂൎയ്യവംശാലങ്കാരസംഭൂ
തനാകിയ ശ്രീരാമദെവൻതിരുമെനിയുടെ ധൎമ്മപത്നിയാം
സീതാദെവി ജനകരാജാവിനുടെ പുത്രിയെന്നുമയൊ
നിജയെന്നുമെന്നാലെന്തിവളെ ചക്രവൎത്തിയുപെക്ഷി
പ്പാൻ കാരണമെന്നു നിനക്കിൽ ഇവൾക്കൊരു ദൊഷ
മുണ്ടായിട്ടല്ലാ ലൊകാപവാദപരിഹാരാൎത്ഥമായി ഇ
വളെയുപെക്ഷിച്ചു മഹാരാജാവുമെന്നാലിവൾ ഗൎഭി
ണിയാകകൊണ്ടിവളെയഴകനായി പരിപാലിച്ചുകൊ
ള്ളണമെന്നുമിവൾ പെററാൽ പുത്രനെയുമിവളെയും
നൊക്കിപ്പാലിക്കണമെന്നും നിങ്ങൾ ഭൎത്താക്കന്മാർ മരി
ച്ചു പൊയപ്പൊൾ തുടങ്ങി പരലൊകസൌഖ്യം നിന
ച്ചു തപസ്സുചെയ്യും ജനമല്ലൊ നിങ്ങളെന്നാൽ അത്യന്തം
നല്ലതിൽ ബുദ്ധി ചെന്നല്ലൊയിരിക്കുന്നു പിന്നെ നിങ്ങ
ളുടെ മഹാ ഗുണവിശെഷമാകകൊണ്ടും ഞാൻ ചൊല്ലു
കയാലുമിവളെ രക്ഷിച്ചു കൊൾവിൻ താപസിമാരെ

യെന്നരുളിച്ചെയ്തു ദെവിയെ വിളിച്ചു കാട്ടിക്കൊടു
ത്തു സീതാദെവിയൊടുമരുളിച്ചെയ്തു നീ ദുഃഖിയാതി
ചരൊടു കൂടിത്തപസ്സുചെയ്തു സുഖിച്ചു വസിക്ക മക
ളെ സീതെയെന്നരുളിച്ചെയ്തവരെ കൈയിൽ
കൊടുത്തു മഹൎഷിയും തന്റെയാശ്രമത്തിനക
ത്തെഴുന്നള്ളി വസിപ്പൂതും ചെയ്താൻ. പിന്നെ സീതാ
ദെവിയും നിത്യമായി ഗംഗയിലിറങ്ങി സ്നാനംചെയ്തു
ശുദ്ധമായിത്തന്റെ ഭൎത്താവായ ശ്രീരാമദെവന്തിരുവ
ടിയെ മനസ്സുകൊണ്ടു വഴിപൊലെ ധ്യാനിച്ചു താപ
സിമാരൊടും കൂടിത്തപസ്സുചെയ്തു സുഖിച്ചവിടെ വ
സിപ്പൂതും ചെയ്താൾ.

പിന്നെ ശ്രീലക്ഷ്മണകുമാരൻ സീതാദെവിയെയു
പെക്ഷിച്ചു ഗംഗാ കടന്നു സുമന്ത്രരുമായി തെരിലെറി
പ്പൊകുന്നെരം തിരിഞ്ഞു തിരിഞ്ഞു നൊക്കി നൊക്കി
സീതാദെവിയുടെ ദുഃഖം നിരൂപിച്ചു പെരുതായ സങ്ക
ടത്തൊടും കൂടിപ്പൊകുന്നവൎക്ക കാണായി ശ്രീവാല്മീ
കിമഹൎഷിയെഴുന്നള്ളി പൂഴി തുടച്ചുകൂട്ടിക്കൊണ്ടു പൊ
കുന്നതു കണ്ടനെരം ധൈൎയ്യംകൊണ്ടു ദുഃഖമടക്കി ശ്രീ
രാഘവചക്രവൎത്തിയുടെ മനൊദുഃഖം നിരൂപിച്ചും വൈ
ത്തുവെന്തിരിക്കും മനസ്സൊടുമെന്നൊ കഷ്ടമെ നമ്മുടെ
സ്വാമിയാകിയ ശ്രീരാമദെവന്തിരുവടി ദെവിയൊടു
വിയൊഗം വരികയാൽ പൊറുക്കരുതാത ദുഃഖത്തൊടു
മിരുന്നരുളുന്നല്ലൊ സ്വാമിയെന്നു നിനച്ചു സുമന്ത്രരെ
നൊക്കിച്ചൊല്ലിനാൻ ശ്രീലക്ഷ്മണകുമാരൻ. നിരൂപി
ക്കണമെ സുമന്ത്രരെ തന്തിരുവടിയുടെ പ്രാണവല്ലഭ
യാകിയ ജനകരാജനന്ദനയൊടു വിയൊഗദുഃഖംകൊ

അക്കാദമി

ണ്ടു തളൎപ്പെട്ട ശരീരമുടയനല്ലൊ സ്വാമിയെന്നാൽ
സ്വാമി ഇജ്ജന്മത്തിലൊരു ദൊഷമാരൊടും ചെയ്യു
വെന്നു തൊന്നുന്നുമില്ലാ പൂൎവ്വജന്മമാൎജ്ജിച്ചുള്ള ദൊഷ
മൊയെന്നുമറിഞ്ഞില്ലായെന്നുടെ ഭ്രാതാവിപ്രകാരം ദുഃ
ഖാബ്ധിനടുവിൽ വീണുഴലുവാൻ പാത്രമായിട്ടു വരുവാൻ
കാരണമെന്തും പിന്നെയകൃത്യം ചെയ്യും ജനത്തിനു
മഹാനായിരിക്കും ചില വ്യസനം വന്നു കാണ്മുണ്ട
ല്ലൊയെന്നാലൊരുനാളുമകൃത്യം ചെയ്യാത്ത സ്വാമി
ക്കിപ്രകാരം വരുവാൻ സംഗതിയെന്തെന്നു ലക്ഷ്മണകുമാ
രൻ ചൊല്ലുകെട്ടു ചൊല്ലിനാൻ സുമന്ത്രരും. കെൾക്ക
കുമാരാ ലക്ഷ്മണായെയും ദുഃഖിക്കെണ്ടാ പൂൎവ്വജന്മത്തിൽ
കഴിഞ്ഞതുമിജ്ജന്മത്തിൽ മഹാരാജാവിനു വന്നതും
ഞാനറിഞ്ഞിരിക്കുന്നതു പറയാമെന്നാലതു കെൾക്ക
നീയുമെല്ലാനാളും ഭാൎയ്യാദുഃഖിതനായിപ്പൊകയെന്നു
ശാപമുണ്ടുമെന്നാലാരുടെ ശാപമെന്നും ശാപകാരണ
വും ഞാനറിഞ്ഞതു പറയാം. പണ്ടു നിങ്ങളുടെ പിതാ
വു ദശരഥചക്രവൎത്തികളെ നിങ്ങൾ നാലുപേർ പുത്രന്മാ
രുമായിസ്സുഖിച്ചു വസിക്കുന്ന കാലത്തു് ഇക്ഷ്വാകുരാ
ജാക്കന്മാരുടെ പുരൊഹിതനാകിയ വസിഷ്ഠമഹൎഷിയു
ടെയാശ്രമത്തിലെഴുന്നള്ളിനാൻ സൎവ്വലൊകവന്ദ്യനാ
യി സൎവ്വജ്ഞനായിരിക്കുന്ന ശ്രീദുൎവ്വാസാമഹൎഷി. അതു
കെട്ടു നിങ്ങളുടെ പിതാവു ദശരഥചക്രവൎത്തി പൊടു
ന്നനവെ ചെന്നു മഹൎഷിയെ നമസ്കരിപ്പാനായിക്കൊ
ണ്ടു ഇത്തെർമെൽ തന്തിരുവടിയും ഞാനും കരയെറി മ
ഹൎഷിയുടെയാശ്രമത്തെ പ്രാപിച്ചതുനെരം വസിഷ്ഠമ
ഹൎഷിയെയും ശ്രീദുൎവ്വാസാമഹൎഷിയെയും കണ്ടു വല

ണ്ടുവെച്ചു നമസ്കരിച്ചു തൊഴുതു പഞ്ചപുഷ്പ്പം ഒക്കി നി
ന്നണൎത്തിപ്പൂതും ചെയ്തു ചക്രവൎത്തി. അതുനെരം ചക്ര
വൎത്തിയെ സംഭാവിച്ചു പൂജിച്ചു ഇരിപ്പുതാക മഹാരാ
ജാവെ രാജശ്രേഷ്ഠായെന്നു മഹൎഷികളുടെയവസ്ഥയെയാ
ലെ വിചിത്രമായിരിപ്പൊരു സിംഹാസനത്തിന്മെൽ
തൊഴുതപ്രകാരമെയിരുന്നരുളവിതും ചെയ്തു പിന്നെ
ശ്രീവ്യാസാവിനെ നൊക്കിയറിയിച്ചു ചക്രവൎത്തി. ഭ
ഗവാനെ നിന്തിരുവടിക്ക കഴിഞ്ഞ ജന്മത്തിലുള്ള അ
വസ്ഥയുമിജ്ജന്മത്തിലുള്ള അവസ്ഥയുമറിഞ്ഞിരി
പ്പൊരുത്തനല്ലൊ നിന്തിരുവടിയെന്നാലെന്നുടെ പുത്ര
നാകിയ രാമൻ ദീൎഘായുസ്സൊ ആയതെന്നിയെ അല്ലാ
യുവൊ, ലക്ഷ്മണനും ഭരതശത്രുഘ്നന്മാരും ദീൎഘായു
സ്സൊ അല്പായുസ്സായിട്ടിരിക്കയൊ, പിന്നെയെന്നുടെ പു
ത്രന്മാർ നാലു പെരിലും വെച്ചു രാമനല്ലൊ പെരിക
ഗുണവാനായും പുരുഷഗുണമുള്ളായും ലൊകപാലനാവാ
ദനായുമിരിപ്പൊരുത്തനെന്നാലങ്ങിനെയിരിക്കുന്ന രാ
ജകുമാരനെന്നുടെ കാലം കഴിഞ്ഞാൻ അനുജന്മാരാക്കു
ന്മാരൊടൊരുമിച്ചു രാജ്യാഭിഷെകംചെയ്തു ഭാൎയ്യയൊ
ടും കൂടി സുഖിച്ചിരുന്നു പുത്രന്മാരുമുണ്ടായി ചിരകാലം
രാജ്യപരിപാലനം ചെയ്തിരിക്കമൊയെന്നെല്ലാമരുളി
ച്ചെയ്യെണം ഭഗവാനെയെന്നിപ്രകാരം ദശരഥചക്രവ
ൎത്തി തൊഴുതറിയിച്ചതു കെട്ടു ശ്രീവ്യാസാവും പ്രസന്ന
മാനസനായി മഹാരാജാവിനെ നൊക്കിയരുളിച്ചെ
വിതും ചെയ്തു. നിന്നുടെ പുത്രന്മാർ നാലുപെരും
പെരികക്കാലം രാജ്യപരിപാലനം ചെയ്തു സുഖിച്ചുവാ
സിക്കും. നീയുള്ളകാലം നിണക്ക പുത്രമരണമുണ്ടെന്നു

നിനക്കുവെണ്ടാ. നാലുപെൎക്കും കൂടിയിരിവർ പു
ത്രന്മാരുമുണ്ടാകും. പിന്നെ രാമകുമാരൻ രാജ്യം പി
ഴുകി വനവാസം ചെയ്തിരിക്കുമത്ര കാലം അവിടെ
ക്കൊടിയൊ ചില ശത്രുക്കളുണ്ടായി ഭാൎയ്യാവിയൊഗം
വന്നു മഹാദുഃഖിതനായി ശത്രുക്കളെ ജയിച്ചു ഭാൎയ്യാവി
നെ വീണ്ടു തിരുവയൊദ്ധ്യയെ പ്രാപിച്ചു രാജ്യാഭി
ഷെകംചെയ്തു വഴിപൊലെ രാജ്യപരിപാലനം
ചെയ്തിരിക്കും. പിന്നെയവരുടെ പുത്രൻ തിരുവ
യൊദ്ധ്യാപുരി വാഴുകയുമില്ലാ. ഇരിവർ പുത്രൎക്കും
തിരുവയൊദ്ധ്യക്കു പുറത്തു രണ്ടു നഗരം ചമച്ചു കൊടു
ത്തിരിവരെയുമവിടെ വാഴിപ്പിക്കും ചെയ്യും. പിന്നെ
യും നിന്നുടെ പുത്രനാം രാമൻ ഭാൎയ്യാവിയൊഗംകൊ
ണ്ടു ദുഃഖിതനായി കാലം കഴിയും. താനുള്ള കാലം
ഭാൎയ്യാവിയൊഗമല്ലാതെ ഭാൎയ്യാസുഖമില്ലതാനുമെന്നിപ്ര
കാരം ശ്രീദുൎവ്വാസാവരുളിച്ചെയ്തുകെട്ടു പിന്നെയും തൊ
ഴുതുണൎത്തിച്ചു ചക്രവൎത്തി. എന്റെ ഭഗവാനെയെന്നു
ടെ രാമകുമാരനു ഭാൎയ്യാവിയൊഗം താനുള്ള നാളും
ഭാൎയ്യാസുഖം വരാതെയിരിപ്പാൻ കാരണമെന്തെന്നരു
ളിച്ചെയ്കവെണമെന്നു ചക്രവൎത്തിയുണൎത്തിച്ചനെരം
പിന്നെയുമരുളിച്ചെയ്തു ശ്രീദുൎവ്വാസാവാകിയ മഹൎഷി
മുഖ്യൻ. കെൾക്ക മഹാരാജാവെ നിന്നുടെ പുത്രനാ
കിയ ഈ രാമൻ സൎവ്വലൊകശരണ്യനാകിയ ഭഗവാൻ
ശ്രീനാരായണസ്വാമിയെന്നറിക മഹാരാജാവെ.
ത്രൈലൊക്യവാസികളെയും ദെവകളെയും പശുബ്രാ
ഹ്മണരെയും രക്ഷിപ്പാനായിക്കൊണ്ടു ദെവകളും ദെവ
രാജാവൊടും ബ്രഹ്മന്തിരുവടി ശ്രീപാലാഴിതീരം ചെന്നു

വിഷ്ണുഭഗവാനെ നമസ്കരിക്കയാൽ ദുഷ്ടരാക്ഷസനെ കൊൽവാൻ നിണക്ക പുത്രനായവതരിച്ച ഭഗവാൻ വിഷ്ണു നാരായണനെന്നറിക മഹാരാജാവെ. പിന്നെ യത്രയുമല്ലാ വിഷ്ണുഭഗവാനെ ഭൃഗുമഹൎഷി ശപിച്ചിരിക്കുന്ന ശാപപ്രകാരവും കെൾക്ക മഹാരാജാവെ. പണ്ടു ദെവാസുരയുദ്ധമുണ്ടായ കാലത്തു ദെവകളെല്ലാം ഭയപ്പെട്ടു വിഷ്ണുഭഗവാനെച്ചെന്നു നമസ്കരിച്ചുണൎത്തിപ്പുതും ചെയ്താർ. ഭഗവാനെ അസുരകൾ തിമിൎത്തു യുദ്ധത്തിന്നു സ്വൎഗ്ഗത്തിൽ വന്നു നശിപ്പിച്ചു ഞങ്ങക്ക സ്വൎഗ്ഗത്തിലിരിപ്പില്ലാതെ വന്നുവെന്നാലസുരകളെ കൊന്നു ഞങ്ങളെ രക്ഷിക്കെണം ഭഗവാനെയെന്നു ദെവകളുണൎത്തിക്കക്കെട്ടു വിഷ്ണുഭഗവാനും ശ്രീഗരുഡന്റെ കഴുത്തിൽക്കരെറി പഞ്ചായുധധാരിയായി അസുരകളുടെ കൂട്ടത്തിൽച്ചെന്നു പക്കിയസുരകളെക്കൊന്നൊടുക്കി ദെവകളുടെ ഉപദ്രവം തീൎത്തു ദെവകളെ സ്വൎഗ്ഗത്തിൽ കുടിയിരുത്തി ശ്രീപാലാഴിയിൽച്ചെന്നു തിരുവനന്തപുരത്തു ചെന്നു വസിപ്പുതും ചെയ്തു ശ്രീവിഷ്ണുഭഗവാൻ. അതുനെരമസുരമാതാവാകിയ ദിതിയും പെരിക ദുഃഖിച്ചു വിങ്ങി മുറയിട്ടു ഭൃഗുമഹൎഷിയുടെ പത്നിയൊടു ചെന്നു സങ്കടമായി ചൊല്ലിവിതും ചെയ്താൾ. അല്ലയൊ മഹാനുഭാവയായുള്ളൊവെ മാതാവെയെന്റെ മക്കളെയെല്ലാം വിഷ്ണുഭഗവാനെക്കൊണ്ടു കൊല്ലിച്ചാർ ഇന്ദ്രാദി ദെവകളെന്നാലതുകൊണ്ടവരുമവരുടെ മാതാവാകിയ അദിതിയൊടുകൂടിസ്സുഖിച്ചു വസിക്കുന്നൊർ. ഞാനൊ പുത്രരൊടും വെറിട്ടു ദുഃഖിച്ചിരിക്കുന്നതെന്നാലെന്റെ സങ്കടം തീൎത്തു രക്ഷിച്ചരുളുവെണം മാതാവെയെന്നു

മിള്ളൊരുകൾക്ക ബലിയൊരാപത്തു വരുതവെണം ദെ
വിയെന്നു ദിതി ചൊല്ലുകെട്ടു ചൊല്ലുവിതും ചെ
ത്താൾ മുനിപതി. എന്നാൽ താനവ്വണ്ണമെ ചെയ്യു
ന്നവൾ ദെവകളെയടങ്ങുപിച്ചു കൊല്ലണമെന്നു നി
ൎണ്ണയിച്ചു തപസ്സു ചെയ്തു തുടങ്ങിനാൾ ഭൃഗുപത്നി. അ
തുനെരം ഘൊരമായിരിക്കുന്ന തപസ്സുകണ്ടു ദെവകളെ
ല്ലാം പെരിക ഭയപ്പെട്ടു നമ്മാലാരു കഴിവില്ലിവളുടെ
തപൊവിഘ്നം വരുത്തുവാനതുകൊണ്ടു പൊകുന്നവെ
ചെന്നു വിഷ്ണുഭഗവാനെക്കണ്ടു നമസ്കരിച്ചുണ്ടായ വൃ
ത്താന്തമറിയിക്കാമെന്നു നിശ്ചയിച്ചുഴറിച്ചെന്നു വിഷ്ണു
ഭഗവാനെക്കണ്ടു നമസ്കരിച്ചുണർത്തിപ്പതും ചെയ്താർ. ഭ
ഗവാനെ നിന്തിരുവടി ഞങ്ങൾക്കു വെണ്ടിയസുരകളെ
ക്കൊൽകയാലസുരമാതാവായ അദിതി ചെന്നു ഭൃഗുമ
ഹൎഷിയുടെ പത്നിയൊടു ഞങ്ങളെയടങ്ങുപിച്ചു കൊ
ല്ലണമെന്നു ചൊല്ലുകെട്ടു ഭൃഗുപത്നിയും ദെവകളെ ശ
പിച്ചു കൊല്ലുവനെന്നു നിൎണ്ണയിച്ചു തീവ്രമായിരിക്കു
ന്ന തപസ്സു ചെയ്തു തുടങ്ങിനാൾപൊലെന്നു ദെവകൾ
ചൊല്ലുകെട്ടു വിഷ്ണുഭഗവാനും നിരൂപിച്ചു സ്ത്രീവധം
ചെയ്യുന്നതൊട്ടും യൊഗ്യമല്ലെങ്കിലും ദെവകളെ രക്ഷി
ക്കുന്നതെത്രയും പെരിക ഗുണമതെത്രയെന്നു നിൎണ്ണയി
ച്ചു തൃച്ചക്രത്തെ പ്രയൊഗിച്ചു ഭൃഗുപത്നിയുടെ തലയ
റുത്തു ഭൂമിയിലിട്ടതു കണ്ടു ഭൃഗുമഹൎഷിയും പെരിക
കൊപിച്ചു വിഷ്ണുഭഗവാനെശ്ശപിപ്പതും ചെയ്താൻ.
നീയുമൊരുകാലത്തു മനുഷ്യനായിപ്പിറന്നു നിന്നെ നീ
വിഷ്ണുവെന്നുള്ളതറിയാതെ നിന്നുടെ പ്രാണനുള്ള നാ
ളും ഭാൎയ്യാ വിയൊഗം വരികയെന്നു ശപിച്ചതല്ലിനാന

ഹൎഷിമുഖ്യൻ. അതുനേരം ശാപം വിഷ്ണുഭഗവാനെ നോക്കിച്ചെല്ലുന്നതു കണ്ടു ഭഗവാനും തൃച്ചക്രത്തെ പ്രയോഗിച്ചരുളിയപ്പോൾ തൃച്ചക്രത്തെക്കണ്ടു പേടിച്ചു ശാപത്തിന്നങ്ങു ചെല്ലരുതാഞ്ഞു സത്വരമിങ്ങു മടങ്ങി മഹൎഷിയുള്ളേടത്തു ചെല്ലുകണ്ടു മഹൎഷിയും ഭയപ്പെട്ടു പൊടുന്നനവെ ശ്രീപാലാഴിയിൽ ചെന്നു വിഷ്ണുഭഗവാനെ സ്തുതിച്ചു നമസ്കരിച്ചുണൎത്തിനാൻ മുനിമുഖ്യൻ. കേൾപ്പൂതാക ഭഗവാനെ ഞാനറിയാതെയുമറിവില്ലായ്കയാലും ശപിച്ചു പോയേനല്ലോയെന്നാലശ്ശാപമെന്നെ വന്നുപദ്രവിപ്പാൻ തുടങ്ങുന്നല്ലോ, ആയതിനെയതു സംഗ്രഹിക്കേണം ഭഗവാനെയെന്നുണൎത്തിക്കേട്ടു ഭഗവാനും ശാപത്തെ സംഗ്രഹിച്ചരുളുവിലും ചെയ്താൻ. ഞാൻ ത്രൈലോക്യരക്ഷക്കായിക്കൊണ്ടു തിരുവയോദ്ധ്യാപുരിയിൽ ദശരഥ പുത്രനായവതരിക്കുന്നു ഞാൻ സ്വീകരിച്ചുകൊള്ളുന്നേനെന്നരുളിച്ചെയ്തിരിക്കുന്നെന്നാൽ വിഷ്ണുഭഗവാൻ ത്രൈലോക്യരക്ഷക്ക ദശരഥചക്രവൎത്തിക്കു പുത്രനായിജ്ജനിച്ചാനിരാമനായെന്നാലെല്ലാനാളും ഭാൎയ്യാവിയോഗദുഃഖിതനായിട്ടേ വരുമെന്നിപ്രകാരമരുളിച്ചെയ്തു ശ്രീദുൎവ്വാസാമഹൎഷിയുമെന്നാലതിനെ ഞാനും കൂടിക്കേട്ടിരിക്കുന്നെന്നാൽ ദൈവഗതിയാൽ വരുന്നൊന്നിനി ശ്രീരാഘവചക്രവൎത്തിയുടെ ദുഃഖമതൊരുത്തരാലും തടുക്കാവൊന്നല്ലാ. പിന്നെയിതുകൊണ്ടുള്ള ദുഃഖം കിംഫലമെന്നറിക ലക്ഷ്മണകുമാരായെന്നിപ്രകാരവും സുമന്ത്രരാൽ ചൊല്ലുകേട്ടു ലക്ഷ്മണകുമാരനും മെല്ലെ മെല്ലെ ധൈൎയ്യംകൊണ്ടു ദുഃഖമടക്കിയതുനേരം

തിരുവയോദ്ധ്യാപുരിയെ പ്രാപിച്ചു തെരിൽ നിന്നിറങ്ങി പള്ളിയറയിലാമാറ ചെല്ലുമ്പൊൾ മഹാരാജാവു സിംഹാസനത്തിന്മെലിരുന്നു സീതാദെവിയെ നിരൂപിച്ചു വെള്ളുവെന്തീടുന്ന മനസ്സന്താപസമുദ്രത്തിൽ മുങ്ങി മുറയിട്ടു കണ്ണുനീരാലാർദ്രമാകുന്ന ശ്രീമുഖത്തൊടും കൂടിയിരിക്കുന്ന ചക്രവൎത്തിയെച്ചെന്നു കണ്ടു വലത്തു വെച്ചു നമസ്കരിച്ചു തൊഴുതഭിവാദ്യം ചെയ്തുപ്രകാരമെ നിന്നാൻ ശ്രീലക്ഷ്മണകുമാരൻ. അന്നെരം നമസ്കരിച്ചു തൊഴുതുനിന്ന ശ്രീലക്ഷ്മണകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എന്നുടെ ലക്ഷ്മണായെന്റെ ധൎമ്മപത്നിയാകിയ സീതയെയെവിടെക്കളഞ്ഞെച്ചു പൊന്നതെന്നരുളിച്ചെയ്തുകെട്ടു തൊഴുതറിയിച്ചാൻ ലക്ഷ്മണകുമാരൻ. അടിയനും സുമന്ത്രരും കൂടി ദെവിയെ തെർമെലെഴുന്നള്ളിച്ചുകൊണ്ടുപൊയി ഗംഗാ കടന്നു ചെന്നു വാല്മീകിയാശ്രമത്തിന്നു വടക്ക മഹാവനത്തിൽ നദീതീരമൊരുമണൽത്തിട്ടമെലാക്കിയന്നെരം ശ്രീവാല്മീകിമഹൎഷിയുമവിടെയെഴുന്നള്ളി മഹാദെവിയെക്കണ്ടു മധുരമായരുളിച്ചെയ്തു സംഭാവിച്ചു കൂട്ടിക്കൊണ്ടുപൊയി അവിടെതപസ്സുചെയ്യുന്ന വൈധവ്യതാപസിമാരുടെ കൈയിൽ കൊടുത്തു ദെവിയെ രക്ഷിക്കുമാറവരൊടരുളിച്ചെയ്തതുകെട്ടവർകളും അപ്രകാരമെ ചെയ്യുന്നെന്നരുളിച്ചെയ്ത കല്പനപ്രകാരമെല്ലാമടിയൻ കണ്ടു പൊരുന്നെന്നുണൎത്തിച്ചു പിന്നെയും തൊഴുതറിയിച്ചാൻ ശ്രീലക്ഷ്മണകുമാരൻ. കെൾക്ക മഹാരാജാവെ തിരുവടി നാലുനാളുണ്ടല്ലൊ പള്ളിയറയിൽനിന്നു പൊറത്തെഴുന്നള്ളായ്കയും നീരാട്ടുകുളി കഴിച്ചു തിരുക്കൊത്തളം

അമറെത്തു കഴിക്കാത്തതും പിന്നെ മറെറാരു കാൎയ്യാകാ
ൎയ്യം നിരൂപിക്കാത്തതുമെന്നാലിപ്രകാരം കെണ്ട പള്ളി
യറയിൽ കിടക്കുന്നതൊട്ടും യൊഗ്യമല്ലാ. ദുഃഖമാകുന്ന
വാറ്റപ്പുല്ലിനെ ധൈൎയ്യമാകുന്നാഗ്നികൊണ്ടു ഭസ്മമാ
ക്കിക്കളയണമെന്നും പിന്നെയത്രയുമല്ലാ അൎത്ഥമാമൈ
ശ്വൎയ്യവും ശരീരവും പ്രാണനും ഭാൎയ്യയമസ്ഥിരമെന്നൊ
പ്രസിദ്ധമല്ലൊ മഹാരാജാവെ. നിന്തിരുവടിയെല്ലാ
ശാസ്ത്രങ്ങളിലും നിന്നു മറുകരയെക്കണ്ടൊരുത്തനല്ലൊ
പിന്നെ നിന്തിരുവടിയറിയാത്തതിനെ ഞാനറിയി
പ്പാൻ ഇടങ്ങിയൊരുത്തനല്ലായെന്നാലുമൊട്ടുണൎത്തി
ക്കാമൊരുമരം മുളച്ചു പെരുതായിരിപ്പൊരു ശാഖൊപ
ശാഖകളൊടും പരിണമിച്ചു ചിലകാലം കഴിഞ്ഞാൽ
അതു വീണു പൊളിഞ്ഞു പിന്നെ കാണാതെയും കാണു
ന്നുവല്ലൊ, അൎത്ഥരാശിനെടിയാൽ താനുള്ള നാളെ ന
ശിച്ചിട്ടും കാണാകുന്നുവല്ലൊയെന്നാലിപ്രകാരം സ്വാ
മി ശരീരം ചില കാലം കഴിഞ്ഞാൽ മരിച്ചുപൊക
ന്നതും കാണുന്നല്ലൊ, ആയതുപൊലെ ഭാൎയ്യാവിയൊ
ഗം വന്നിട്ടും കാൺമുണ്ടല്ലൊ പിന്നെപഞ്ചെന്ദ്രിയങ്ങ
ളുടെ സ്വഭാവമൊന്നിനും മനസ്സുകൂടാതെ ചെഷ്ടയില്ല
യല്ലൊയെന്നാൽ മഹാരാജാവെ ധൈൎയ്യംകൊണ്ടു ദുഃഖ
മടക്കി രാജ്യപരിപാലനം ചെയ്യുന്നതു യൊഗ്യമെന്ന
ടിയത്തിന്നു തൊന്നുന്നിതും. എന്നിയും കെൾക്ക മഹാ
രാജാവെ എന്നുമൊരപവാദം വരുമിപ്പൊളതെന്തെന്നു
മെന്നാൽ നമ്മുടെ രാജാവു ഭാൎയ്യാവിയൊഗംകൊണ്ടു
കെണു രാജ്യപരിപാലനം മറന്നു ഊണുമുറക്കമില്ലാ
തെ അകത്തടച്ചു കിടക്കുന്ന മഹാരാജാവെന്നും ജനരെ

മനസ്സ തനിക്കടക്കരുതാത്തവരുണ്ടൊ നമ്മെയും നാട്ടും രക്ഷിച്ച ദുഷ്ടനിഗ്രഹം ചെയ്തു ശിഷ്ടരെ രക്ഷിക്കുന്നൊന്നും നഗരവാസികളും രാജ്യവാസികളും പറയുമല്ലൊ പിന്നെ ലൊകങ്ങളിലെല്ലാം നടന്നു സൎവ്വജനങ്ങളുമറിഞ്ഞു പെരിക നിന്ദിച്ചു പറകയും ചെയ്യും. എന്നിയും പറയുന്നതു കെൾക്ക മഹാരാജാവെ ലങ്കാദ്വീപിൽനിന്നു അഗ്നിപ്രവെശം ചെയ്യിച്ച കാലമിന്ദ്രാദിദെവകളും സൎവ്വദെവന്മാരും കൂടി സഭാമുമ്പിലഗ്നിഭഗവാനെടുത്തു കൊണ്ടുവന്നു തന്തിരുവടിയുടെ മുമ്പിൽ വെച്ചതുമൂകയാൽ മഹാദെവിക്ക ദൊഷമില്ലെന്നു തന്തിരുവടിയറിഞ്ഞു സ്വീകരിച്ചിരിക്കുമ്പൊൾ ലൊകാപവാദപരിഹാരാൎത്ഥമായിക്കളഞ്ഞതിന്നിപ്പൊളെന്നുടെ ഭാൎയ്യാവിയൊഗം വന്നുവെന്നു നിനച്ചു രാജാവു ചപലനായിക്കിടക്കുന്നൊന്നെന്നുമെത്രകാരണം ശുദ്ധയായി നിൎദ്ദൊഷയായി ഗൎഭിണിയായിരിക്കുന്ന ദെവിയെയുപെക്ഷിച്ചു കളയാതെ ലൊകാപവാദമടക്കിവെച്ചു കൊള്ളായിരുന്നുവെന്നുവെച്ചാലെനിയാരെക്കൊണ്ടു നമ്മുടെ രാജ്യം രക്ഷിപ്പിക്കുന്നുവെന്നും പറയുന്നൊരപവാദം വരുമല്ലൊ ഭ്രാതാവെയെന്നും പിന്നെ പ്രാകൃതരെപ്പൊലെ ദുഃഖിക്കുന്നതൊട്ടും യൊഗ്യമല്ല മഹാരാജാവെയെന്നും ശ്രീലക്ഷ്മണകുമാരനുണൎത്തിക്കക്കെട്ടു ശ്രീരാമചക്രവൎത്തിയും മെല്ലെ മെല്ലെ ദുഃഖമടക്കി ലക്ഷ്മണനെ മുറുകപ്പിടിച്ചാശ്ലെഷിച്ചുയെനിക്ക നല്ലതിനെച്ചൊല്ലിത്തന്നൊന്നെന്നു നിൎണ്ണയിച്ചു ലക്ഷ്മണനെ നൊക്കിയരുളിച്ചെയ്തു ശ്രീരാമദെവന്തിരുവടി.

എന്നുടെ ലക്ഷ്മണാ ആയതല്ലല്ലൊയെനിക്കിപ്പൊൾ ഭയമാകുന്നതു ഞാൻ നാലുനാളുണ്ടല്ലൊ അക

ത്തുനിന്നു പുറപ്പെട്ടാസ്ഥാനമണ്ഡപത്തിൽ ചെല്ലാതെ
യും കാൎയ്യാകാൎയ്യമറിയാതെ നഗരവാസികളെയും രാജ്യ
വാസികളെയും അമാത്യവൎഗ്ഗത്തെയും കാണാതെ, നാട്ടി
ന്നും ജനത്തിന്നുമെന്തൊരുപദ്രവമുണ്ടൊ ആയതെന്നി
യെ ഇല്ലയൊയെന്നുമെതുമൊന്നറിഞ്ഞില്ലായല്ലൊയെ
ന്നാലതുനിരൂപിച്ചുണ്ടാകുന്ന ദുഃഖംകൊണ്ടുനിണക്കതൊ
ന്നുലക്ഷ്മണകുമാരായെന്നുമരുളി പിന്നെയുമരുളി
ചക്രവൎത്തി. രാജാവു മതിപ്പെട്ട ബുദ്ധിമാനെങ്കിലും പൂ
ജ്യനെന്നാകിലും ജനരഞ്ജനവരികയുമില്ലാ പിന്നെ പല
ഗുണമുള്ളായും ചാരചക്ഷുസ്സുള്ളാളും മതിമാനായ മന്ത്രി
വരൻ വെണമെങ്കിലെ രാജാവിന്നൈശ്വൎയ്യമുണ്ടായും അൎത്ഥാ
ധിപനായും പെരികസ്സമൎത്ഥനായും വരു. രാജാവിന്നബു
ദ്ധിയുണ്ടായി മന്ത്രി ബുദ്ധിഹീനനായാൽ രാജ്യമനാഥ
പ്പെട്ടു പ്രജകൾ നശിക്കയും ചെയ്യും പിന്നെ അന്യരെ
ശത്രുനിന്നാരാനും രാജാവിനെ കാണണമെന്നുവെച്ചു
വന്നാൽ മന്ത്രി ഗുണദൊഷമറിഞ്ഞു വെണം രാജാവെ
ബൊധിപ്പിച്ചു ചെയ്യെണ്ടുന്ന കാൎയ്യമെല്ലാം ചെയ്യിപ്പി
ക്കയും ആയതല്ലെന്നാൽ രാജാവിന്നാപത്തു വരുമായ
തിന്റെ വ്യാഖ്യാനം ഞാൻ കെട്ടിട്ടുള്ളതിനെ നി
ന്നൊടു പറയുന്നതുമുണ്ടു കെൾക്ക ലക്ഷ്മണ. പണ്ടു
നൃഗനെന്നൊരു രാജാവവൻ പെരിക ധൎമ്മശീലനായും
ബുദ്ധിമാനായും കീൎത്തിമാനായും മറ്റും പല ഗുണമു
ള്ളവനാകയുമുണ്ടു. എന്നാലവനൊടനുസരിക്കുന്ന മ
ന്ത്രിയില്ലാ, ചിലരുള്ളവൎക്ക രാജാവിനെക്കുറിച്ചു ഭക്തി
വിശ്വാസമില്ലാ, സ്നെഹമില്ലാ. ബുദ്ധിഹീനന്മാരാക
മവരാൽ വന്നുകപ്പെട്ട മഹാവ്യസനമെന്തെന്നാലിന്നു

ഗനാകിയ രാജാവു പെരിക ദാനശീലനാകയാൽ ശ്രീ
പുഷ്കരമാകിയ പുണ്യസ്ഥലസരസ്സിങ്കലവിടനിന്നു
നൂറായിരം പശുക്കളെ ഉഭയകലശുദ്ധരായ ബ്രാഹ്മണ
ൎക്കൊരൊരുത്തൎക്കൊരൊന്നുമീരണ്ടും നാലും മൂന്നും പ
ശുക്കളെ ദാനംചെയ്തു വസിക്കുംകാലം ഒരു നാൾ
മുൻപറഞ്ഞ ശ്രീപുഷ്കരസരസ്സിന്നരികെ വസിക്കുന്ന
പൎവ്വതനെന്ന ബ്രാഹ്മണന്നു മുമ്പെ ചെതിരിക്കുന്ന
പശുവിനെ വിചാരഹീനന്മാരായിരിക്കുന്നൊ മന്ത്രിവര
ന്മാർ കെട്ടികൊണ്ടു വന്നപ്പൊളറിയാതെ ദാനം കൊ
ടുത്താൻ മഹാരാജാവും. അതുനെരം ദാനം കൊണ്ടു
പശുവെ കെട്ടിപ്പിടിച്ചുതന്നുടെ ഗൃഹം നൊക്കിപ്പൊ
വിതും ചെയ്താൻ. പിന്നെ നൃഗരാജാവും മഹൎഷിമാ
രെയും ബ്രാഹ്മണരെയും വന്ദിച്ചാശിസ്സൊടും ശ്രീപുഷ്ക
രതീൎത്ഥത്തിൽനിന്നു പുറപ്പെട്ടു തന്നുടെ രാജ്യം പുക്കി
സുഖിച്ചു വസിപ്പൂതും ചെയ്താൻ. അക്കാലം പൎവ്വത
നാകുന്ന ബ്രാഹ്മണൻ തന്നുടെ പശുവെക്കാണാഞ്ഞു
വരുതിയൊരെടമൊഴിയാതെ നടന്നു അനാരതനാകു
ന്ന ബ്രാഹ്മണന്റെ ഭവനത്തിൽ ചെന്നതു കണ്ടു അനാ
രതനും പൎവ്വതനെന്ന ബ്രാഹ്മണനെ അൎഗ്ഘ്യപാദ്യാചമ
നീയങ്ങളെക്കൊണ്ടു പൂജിച്ചു പ്രീതിപ്പെട്ടിരിക്കുമതുനെ
രം തന്നുടെ പശുവെ അവിടെക്കെട്ടിയതു കണ്ടു ചൊ
ദിച്ചു പൎവ്വതനും. എന്നുടെ പശുവിനെയെന്തിവിടെ
കെട്ടിയതെന്നുമെങ്ങിനെ ഇവിടെ വന്നവാറെന്നും
ചൊദിച്ചപ്പൊൾ ചൊല്ലിനാനനാരതൻ. എനിക്കു നൃ
ഗനാകുന്ന രാജാവു ദാനം തന്നതെന്നും ചൊല്ലുകെട്ടു
ചൊല്ലിനാൻ പൎവ്വതനും. എന്റെ പശുവെന്നുമെനി

ക്ക മുമ്പിൽ രാജാവു ദാനം തന്നതെന്നും പറഞ്ഞപ്പൊള
നാരതന്നമപ്രകാരം പറഞ്ഞിരിവരും തമ്മിലിങ്ങനെ
പശുവിൻ കയർ പിടിച്ചു ശഠിച്ചു നിൽക്കുമളുനെരം
ആരും പറഞ്ഞാലുമൊഴിവില്ലാതെ നിന്നു പിന്നെ രാ
ജാവു പറഞ്ഞാലതുപൊലെ ചെയ്യാമെന്നു പറഞ്ഞി
രിവരും രാജാവൊടു ചൊല്ലുവാൻ ചെന്നു ഗൊപുര
വാതിൽ പുറത്തു നിന്നു അമാത്യരൊടും ദ്വാസ്ഥന്മാ
രൊടും ചൊല്ലുവിതും ചെയ്താർ. നിങ്ങൾ ചെന്നു
ഞങ്ങളുടെ വരവിനെ രാജാവൊടറിയിക്കണമെന്നു
ചൊന്നതു കെട്ടവരും രാജാവൊടു സ്നെഹവിശ്വാസ
ഭക്തിയില്ലായ്കകൊണ്ടറിയിച്ചതുമില്ലാ. പിന്നെയന്നാര
തന്നും പച്ചതന്നും മൂന്നുനാലുദിവസമുപൊഷ്യരായിരവു
പകലവിടെ ഗൊപുരദ്വാരത്തിന്നു പുറത്തു മുഷിഞ്ഞു
നിന്നതു കണ്ടാരുമൊരുത്തരുമങ്ങു രാജാവൊടു ചെന്ന
റിയിച്ചതുമില്ലാ രാജാവറിഞ്ഞതുമില്ല. അതുനെരമിരി
വർ ബ്രാഹ്മണരും നിരൂപിച്ചു രാജാവറിയാഞ്ഞൊ
നമ്മെ ബഹുമാനിയാഞ്ഞൊയെന്നാലിവനെ ശപിപ്പൂ
വെന്നു നിർണ്ണയിച്ചു കൊപിച്ചിരിവരും ശപിപ്പതും
ചെയ്താർ. രാജാവെ നീ ഭയങ്കരമായിരിപ്പൊരു ഉഗ്ര
മായി ഘൊരമായിരിക്കുന്ന മഹാവനത്തിലൊരു ഗൂ
ഢമായിരിക്കുന്ന പൊട്ടപ്പാതാളത്തിലനെകമായിരി
സംവത്സരം കിടന്നു പൊകയെന്നു ശപിച്ചു പിന്നെയും
രിവരുമന്യൊന്യം ദയാവൊടും നിരൂപിച്ചു ഇവൻ
പെരിക ധർമ്മം ചെയ്തൊരുത്തനാകകൊണ്ടു ശാപ
മൊക്ഷം കൊടുക്കണമെന്നു നിർണ്ണയിച്ചു പ്രീതികുശലമ
തുളവിതും ചെയ്താർ. എന്നി കലിയുഗാദികാലത്തു

സകലലൊകവന്ദ്യനാകിയ വിഷ്ണുഭഗവാൻ യദുവംശത്തിൽ വാസുദെവനായവതരിച്ചു തന്തിരുവടിയാൽ കൊല്ലപ്പെട്ടാൽ നിങ്ങൾക്കു മൊക്ഷം വരുമെന്നനുഗ്രഹിച്ചു പിന്നെ ഇരിവരുമൊത്തു നിരൂപിച്ചുപ്പുരുവെമറെറാരു ബ്രാഹ്മണന്നു ദാനം ചെയ്തു ദാനഫലമിരിവരും പകുത്തെടുത്തു പൊയിത്തങ്ങളുടെ പുരത്തെ പ്രാപിപ്പുതും ചെയ്താർ. പിന്നെ നൃഗരാജാവും മരിച്ചു ഭയങ്കരമായൊരുടുമ്പായി ഭവിച്ചു ഹിമവാൻപൎവ്വതത്തിന്റെ താഴ്വരയിലൊരു മഹാവനത്തിൽ പെരിക ആഴമുള്ള പൊട്ടപ്പാങ്കിണററിൽ തല കീഴ്ക്കാമ്പാടിട്ടു ഞാന്നാടി കിടക്കുന്നിതുമെന്നാലെന്നാലി ബ്രഹ്മജ്ഞാനികളായി മഹാത്മാക്കളായിരിക്കുന്ന ബ്രാഹ്മണരെ പെരിക സ്നെഹിക്കയും ഭയപ്പെടുകയും അവരെ കുറിച്ചു അദൃഷ്ടഭയമതിവിശ്വാസം പെരിക വെണമെന്റെ ലക്ഷ്മണായെന്നരുളി പിന്നെയുമൊരു കഥ ഉപമയായരുളിച്ചെയ്തു രഘുശ്രെഷ്ഠൻ.

കെൾക്ക ലക്ഷ്മണാ ബ്രാഹ്മണരെ പെരിക നിന്ദിക്കുന്നവൎക്കു വരുമനൎത്ഥം പറയുന്നു ഞാൻ. പണ്ടു സംഭൂതഭൂതനായി സൂൎയ്യവംശനാഥനായാദികാലമിക്ഷ്വാകുയെന്ന രാജാവുണ്ടായവന്റെ പുത്രൻ നിമിയെന്ന രാജാവും. അവൻ ബ്രാഹ്മണരെ പെരിക നിന്ദിച്ചു പറയുന്നൊന്നെന്നാലവന്നു വന്നിരിക്കുന്ന ആപത്തുമനൎത്ഥവും കെൾക്ക സൌമിത്രെ നീയെന്നാലിന്നിമിയാകുന്ന കുമാരൻ രാജ്യപരിപാലനം ചെയ്തു വസിക്കും കാലം തിരുവയൊദ്ധ്യാപുരിയിൽ നിന്നു പുറപ്പെട്ടു പൊയി ഗൌതമമഹൎഷിയുടെയാശ്രമത്തിന്നരികെ

വൈജയന്തമെന്നൊരു നഗരം ചമച്ചു പരിവാരജന
പരിവൃതനായിസ്സുഖിച്ചു വസിക്കും കാലം ദീൎഘസത്ര
മെന്നുണ്ടു അയ്യായിരം സംവത്സരം കൂട്ടമൊന്നു ചെ
യ്തുപൊരുമാറെന്നുമെന്നാലായതിനെ ചെയ്യേണമെന്നും
നിശ്ചയിച്ചു ഇക്ഷ്വാകുവംശത്തിലെ രാജാക്കന്മാൎക്കു ഗു
രുവാകിയ വസിഷ്ഠമഹൎഷിയെച്ചെന്നു കണ്ടു നമസ്കൂ
രിച്ചു ചൊല്ലിനാൻ നിമിയെന്ന രാജകുമാരൻ. കെൾ
ക്ക ഭഗവാനെയെന്നുടെ പൂൎവ്വന്മാർ ദീൎഘസത്രമാകുന്ന
യജ്ഞം ചെയ്തു പൊരുമാറ പണ്ടെയെന്നാലെനിക്കു
മിന്നതു ചെയ്യേണമെന്നു നിശ്ചയിച്ചിരിക്കുന്നു ഞാനെ
ന്നാലായതിനെ ചെയ്യിച്ചരുളവെണം ഭഗവാനെ നി
ന്തിരുവടിയല്ലൊ ഞങ്ങൾക്കു ഗുരുവെന്നും നിമി ചൊ
ല്ലുകെട്ടു നിമിയെ നൊക്കി വസിഷ്ഠമഹൎഷിയുമരുളി
ച്ചെയ്വതും ചെയ്തു. ഞാനതു ചെയ്തില്ലെന്നു നിനച്ചി
രിക്കും സമയം നീയിപ്പൊൾ വന്നു ദീൎഘസത്രം ചെയ്യേ
ണമെന്നു ചൊന്നതു പെരിക വെണ്ടുവൊന്നാകയുമുണ്ടു.
എന്നാൽ ഞാനവ്വണ്ണം ചെയ്യുന്നുണ്ടെന്നും അതിന്നു കുറ
ഞ്ഞൊരു ദീൎഘകാലം വെണമായതെന്തിന്നെന്നുമെന്നാ
ലിന്ദ്രനുണ്ടൊരു അശ്വമെധയാഗം ചെയ്യേണമെന്നു നി
ശ്ചയിച്ചു സംഭാവിച്ചു ദീക്ഷപൂക്കിരിക്കുന്നുയെന്നാലായ
തായിരത്താണ്ടു കൂടിയതു ചെയ്തൊടുക്കി പൊടുങ്ങന
വെരവുന്നു നിന്നുടെ അയ്യായിരത്താണ്ടുകൂടിച്ചെയ്യുന്ന ദീ
ൎഘസത്രം ചെയ്യാമെന്നു വസിഷ്ഠനരുളിച്ചെയ്യുകെട്ടു
നിമിയാകുന്ന രാജാവും പെരികക്കൊപിച്ചു ചൊൽവി
തും ചെയ്താൻ. ഇവൻ വെണമൊയെന്നുടെ യജ്ഞം
ചെയ്വാനെന്നും ഞാൻ മറെറാരു ബ്രാഹ്മണനെക്കൊ

ണ്ടു ചെയ്യിപ്പിക്കാമെന്നും നിൎണ്ണയിച്ചു പൊടുന്നനവെ
ചെന്നു ഗൌതമമഹൎഷിയുടെ പുത്രനാകിയ ശതാനന്ദ
മഹൎഷിയെച്ചെന്നു കണ്ടു ഗുരുവാക്കി നമസ്കരിച്ചു തൊ
ഴുതറിയിപ്പൂതും ചെയ്താൻ. ഭഗവാനെ നിന്തിരുവടി
പ്രസാദിച്ചു ഗുരുവായ്നിന്നു ദീൎഘസത്രം ചെയ്യണമെ
ന്നറിയിക്കകൊണ്ടു ശതാനന്ദനും പ്രീതിപെട്ടു രാജാവെ
ക്കൊണ്ടു യജ്ഞവും ദീക്ഷിപ്പിച്ചു സത്രത്തെച്ചെയ്തു തുട
ങ്ങിനാൻ ശതാനന്ദമഹൎഷിയും. അക്കാലം വസിഷ്ഠമ
ഹൎഷിയും ദേവരാജാവിന്നുടെ അശ്വമെധമായിരത്താ
ണ്ടു കൂടിച്ചെയ്തൊടുക്കിപ്പൊരുന്നവെയെഴുന്നള്ളി
നിമിയെച്ചെന്നു കാണ്മിതും ചെയ്താൻ. അതുനെരം
നിമിയാകുന്ന രാജാവും ഗൌതമപുത്രനാകിയ ശതാന
ന്ദനെക്കൊണ്ടു ദീൎഘസത്രയജ്ഞം ചെയ്യിപ്പിക്കുന്നതുക
ണ്ടു മഹൎഷിയും ചെറികക്കൊപിച്ചു എന്നൊടിരന്നു
യജ്ഞം ചെയ്യണമെന്നു കല്പിച്ചതുനെരം ഞാനവ
നൊടു ചൊന്നെനല്ലൊയെന്നൊടു ദേവരാജാവിന്നുടെ
അശ്വമെധയജ്ഞം ചെയ്യണമെന്നെല്ലിച്ചതു വെഗം
ചെന്നു ചെയ്തൊടുക്കി വന്നു നിന്നുടെ ദീൎഘസത്ര
മെയായിരത്താണ്ടു കൂടിച്ചെയ്തൊടുക്കി നിന്നുടെ യ
ശസ്സു വരുത്തുന്നെന്നു ചൊല്ലിയുഴറപ്പൊയി ഇന്ദ്രനുടെ
അശ്വമെധം സംഹരിച്ചു വന്നപ്പൊളെന്നെ നിന്ദിച്ചു
മറെറാരുത്തനെ ഗുരുവാക്കിക്കൊണ്ടു ചെയ്തുതുടങ്ങി
നാനല്ലൊയെന്നാലതിന്റെ ഫലമിപ്പൊൾതന്നെ വ
ന്നതെണമെന്നുരച്ചു ക്രുദ്ധിച്ചു ഇക്ഷ്വാകുരാജാക്കന്മാൎക്കു
ഗുരുവാകുമെന്നെ നിന്ദിച്ചതുകൊണ്ടു അന്നിന്ദമെത്തു
വായി നിന്നുടെ ശരീരത്തിൽനിന്നു പ്രാണൻ വിയൊ

ഗം വന്നു പൊകയെന്നു ശപിപ്പൂതും ചെയ്താൻ വസി
ഷ്ഠമഹൎഷി. അതുകെട്ടു നിമിയാകുന്ന രാജാവും പെരി
കക്കൊപിച്ചു മഹൎഷിയെ ശപിപ്പൂതും ചെയ്താൻ. എ
ന്നെ ശപിച്ചു നിന്തിരുവടിയുടെ ശരീരത്തിൽനിന്നു
പ്രാണൻ വിയൊഗം വന്നു പൊകയെന്നു കൂടശ്ശപിച്ചു
തുനെരം വസിഷ്ഠമഹൎഷിയുടെ ശരീരം വെറിട്ടു പ്രാ
ണൻ വായുഭൂതനായി സഞ്ചരിച്ചു സഞ്ചരിച്ചു ബ്രഹ്മ
ലൊകം പ്രാപിച്ചു ബ്രഹ്മതിരുവടിയെ കണ്ടു നമസ്കരി
ച്ചുറിയിച്ചാൻ വായുഭൂതൻ. ഭഗവാനെ നിമിയാകുന്ന
രാജാവു ശപിക്കയാൽ ഞാനിരിക്കുന്ന ശരീരം വെറിട്ടി
രിക്കുന്നായതുകൊണ്ടു നിന്തിരുവടിയെനിക്കൊരു ശ
രീരമുണ്ടാക്കിത്തരണമെന്നുണൎത്തിക്കെട്ടു ബ്രഹ്മതിരുവ
ടിയുമരുളിച്ചെയ്തിതന്നെരം. മുന്നം നിന്നുടെ ജനനം
മിത്രാവരുണന്മാർ പൊക്കൽ നിന്നല്ലൊ ഉണ്ടായതു
നാലിന്നുമവർ പൊക്കൽ ചെന്നു പുക്കി അയൊനിജ
നായി പിറക്കയെന്നരുളിച്ചെയ്തു ബ്രഹ്മതിരുവടി.
അതുകെട്ടു പിന്നെയും ബ്രഹ്മലൊകത്തുനിന്നു പുറപ്പെട്ടു
വായുഭൂതനായിസ്സഞ്ചരിച്ചു നീളനടക്കുമളവുകാലം മഹ
ൎഷിക്കു കാണായി മിത്രാവരുണന്മാർ തമ്മിലൊരു ശരീ
രമായിച്ചമഞ്ഞു ചിലനാളം സഞ്ചരിക്കുമളവുകാലം മ
ഹൎഷിയുടെ പ്രാണൻ പൊട്ടുങ്ങനവെ ചെന്നു മിത്രാവ
രുണന്മാരുടെ ഹൃദയത്തിൽ ചെന്നകംപുക്കി വസിപ്പൂ
തും ചെയ്താൻ. പിന്നെയും പലനാളംകൂടി മിത്രാവരു
ണന്മാർ സഞ്ചരിച്ചു നടക്കുമെവ്വളവിൽ ഒരു നാളംഅപ്സ
രസ്ത്രീകളിൽവെച്ചു പ്രധാനയായി സൎവ്വാംഗസുന്ദരിയാ
രിക്കുന്ന ഉൎവ്വശി സമുദ്രതീരം പെരുമാറിസ്സഞ്ചരിച്ചു ന

ടക്കമവളെക്കണ്ടു മിത്രാവരുണന്മാരും അന്നെരം കാ
മൊന്മാദപരവശനായിച്ചെന്നവളെ മുറുകപ്പിടിച്ചു
ചുംബിച്ചു പരിഗ്രഹിച്ചു വസിഷ്ഠമഹൎഷിയുടെ പ്രാണ
നവാംപൊക്കം ആക്കുവിതും ചെയ്താൻ. പിന്നെ മി
ത്രാവരുണന്മാരന്യോന്യം വെറിട്ടു സഞ്ചരിച്ചു പൊ
കമന്നെരമുൎവ്വശിയും പിരിപെട്ടു സമുദ്രതീരം സഞ്ച
രിച്ചു നീള നടക്കുന്നതുകണ്ടു വരുണനും കാമൊന്മാദപ
രവശനായിച്ചെന്നുൎവ്വശിയൊടു ചൊല്ലുവിതും ചെ
യ്താൻ. നിന്നെക്കണ്ടു കാമിച്ചു മൊഹിച്ചു പരവശനാ
യിരിക്കുമെന്നെയംഗീകരിക്കവെണം സുന്ദരാംഗിയെ
ന്നിപ്രകാരം വരുണൻ ചൊല്ലുകെട്ടു ചൊല്ലിനാളുൎവ്വ
ശി. ഞാനിന്നു തുടങ്ങി മിത്രന്റെ ഭാൎയ്യയാവിതും
ചെയ്തെന്നെന്നാൽ നിന്തിരുവടിക്കു വശമായംഗീക
രിച്ചു കൊള്ളുവാൻ യൊഗ്യമല്ലായെന്നാലെന്നൊട
പെക്ഷിക്കയും വെണ്ടെയെന്നുൎവ്വശി ചൊല്ലുകെട്ടു
വരുണനും തന്നെ മറന്നു കാമൊന്മാദപരവശനായി
ശുക്ലം പൊന്നുവമിപ്പതും ചെയ്തു. അന്നെരം വരുണ
നമൊരു കൊടമുണ്ടാക്കി തന്നുടെ ഇന്ദ്രിയം നിലത്തുക
ളയരുതെന്നുവെച്ചു കൊടത്തിലൊററാക്കുവിതും ചെ
യ്താൻ. അതു കണ്ടു ഉൎവ്വശിയും കാമൊന്മാദപരവശ
ത്തൊടും മൊഹവിഹ്വലയായിച്ചമഞ്ഞന്നെരം മി
ത്രൻ തമ്പകലൊക്കിയ ശുക്ലം സ്രവിച്ചുപൊകയാലതു ക
ളയരുതെന്നുവെച്ചു തന്നുടെ കൈകൊണ്ടെററക്കൊട
ത്തിലാക്കി വാകെട്ടിയവിടെ സൂക്ഷിപ്പതും ചെയ്താൾ.
അങ്ങനെ ചില ദിനം കഴിഞ്ഞപ്പൊളക്കുടത്തിൽ നി
ന്നിരിവർ പുമാന്മാർ പൊന്നുപുറപ്പെട്ടുവിതും ചെ

താർ. അതിൽനിന്നു മുമ്പിൽ പുറപ്പെട്ടതു വരുണന്റെ ശുക്ലമെന്നാലതിനാലുണ്ടായ പുരുഷനഗസ്ത്യഭഗവാനെന്നാലവൻ ചെന്നുൎവ്വശിയെക്കണ്ടു ഞാൻ നിന്റെ പുത്രനല്ലായെന്നു ചൊല്ലി ഹിമവാൽപാൎശ്വം ചെന്നു തപസ്സു ചെയ്തു വസിപ്പൂതും ചെയ്താൻ. പിന്നെ രണ്ടാമതുണ്ടായ പുമാൻ വസിഷ്ഠമഹൎഷിയെന്നറിക. അവൻ ചെന്നുൎവ്വശിയാകുന്ന മാതാവെക്കണ്ടു വന്ദിച്ചു പൊയി ഇക്ഷ്വാകുവംശസംഭൂതന്മാരാകിയ രാജാക്കന്മാൎക്ക ഗുരുവായി വസിപ്പൂതും ചെയ്താൻ. അവന്തന്തിരുവടി മിത്രന്റെ പുത്രനാകകൊണ്ടു മൈത്രാവരുണിയെന്നു ചൊല്ലുന്നു വസിഷ്ഠമഹൎഷിയെ. പിന്നെ നിമിയാകുന്ന രാജാവും വായുഭൂതനായി നീളസ്സഞ്ചരിച്ചു നടന്നു പിന്നെ ബ്രഹ്മലോകം പ്രാപിച്ചു ബ്രഹ്മതിരുവടിയെച്ചെന്നു നമസ്കരിച്ചുണ്ടായ വൃത്താന്തമെല്ലാമറിയിച്ചെനിക്കൊരു ശരീരത്തെയനുഗ്രഹിക്കേണം ഭഗവാനെയെന്നു ചൊല്ലക്കെട്ടു ബ്രഹ്മതിരുവടിയുമവനൊടരുളിച്ചെയ്യുവുതുംചെയ്തു. നീ ബ്രാഹ്മണരൊടു കൊപിക്ക സംഗതിക്ക നിണക്കൊരു ശരീരമെനിക്കുണ്ടാക്കിത്തരുന്നു കഴികയില്ലെന്നതുകൊണ്ടു നീയെല്ലാലൊകരുടെയും സൎവ്വപ്രാണികളുടെയും കണ്ണടച്ചു മിഴിച്ചു ഉറക്കുന്നതു നീയായിരിക്കേണമെന്നരുളിച്ചെയ്തു പിന്നെ നിമെഷനെന്നൊരു പെരുമരുളിച്ചെയ്തു ബ്രഹ്മതിരുവടിയെന്നാലവന്റെ സ്വഭാവശീലം സൎവ്വലൊകരും കണ്ണടക്കയും ഉറക്കയും ചെയ്യുന്നതെന്നറികാ ലക്ഷ്മണാ. എന്നാൽ കൎമ്മികളായി കുഡുംബികളായി മഹത്തുക്കളായിരിക്കുന്ന ബ്രാഹ്മണരൊടൊരിക്കലും കൊപിക്കരുതു

ബുദ്ധിമാനായിരിക്കുന്ന പുരുഷൻ. പിന്നെ മഹത്തു കളായി ദിവ്യരായിരിക്കുന്ന ബ്രാഹ്മണർ കൊപിച്ചുവെങ്കിൽ ക്ഷമിക്കുന്ന പുരുഷന്നു സകല കാൎയ്യവും സാധിച്ചു സകല ജനങ്ങളാൽ വന്ദ്യനായി വരുമെന്നിപ്രകാരം ശ്രീരാഘവചക്രവൎത്തി ശ്രീലക്ഷ്മണകുമാരനൊടരുളിച്ചെയ്തിതും ചെയ്തു. ഇനിയും കെൾക്ക ലക്ഷ്മണകുമാരാ നിമിയുടെ ശരീരം ബ്രഹ്മന്തിരുവടി കടഞ്ഞു കടഞ്ഞെടുത്തൊരു കുമാരനെയുളവാക്കിയനെരമവൻ ചെന്നു മുൻപറഞ്ഞ ജയന്തമാകുന്ന രാജധാനിയെ പ്രാപിച്ചു പരിവാരജനപരിവൃതനായിട്ടു സുഖിച്ചു വസിക്കുന്നതു കാലമവന്നു മൂന്നു മക്കളുണ്ടായി ജനകനെന്നും മിഥിലനെന്നും വിദെഹനെന്നുമിങ്ങിനെ മൂന്നു പെരു മക്കളുണ്ടായി. അവരുമവിടെ സുഖിച്ചു വാണു വസിപ്പൂതും ചെയ്താർ. എന്നാലക്കുമാരൻെറ മകനായ ജനകനല്ലൊ നമ്മുടെ സീതയുടെ പിതാവായ ജനകരാജാവെന്നറിക ലക്ഷ്മണായെന്നാലിങ്ങിനെയിരിക്കുന്ന ശാസ്ത്രകഥ കെട്ടറിഞ്ഞുവല്ലൊയെന്നാലി ബ്രാഹ്മണരൊടൊരിക്കലുമൊരുനാളും കൊപിക്കരുതെന്നിപ്രകാരം ധൎമ്മാത്മാവായ ശ്രീരാമദെവന്തിരുവടിയരുളിച്ചെയ്തുകെട്ടു ശ്രീലക്ഷ്മണകുമാരനും പെരിക പ്രീതിപെട്ടു സന്തൊഷിച്ചു ശ്രീരാഘവചക്രവൎത്തിയെ നൊക്കി തൊഴുതറിയിപ്പൂതും ചെയ്താൻ. കെൾക്ക മഹാരാജാവെ ക്ഷത്രിയവംശത്തിൽ പിറന്ന രാജാക്കന്മാൎക്ക ബ്രാഹ്മണരെ ദ്വെഷിക്കയും ഗുരുവെ നിന്ദ ചെയ്യുന്നതും കുറ്റം യൊഗ്യമല്ലെന്നല്ലൊ സ്വാമി നിന്തിരുവടി വിശെഷിച്ചരുളിച്ചെയ്തതുമെന്നാലൊരു

കൎമ്മം ചെയ്യണമെന്നുറച്ചു ദീക്ഷപൂക്കാലത്തു ബ്രാഹ്മണ
രെ സംഭാവിച്ചു പൂജിക്കയല്ലൊ യോഗ്യമായതെന്നു
ലക്ഷ്മണൻ തൊഴുതറിയിക്കകൊണ്ടു പിന്നെയും പൂൎവ്വക
ഥയരുളിച്ചെയ്തു ശ്രീരാഘവചക്രവൎത്തി.

വത്സാ ലക്ഷ്മണാ ക്ഷത്രിയന്മാരും ബ്രാഹ്മണരെ
ദ്വേഷിച്ചിട്ടുമല്ലായിരിക്കുന്നതെന്നാലുമതിൽ ചിലരു
ണ്ടാം. ബ്രാഹ്മണരെ കോപിക്കുമ്പോഴും പൊറുക്ക ക്ഷമി
ക്കുന്ന രാജാവിനു പെരികച്ചെമ്മു വന്നീടുമതെപ്രകാ
രമെന്നുമെന്നാലതുവും ചൊല്ലുന്നുണ്ടു ഞാൻ. കേൾക്ക
ലക്ഷ്മണാ പണ്ടു ബ്രഹ്മതിരുവടി സുഖശീലനായിരി
ക്കുംവിഷയത്തിങ്കൽ ബ്രഹ്മതിരുവടിയുടെ മുഖകമല
ത്തിൽനിന്നു ദക്ഷപ്രജാപതിയെന്നു രാജാവുണ്ടായിതും
ചെയ്തു. ആ ദക്ഷപ്രജാപതിക്ക അദിതിയെന്നൊരു മ
കളുണ്ടായിതും ചെയ്താൾ. അവളെ കാശ്യപമഹൎഷി
വിവാഹംചെയ്തു സുഖിച്ചു വസിക്കും കാലം അവൾ
പെററുണ്ടായി ആദിത്യഭഗവാനെന്നറിക. പിന്നെ
ആദിത്യഭഗവാനുടെ പുത്രനായി മനുവെന്നു രാജാ
വുണ്ടായിതും ചെയ്താൻ. അവനാകുന്നു സൂൎയ്യവം
ശത്തിന്റെ ആദിരാജാവായി വാണിരിക്കുംകാലം
അവനു ഇളനെന്നൊരു പുത്രനുണ്ടായിതും ചെ
യ്തു. അവനു വിധിവശാലൊരു ശാപമനുഭവിച്ചു സം
ഗതിക്ക സ്ത്രീരൂപമായിപ്പോയിതും ചെയ്താൻ.
എന്നാലിളൻ പൊയി ഇളയെന്നു നാമത്തൊ
ടും കൂടി സൎവ്വസുന്ദരിമാരിൽ പ്രധാനയായി ഹി
മവാൻ പൎവ്വതത്തിനുടെ താഴ്വരയിങ്കലനേകം കാലം
സഞ്ചരിച്ചു നടന്നു തുടങ്ങിനാൾ. എന്നിയും കേൾക്ക

വത്സാ ലക്ഷ്മണാ പണ്ടു ശ്രീദുൎവ്വാസാവിന്നൊരു മാല ദിവ്യമായി വിശെഷപരിമളത്തൊടുകൂടിയ പുഷ്പസ്രക്ക ദെവസ്ത്രീകളിൽ പ്രധാനയായിരിക്കുന്ന മെന മൊദിച്ചു കൊടുത്തതു ശ്രീദുൎവ്വാസാമഹൎഷിയും പ്രസന്നമാനസനായി ഇന്ദ്രനെ നൊക്കി കൊടുപ്പിതും ചെയ്താൻ. അതുനെരമിന്ദ്രനും മാല വാങ്ങി സ്വീകരിച്ചു പ്രസന്നമാനസനായി തന്റെ ദന്തിമസ്തകത്തിലിട്ടനെരമമ്മാലയുടെ പരിമളസംഗതികൾ മധുവിനെ പാനം ചെയ്യാമെന്നുവെച്ചു വണ്ടത്താന്മാരൊത്തു പതിച്ചതു ഹെതുവാൻ ദന്തിയും കൊപിച്ചു മാലയെത്തന്റെ കൈകൊണ്ടു പൊട്ടിച്ചു എടുത്തു വലിച്ചു ചാടികളഞ്ഞതറിഞ്ഞു മഹൎഷിയും പെരികക്കൊപിച്ചു ദുഷ്ടനായിരിക്കുന്ന നീയിപ്പുഷ്പസ്രക്കിനെക്കളഞ്ഞതുകൊണ്ടു നിങ്ങൾ ജരാനര വന്നു ഭവിക്കയെന്നു ശപിച്ചതുകെട്ടു ദെവകളും ഭയപ്പെട്ടു പൊടുന്നനവെ ചെന്നു ശ്രീദുൎവ്വാസാമഹൎഷിയൊടപെക്ഷിച്ചു കാരണം മഹൎഷിയും ശാപത്തിനു മൊക്ഷവുമരുളിച്ചെയ്വതും ചെയ്തു. നിങ്ങളെല്ലാമൊരുമിച്ചു ശ്രീപാൽക്കടൽ കടഞ്ഞു അമൃതെടുത്തു സെവിച്ചാൽ ഇന്ദ്രന്റെ ജരനര പൊകയെന്നനുഗ്രഹിച്ചു മഹൎഷിയെഴുന്നള്ളിയതു നെരം ദെവകളെല്ലാരുമൊത്തു ചെന്നു വിഷ്ണുഭഗവാനൊടുണ്ടായവൃത്താന്തമറിയിച്ചതു നെരം വിഷ്ണുഭഗവാനരുളിച്ചെയ്തു നിങ്ങളാലിസ്സമുദ്രം മഥനം ചെയ്വാൻ കഴികയില്ലെന്നുമായതുകൊണ്ടു പൊടുന്നനവെ ചെന്നസുരകളെക്കണ്ടു പറഞ്ഞവരുമായൊത്തു വന്നു സമുദ്രം മഥനം ചെയ്വിനെന്നു വിഷ്ണുഭഗവാനരുളിച്ചെയ്തുകെട്ടു

പൊരുതുന്നവെവന്നു ദെവകളുമസുരകളുമൊരുമിച്ചു ക്ഷീരസമുദ്രത്തിൽ ചെന്നു മന്ദരപൎവ്വതം മന്താക്കി നാട്ടി വാസുകിയെ കയറാക്കിച്ചുററി ദെവകളുമസുരകളും കൂടി സമസ്തദ്രവ്യങ്ങളുമതിലിട്ടു അമൃതു കൊള്ളുവാൻ കടഞ്ഞു കൂടാഞ്ഞയാൽ ദെവകളുമസുരകളും മന്ദിച്ചു നില്ക്കയാൽ ബാലി വന്നു കടഞ്ഞതു നെരം അത്യന്തം രമണീയമായിരിക്കുന്ന കാന്തിയൊടും കൊമളനായി മൃദുശീതരശ്മിയൊടും കൂടിയിരിക്കുന്ന ചന്ദ്രദെവനുളവാവിതും ചൈതാൻ. അങ്ങിനെയിരിക്കുന്നൊ ചന്ദ്രദെവന്നു പുത്രനായി സൎവ്വ നക്ഷത്രങ്ങൾക്കും നവഗ്രഹങ്ങൾക്കും മുമ്പനായിരിക്കുന്ന ബുധനുണ്ടാവിതും ചൈതാൻ. പിന്നെ ബുധൻ പെണ്ണിളയാകുന്ന കന്യാവിനെക്കണ്ടു കാമൊന്മാദപരവശനായി വിവാഹംചെയ്തു രമിച്ചു സുഖിച്ചിരിക്കും കാലം ബുധന്നു പുത്രനായുത്ഭവിച്ചു പുരൂരവാകുന്ന രാജാവും. പിന്നെ പുരു ഉൎവ്വശിയെ വിവാഹം ചെയ്തു രമിച്ചിരിക്കും കാലം പുരുവിന്നുൎവ്വശിയിങ്കൽ ആയുവെന്ന രാജാവുത്ഭവിക്കയും ചെയ്തു. പിന്നെ ആയുവെന്ന രാജാവിന്നു പുത്രനായി നഹുഷനെന്ന രാജാവുണ്ടായി. പിന്നെ നഹുഷന്നു പുത്രനായി യയാതിയെന്നരാജാവുണ്ടായാൻ അക്കാലം യയാതിയും ഇരിവർ കന്യാക്കന്മാരെ വിവാഹം ചെയ്തു. അവരിരിവരിലും വെച്ചൊരുത്തി പ്രധാനിയായിരിപ്പൊരുത്തിയവളാരെന്നമെന്നാൽ അസുരരാജാവായ വൃഷപൎവ്വാവിന്റെ പുത്രി ശൎമ്മിഷ്ഠയെന്നവൾക്കു പെർ. മറെറവൾ ശുക്രമഹൎഷിയുടെ പുത്രി ദെവയാനിയെന്നവൾക്കു നാമധെ

യം. അവരിരിവരിലും വെച്ചു സൎവ്വാംഗസുന്ദരിയായി രിക്കുന്ന ശൎമ്മിഷ്ഠയിങ്കലത്യന്തം സ്നെഹവിശ്വാസമുണ്ടു യയാതിയെന്ന രാജാവിനു, ദെവയാനിയിങ്കലെതുമൊരാസ്ഥയുണ്ടായതുമില്ല. ആയതെന്തുകൊണ്ടെന്നാലതുവും കെൾക്ക ലക്ഷ്മണാ ദെവയാനിക്കു രൂപഗുണമില്ലാഞ്ഞും സൌന്ദൎയ്യമനൊഹരം പൊരാഞ്ഞും പിന്നെ മാധുൎയ്യവും സുശീലമായിരിക്കുന്ന ഗുണവും ഭൎത്തൃശുശ്രൂഷയുമവൾക്കില്ലാഞ്ഞിട്ടുമല്ലാ അവൾക്കു കാമൊന്മാദപരവശതെറുകകൊണ്ടും രാജസതെറുകകൊണ്ടും തനിക്കു ഭവിച്ചതത്രെ. പിന്നെ ശൎമ്മിഷ്ഠയൊടും കൂടി രാപ്പകൽ സുഖിച്ചു വസിച്ചിതു രാജാവും. മദ്ധ്യെ ശുക്രമഹൎഷിയെ ഭയപ്പെട്ടു ദെവയാനിയെയനുസരിക്കയും ചെയ്യും. ഇങ്ങിനെ ഇരിവർ ഭാൎയ്യമാരൊടും കൂടി സുഖിച്ചു വസിക്കും കാലം ഇരിവർ ഭാൎയ്യാക്കന്മാർപൊക്കൽനിന്നു അഞ്ചു പെർ പുത്രന്മാരുണ്ടായിതും ചൈതാർ. അതിലിരിവർ പുത്രന്മാർ ദെവയാനിക്കു മക്കൾ, പിന്നെ മൂന്നു മക്കൾ ശൎമ്മിഷ്ഠക്കും. ഇങ്ങിനെ രണ്ടുവഴിയിലുമായഞ്ചുപുത്രന്മാരുണ്ടായതിൽ വെച്ചു ശൎമ്മിഷ്ഠെടെ മൂത്തപുത്രൻ മഹാസമൎത്ഥനവന്നു പൂരുവെന്നു നാമധെയം. പിന്നെ ദെവയാനീടെ മക്കളിൽവെച്ചു മൂത്തപുത്രനു യദുവെന്നവന്റെ നാമധെയമവൻ പെരികസ്സമൎത്ഥൻ. ഇങ്ങിനെയുള്ള മക്കളിൽവെച്ചു പിതാവാകിയ യയാതിയും ശൎമ്മിഷ്ഠെടെ മൂത്തപുത്രനാകിയ പൂരുവെക്കുറിച്ചുത്യന്തം സ്നെഹവും വിശ്വാസവുമുള്ളതാനും, ദെവയാനിയുടെ പുത്രരിലെതുമൊരു ബഹുമാനവും വിശ്വാസവുമില്ലയല്ലൊയെന്നാലതിൻ കാരണം രാജാവിനു ശൎമ്മി

ഷ്ഠയിലല്ലൊ സ്നെഹവും വിശ്വാസവുമതുകൊണ്ടു പൂരു
വിനെ വളരെ സ്നെഹം വരുവാൻ കാരണം. ദെവയാ
നിയൊടാസ്ഥയില്ലായ്കകൊണ്ടു പുത്രരെ ആദരിച്ചതു
മില്ലായെന്നാലതുകൊണ്ടു ദെവയാനിയുടെ മൂത്ത പു
ത്രൻ യദുവെന്നവൻ പെരിക ദുഃഖിച്ചു തന്നുടെ മാതാ
വൊടു ചൊദിപ്പതും ചെയ്തു. കെട്ടരുളുക മാതാവെ
യെന്നുടെ പിതാവിന്നു ഞങ്ങളിരിവരെയും നിന്തിരുവ
ടിയെയും പെരിക നിന്ദിച്ചല്ലൊ കാണാകുന്നുയെന്നാ
ലിരിവരെ വിവാഹം ചെയ്താലൊരുത്തിക്ക പുത്രരുണ്ടാ
യി മററവൾക്ക പുത്രരില്ലാഞ്ഞാൽ പുത്രരുള്ളവരെ
സ്നെഹം വരും പുത്രരില്ലാത്തവളെ സ്നെഹമില്ലായെന്നും
വരുമങ്ങിനെയല്ലൊ ശാസ്ത്രൊക്തവിധിയെന്നാൽ നി
ന്തിരുവടി പെററിട്ടു ഞങ്ങളിരിവർ പുത്രന്മാരുണ്ടതാ
നും. പിന്നെ ശർമ്മിഷ്ഠയാകുന്ന മാതാവു പെററിട്ടു മൂന്നു
പെരുമവൾക്കുണ്ടുതാനുമെന്നാലിരുവർ മാതാക്കന്മാരെ
യുമവരെ പുത്രന്മാരെയുമൊരുപൊലെ സ്നെഹവിശ്വാ
സം വെണം പിതാവിനെന്നാലതിപ്പൊൾ ശർമ്മിഷ്ഠയാ
കുന്ന മാതാവൊടുമവളെ പുത്രന്മാരൊടുമല്ലൊ പിതാ
വിനെററ സ്നെഹവിശ്വാസം കാണുന്നു. പിന്നെ നിന്തി
രുവടിയും ഞങ്ങളിരിവരും പെരിക അസത്തുക്കളായിട്ട
ല്ലൊ പിതാവിന്നു കാണുന്നതെന്നാലെനിക്കൊന്നു തൊ
ന്നുന്നുണ്ടു മാതാവെയതുമെന്തെന്നാലിവിടെ ഗ്ലാനംകെ
ട്ടിരിക്കയെക്കാളഗ്നിയിൽ പാഞ്ഞു മരിക്ക നല്ലുതെന്നു
യദുവാകുന്ന കുമാരൻ ചൊല്ലുകെട്ടു ദെവയാനിയാകുന്ന
മാതാവും ചൊല്ലിനാൾ. മകനെ പരമാൎത്ഥം നീ ചൊ
ന്നതു ഞാനുമങ്ങിനെ നിരൂപിച്ചിരിക്കുന്നെന്നാലെന്നു

ടെ പിതാവൊടറിയിച്ചു നീ ചൊന്നപൊലെയനുഷ്ഠി
ക്കാമെന്നു ചൊല്ലി തന്റെ പിതാവാകിയ ശുക്രമഹ
ൎഷിയെ ധ്യാനിച്ചതുനെരം മഹൎഷിയും തന്റെ പുത്രി
യാകുന്ന ദെവയാനി ധ്യാനിക്കുന്നതറിഞ്ഞു പെരിക
വെഗത്തൊടുമവിടെക്കെഴുന്നള്ളിയതുനെരം പിതാവെ
കണ്ടു ദെവയാനിയും പൊറുക്കരുതാത ദുഃഖത്തൊടും
വിങ്ങി വിങ്ങി വീണു വീണു നെത്രകീലാലമുഖത്തൊ
ടും കൂടി പിതാവെ വലത്തുവെച്ചു നമസ്കരിച്ചു തൊഴു
തു ചൊല്ലുവിതും ചെയ്താൾ. അയ്യൊ മഹാനുഭാവനാ
യുള്ളൊരു പിതാവെയെന്തിനെന്നെയിമ്മഹാപാപി
യായി ദുഷ്ടനായിരിക്കുന്ന രാജാവിന്നുകൊടുത്തുകളഞ്ഞു
ഭഗവാനെയെന്നുമെന്നാലെന്റെ മക്കളെയുമെന്നെ
യും നിന്ദിച്ചു അസുരരാജാവിന്റെ മകളെന്റെ ദാസി
യായ ശൎമ്മിഷ്ഠയെയും മക്കളെയും പെരിക കൃപയൊടു
മെന്റെ മുമ്പിൽവെച്ചു സംഭാവിക്കുന്നതും കണ്ടു സഹി
ക്കുന്നതെത്രനാളായിട്ടിനിയെന്നാലെന്റെ മക്ക
ളെയുമെന്നെയും നിന്ദിക്കുന്ന സംഗതിക്കെന്റെ പ്രാ
ണനെനിക്കു വെണമെന്നാഗ്രഹമില്ലാ പിതാവെ. ഞാ
നെന്റെ ഭൎത്താവിനെ പെരിക ഭക്തിവിശ്വാസത്തൊ
ടും ശുശ്രൂഷിച്ചിരിക്കുന്നൊരമെന്നെയും മക്കളെയും ഉ
പെക്ഷിച്ചതൊൎത്താൽ തീയിൽ വീണു താൻ കാലും
കൈയും കെട്ടി ഗംഗയിൽ വീണു താൻ വിഷം കുടി
ച്ചു താന്മരിക്കുന്നുണ്ടെന്റെ മക്കളും ഞാനുമെന്നു നി
ന്തിരുവടിയൊടറിയിച്ചു വെണമെന്നു ദെവയാനി
ചൊല്ലുകെട്ടു ശുക്രമഹൎഷിയും തന്റെ മകളായ ദെവ
യാനി കരഞ്ഞു മുറയിട്ടു വിങ്ങിവിങ്ങിക്കണ്ണുനീരൊലൊ

ലച്ചൊല്ലുന്നതുകെട്ട മഹൎഷിയും പൊറുക്കരുതാത കൊപം കൊണ്ടു മൂൎച്ഛിച്ചു യയാതിയെന്ന രാജാവെ നൊക്കിയരുളിച്ചെയ്യുതും ചെയ്താൻ. അല്ലയൊ ദുഷ്ടാത്മാവെ നീയെന്നുടെ മകളെയും മകളെ മക്കളെയും നിന്ദിച്ചതു നിന്നുടെ യൌവനവയസ്സിന്റെ പെരുമകൊണ്ടല്ലൊയെന്നാൽ നീ ഇന്നുതുടങ്ങി വയൊവൃദ്ധനായി കണ്ണുകാണാതെയും ചെവി കെളാതെയും നരച്ചു തിരച്ചു കട്ടിന്മെൽ കിടന്നുപൊകയെന്നിപ്രകാരം ശപിച്ചരുളി ശുക്രമഹൎഷി. അതുനെരം യയാതിയാകുന്ന രാജാവും ശപിച്ചതിന്നു കൊപിക്കാതെയടങ്ങിയ മനസ്സൊടും കൂടി മഹൎഷിയെ വലത്തുവെച്ചു നമസ്കരിച്ചൎഘ്യപാദ്യാദികൾ കൊണ്ടു പൂജിച്ചു പിൻവാങ്ങി പഞ്ചപുച്ഛമടക്കി നില്പതും ചെയ്താൻ. എന്നാൽ ബ്രാഹ്മണരു കൊപിച്ചുശപിച്ചുവെങ്കിൽ കൂടശ്ശപിക്കയും കൊപിച്ചു പറകയുമൊട്ടും യൊഗ്യമല്ലെന്നൊൎത്തടങ്ങുകിലതുകൊണ്ടെവനും പെരിക ഗുണം ഭവിക്കുമെന്റെ ലക്ഷണം. പിന്നെ രാജാവിനുടെ വന്ദനനമസ്കാരാദികളുമാചാരമടക്കം കണ്ടു മഹൎഷിയും പെരിക പ്രീതിപെട്ടു നിണക്കു ശാപാനുഗ്രഹം തരുന്നുണ്ടു മഹാരാജാവെ, ഞാൻ ശപിച്ചു നിന്നെ പ്രാപിച്ച വാൎദ്ധക്യം നിന്നുടെ പുത്രരിലൊരുത്തൻ പൊക്കൽ കൊടുത്തു അവനുടെ യൌവനവയസ്സിനെ നീ കൈക്കൊണ്ടു ഭാൎയ്യയൊടുമനെകം കാലം സുഖിച്ചു വസിച്ചു പിന്നെ പുത്രന്റെ കൈയിലിരുന്ന വാൎദ്ധക്യം നീ വാങ്ങി പുത്രനു രാജ്യം കൊടുത്തു പുണ്യസ്ഥലത്താമാറു വനത്തിലകംപുക്കു തപസ്സുചെയ്തു പുണ്യലൊകം പ്രാപിക്ക

രാജാവെയെന്നരുളിച്ചെയ്തെഴുന്നരുളി ശുക്രമഹൎഷിയും. പിന്നെ യയാതിയും ദെവയാനിയുടെ പുത്രനാകിയ യദുവിനെ നൊക്കിയരുളിച്ചെയ്തു യയാതിയെന്ന രാജാവും. പുത്രാ നീയെന്റെ വാൎദ്ധക്യം കൈക്കൊണ്ടു നിന്റെ യൌവനത്തെയെനിക്ക തരെണം മകനെയെന്ന പിതാവു ചൊല്ലുകെട്ടു ചൊല്ലിനാൻ യദുവാകുന്ന കുമാരൻ. പിതാവെ നിന്തിരുവടിക്കത്യന്തം സ്നെഹമുള്ള മകനല്ലൊ ശൎമ്മിഷ്ഠയെന്ന മാതാവിന്റെ പുത്രൻ പൂരുവെന്നവനവനൊടു യൌവനം വാങ്ങി വാൎദ്ധക്യമവന്ന കൊടുത്തുകൊൾകയെന്ന യദുവാകുന്ന കുമാരൻ ചൊൽവിതും ചെയ്താൻ. അതു കെട്ടു യയാതിയും പൂരുവെ നൊക്കിയരുളിച്ചെയ്‌വിതും ചെയ്താൻ. മകനെ പൂരു നിന്റെ യൌവനമെനിക്ക തന്നെന്റെ വാൎദ്ധക്യം നീ വാങ്ങിക്കൊൾ മകനെയെന്ന പിതാവു ചൊല്ലുകെട്ടു പൂരുവും പെരികെ പ്രീതിപെട്ടു തന്റെ യൌവനം പിതാവിന്ന കൊടുത്തു പിതാവിൻ വാൎദ്ധക്യം താനും വാങ്ങിക്കൊണ്ടു വൃദ്ധനായിക്കരച്ചു കണ്ണു കാണാതെയും ചെവി കെളാതെയും ചമഞ്ഞു കട്ടിൽക്കൊമെൽ പൊയി കിടപ്പതും ചെയ്താൻ. പിന്നെ യയാതിയാകുന്ന രാജാവും പണ്ടെപ്പൊലെ യൌവനവയസ്സനായി പിതൃപൈതാമഹമാകുന്ന രാജ്യമടുത്തവണ്ണം പാലിച്ചു അശ്വമെധമാദിയാമെജ്ഞമനെകം ചെയ്തൊടുക്കി പിന്നെയുമനെക കാലം രാജ്യപാലനം ചെയ്തിരുന്നു ഇഷ്ടാന്നഭൊഗമെല്ലാമനുഭവിച്ചു തൃപ്തനായി പിന്നെ പുത്രനൊടു വാൎദ്ധക്യം വാങ്ങി യൌവനവയസ്സു പുത്രന്ന കൊടുത്തു പിന്നെ

യവനു രാജ്യാഭിഷെകം ചെയ്തു രാജാവാക്കി വാഴിച്ചു യദുവിനെപ്പിഴുക്കി രാജ്യവും പൂരുവുമനെകം കാലം പാലിച്ചു സുഖിച്ചു വാണിരിപ്പൂതും ചെയ്താൻ. പിന്നെ യയാതിയും വനത്തിൽ പൊയി വളരെക്കാലം തപസ്സുചെയ്തു പുണ്യലൊകം പ്രാപിച്ചു സുഖിച്ചു വസിച്ചാൻ യയാതിയും. എന്നാലിങ്ങിനെയിരിക്കുന്ന കഥകൾ ശാസ്ത്രപ്രകാരം നിന്നെപ്പറഞ്ഞു ബൊധിപ്പിച്ചു ലക്ഷ്മണായെന്നാൽ മഹാത്മാക്കളായി കുഡുംബികളായി കർമ്മികളായി സാത്വികന്മാരായിരിക്കുന്ന ബ്രാഹ്മണർ കൊപിച്ചാൽ കൂടക്കൊപിയാതെ ക്ഷമിക്കുന്ന പുരുഷന്റെ ഐഹികസൌഖ്യം ഞാൻ പറയെണമെന്നില്ലല്ലൊ, പിന്നെ ഗുരുനിയൊഗമനുസരിയാത ശിഷ്യനും പിതാവിൻ നിയൊഗമനുസരിയാത പുത്രനും ബ്രാഹ്മണർ കൊപിക്കുമ്പൊൾ പ്രതികൊപിക്കുന്ന പുരുഷനുമെന്നാലിമ്മൂന്നുപെൎക്കും വരുന്ന ആപത്തുകളിതുകൊണ്ടു വിചാരിച്ചറിയണം ലക്ഷ്മണായെന്നാൽ നാലു നാളുണ്ടല്ലൊ ഞാനകത്തുനിന്നു പുറത്തെറങ്ങാതെയിരിക്കുന്നുവെന്നാലെന്നുടെ രാജ്യത്തിലെ വൃത്താന്തമൊന്നുമറിഞ്ഞില്ലല്ലൊയെന്നിപ്രകാരം ശാസ്ത്രൊപദെശവും ധൈൎയ്യംകൊണ്ടും സീതാദെവി പിരിഞ്ഞ ദുഃഖമെല്ലാം മെല്ലെ മെല്ലെയടക്കി രാജ്യപരിപാലനം ചെയ്കയെന്നു നിശ്ചയിച്ചു ശ്രീലക്ഷ്മണനൊടെ കൈയ്യുംപിടിച്ചു പള്ളിയറയിൽനിന്നു പുറത്തെഴുന്നള്ളി നീരാട്ടുപള്ളിപുക്കു നീരാട്ടുകുളി ചെയ്തു നിയമകൎമ്മങ്ങളും ചെയ്തൊടുക്കി ചന്ദനാദികളുകളെക്കൊണ്ടലങ്കരിച്ചു ആസ്ഥാനമണ്ഡപത്തിലെഴുന്നള്ളി പൊന്മയ

മായ സിംഹാസനത്തിന്മെൽ പരിവാരജനപരിവൃതനായിരുന്നരുളിനാൻ ചക്രവൎത്തി.

അക്കാലത്തു യമുനയാകുന്ന നദിയുടെ തീരത്തിരിക്കുന്ന മഹൎഷിമാരെയൊരു രാക്ഷസൻ വന്നു നശിപ്പിച്ചു പൎണ്ണശാലയിൽ കുടിയിരിപ്പില്ലാഞ്ഞു മഹൎഷിമാരെല്ലാമൊത്തു നിരൂപിച്ചു തിരുവയൊദ്ധ്യാപുരിയെപ്രാപിച്ചു സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ശ്രീരാഘവചക്രവൎത്തിയെച്ചെന്നു കണ്ടവനെക്കൊണ്ടു രാക്ഷസനെ കൊല്ലിക്കാമെന്നു നിൎണ്ണയിച്ചു യമുനാതീരം നിന്നു പുറപ്പെട്ടു തിരുവയൊദ്ധ്യ പുക്കു ആസ്ഥാനമണ്ഡപത്തിന്റെ കിഴക്കെ ഗൊപുരത്തിൽ ചെന്നു നിരൂപിച്ചാർ. മഹാരാജാവിൻ സന്നിധിയിൽ ചെന്നാൽ മുമ്പിൽ വരവിനെയറിയിച്ചു വെണമെന്നുണ്ടു ന്യായമെന്നു നിനച്ചു വാതിൽ കാക്കുന്ന ദ്വാരപാലനെ നൊക്കിയരുളിച്ചെയ്തു മഹൎഷിവൎഗ്ഗം. കെളെടൊ ദ്വാരപാലാ യമുനയാകുന്ന നദീതീരത്തുനിന്നു ചില മഹൎഷികളുണ്ടു രാജാവിനെ കാണ്മാൻ വന്നു ഗൊപുരത്തിൽ നില്ക്കുന്നെന്നു മഹാരാജാവൊടറിയിക്കയെന്നു മഹൎഷിമാരരുളിച്ചെയ്തുകെട്ടു ദ്വാരപാലകനും മഹൎഷിമാരെ തൊഴുതു പൊയാസ്ഥാനമണ്ഡപത്തിന്നു ചെന്നു മഹാരാജാവിനെത്തൊഴുതറിയിപ്പതും ചെയ്താൻ; കെൾക്ക മഹാരാജാവെ നിന്തിരുവടിയെക്കാണ്മാൻ യമുനാതീരത്തുനിന്നു ചില മഹൎഷിവൎഗ്ഗമുണ്ടു ഗൊപുരദ്വാരത്തിലെഴുന്നരുളിപ്പാൎക്കുന്നെന്നുണൎത്തിക്കെട്ടു മഹാരാജശ്രീചക്രവൎത്തിയും സിംഹാസനത്തിന്മെൽ നിന്നെഴുനീറ്റു ഗൊപുരവാതില്ക്കലെഴുന്നരുളി മഹൎഷി

മാരെ വളര മിഴിച്ചു കളിര നൊക്കി വന്ദിച്ചു കൂട്ടിക്കൊണ്ടാസ്ഥാനമണ്ഡപത്തിലെഴുന്നരുളി മഹർഷിവൎഗ്ഗത്തിനിരിപ്പാൻ യൊഗ്യമായിരിപ്പൊരു സിംഹാസനം കൊടുത്തിരിപ്പായാകാ ഭവാന്മാരെയെന്നരുളിച്ചെയ്തു കെട്ടു മഹർഷിമാരുമിരുന്നരുളിയ നെരമൎഗ്ഘ്യപാദ്യാചമനീയമായ പൂജാസാധനങ്ങളെക്കൊണ്ടു പൂജിച്ചു മഹർഷിമാരാലനുജ്ഞാതനായി തന്തിരുവടിയുമിരുന്നരുളുകയും ചെയ്താൻ. പിന്നെ ശ്രീരാമദെവന്തിരുവടിയും മഹർഷിമാരൊടരുളിച്ചെയ്കയും ചെയ്തു. എന്തു കാരണമായി നിന്തിരുവടിമാരെല്ലാമെഴുന്നരുളിയതെന്നാൽ വലുതായൊരു കാൎയ്യമുണ്ടെന്നു തൊന്നുന്നുയെന്നാലായതറികയും ചെയ്തുവെങ്കിലും പണ്ടൊരുനാളുമിങ്ങിനെയെഴുന്നള്ളിക്കണ്ടൊന്നുമില്ലായെന്നാൽ യാതൊന്നു നിന്തിരുവടിമാരരുളിച്ചെയ്താലായതിനെച്ചെയ്യുന്നുണ്ടു ഞാനെന്നുമെന്നാലതു ചെയ്യുമൊ ചെകയില്ലയൊയെന്നു ശങ്കിക്കെണ്ട; ബ്രാഹ്മണരെ രക്ഷിപ്പാനുമവരുടെ അഭിപ്രായത്തെസ്സാധിപ്പാനുമല്ലൊ രാജ്യപരിപാലനം ചെയ്യുന്നു ഞാനെന്നു രാജാവരുളിച്ചെയ്തുകെട്ടു തെളിഞ്ഞ മാനസമുടയരായുടനുടനാശിസ്സുമരുളിച്ചെയ്തു പിന്നെയരുളിച്ചെയ്തവസാനത്തിങ്കൽ പിന്നെയുമരുളിച്ചെയ്തു മഹർഷിവൎഗ്ഗം. കെൾക്ക മഹാരാജാവെ ഞങ്ങൾക്ക യമുനാതീരത്തിരുന്നുകൂടാ, ആയതെന്തുകൊണ്ടെന്നാലൊരു രാക്ഷസൻ വന്നു നിത്യമുപദ്രവിക്കകൊണ്ടവനെക്കൊന്നു ഞങ്ങളെ രക്ഷിക്കവെണം മഹാരാജാവെയെന്നും പിന്നെ സൂൎയ്യവംശത്തിങ്കലാദിരാജാവു മനുവല്ലൊയെന്നാലവരും

ഞങ്ങളെ വഴിപൊലെ രക്ഷിച്ചിരിക്കുന്നതെന്നാലിനു ഭവാനല്ലൊ ഒടുക്കമാകുന്നതും. മനുവിന്നു പിന്നെയുള്ള രാജാക്കന്മാരൊടു ഞങ്ങളെത്താനും വന്നപെക്ഷിച്ചാൽ അക്കാൎയ്യമപ്പൊഴും തന്നെ സാധിച്ചതുമല്ലൊയെന്നാലതുപൊലെതന്നെ നിന്തിരുവടിയുമരുളിച്ചെയ്തതിപ്പൊഴും ഞങ്ങളെ നശിപ്പിക്കുന്ന രാക്ഷസനെക്കൊന്നു ഞങ്ങളെ ഉപദ്രവം തീൎത്തു രക്ഷിച്ചരുളെണം മഹാരാജാവെയെന്നരുളി പിന്നെയുമരുളിച്ചെയ്തു മഹൎഷിമുഖ്യന്മാർ. എന്നാൽ ഞങ്ങളെ ഉപദ്രവിക്കുന്നവനെ വനെന്നുമെന്നാലതുവും കെൾക്ക മഹാരാജാവെ. പണ്ടു കൃതയുഗാദികാലത്തു ലൊലകിയെന്നൊരസുരസ്ത്രീ ബ്രഹ്മന്തിരുവടിയുടെ ലീലാമൊഹത്തിങ്കൽ മുഖത്തുനിന്നുണ്ടാവിതും ചെയ്താൾ. അവളുടെ പുത്രനായി മധുപനെന്നൊരസുരശ്രെഷ്ഠനുണ്ടാവിതും ചെയ്താൻ. അവൻ പെരിക ധൎമ്മാത്മാവായി ദെവപൂജയും ബ്രാഹ്മണപൂജയും ചെയ്തു ഭക്തിമാനായിരിപ്പൊരുത്തനാകയുമുണ്ടു. അവനസുരയൊനിയിൽ പിറന്നതെയുള്ളുയെന്നാലവൻ പിന്നെ സകലലൊകമംഗല്യാംഗസമ്പന്നനാകിയ ശ്രീമഹാദെവനെക്കുറിച്ചു തപസ്സുചെയ്തവന്റെ തപൊമഹിമ കണ്ടു ഭഗവാൻ ശ്രീകൈലാസമൂൎത്തി പെരിക പ്രീതിപെട്ടു പ്രത്യക്ഷനായി മധുപനെ നൊക്കിയരുളിച്ചെയ്താൻ ശ്രീപരമെശ്വരന്തിരുവടി. എടൊ മധുപാ നിന്നുടെ തപസ്സും ഭക്തിയും കണ്ടു വളരെ പ്രസാദിച്ചേൻ ഞാനെന്നാൽ നിണക്കു വെണ്ടും വരം ചൊല്ലിക്കൊൾക തരുന്നതുമുണ്ടെന്നരുളിച്ചെയ്തുകെട്ടു മധുപനും തന്തിരുവടിയെ വലത്തുവെച്ചു തൊഴുതറി

യിപ്പുതും ചെയ്താൻ. ഭഗവാനെയെനിക്കു ദേവബ്രാ
ഹ്മണഭക്തിവിശ്വാസത്തോടും നിത്യമായിരുന്നു നിന്തി
രുവടിയുടെ പാദാരവിന്ദങ്ങളിലെല്ലാനാളുമുറച്ചു ഭക്തി
യുണ്ടാകേണമെന്നു മധുപറഞ്ഞൊല്ലുകെട്ടു ഭഗവാനുമെ
വണ്ണം വരികയെന്നനുഗ്രഹിച്ചു പിന്നെ വിശേഷിച്ചു
മൊന്നു നീ പറയാതെ തരുന്നുണ്ടു ഞാനെന്നരുളി
പിന്നെ തന്തിരുവടിയുടെ കൈയിലിരുന്ന ശൂലത്തി
ന്മേൽനിന്നു മറെറാരു ശൂലത്തെ സൃഷ്ടിച്ചു മധുപന്നു
കൊടുത്തരുളിച്ചെയ്തു തന്തിരുവടി. ഇശ്ശൂലം നിന്റെ
കൈയിലിരിക്കുന്നേരം നിന്നെയൊരുവരാലും ജയിക്ക
യില്ലെന്നും പിന്നെ നിന്റെ പുത്രൻകൈയിലിരിക്കു
ന്നേരവുമവനെയുമാരും ജയിക്കയില്ലെന്നും പിന്നെ നി
ന്റെ പുത്രന്റെ പുത്രൻകൈയിലിരിക്കയില്ലെന്നും
വരും. നീയൊരുനാളുമൊരുത്തരൊടും യുദ്ധത്തിന്നുപൊ
കരുതെന്നും നിന്നൊടൊരുത്തരും വന്നെതിൎക്കയില്ലെന്നും
വരും. ആയതു കൂടാതെ നിന്നെ ഒരുത്തൻ വന്നു നിബ്ബ
ന്ധിച്ചുവെങ്കിൽ നിന്നെ അവനു ജയിച്ചുകൂടായെന്നുമ
നുഗ്രഹിച്ചു നിൽക്കുന്നതുനെരം മധുപനും ശ്രീമഹാദെ
വനെ വന്ദിച്ചു ശൂലം വാങ്ങി തൊഴുതു പൊവിതും
ചെയ്താൻ. പിന്നെ മധുപനും നിരൂപിച്ചുയെനിക്കി
രിപ്പാനൊരു നഗരം ചമക്കണമെന്നു നിനച്ചു യമുനാ
തീരത്തിന്നരികെ മധുരയെന്നൊരു നഗരം ചമച്ചുകൊ
ണ്ടവിടെ വസിച്ചു കുംഭിനസിയെന്നൊരുത്തിയെ വിവാ
ഹവും ചെയ്തവളൊടു കൂടി രമിച്ചു സുഖിച്ചു വസിക്കും
കാലം അവൾപൊക്കൽനിന്നു മധുപന്നു പുത്രനായി
ലവണാസുരനെന്നൊരു രാക്ഷസനുളവായാൻ. അവൻ

പെരിക ദുഷ്ടാത്മാവായിയെതിരവെ പുറപ്പെട്ട മഹ ഷിമാരെയും ബ്രാഹ്മണരെയും പശുക്കളെയും വെട്ടി ക്കൊന്നു നിൎമ്മൎയ്യാദശീലനായി നടക്കുമമ്മഹാപാ പിക്ക പെടിച്ചെങ്ങാനുമൊരത്തിയിൽ പൊവാനും കളിച്ചു നീരുപ്പാനും പുല്ലും ഷമതകൊണ്ടു പൊരുവാ നും കഴിയാതെ പെടിച്ചു ഭയപ്പെട്ടിരിക്കുന്ന ഞങ്ങളെ ല്ലാം ഇങ്ങനെ ഉപദ്രവിച്ചു നടക്കമെഴുനെരമവൻെറ പിതാവാകിയ മധുപനും മാതാവാകിയ കുംഭിനസിയുമി വരിരുവരുമൊരു മകനെ വിളിച്ചു ചൊൽവിതും ചെയ്താർ. വെണ്ടാ മകനെ വെണ്ടാ ബ്രാഹ്മണരെയും മഹൎഷിമാരെയും പശുക്കളെയും ദ്രോഹിക്കരുതെന്നും അതിനാലെ ആപത്തു ഭവിക്കുമെന്നും പിന്നെ ദെവബ്രാ ഹ്മണപൂജ ചെയ്യുന്നവൎക്ക ഇഹലൊകപരലൊകത്തും സുഖിച്ചിരുന്നു സൎവ്വജനങ്ങളാലും വന്ദിതനായി കാണു ന്നു മകനെയെന്നും, ദുഷ്ടരായ ജനത്തിന്നു ഇഹലൊക പരലൊകത്തും ഗുണമൊരുനാളുമില്ലെന്നു സൎവ്വശാസ്ത്ര ങ്ങളിലും പറയുമല്ലൊ പിന്നെയതുമല്ലായെല്ലാലൊ കങ്ങളിലും പെരിക നിന്ദ്യനായും വരുമെന്നു പെരി ക ശിക്ഷിച്ചു പറഞ്ഞതു കെൾക്കാതെ രാക്ഷസവൃത്തി യായിരിക്കുന്ന ദുൎവൃത്തിയെച്ചെയ്തു തുടങ്ങിനാൻ. അ തുകണ്ടു മാതാവും പിതാവും പെരിക ക്രുദ്ധിച്ചു……… …………………രിപെക്ഷിച്ചു ദമ്പതിമാരും നിരൂപിച്ചു ശ്രീമഹാദെവന്തനിക്ക തന്ന ശൂലം പുത്രന്നു കൊടുത്തു മറെറാരുദെശം നൊക്കിപ്പൊയി തപസ്സുചെയ്തു വസി പ്പൂതും ചെയ്താൻ ഗൊളകിയെന്ന അസുരസ്ത്രീയുടെ പു ത്രനാകിയ മധുപൻ. പിന്നെ ലവണനാകുന്ന രാക്ഷ

സൻ പെരിക ദ്രൊഹിച്ചു നശിപ്പിച്ചു കുടിയിരിപ്പാൻ കഴിയാതെ ചമഞ്ഞിരിക്കുന്നതുകൊണ്ടു നിന്തിരുവടി യമ്മഹാപാപിയെ വധിച്ചു ഞങ്ങളെ രക്ഷിക്കവെണം മഹാരാജാവെ!യെന്നു മഹർഷിമാരരുളിച്ചെയ്തുകെട്ടു ശ്രീരാഘവചക്രവർത്തിയും തെളിഞ്ഞ മാനസമുടയനായി തന്റെ ഭ്രാതാക്കന്മാർ മൂവരുടെ മുഖത്തുമുടനുടൻ നൊക്കിയരുളിച്ചെയ്തിതും ചെയ്തു. നിങ്ങൾ മൂവരിലൊരുത്തനിവരൊടു കൂടെപ്പൊയി രാക്ഷസനെക്കൊന്നു മഹർഷിമാരെ രക്ഷിക്കണമെന്നു മഹാരാജാവരുളിച്ചെയ്തുകെട്ടു മൂവരുമൊരുമിച്ചു സിംഹാസനത്തിന്മെൽ നിന്നെഴുനീറ്റു തിരുമുമ്പാകെച്ചെന്നു തൊഴുതു നിന്നു തുനെരം ശത്രുഘ്നകുമാരനും ചെന്നു നമസ്കരിച്ചു തൊഴുതുണർത്തിപ്പതും ചെയ്താൻ. മഹാരാജാവെ! ലവണാസുരനെ നിഗ്രഹിപ്പാനടിയനെ നിയൊഗിച്ചരുളവെണമല്ലെന്നാകിലിജ്ജന്മത്തിലടിയന്റെ ശരീരം വളർത്തിക്കൊൾകയല്ലാതെ മറ്റൊരു ഫലമില്ലെന്നും വരുമല്ലൊസ്വാമി. ലക്ഷ്മണകുമാരൻ വനവാസത്തിന്നു നിന്തിരുവടിയൊടുകൂടിവന്നു സുഖദുഃഖമനുഭവിച്ചും നിന്തിരുവടി ത്രൈലൊക്യകണ്ടകനാകിയ രാവണനെയും പുത്രമിത്രബന്ധുബാന്ധവന്മാരെയും കൊല്ലുവാനുദ്യൊഗിച്ചു നിന്തിരുവടിയുടെ മനൊരഥത്തെസ്സാധിച്ചുവല്ലൊ; പിന്നെ ശ്രീഭരതകുമാരൻ നിന്തിരുവടി വനവാസത്തിനെഴുന്നള്ളിയപ്പൊൾ നിന്തിരുവടിയുടെ രാജ്യത്തിനൊരന്തരം വരാതെ രക്ഷിച്ചു കാട്ടിത്തന്നുവല്ലൊ. അടിയൻ നിന്തിരുവടിക്കിഷ്ടമായ വെലയെ ച്ചെയ്തില്ലല്ലൊയെന്നാലതുകൊണ്ടു ഈ രാക്ഷസനെ

ക്കൊൾവാനടിയത്തെ നിയോഗിക്കണം ഭ്രാതാവെ യെന്നു സങ്കടമായി നമസ്കരിച്ചറിയിച്ചു ശത്രുഘ്നകുമാരനെ വളരെ മിഴിച്ചു കളിര നൊക്കി മന്ദസ്മിതം ചെയ്തരുളിച്ചെയ്തു ശ്രീരാഘവചക്രവത്തി. വത്സാ ശത്രുഘ്നകുമാരാ നീ മഹഷിമാരൊടുകൂടച്ചെന്നു ലവണാസുരനെ നിഗ്രഹിച്ചു മഹഷിമാരെ രക്ഷിച്ചു മധുരയെന്ന നഗരത്തിനുപദ്രവം നീക്കി വരികയെന്നരുളിച്ചെയ്തു മഹാരാജശ്രീചക്രവത്തി. അതുകെട്ടു തൊഴുതുണത്തിനാൻ ശത്രുഘ്നകുമാരൻ. ഈ മധുരയെന്ന രാജ്യം വാഴ്വാൻ ശ്രമപ്പെട്ടിരിക്കുന്നെന്നു നിന്തിരുവടിയുടെ തിരുവുള്ളത്തിലൊറിയരുതെന്നു ശത്രുഘ്നകുമാരനുണത്തിക്കെട്ടു ചക്രവത്തിയുമപ്രകാരം പ്രശംസിച്ചു വസിഷ്ഠമഹഷിയെ നൊക്കിയരുളിച്ചെയ്തു ശ്രീരാഘവചക്രവത്തി. ഇവനെ ഇപ്പൊൾ മധുരാധിപനായി അഭിഷെകംചെയ്യവെണം മഹാമുനെയെനാലായതെതുപൊലെ ഞാൻ പണ്ടു ശ്രീവിഭീഷണൻ വന്നെന്നെ കണ്ടനെരം രാവണനിരിക്കവെ ലങ്കാനാഥനായഭിഷെകം ചെയ്തതെനല്ലൊയെന്നാലവ്വണ്ണം ഇവനും മധുരാനാഥനായഭിഷെകം ചെയ്യണമെന്നരുളിച്ചെയ്യുകെട്ടു പൊട്ടങ്ങനവെ അഭിഷെകത്തിനുള്ള ഉപകരണമെല്ലാം കൊണ്ടുവന്നു മുടികടകാദ്യാഭരണങ്ങളെക്കൊണ്ടു മലങ്കരിച്ചു രാജചിഹ്നങ്ങളായുള്ള വെൺകൊററക്കുച്ച വെഞ്ചാമര ശസ്ത്രാസ്ത്രങ്ങളും ശരാസനവും കൊടുത്തു ആന തെർ കുതിര കാലാളെന്നുള്ള ചതുരംഗപ്പടയും കൊടുത്തു പിന്നെ വിശെഷിച്ചു ശത്രുഘ്നനുടെ കൈപിടിച്ചൊരു പള്ളിയമ്പെട്ടത്തിലുകൊണ്ടു ലവണനെ

കൊൽകയെന്നരുളിച്ചെയ്തു പള്ളിയമ്പും കൊടുത്തു
പിന്നെയരുളിച്ചെയ്തു ചക്രവൎത്തി. ഇശ്ശരം നീ പ്രയൊ
ഗിച്ചാലസുരന്റെ ഹൃദയം പിളൎന്നു പ്രാണൻ പറിച്ചു
മറുപുറത്തു കടന്നു പിന്നെസ്സമുദ്രസ്നാനം ചെയ്തു പൊ
ടുന്നനവെ വന്നു നിന്റെ ആവനാഴികയിൽ തന്നെ
വരുവിതും ചെയ്യുമെന്നാലിശ്ശരം പണ്ടെനിക്കഗസ്ത്യ
ഭഗവാൻ തന്നരുളെല്ലൊന്നാകയുമുണ്ടു. ഇതു പണ്ടു വിശ്വ
കൎമ്മാവിനാൽ നിൎമ്മിതമായി ബ്രഹ്മന്തിരുവടിക്കു
കൊടുത്തതുനെരം ബ്രഹ്മന്തിരുവടിയും വിഷ്ണുഭഗവാനു
കൊടുത്തരുളിയതുനെരം വിഷ്ണുഭഗവാനമിതുകൊണ്ടു മ
ധുകൈടഭന്മാരെക്കൊൽവിതും ചെയ്തു. പിന്നെയ
ഗസ്ത്യഭഗവാനെതാനമൊരുപായത്താൽ വിഷ്ണുഭഗവാ
ന്തന്നൊടു വാങ്ങിക്കൊണ്ടു സൂക്ഷിച്ചിരിക്കെ ഇക്കാലം
താതാജ്ഞയാ വനം പ്രാപിച്ചതുനെരമിതുകൊണ്ടു നീ
രാവണനെക്കൊൽകയെന്നരുളിച്ചെയ്തു തന്നരുളിയതു
കൊണ്ടു രാവണനെക്കൊൽവാൻ പ്രയൊഗിച്ചതുമി
ല്ലാ, ആയതെന്തുകൊണ്ടെന്നാൽ ഇശ്ശരം ഞാൻ പ്ര
യൊഗിക്കെ ബാളിതിങ്കൽ നിന്നു പൊരിഞ്ഞെഴും
പ്രളയാഗ്നിജ്വാല കണ്ടുയെന്റെ വാനരസൈന്യം
ഭയപ്പെടുമെന്നവെച്ചത്രെ പ്രയൊഗിക്കാഞ്ഞതുമെന്നി
പ്രകാരമരുളിച്ചെയ്തു ചക്രവൎത്തി. അതുനെരം ശത്രു
ഘ്നകുമാരനും ശ്രീരാമദെവന്തിരുവടിയെ വലത്തുവെ
ച്ചു നമസ്കരിച്ചു തൊഴുതു പള്ളിയമ്പും വാങ്ങിയതുനെ
രം ചക്രവൎത്തിയുമവനെ മുറുകപ്പിടിച്ചാശ്ലെഷിച്ചു രാ
ക്ഷസനെക്കൊന്നുവരികയെന്നു വിടകൊടുത്തതുനെ
രം ശത്രുഘ്നനും തൊഴുതു വിടകൊണ്ടു പിൻവാങ്ങി

പിന്നെ ലക്ഷ്മണനെയും ശ്രീഭരതനെയും തൊഴുതു വിടകൊണ്ടു മഹൎഷിമാരെയും വലത്തുവെച്ചു നമസ്കരിച്ചു വിടകൊണ്ടു അരയും തലയും മുറുക്കി ആവനാഴികയും പുറത്തു കെട്ടി വില്ലെടുത്തു ഞാൺപൂട്ടെറ്റി ഇടത്തെക്കൈമെൽ ചമയപ്പിടിച്ചു പൊന്മയമായൊരു തെരിൽക്കരയെറി മഹൎഷിവൎഗ്ഗത്തൊടുകൂടി പുറപ്പെട്ടമത്തുനെരം ആനമെലും കുതിരമെലും തെർമെലും കരയെറി സൎവ്വായുധസഹിതരായനെകനൂറായിരം പടജ്ജനത്തൊടും കൂടി തിരുവയൊദ്ധ്യാപുരിയിൽനിന്നു പുറപ്പെട്ടു പൊകുന്നെരം മഹൎഷിവൎഗ്ഗമെല്ലാവരും കൂടി നിരൂപിച്ചു ചൊൽവിതും ചെയ്താർ. കെൾക്ക ശത്രുഘ്നകുമാര ലവണാസുരനെ കൊല്ലുവാനുപായപ്രകാരം പറയുന്നു ഞങ്ങളതിനെ ബുദ്ധിമാന്നീ കെൾക്ക കുമാര. ലവണന്റെ പിതാവിനു പണ്ടു ശ്രീമഹാദെവന്തിരുവടിയൊരു ശൂലം കൊടുത്തിരിക്കുന്നു; അശ്ശൂലമവൻ തന്റെ പുത്രനാകിയ ലവണനു കൊടുപ്പൂതും ചെയ്താൻ. അശ്ശൂലമവൻ കൈയിലുണ്ടായാൽ ത്രൈലൊക്യവാസികളെല്ലാമെ കൂടിയാലുമവനെക്കൊന്നുകൂടാ. ശൂലമവൻ കൈയിലില്ലാത്ത നെരമവനെക്കൊല്ലണമെന്നരുളി പിന്നെയുമരുളി മഹൎഷിവൎഗ്ഗം. യാവനൊരുത്തനെങ്കിലും നിരായുധനായാൽ കൊല്ലരുതെന്നല്ലൊ ശാസ്ത്രോക്തവിധിയുമെന്നാലുമതു നിൽക്ക, നിരായുധനെ കൊല്ലരുതെന്നൊട്ടും സംശയിക്കാതെ കൊന്നു നീ ഞങ്ങളെ രക്ഷിക്കവെണമെന്നാലായതിന്നൊരു ദൊഷം നിണക്കെപ്പെടാ നല്ലതെ വന്നുകൂടുകയെന്നും പിന്നെയവൻ മാംസാശന

തിന്നപൊയി വന്നകംപുക്കി ശൂലമെടുക്കും മുന്നമെ ചെന്നു ഗൊപുരം വളഞ്ഞു മുട്ടിച്ചുനിന്നുകൊണ്ടു വരുന്ന വരവിലവനെക്കൊൽകയും വെണമെന്നു മഹൎഷിമാരരുളിച്ചെയ്തുകെട്ട ശത്രുഘ്നകുമാരനും പൊറുക്കരുതാത കൊപം പൊന്നു മുഴ്ച്ചു കൺചുവന്നു പുരികക്കൊടി വിറച്ചു ഞരമ്പു പിടിച്ചു തിരുവുടമ്പൊരൊടെ മൊഴിയാതെ വെറച്ചു മഹൎഷിമാരെ നൊക്കിയറിയിച്ചാൻ ശത്രുഘ്നകുമാരൻ. എന്തു ഭവാന്മാരീവണ്ണമരുളിച്ചെയ്വാനെന്നും പിന്നെ ഞാനൊട്ടു ബാലനെന്നു നിരൂപിച്ചിട്ടൊ ആയതൊന്നിയെ രാക്ഷസനെക്കൊൽവാൻ ശക്തിപൊരായെന്നു നിനക്കകൊണ്ടൊ ഇപ്രകാരമരുളിച്ചെയ്വാനെന്നുമെന്നാലൊന്നു നിറതിരുവടിമാർ നിശ്ചയിക്കണം. എന്നുടെ ജ്യെഷ്ഠഭ്രാതാവാകിയ ശ്രീരാഘവചക്രവൎത്തിയുടെ ശ്രീപാദാരവിന്ദത്താണൊയെന്നുടെ കൺമുന്നാലവനെ കാണുകിലസ്ത്രത്തംകൊണ്ടവനെക്കൊന്നു നിങ്ങളുടെ ഇടർ കളയുന്നെന്നു പ്രതിജ്ഞ ചെയ്തരുളിനാൻ ശത്രുഘ്നകുമാരൻ. അതു കെട്ടു മഹൎഷിമാരും പെരിക പ്രീതിപെട്ടു നിരൂപിപ്പൂതും ചെയ്താർ. ശത്രുഘ്നകുമാരനിപ്പൊഴം കൊപിച്ചതു രാക്ഷസനൊടല്ലൊ നമ്മൊടല്ലകൊണ്ടിവനെ നാം പ്രശംസിച്ചു കൊപമടക്കവെണമെന്നു നിൎണ്ണയിച്ചു ശത്രുഘ്നനെ നൊക്കിയരുളിച്ചെയ്തൂതും ചെയ്താർ. കെൾക്ക ശത്രുഘ്നകുമാരാ നിണക്കു ലവണനെക്കൊൽവാൻ ശക്തിപൊരായെന്നു നിരൂപിച്ചിട്ടുമല്ലാ, നിന്നുടെ താതൻ ദശരഥചക്രവൎത്തി ചതുസ്സാഗരപൎയ്യന്തത്തിനകത്തധിപനല്ലൊയെന്നാലവന്നുടെ പ

ത്രനല്ലൊ മഹാരാജാവു ശ്രീരാഘവചക്രവൎത്തിയുമെ നാലവൻ തന്തിരുവടിയുടെയനുജഭ്രാതാവാകയുമുണ്ടു നീയുമതുകൊണ്ടു നിന്നുടെ ബാഹുവീൎയ്യബലശക്തി പരാക്രമങ്ങൾ ഞങ്ങൾക്കറിഞ്ഞുകൂടായെന്നും പിന്നെ യസുരനെക്കൊൽകയല്ല സകല ലൊകങ്ങളും നി ജയിക്കണമെന്നുവെച്ചാലതിന്നും കുറവില്ലെന്നു ഞങ്ങ ളറിഞ്ഞിരിക്കുന്നുയെന്നാലസുരനെ കൊൽവാനുപായ ത്തെ ഞങ്ങളറിയിച്ചെന്നെന്നരുളിച്ചെയ്തതുനെരം ശത്രുഘ്നകുമാരനും കൊപമടക്കിയെല്ലാവരും കൂടപ്പൊ യി ഗംഗയൊടു തിരുവയൊദ്ധ്യാപുരിയൊടിടയിൽ രണ്ടു നാൾ വസിച്ചു മൂന്നാം ദിവസം പൊയി ഗംഗാ കടന്നു തമസാനദിതീരമുണ്ടു വാന്മീകിമഹൎഷിയുടെ യാശ്രമമവിടെച്ചെന്നു മഹൎഷിയെക്കണ്ടു നമസ്കരിച്ചു പൊകണമെന്നു നിൎണ്ണയിച്ചു മദ്ധ്യാഹ്നസമയത്തു ഗംഗാ കടന്നു തന്നുടെ പടയെല്ലാം ഗംഗാതീരത്തു വന ഭൂമിയിൽ നിൎത്തി മഹൎഷിമാരൊടും ബ്രാഹ്മണരൊടും കൂടി ശ്രീവാന്മീകിമഹൎഷിയുടെയാശ്രമത്തെ പ്രാപിച്ചു ശത്രുഘ്നകുമാരനും പൊടുങ്ങനവെ ചെന്നു മഹൎഷിയെ നമസ്കരിപ്പൂതും ചെയ്താൻ. അതുനെരം മഹൎഷിമുഖ്യ നും പെരുതായാദരവാൎഘ്യപാദ്യാചമനീയമായുള്ള പൂജാസാധനങ്ങളെക്കൊണ്ടു മഹൎഷിമാരെയും ബ്രാഹ്മ ണരെയും ശത്രുഘ്നകുമാരനെയും പൂജിച്ചു പിന്നെ രമ ണീയമായിരിക്കുന്ന ചിലവ ഇരിപ്പാനും കൊടുത്തുട നെല്ലാവരുമിരുന്നരുളുവിതും ചെയ്താർ. അതുനെരം ശത്രുഘ്നനും മഹൎഷിയെത്തൊഴുതുകൊണ്ടറിയിപ്പൂതും ചെയ്താൻ. കെൾക്ക മഹാനുഭാവനായുള്ളൊവെ നി

ന്തിരുവടിയുടെയാശ്രമത്തിന്ന വടക്കെ പുറത്തു ഭാഗ
ത്തു ജീൎണ്ണമായിരിപ്പൊരാശ്രമം കാണായതാക്കുള്ളവെ
ന്നുമവിടെക്കുടിയിരിക്കുന്നതാരെന്നുമതെന്തിപ്പൊളൊ
ഴിഞ്ഞു പൊയതെന്നുമരുളിച്ചെയ്ക ഭഗവാനെയെന്നു
ശത്രുഘ്നകുമാരൻ തൊഴുതറിയിച്ചതു കെട്ടു തെളിഞ്ഞ
മാനസനായരുളിച്ചെയ്‌വതും ചെയ്താൻ മുനിമുഖ്യൻ.

കെൾക്ക ശത്രുഘ്നകുമാര പണ്ടു സൂൎയ്യവംശസംഭൂത
നായൊരു രാജാവുളവായാനവന്നു സൌദാസനെന്ന
നാമത്തൊടും കൂടിയിരിപ്പൊരുത്തനാകയുമുണ്ടു. അവൻ
പെരിക ധൎമ്മാത്മാവായി മഹാവീൎയ്യവാനായിരിപ്പൊ
രുത്തൻ. അവനയൊദ്ധ്യാപുരിയാകുന്ന രാജധാനിയി
ലിരുന്നാട്ടതാണ്ണും പ്രജാപരിപാലനം ചെയ്തു സുഖി
ച്ചു വസിക്കുമതുകാലമവന്നു മിത്രസഹനെന്നൊരു പുത്ര
നുളവായിതും ചെയ്താൻ. അവൻ പെരിക ധൎമ്മാത്മാ
വായി വീൎയ്യപുരുഷനായിരിപ്പൊരുത്തനവൻ നായാ
ട്ടിന്ന പെരിക നിൎബ്ബന്ധമുള്ളൊരുത്തനാകകൊണ്ടു
വനങ്ങളിൽ പെരുമാറി മൃഗങ്ങളെ വളരെക്കൊന്നു
പച്ചിറച്ചിയും തിന്നു പെരുമാറി നടക്കുന്ന കാലത്തിരി
വർ രാക്ഷസന്മാർ പെരികപ്പാപികളായി ക്രൂരന്മാരാ
യി ദുഷ്ടാത്മാക്കളായി ബ്രാഹ്മണരെയും പശുക്കളെയും
മഹൎഷിമാരെയും കൊന്നിറച്ചിയും തിന്നു പെരുമാറി
നടക്കുന്ന രാക്ഷസർ പച്ചിറച്ചിയിലെ ശ്രദ്ധയൊരു
ജാതിയുമലംബുദ്ധിവരായ്കയാൽ പിന്നെയും വനമൃഗങ്ങ
ളെയാരാഞ്ഞു നടക്കയും മാനുകൾ പന്നികളിത്യാദിമൃ
ഗങ്ങളെക്കൊന്നു തിന്നു നടക്കുമതുകാലം രാജകുമാരൻ
വനമൃഗങ്ങളെയാരാഞ്ഞു നടക്കുന്നവന്നു കാണായി

രണ്ടു പെർ രാക്ഷസന്മാരും പുലിവെഷമവലംബിച്ചു
പൊന്നു വരുന്നതു കണ്ട നെരം രാജകുമാരനും ക്രുദ്ധ-
കൊട്ടുതായിരിക്കുന്ന ശരമെടുത്തു ചെവിമറിയ വലിച്ചു
പ്രയോഗിച്ചുതുനെരമമ്പൊരു പുലിയ്ക്കലൊന്നു ചാവി
ലും ചെയ്തു. അതുനെരം തന്നുടെ സഖി മരിച്ചു വീണ
തുകണ്ടു പെരിക ദുഃഖിച്ചു പുലിവെഷം കളഞ്ഞു പൂർവ്വ
മിരിക്കുന്ന രാക്ഷസവെഷമവലംബിച്ചു രാജകുമാരനെ
നൊക്കിച്ചൊല്ലുവിതും ചെയ്താൻ. നിന്നൊടൊരു
വൈരവിരൊധം ഞങ്ങൾ ചെയ്തില്ലല്ലൊ പിന്നെ
യെന്തു കാരണമായെന്നുടെ സഖിയെ നീ കൊന്ന
തെന്നു മിത്രസഹനനൊടു രാക്ഷസവീരൻ ചൊദിച്ചു
പിന്നെയും ചൊല്ലിനാൻ രാക്ഷസവീരൻ. നീയെന്നു
ടെ സഖിയെ കൊന്നതിന്നു നിന്നൊടിതിന്നു പ്രതി
ചെയ്വാനെന്നാലിപ്പൊൾ കഴികയില്ലെന്നുമെന്നാൽ
കൂട്ടമ്പൊലിതിന്റെ ഫലം നിണക്കു വരുത്തുന്നുണ്ടെന്നും
ചൊല്ലി പിന്നെയുമിവൻ കൊല്ലുമെന്നൊർത്തു പൊട്ടു
ങ്ങനവെ പൊയംബരമാർഗ്ഗെ മറഞ്ഞു വസിച്ചാനിരാ
ക്ഷസവീരൻ. മിത്രസഹനും പൊയി തിരുവയൊ
ദ്ധ്യയെ പ്രാപിച്ചു സുഖിച്ചു വസിക്കും കാലം മിത്രസ
ഹനും നിരൂപിച്ചുയെന്നുടെ പൂർവ്വന്മാർ മുന്നമെറിയ
അശ്വമെധം ചെയ്തു വസിച്ചാരല്ലൊയെന്നാൽ ഞാനു
മൊരശ്വമെധം ചെയ്യണമെന്നു നിർണ്ണയിച്ചു സൂര്യ
വംശരാജാക്കന്മാർക്ക് ഗുരുവാകിയ വസിഷ്ഠമഹർഷിയെ
ച്ചെന്നു നമസ്കരിച്ചറിയിപ്പതും ചെയ്താൻ. ഭഗവാ
നെയെന്നെക്കൊണ്ടൊരശ്വമെധമാകുന്ന യജ്ഞത്തെ
ച്ചെയ്യിച്ചുതരവെണമെന്നു തൊഴുതറിയിക്കക്കെട്ടരുളി

ചെയ്തിതു വസിഷ്ഠഭഗവാൻ. കെട്ടക്ക മിത്രസഹാ
നിന്നക്കിതു തൊന്നിയതെത്രയും പെരിക ഗ്ഗുണമുള്ളൊ
ന്നാകയുമുണ്ടെന്നാലതിന്നു വിധിപ്രകാരമുള്ള ഉപക
രണമെല്ലാമൊരുക്കുകെന്നരുളിച്ചെയ്തു പിന്നെ വസി
ഷ്ഠമഹൎഷിയും യജ്ഞത്തിന്നു ദീക്ഷപുക്കിരിക്കുമതുനെരം
മിത്രസഹരാജനും യജ്ഞത്തിന്നു വെണ്ടുമുപകരണമെല്ലാ
മൊരുക്കി വന്നു മഹൎഷിയൊടറിയിക്കുമതുനെരം വസി
ഷ്ഠഭഗവാനും അത്ഭുതവണ്ണമശ്വമെധം ചെയ്തൊടു
ക്കിയതുനെരം മഹൎഷിമാൎക്കും ബ്രാഹ്മണൎക്കുമത്ഭുതവണ്ണം
ദാനംചെയ്തു മെവുമതുകാലം മുന്നു പുലിയായി വന്ന
രാക്ഷസരിലൊരുവനെ രാജാവു കൊന്നതു കണ്ടു
മറെറവൻ ഭയപ്പെട്ടുംബൊരമെ മറിഞ്ഞു പൊയവൻ
പൂൎവ്വവൈരവിഷയമായി രാജാവെ പരിഭവിക്കണമെ
ന്നു നിൎണ്ണയിച്ചു സമയം പാൎത്തു നില്ക്കുമതുകാലം മായ
യാലെ വസിഷ്ഠമഹൎഷിയുടെ രൂപമവലംബിച്ചു രാജാ
വിൻമുമ്പിൽ ചെന്നു നില്പിതും ചെയ്താൻ. അതു കണ്ടു
മിത്രസഹനും മഹൎഷിയെ വലത്തുവെച്ചു നമസ്കരി
ച്ചു രമണീയമായിരിക്കുന്ന സിംഹാസനം കൊടുത്തി
രുത്തി തൊഴുതുപ്രകാരമെ താനുമിരുന്നു മഹൎഷിയെ
വന്ദിച്ചറിയിച്ചാനിരാജകുമാരൻ. എന്തു വിചാരിച്ചെ
ഴുന്നള്ളി ഭഗവാനെയെന്നാലായതരുളിച്ചെയ്താലായ
തുപൊലെ ഞാൻ ചെയ്യുന്നുണ്ടെന്നു രാജാവറിയിച്ചതു
കെട്ടു മായാവസിഷ്ഠനരുളിച്ചെയ്തു. രാജാവെ! പര
മരഹസ്യമായുണ്ടൊരു കാൎയ്യംപറവാൻ അതാരുമൊ
രുത്തരറിയുകയുമരുതു. ആയതറിഞ്ഞൊരാൻ സൎവ്വലൊക
രും നിന്ദിച്ചു പറകയും ചെയ്യും. നീ താനറിയുന്നതും

നിന്നോട പറകയെന്നാലും കറഞ്ഞൊരിളപ്പമുണ്ടെ
ങ്കിലും നീയറിയാഞ്ഞാലതാകയില്ലതുകൊണ്ട നവ
ഗൊപ്യമായിരിക്കയും വെണമെന്നാലെനിക്കിന്ന മീന
മിറച്ചിയും കൂട്ടി നൃപെന ഭക്ഷിക്കെണ്ടതിൻ പെരിക
ശ്രദ്ധപെട്ടിരിക്കുന്നു മഹാരാജാവെയെന്നപ്രകാരം
ചൊല്ലിനാൻ മായാവസിഷ്ഠൻ. അതുകെട്ട തൊഴുത
റിയിച്ചാൻ രാജാവും· യാതൊന്ന നിന്തിരുവടിക്ക
ശ്രദ്ധയുള്ളതെന്നാലായതിനെച്ചെയ്യുന്നുണ്ട ഞാൻ, നി
ന്തിരുവടിയാശ്രമത്തിലെഴുന്നരുളുക ഭഗവാനെയെന്ന
രാജാവു ചൊല്ലുകെട്ട മായാവസിഷ്ഠനെഴുന്നരുളി പ
ൎണ്ണശാലയെ പ്രാപിപ്പൂതും ചെയ്താൻ. പിന്നെയിരാജാ
വും പൊയി പുതിയൊരിറച്ചിയും മീനും കൊണ്ടുവന്ന
പെരിക സ്വാദുകരമായിരിക്കുന്ന ഭൊജനസാധനങ്ങളുമ
ന്നരാശികളും ചമച്ച മററാരും കൂടാതെ തന്റെ ദെ
വിയാകിയ മദയന്തിയും താനുമായി ഭൊജനസാധന
ങ്ങളെയുമെടുത്തു പൊയി വസിഷ്ഠമഹൎഷിയുടെയാശ്ര
മത്തിലകത്തു പുക്ക മഹൎഷിയെ നമസ്കരിച്ച തൊഴുത
റിയിപ്പൂതും ചെയ്താൻ. ഭഗവാനെ നിന്തിരുവടിയരു
ളിച്ചെയ്തപ്രകാരം ചമച്ച കൊണ്ടുവന്ന അന്നരാശി
അമൃതമയമാകുംവണ്ണമമരെത്തു ചെയ്കവെണം സ്വാ
മിയെന്നിപ്രകാരം രാജാവു തൊഴുതറിയിക്കകെട്ട മ
ഹൎഷിയുമമരെത്തിനെഴുന്നള്ളിയതു നെരം മീനമിറ
ച്ചിയും കണ്ടു കൈകടഞ്ഞെഴുന്നൊരവ കൊപിച്ചരുളു
വിതും ചെയ്താൻ. എന്തു ദുരാത്മാവെ പണ്ടെന്നും കാ
ണാതെയും കെൾക്കാതെയും അറിയാതെയുമവസ്ഥ
കൊണ്ടുവന്ന തന്ന നിശ്ശങ്കനായി നിൽക്കുന്ന ദുഷ്ടരാജാ

റെ മാംസമശിപ്പാൻ കൊണ്ടുവന്ന നീ പച്ചിറച്ചിയും
തിന്നു പന്തിരാണ്ടെക്കാലം രാക്ഷസനായിപ്പോകയെ
ന്നു ശപിപ്പതും ചെയ്തു വസിഷ്ഠമഹർഷി. അതു കേട്ടു
രാജാവും പെരികെക്കോപിച്ചു ചൊൽവിതും ചെ
താൻ. മുന്നം വന്നൊന്നൊരു മാംസം കൂട്ടി ഭക്ഷിക്കണ
മെന്നു ചൊല്ലിപ്പോയപ്പോഠം നാനാമച്ചണം ഭോജന
ങ്ങളും ചമച്ചു കൊണ്ടുവന്നപ്പോളെന്നെശ്ശപിക്കയല്ലൊ
ചെയ്തതെന്നാൽ ഞാനും കൂടശ്ശപിക്കുന്നുണ്ടെന്നു
ചൊല്ലി രണ്ടു കൈകൊണ്ടും നീർ കോരിപ്പിടിച്ചു
നിന്നു മഹർഷിയുടെ മേൽ നീർ വീഴ്ത്തുവാൻ നിന്ന
രാജാവിനെക്കണ്ടു രാജാവിന്റെ പത്നിയാകിയ മദയ
ന്തി അവഠം പെരികെ വിചാരമുള്ളോരുത്തിയാകയും ബു
ദ്ധിയുള്ളോരുത്തിയാകയുമുണ്ടെന്നൊരുത്തി കൊണ്ടു ഭർത്താ
വെത്തൊഴുതു നമസ്കരിച്ചു ചൊൽവിതും ചെയ്താഠം.
ഭർത്താവെ ബ്രാഹ്മണൻ കോപിച്ചു ശപിക്കുമ്പോഠം കൂട
ശ്ശപിക്കുന്നതൊട്ടും യോഗ്യവുമല്ലാ; മഹർഷിയങ്ങി
ച്ചെയ്ത ശാപമനുഭവിച്ചു താൻ നിനച്ചു പിശാചകോ
പമടക്കി തന്നുടെ കൈയിൽ ഋഷിയുടെമെൽ വീഴ്ത്തു
വാൻ കോരിയ ജലം തന്നുടെ കാൽ രണ്ടിന്മേലും വീ
ഴ്ത്തിക്കൊഠംകയെന്നു പത്നി പറഞ്ഞതു കേട്ടു രാജാ
വും തന്നുടെ കോപമടക്കി തന്നുടെ കൈയിലിരിക്കും
നീർ തന്നുടെ കാലു രണ്ടിന്മേലും വീഴ്ത്തിനാൻ രാജാ
വും. അന്നീർ തന്നുടെ കാൽമേൽ വീണതുനേരം കാ
ലു രണ്ടും കറുത്തു പൊറിവിതും ചെയ്തു. അതു കണ്ടു
മഹർഷിയും കോപമടക്കി രാജാവിൻ പക്കലെതുമൊ
രു ദോഷമില്ലെന്നറിച്ചു ദിവ്യംചക്ഷുസ്സുകൊണ്ടു നൊ

കിയപ്പൊളുള്ളവണ്ണം കണ്ടറിഞ്ഞരുളി വസിഷ്ഠമഹ
ൎഷി. കെൾക്കാ രാജാവെവെന്നുടെ രൂപം സംഗ്രഹി
ച്ചു നിന്നെ നശിപ്പിക്കണമെന്നുറച്ചു നിന്നുടെ വൈരി
യായിരിക്കുന്ന ശത്രു വന്നുപദെശിച്ചു നീയറിയാതെ
ചെയ്തിരിക്കുന്ന അപരാധമായതല്ലാതെ നിന്നാലുമെ
ന്നാലുമുള്ളൊന്നല്ലാ ഇതൊരു രാക്ഷസൻ വന്നു ചെ
യ്തതെന്നരുളിച്ചെയ്തുതെന്നാൽ ബ്രാഹ്മണശാപം പാഴ
തായിപ്പൊകയുമില്ലാ. അതുകൊണ്ടു വനത്തിൽ ചെ
ന്നു പന്തീരാണ്ടിറച്ചിയും തിന്നു രാക്ഷസവെഷമവലം
ബിച്ചു വസിക്കയെന്നരുളി. പിന്നെ പന്തീരാണ്ടു
കഴിഞ്ഞാൽ പണ്ടെപ്പൊലെ രാജ്യപരിപാലനം
ചെയ്ക രാജാവെയെന്നരുളിപ്പിന്നെയുമരുളി മഹ
ൎഷിമുഖ്യൻ. പന്തീരാണ്ടുകഴിഞ്ഞാൽ ശ്രീവാല്മീകിമ
ഹൎഷിയെച്ചെന്നു കണ്ടു നമസ്കരിച്ചു സൎവ്വപ്രായശ്ചി
ത്തമായിരിപ്പൊരശ്വമെധവും ചെയ്തു ദക്ഷിണയും
ചെയ്താശീൎവ്വാദവും വാങ്ങി തിരുവയൊദ്ധ്യാപുരിയെ
പ്രാപിച്ചു പ്രജാപരിപാലനം ചെയ്ക രാജാവെയെ
ന്നു ശാപമൊക്ഷവുമനുഗ്രഹിച്ചു പിന്നെയിന്നു തുടങ്ങി
കന്മഷപാദനെന്ന പെരു നിണക്കെന്നരുളിയതുനെ
രം രാജാവും രാക്ഷസവെഷമവലംബിച്ചു വനം പ്രാ
പിച്ചു ഇറച്ചിയും തിന്നു നടന്നിങ്ങിനെ ചിരകാലം
നടന്നു പന്തീരാണ്ടു കഴിഞ്ഞപ്പൊൾ ഉടനെ ഇവിടെ
വന്നു അശ്വമെധവുമട്ടതവണ്ണമെ ചെയ്തൊടുക്കി
ദാനവും ചെയ്തു രാജ്യത്തിന്നു പൊയിസ്സുഖിച്ചു വസി
പ്പുതും ചെയ്താൻ. എന്നിപ്രകാരം ശ്രീവാല്മീകി മഹ
ൎഷി ശത്രുഘ്നകുമാരനെ കെൾപ്പിപ്പുതും ചെയ്തു. പി

ന്നെ ശത്രുഘ്നകുമാരൻ ശ്രീവാല്മീകിമഹൎഷിയുടെ ആശ്രമത്തിങ്കൽ മഹൎഷിവൎഗ്ഗത്തോടും അനേകമായിരം പടജ്ജനത്തോടും അന്നു രാത്രിയവിടനിന്നു പുരാണകഥയും പറഞ്ഞു രസിച്ചു എട്ടു പത്തു നാഴിക ചെല്ലുന്നേരമെല്ലാവരും നിദ്രയെ പ്രാപിപ്പൂതും ചെയ്താർ. അന്നു രാത്രിയവിട വസിച്ചു പിറെറന്നാളെതിരവെ പുറപ്പെട്ടു തമസാനദിയിലിറങ്ങി സ്നാനം ചെയ്തു തന്റെ അനുഷ്ഠാനകൎമ്മമെല്ലാം ചെയ്തൊടുക്കി ശ്രീവാല്മീകിമഹൎഷിയെച്ചെന്നു നമസ്കരിച്ചു അനുജ്ഞയും വാങ്ങി മഹൎഷിമാരൊടും ബ്രാഹ്മണരൊടും പടജ്ജനത്തൊടും കൂടപ്പുറപ്പെട്ടേഴുനാളിടയിൽ വസിച്ചെട്ടാംനാൾ യമുനാതീരം പ്രാപിച്ചു യമുനയുടെ വടക്കെക്കരയിലിരിക്കുന്ന മഹൎഷിമാരെച്ചെന്നു നമസ്കരിച്ചു തൊഴുതു നില്പിതും ചെയ്താൻ ശത്രുഘ്നകുമാരൻ.

ഇന്നിവിടെ വസിച്ചു പുലർകാലെ ചെന്നു ലവണനെ വധിക്കാമെന്നു നിൎണ്ണയിച്ചു മഹൎഷിമാരിൽ പ്രധാനനായിരുന്ന ശൌനകെയമഹൎഷിയുടെയാശ്രമത്തിലകത്തു ചെന്നു മഹൎഷിയെ വലത്തുവെച്ചു നമസ്കരിച്ചു തൊഴുതു നില്ക്കുന്ന ശത്രുഘ്നകുമാരനെക്കണ്ടു മഹൎഷിയും പെരിക പ്രീതിപ്പെട്ടു ശത്രുഘ്നകുമാരനെ പൂജിച്ചു ഇരിപ്പൂതാക കുമാരായെന്നു മഹൎഷിയരുളിച്ചെയ്കയാലെ തൊഴുതപ്രകാരം താനുമിരിപ്പൂതും ചെയ്താൻ. പിന്നെ മഹൎഷിയെ നോക്കിയറിയിച്ചാൻ ശത്രുഘ്നകുമാരൻ. അരുളിച്ചെയ്ക ഭഗവാനെ ലവണനെന്ന രാക്ഷസന്റെ ഉല്പത്തിയും ബലവീൎയ്യപരാക്രമശക്തിയും അരുളിച്ചെയ്കവേണം ഭഗവാനെയെ

ന്നിപ്രകാരം ശത്രുഘ്നകുമാരനറിയിക്കകെട്ടു തെളിഞ്ഞ മാനസനായരുളിച്ചെയ്താൻ മുനിമുഖ്യൻ. കെൾക്ക ശത്രുഘ്നകുമാര നിണക്കറിവില്ലായ്കകൊണ്ടല്ലായെങ്കിലുമൊരുപദെശം ഞാൻ പറഞ്ഞുതരുന്നുണ്ടു. തന്നുടെ ശത്രുവിനെയൊരുനാളും നിന്ദിക്കയില്ലാ ബുദ്ധിയുള്ള പുരുഷൻ. ശത്രു ബലവാനെങ്കിലും ദുർബ്ബലനെങ്കിലും പെരിക ആദരിച്ചുവെണമിതിപ്പാനൊരിക്കലും അപ്രിയം പറയാതെ സ്നെഹിച്ചിരുന്നു ചള ച്ഛിധത്തിലും കരുതി സമയമട്ടുകളെപ്പൊറം പറഞ്ഞും കൊണ്ടു കഴുതാക്കുകയും വെണം. അങ്ങിനെയല്ലാത പുരുഷനൊരുനാളുമൊരുത്തിയിൽ നിന്നുമൊരു ജയം വന്നിട്ടു കാണുമാറാമില്ലായെന്നാൽ ശത്രുവിനെയൊരുനാളും നിന്ദിക്കൊല്ലാ, തന്നെയറിഞ്ഞൊതുങ്ങിരിക്കയും വെണം. ലവണനൊടു വൈരം നിരൂപിക്കാതെയുമവനെയെനിക്കു ജയിച്ചു കൂടുമൊയെന്നു നിരൂപിക്കാതെയും ഭവാനവനെക്കൊന്നു ദെവകളെയും മഹർഷിമാരെയും ബ്രാഹ്മണരെയും പശുക്കളെയും രക്ഷിപ്പതും ചെയ്ക. അതിന്നൊരുപായമുണ്ടതുവും പറയാം. പണ്ടു ശ്രീമഹാദെവന്തിരുവടിയൊരു ശൂലമുണ്ടവൻപിതാവാകിയ മധുപന്നു കൊടുത്തിരിക്കുന്നു; ആയതു പിതാവൊടു ലവണൻ ബലാൽ പറിച്ചുകൊണ്ടാൻ. എന്നാലശ്ശൂലമവൻകൈയിലിരിക്കുന്നൊരമാതാലുമവനെക്കൊന്നുകൂടാ; മുന്നമൊരിക്കൽ മന്ധാതാവെന്ന രാജാവു കലഹിച്ചു പെരിമ്പടയൊടുംകൂടി യുദ്ധത്തിന്നുവന്നു വിളിച്ചനെരം ലവണനും കൊപിച്ചു യുദ്ധത്തിന്നു പുറപ്പെട്ടു ശൂലമെടുത്തു പ്രയൊഗിച്ചു

ഇന്നെരം പൊട്ടുന്നവെ ശൂലം ചെന്നു മാന്ധാതാ
വിനെയും പടജ്ജനത്തെയും ഭസ്മമാക്കിക്കളഞ്ഞു പി
ന്നെ ശീഘ്രം വന്നു ലവണൻകൈയിൽ പുക്കിതു ശൂല
വുമെന്നാലശ്ശൂലമവൻകൈയിലിരിക്കുന്നെരം നിന്ന
ക്കവനെക്കൊന്നു കൂടതാനാമെന്നാലവൻ പുലരിയെ
പുറപ്പെട്ടു കളിച്ചു ശുദ്ധനായിച്ചെന്നു ശൂലമകത്തു പീ
ഠത്തിന്മെൽ വെച്ചു ജലഗന്ധപുഷ്പധൂപനിവെദ്യാദിക
ളെക്കൊണ്ടു പൂജിച്ചുച്ചയാകുമ്പൊഴും പച്ചിറച്ചിയും
കൊണ്ടുവന്നകംപൂവിതും ചെയ്യും. പുറപ്പെട്ടാലവന
കംപൂകംമുന്നെ ചെന്നു ഗൊപുരദ്വാരത്തിൽ ചെന്നു മുട്ടി
ച്ചു അകത്തിളക്കാതെ കൊല്ലുകയും വെണമെന്നിപ്ര
കാരമരുളിച്ചെയ്തു മഹർഷിമുഖ്യൻ പിന്നെയുമരുളി
ക്കെൾക്കാ ശത്രുഘ്നകുമാരാ നിരായുധനെക്കൊല്ലുമതു
യൊഗ്യമല്ലാ വീരപുരുഷന്മാൎക്കെന്നു ശങ്കിക്കയുമരു
തു. പാപികളായി ദുരാത്മാക്കളായി ദുഷ്ടരായിരിക്കു
ന്ന ജനത്തെ നിരായുധനായിരിക്കിലും കൊല്ലുന്നതു
യൊഗ്യമത്രെയെന്നാലവനകത്തു പൊകുംമുന്നമെ കൊ
ന്നു ഞങ്ങളെ രക്ഷിക്ക ശത്രുഘ്നകുമാരായെന്നരുളി
ച്ചെയ്തു മഹർഷിയും. പിന്നെ ശത്രുഘ്നകുമാരനന്നരാ
ത്രിയുമവിടെ വസിച്ചു പിറെറന്നാളെതിരവെ പുറപ്പെ
ട്ടു നിത്യകൎമ്മാനുഷ്ഠാനങ്ങളെച്ചെയ്തൊടുക്കി ചതുരംഗ
പ്പടയൊടും കൂടി പുറപ്പെട്ടു യമുനയാകുന്ന നദികടന്നു
മധുപുരത്താമ്മാറു ചെന്നു നിരൂപിച്ചു ശത്രുഘ്നകുമാ
രൻ. ഞാനെയവനൊടു ചെന്നു യുദ്ധം ചെയ്യാവുതെ
ന്നുറച്ചു ചതുരംഗപ്പടയെല്ലാം ഗൊപുരദ്വാരത്തു നി
ൎത്തി അരയും തലയും മുറുക്കി യുദ്ധയൊഗ്യനായി ബാ

ണാസനത്തൊടും കൂടിസ്സന്നദ്ധനായി നില്പിതും ചൈ
താൻ ശത്രുഘ്നകുമാരൻ.

അക്കാലത്തു ലവണരാക്ഷസനും പുലരിയെ ചെന്നാ കളിച്ചു ശുദ്ധനായി ശൂലത്തെ പൂജിച്ചാരാധിച്ചു ഭക്തിപ്പെട്ടു തൊഴുതു നമസ്കരിച്ചകത്തുവെച്ചു പുറപ്പെട്ടു പൊയി ബ്രാഹ്മണരെയും പശുക്കളെയും മഹർഷിമാരെയും കൊന്നു രണ്ടു മൂന്നു നാലു നാളെക്കു വെണ്ടുന്ന പച്ചിറച്ചിയുംകൊണ്ടു ഒട്ടു തിന്നിട്ടൊട്ടു തിന്നാതെയും കെട്ടിപ്പെറിവരുന്നതുമുണ്ടു. ചില നാൾ കാലത്തെയും ചില നാളുച്ചക്കും ചില ദിവസം വൈയിന്നെരവുമിങ്ങിനെയവൻ പൊറപ്പൂടെന്നാലന്നു കാലത്തെ കെട്ടിപ്പെറിത്തന്നടെ പുരി നൊക്കി വരുന്നെരം ഗൊപുരം മൂഴം വളരെ നിൽക്കുന്നതും ഗൊപുരദ്വാരത്തിങ്കൽ നിൽക്കുന്ന ശത്രുഘ്നകുമാരനെക്കണ്ടു കൊപിച്ചു ചൊദിച്ചാനിരാക്ഷസൻ. ആരെടൊ നീയെന്നുമെങ്ങുനിന്നു വരുന്നെന്നുമെന്തഭിപ്രായമായി വന്നുവെന്നുമെന്നെക്കാണ്മാൻ വന്നൊരുത്തനാകിലകത്തു പൊകയെന്നുമായതെന്നിയെ എന്നൊടു യുദ്ധത്തിന്നു വന്നൊരുത്തനൊയെന്നു ലവണൻ ചൊദിച്ചപ്പൊൾ ചൊല്ലിനാൻ ശത്രുഘ്നകുമാരൻ. എടൊ രാക്ഷസാധമായെങ്ങുനിന്നു വന്നുവെന്നുമെന്തുകാരണമായി വന്നുവെന്നുമല്ലൊ നീ ചൊദിച്ചതുമെന്നാലായതു കെൾക്ക നീചാധമാ. സൂര്യവംശാലങ്കാരസംഭൂതനാകിയ ദശരഥചക്രവർത്തിയുടെ പുത്രൻ ഞാൻ, പിന്നെ രാക്ഷസഹന്താവാകിയ ശ്രീരാഘവചക്രവർത്തിയുടെ അനുജഭ്രാതാവാകയുമുണ്ടു. ഇപ്പൊൾ ഞാൻ വന്നതിൻ കാരണം നിന്നെ ധർമ്മരാജാ

വിൻെറ ആലയത്തിലൊരുമുഹൂൎത്തനെരംകൊണ്ടു പറ
ഞ്ഞയപ്പാനെന്നു ശത്രുഘ്നകുമാരൻ ചൊല്ലുകെട്ടു പെരി
ക ക്രുദ്ധിച്ചു പല്ലും കടിച്ചു ചൊല്ലിനാൻ രാക്ഷസാ
ധമൻ. എന്തെന്നു പറഞ്ഞതു നരാധമാ നീയെ
ന്തിച്ചൊല്ലിയതുമെന്നാലെന്നുടെ പരാക്രമം നീ കെട്ടു
കൊൾകാ. മുന്നം ചില രാജാക്കന്മാർ ചതുരംഗപ്പ
ടയൊടും വന്നു കൊട്ടയും ഗൊപുരവും വളഞ്ഞെ
ന്നൊടു യുദ്ധം ചെയ്തപ്പൊൾ ഞാനവരെ എല്ലാ
മൊരുമുഹൂൎത്തംകൊണ്ടു കൊന്നു ധൎമ്മരാജാലയത്തിന്നയ
ച്ചിരിക്കുന്നുയെന്നാൽ ദുൎബ്ബലനായിരിക്കുന്ന മനു
ഷ്യാധമാ നീയെന്നൊടെന്തു ചെയ്യുന്നെന്നു രാക്ഷ
സൻ ചൊല്ലുകെട്ടു കൊപിച്ചുരചെയ്തു ശത്രു
ഘ്നകുമാരനും. ദുഷ്ടനായുള്ളൊരായെ രാക്ഷസശ്രെഷ്ഠാ
പറഞ്ഞു ജയിപ്പാനുതകാതെ നമ്മിൽ ദ്വന്ദ്വയുദ്ധം
ചെയ്തിവിടെവെച്ചു നീ ചാകണമെന്നുവെച്ചു ഞാൻ
യുദ്ധം ചെയ്കയും അപ്രകാരം നീയെന്നൊടും നിനച്ചു
യുദ്ധം ചെയ്യാതെ പറഞ്ഞു പെടിപ്പിച്ചാൽ ഭയപ്പെ
ട്ടൊടിപ്പൊമിവനെന്നു നിനക്കവെണ്ടായെന്നിപ്രകാരം
ശത്രുഘ്നകുമാരൻ ചൊല്ലുകെട്ടു ചൊല്ലിനാനിരാക്ഷ
സൻ. എനിക്കമരിക്കണമെന്നു നിനച്ചെന്നൊടു ദ്വന്ദ്വ
യുദ്ധം ചെയ്വാൻ വന്ന നിന്നൊടു യുദ്ധം ചെയ്യണ
മെന്നുവെച്ചാൽ ഞാനൊ നിരായുധനല്ലൊയെന്നാൽ
ഞാനകത്തു ചെന്നായുധമെടുത്തു കൊണ്ടുവരുവാനൊ
രു മുഹൂൎത്തനെരം വാതിൽ വഴങ്ങി വഴി തരെണമക
ത്തു പൊവാനെന്നു രാക്ഷസൻ ചൊല്ലുകെട്ടു ചൊല്ലി
നാൻ ശത്രുഘ്നകുമാരൻ. ദുഷ്ടനായിരിക്കുന്ന നീ മഹൎഷി

മാരെയും ബ്രാഹ്മണരെയും പശുക്കളെയും വെട്ടിക്കൊ
ന്നു തിന്നുന്നൊനാകകൊണ്ടു നിരായുധനായിരിക്കുന്ന
നിന്നെ കൊന്നാലൊരു ദൊഷമില്ലാ, പിന്നെയത്രയു
മല്ലാ ശത്രുവിനെക്കണ്ടാലുടൻ നിരായുധനെങ്കിലും
ആയുധപാണിയെങ്കിലും കൊല്ലണമെന്നുണ്ടു ന്യായം.
അതുകൊണ്ടു നിന്നെ പ്രാണനൊടെ അകത്തു പൊവാ
നയക്കയുമില്ലാ, വിരിയ കാലന്നുക്കയക്കുന്നുണ്ടെന്നു ശത്രു
ഘ്നകുമാരൻ ചൊല്ലുകെട്ട് രാക്ഷസനും കൊപിച്ചു
കൈക്കലിരിക്കുന്ന പലലമെല്ലാം നെലത്തിട്ടു കൈക
ളും തമ്മിൽ തല്ലി ഇടിയലറുംപൊലെ നാലഞ്ചു
പത്തലറി പല്ലും കടിച്ചു പൊട്ടങ്ങനെവെയൊരു മരം
പൊരിച്ചു തല ചുഴററി വിറപ്പിച്ചു ശത്രുഘ്നകുമാരനെ
ലെറിവിതും ചെയ്താൻ. അന്നെരം ശത്രുഘ്നകുമാരനുമ
മ്പുശരം പ്രയൊഗിച്ചു നാകിയിടയിലിട്ടവിതും ചെ
താൻ ശത്രുഘ്നകുമാരൻ. അന്നെരം രാക്ഷസനും മുന്നെ
പ്രകാരം മരം പൊരിച്ചും പാഷാണങ്ങളടത്തിയുമെറി
ഞ്ഞാൻ ശത്രുഘ്നനുടെ മൈമെലിരാക്ഷസൻ. അതിനെ
രവയെല്ലാമുടനുടൻ ശരം പ്രയൊഗിച്ചു മുറിച്ചു
ണ്ണണിയാക്കിക്കളഞ്ഞു. പിന്നെ അനെകം ശരങ്ങൾ
പ്രയൊഗിച്ചതുനെരമസുരന്റെ ശരീരം പിളൎന്ന നീല
പൎവ്വതത്തിന്മെൽ അനെകമായിരം ചെമ്മുരിക്ക പൂത്തു
ലൻപൊലെ രുധിരത്താലണിയപ്പെട്ട ശരീരത്തൊടും
കൂടി നിൽക്കുന്ന രാക്ഷസനെതുമൊരു തളൎച്ചയുണ്ടായ
തുമില്ലാ. അന്നെരം രാക്ഷസനും നിരൂപിച്ചു മരം
പൊരിച്ചടിച്ചിട്ടും പാഷാണമടത്തിയെറിഞ്ഞിട്ടുമി
വനൊരു കറവില്ലെന്നൊൎത്തു കൊപിച്ചൊരു മരാമരം

പൊരിച്ചിലയൂരി കാടിച്ചെന്നാണ്ടു ശത്രുഘ്നകുമാരന്റെ തല ചിതറുമാറു നെററിത്തടത്തിലൊന്നെറിനാനിരാക്ഷസവീരൻ. പിന്നെ ശത്രുഘ്നകുമാരനെറെററു നെററി പിളൎന്നു രുധിരമണിഞ്ഞു തന്നത്താന്മറന്നു വില്ലും ശരവുമിട്ടു മൊഹിച്ചു തെർമെൽ നിന്നു ഭൂമിയിൽ തുള്ളിനാൻ ശത്രുഘ്നകുമാരൻ. അതുനെരം യുദ്ധം കാണ്മാനംബരമാൎഗ്ഗെ വന്നുനിന്ന ദെവകളൃഷികളും കണ്ടു ഭയപ്പെട്ടു അയ്യൊ പാപമെ ശത്രുഘ്നകുമാരൻ മരിച്ചാനെന്നുമെനി നമ്മെയാരുരക്ഷിക്കുന്നെന്നുടനുടനെല്ലാമാശത്തും നിന്നുച്ചൈസ്തരമാകുംവണ്ണം കളകളശബ്ദത്തൊടും പറഞ്ഞു തുടങ്ങിനാരിമ്മഹാപാപിയെക്കൊൽവാനാരെയും കണ്ടില്ലെന്നിവണ്ണം ചൊല്ലി ദെവകളൃഷികളും കൂടി പ്രലാപിക്കുന്നകാലത്തു ശത്രുഘ്നകുമാരൻ മരിച്ചാനെന്നു രാക്ഷസനും നിരൂപിച്ചു പൊട്ടങ്ങനവെ ശത്രുഘ്നനെയടുക്കെച്ചെന്നുനൊക്കി പെരികച്ചിരിച്ചു സന്തൊഷിച്ചു ശത്രുഘ്നന്റെ ആയുൎവ്വിനാശം കാങ്കയാലിരാക്ഷസൻ. പിന്നെ ദെവബ്രാഹ്മണമഹൎഷിമാരെ രക്ഷ വരുത്തുവാൻ വന്നപ്പൊളിപ്രകാരം വന്നതെന്നുമെന്നാലതു കാരണമായി രാക്ഷസനകത്തുപൊയി ശൂലമെടുക്കാഞ്ഞതുമിവന്മരിച്ചാനെന്നു തൊന്നുവാനും. പിന്നെ ലവണനും നിരൂപിച്ചു ഞാനിവനെയുമെടുത്തു മുന്നം കൊണ്ടുവന്ന ഏറച്ചിയും കൂടെയെടുത്തകത്തു പൊകണമെന്നു കല്പിച്ചു പൊട്ടങ്ങനവെ ചെന്നിറച്ചിയെടുപ്പാൻ പൊയപ്പൊഠം ദെവകളൃഷികളും ബ്രാഹ്മണരും കൂടി ശത്രുഘ്നകുമാരൻ ജീവിപ്പൊയാകായെന്നുടനുടൻ മന്ത്രങ്ങ

ളെ ജപിക്കുമന്നെരം ശത്രുഘ്നകുമാരനും മൊഹം തീൎന്നു വിരണ്ടെഴുനീററു വില്ലും ശരമെടുത്തു തെരിലാമ്മാറു കരയെറി പെരിക ലജ്ജയാലുണ്ടാകുന്ന കൊപത്തൊടും കൂടിക്കണ്ണിഴി ചുകന്നു കൊട്ടുണരമ്പെടുത്തു പുരികക്കൊടി വിറച്ചു തിരുവുടമ്പും വിറച്ചു ക്രുദ്ധിച്ചു നിരൂപിച്ചാൻ. മുന്നം ഞാനിവനെക്കൊൽവാൻ വരുമ്പൊളെന്റെ ജ്യെഷ്ഠഭ്രാതാവെൻ കൈയിലൊരു പള്ളിയമ്പെടുത്തു തന്നതെന്നാലതുകൊണ്ടു കൊൽവനിവനെയെന്നു നിൎണ്ണയിച്ചു പള്ളിയമ്പു പൂൎവ്വജനെച്ചിന്തിച്ചു തൊഴുതെടുത്തു തൊടുത്തു ബ്രഹ്മാസ്ത്രമന്ത്രമതിന്മൂൎച്ചമെലഭിമന്ത്രിച്ചു വജ്രങ്കണക്കെയുമഗ്നിജ്വാലകണക്കെയുമെരിഞ്ഞെഴുന്ന വെഗത്തൊടു മഹാമെരുപൊലെയും മന്ദരംകണക്കെയും ഇരിക്കുന്ന പള്ളിയമ്പു പൂൎവ്വജനെ മനസ്സുകൊണ്ടു വഴിപൊലെ വന്ദിച്ചു തൊഴുതെടുത്തു തൊടുത്തു ചെവിമറിയ വലിച്ചു രാക്ഷസന്റെ ഹൃദയം പിളൎന്നു പ്രാണൻ പറിച്ചു മറുഭാഗത്തു കടന്നുകെന്നാമതളിച്ചെച്ചു പ്രയൊഗിപ്പൂതും ചെതാൻ. അന്നെരം പ്രളയാഗ്നിപൊലെയെരിഞ്ഞെഴുന്നു ചെന്നു രാക്ഷസന്റെ ഹൃദയം പിളൎന്നു വജ്രമെററവനിയിൽ പൎവ്വതമടൎന്നുവീണപൊലെ മരിച്ചു ഭൂമിയിൽ വീണാനിദ്ദുഷ്ടരാക്ഷസലവണൻ. അന്നെരം മധുരാപുരിക്കകത്തു സിംഹാസനത്തിന്മെൽ പൂജിച്ചു വെച്ചു ശൂലമിളകി പുറപ്പെട്ടെരിഞ്ഞെഴുന്ന തെജസ്സൊടും കൂടി ശ്രീകൈലാസം നൊക്കിപ്പൊയിതും ചെയ്തു. അതു കണ്ടു ദെവകളും മഹൎഷിമാരും മഹാബ്രാഹ്മണരും ശത്രുഘ്നകുമാരനും പെരിക വിസ്മയിച്ചു

നൊക്കി നില്പിതും ചെയ്താർ. പിന്നെ രാക്ഷസനെ ക്കൊന്നു നിന്ന ശത്രുഘ്നകുമാരനെക്കണ്ടു ദെവകളുമൃഷി കളും പെരികസ്സന്തൊഷിച്ചു പുഷ്പവൃഷ്ടിയെച്ചെയ്തു സമുദ്രഘൊഷംപൊലെ ദുന്ദുഭിയും കൊട്ടി മുഴങ്ങിച്ചു നില്പിതും ചെയ്താർ.

അക്കാലത്തു ശത്രുഘ്നകുമാരൻ യമുനാതീരവാസികളായ മഹർഷിമരെച്ചെന്നു നമസ്കരിച്ചു നില്ക്കമെളുനെരം മഹർഷിമാരുമാശീർവ്വാദമുടനുടൻ ചെയ്തു പിന്നെ ഉഭയകുലശുദ്ധരായിരിക്കുന്ന ബ്രാഹ്മണരെക്കൊണ്ടു മധുരാപുരി ശുദ്ധിവരുത്തിത്താനവിടെ വസിച്ചു പിന്നെ മധുരാപുരിക്കു പുറത്തു ഭാഗത്തു ബ്രാഹ്മണരെയും മഹർഷിമാരെയും കുടിയിരുത്തി സുഖമാക്കിച്ചെയ്വുതും ചെയ്താൻ. പിന്നെ ആനതെർക്കുതിരകാലാൾ പടയൊടുമമാത്യവർഗ്ഗത്തൊടും ബന്ധുജനത്തൊടും കൂടി ഒട്ടത്തവണ്ണമെ രാജ്യം പരിപാലിച്ചു സുഖിച്ചു പന്തീരാണ്ടു കഴിഞ്ഞപ്പൊൾ നിരൂപിച്ചാൻ ശത്രുഘ്നകുമാരൻ. ഞാൻ പന്തീരാണ്ടായല്ലൊ ഇവിടെ വന്നിട്ടെനിയെന്നാൽ തിരുവയൊദ്ധ്യയെ പ്രാപിച്ചു ജ്യെഷ്ഠഭ്രാതാവിനെക്കണ്ടു നമസ്കരിക്കണമെന്നു നിർണ്ണയിച്ചു മന്ത്രിമാരെ വിളിച്ചു വരുത്തി രാജ്യവും പടയും ഭണ്ഡാരവുമവർകൈയിലെല്പിച്ചു കുറഞ്ഞൊരു പടജ്ജനത്തൊടും കൂടി മധുരാപുരിയിൽ നിന്നു പുറപ്പെട്ടു പൊന്മയമായ തെരിൽക്കരയെറിപ്പൊയി ഏഴുനാളിടയിൽ വസിച്ചെട്ടാന്നാളുച്ചനെരത്തുവന്നു ശ്രീവാല്മീകിമഹർഷിയുടെയാശ്രമത്തിൽച്ചെന്നു മഹർഷിയെക്കണ്ടു വലത്തുവെച്ചു നമസ്കരിച്ചു നില്ക്കമെളുനെരം

ശ്രീവാല്മീകിമഹൎഷിയും അതിന്മുന്നമെ ശത്രുഘ്നകുമാരനെന്നെക്കാണ്മാൻ വരുന്നൊനെന്നു കെട്ടു ചെന്നെതിരെററു കൂട്ടിക്കൊണ്ടുവന്നൎഘ്യപാദ്യാചമനീയമായുള്ള പൂജാസാധനങ്ങളെക്കൊണ്ടു പൂജിച്ചു സംഭാവിച്ചു ശത്രുഘ്നനെ നൊക്കിയരുളിച്ചെയ്തു മുനിമുഖ്യൻ. കെൾക്കാ കുമാരാ നിന്നെ വളരെ ബഹുമാനിച്ചേൻ ഞാനായതെന്തെന്നാൽ ത്രൈലൊക്യകണ്ടകനാകിന രാവണനെ ബഹുസഹായത്തൊടുകൂടിയല്ലൊ പൊയിക്കൊന്നുമെന്നാലായതും വളരെ ബഹുമാനിക്കെണ്ടതാകയുമുണ്ടു നമ്മുടെ ശ്രീരാഘവചക്രവൎത്തിയെയെന്നാൽ നീ ആരെയും കൂടാതൊരുവനായല്ലൊ ക്രൂരനായി ദുഷ്ടനായിരിക്കുന്ന ലവണനെക്കൊന്നതെന്നാലതുകൊണ്ടെനിക്കു പെരിക ബഹുമാനം നിന്നെയെന്നരുളിച്ചെയ്തു പിന്നെ ദെശകാലാവസ്ഥയുമരുളിച്ചെയ്തിത്തിരി ഇരിക്കുമ്പൊളാദിത്യനസ്തമിച്ചുതുനെരമെല്ലാരും കൂടച്ചെന്നു തമസാനദിയിലിറങ്ങി സ്നാനം ചെയ്തു സന്ധ്യാവന്ദനവും ചെയ്തൊടുക്കി പൎണ്ണശാലയിലകംപുക്കു രാജാൎഹമായിരിക്കുന്ന അന്നരാശികളെ ശത്രുഘ്നകുമാരനും പരിവാരജനങ്ങളെയും ഭുജിപ്പിച്ചു പിന്നെ മഹൎഷിമാരെയും ബ്രാഹ്മണരെയും പെരിക സ്വാദുഷണങ്ങളായുള്ള ഫലമൂലങ്ങളെക്കൊണ്ടു ഭുജിപ്പിച്ചു പിന്നെ രാജാൎഹമായിരിക്കുന്ന ശയനീയം കൊടുത്തതിന്മെൽ ശത്രുഘ്നകുമാരനും വസിച്ചെല്ലാവരുമന്നവിടെയൊരൊരൊ സൽകഥയെല്ലാം പറഞ്ഞു രാമചരിതകഥാമൃതങ്ങളും പറഞ്ഞു പറഞ്ഞും പാടിയും കെട്ടുമന്നു രാത്രി കുറെക്കാലംകൊ

ണ്ടായൊ പോയതെന്നു തൊന്നുമാറു കെട്ടു രസിച്ചു പരമാ
നന്ദത്തൊടുമുറങ്ങി പിറെറന്നാളെതിരവെ ചെന്നു
സ്നാനം ചെയ്തു നിത്യകൎമ്മങ്ങളും ചെയ്തു ശ്രീവാല്മീകി
ഭഗവാനെക്കണ്ടു നമസ്കരിച്ചു വിടകൊണ്ടു തെരിലെ
റിയെല്ലാവരുമായിച്ചെന്നു ഗംഗാ കടന്നു രണ്ടു നാളി
ടയിൽ വസിച്ചു മൂന്നാം ദിവസമുച്ചനെരത്തു തിരുവ
യൊദ്ധ്യയെ പ്രാപിച്ചു നഗരപ്പെരുന്തെരുവൂടെ ചെ
ന്നു ശ്രീരാഘവചക്രവൎത്തിയുടെ ആസ്ഥാനമണ്ഡപ
ത്തിൻ വാതിക്കാലണഞ്ഞു തെരിൽ നിന്നിറങ്ങി ആ
സ്ഥാനമണ്ഡപത്തെ പ്രാപിച്ചു നിൽക്കുമതുനെരം ശ്രീ
രാമദെവന്തിരുവടിയും കിരീടമകുടകുണ്ഡലാദ്യാഭരണ
ഭൂഷിതനായി പതിനാറുകലകളൊടും ഉദിച്ചെഴുന്ന
ചന്ദ്രമണ്ഡലംപൊലെ സുന്ദരമായിരിക്കുന്ന കാന്തി
യൊടും ശ്രീമുഖാരവിന്ദത്തൊടും വിചിത്രമായിരിക്കുന്ന
സിംഹാസനത്തിന്മെൽ പരിവാരജനപരിവൃതനായി
രിക്കുന്ന ശ്രീരാഘവചക്രവൎത്തിയെച്ചെന്നു കണ്ടു വല
ത്തുവെച്ചു നമസ്കരിച്ചു തൊഴുതഭിവാദ്യം ചെയ്തു തൊ
ഴുതുപ്രകാരമെ നിൽക്കുന്ന ശത്രുഘ്നകുമാരനെക്കണ്ടു
മഹാരാജാവുമതുനെരം രണ്ടു തൃക്കൈകൊണ്ടു വാരി
യെടുത്തു മടിയിൽവെച്ചു മൂൎദ്ധനി മുകൎന്നു മുറുകപ്പിടി
ച്ചാശ്ലെഷിച്ചു പ്രീതിയൊടും കണ്ണുനീർകൊണ്ടു ശത്രു
ഘ്നന്റെ തിരുവുടമ്പു നനച്ചു തന്നരികെയുള്ള സിം
ഹാസനത്തിന്മെലിരുത്തിയരുളിച്ചെയ്തു ശ്രീരാമദെവ
ന്തിരുവടി. അതുനെരം തൊഴുതുപ്രകാരമെ സിംഹാസ
നത്തിന്മെലിരുന്നു ചക്രവൎത്തിയെത്തൊഴുതുണൎത്തിപ്പു
തും ചെയ്താൻ. കെൾക്ക മഹാരാജാവെ നിന്തിരു

വടിയരുളിച്ചെയ്തയച്ചവണ്ണമെ ചെന്നുമുനാതീരം പ്രാപിച്ചു മധുരാപുരിയിൽ വസിക്കുന്ന ലവണനെ വധിച്ചു യമുനാതീരവാസികളായ മഹൎഷിമാരുടെ ഉപദ്രവം തീൎത്തു സുഖം വരുത്തി മധുരയിലിരിക്കെണ്ടുമവരെക്കുടിയിരുത്തിയവിടെ പന്തിരാണ്ടു ഞാൻ പ്രജാപരിപാലനം ചെയ്തു വസിപ്പിളും ചെയ്തെൻ. പിന്നെ നിന്തിരുവടിയുടെ പദാരവിന്ദം പിരിഞ്ഞു പന്തീരാണ്ടു കഴിഞ്ഞതു പന്തീരായിരം സംവത്സരം കഴിഞ്ഞപൊലെ തൊന്നുന്നെന്നാലെനിയെനിക്ക നിന്തിരുവടിയെ പിരിഞ്ഞു പൊവാനരുതിതെന്നാൽ മറ്റുമിരിവരുണ്ടല്ലൊ നിന്തിരുവടിക്കു ഭ്രാതാക്കന്മാരെന്നാലവരാലൊരുത്തനെ യാത്രയാക്കവെണം സ്വാമിയെന്നുണൎത്തുന്ന ശത്രുഘ്നകുമാരനെ പിന്നെയും മുകപ്പിടിച്ചാശ്ലെഷിച്ചു പിന്നെ ചെന്താമരപ്പൂവിനുടെ അകദളംകണക്കെ സുന്ദരമായിരിക്കുന്ന തിരുനയനങ്ങളെക്കൊണ്ടു വളര മിഴിച്ചു കുളിര നൊക്കി ശത്രുഘ്നകുമാരനൊടരുളിച്ചെയ്തു ശ്രീരാഘവചക്രവൎത്തി. കെൾക്ക ശത്രുഘ്നകുമാരാ ക്ഷത്രിയരായാൽ പ്രജാപരിപാലനമല്ലൊ ധൎമ്മമെന്നാലതുകൊണ്ടു ഞാൻ പൊകുന്നില്ലെന്നു ചൊല്ലുന്നതൊട്ടും യൊഗ്യമല്ലായെന്നാലെനിക്കും നിന്നെക്കണക്കെ നിന്നെപ്പിരിഞ്ഞിട്ടുള്ള ദുഃഖമെത്ര ഞാൻ പറയുന്നെന്നുമെന്നാലും ക്ഷത്രിയധൎമ്മമിളക്കരുതല്ലൊ. ആയതുകൊണ്ടു പൊവാനരുതെന്നു ചൊല്ലാതെ പൊയി നിന്നുടെ രാജ്യം പാലിച്ചു സുഖിച്ചു വസിക്കുന്നെരം കൂടക്കൂട വന്നു കണ്ടു പറഞ്ഞു പൊകയും പിന്നെയുമപ്രകാരം തന്നെ വന്നു കണ്ടു

പറഞ്ഞു പൊകയെന്നരുളിച്ചെയ്തു. എന്നാൽ നിന്നു
ടെ ഭ്രാതാക്കന്മാരെച്ചെന്നു കണ്ടു വരുവൊളമാകായെ
ന്നരുളിച്ചെയ്തുകെട്ടു വിടവാങ്ങി ആസ്ഥാനമണ്ഡപ
ത്തിൽ നിന്നിറങ്ങി ശ്രീലക്ഷ്മണന്റെ കൊയിലകം
പുക്കു ലക്ഷ്മണനെക്കണ്ടു നമസ്കരിച്ചു മധുരയിലുള്ള
കുശലങ്ങളെയറിയിച്ചു പിന്നെയവിടെനിന്നു പുറപ്പെ
ട്ടു ശ്രീഭരതന്റെ കൊയിലകംപുക്കു ഭരതനെക്കണ്ടു ന
മസ്കരിച്ചു താൻ പൊയ വൃത്താന്തമെല്ലാമറിയിച്ചു
വാങ്ങി ചെന്നു മാതാക്കന്മാർ മൂവരെയും ക്രമത്താലെ
ചെന്നു നമസ്കരിച്ചു പിന്നെസ്സമ്മതരായ ജനത്തെയും
ചെന്നുകണ്ടു താൻ പൊയ വൃത്താന്തമെല്ലാമറിയിച്ചു
പിന്നെയുമാസ്ഥാനമണ്ഡപത്തിൽ ചെന്നു ശ്രീരാഘവ
ചക്രവർത്തിയെക്കണ്ടു നമസ്കരിച്ചു നിൽക്കുമതുനെരം
ശ്രീരാഘവചക്രവർത്തിയും നിരൂപിച്ചു ശത്രുഘ്നകുമാര
നു വെണ്ടും പടയും ഭണ്ഡാരവും കൊടുത്തു മധുരാപു
രിക്കു യാത്രയാക്കുവിതും ചെയ്തു. അതുനെരം ശത്രു
ഘ്നകുമാരനും നിരൂപിച്ചു ഞാനിപ്പൊൾ മധുരയിന്നു
വന്നിട്ടെഴുനാൾ കഴിഞ്ഞിട്ടെട്ടാംനാളെന്നും മധുരാ
പുരിക്കു പൊകണമെന്നല്ലൊ ജ്യെഷ്ഠഭ്രാതാവിന്റെ
നിയൊഗമെന്നാലതുപൊലെ ഞാൻ ചെയ്യുന്നെന്നു
നിശ്ചയിച്ചു പൊട്ടുങ്ങനവെ ചെന്നു ശ്രീരാഘവചക്ര
വർത്തിയെ വലത്തുവെച്ചു നമസ്കരിച്ചു തൊഴുതു വിട
കൊണ്ടു ശ്രീലക്ഷ്മണകുമാരനെയും ശ്രീഭരതനെയും ന
മസ്കരിച്ചു വിടകൊണ്ടു മാതാക്കന്മാരെയും നമസ്കരിച്ചു
വിടകൊണ്ടു വസിഷ്ഠനെയും വാമദെവാദിമഹർഷിക
ളെയും നമസ്കരിച്ചു വിടകൊണ്ടു സുമന്ത്രാദിമന്ത്രിക

ളൊടും യാത്രചൊല്ലി ആനതെർകുതിരകാലാൾചതുരംഗപ്പടയൊടുംകൂടി രമണീയമാകിയ തെരിൽക്കരയെറി പരിവാരജനപരിവൃതനായി തിരുവയൊദ്ധ്യാപുരിയിൽനിന്നു പുറപ്പെട്ടു മധുരാപുരിയെ നൊക്കിപ്പൊവിതും ചെയ്താൻ. അതുനെരം ശത്രുഘ്നനിലെ സ്നെഹം വിഷയമായി ശ്രീലക്ഷ്മണകുമാരനും ശ്രീഭരതനും അനുജനൊടുകൂടെ കൊറഞ്ഞൊരു ദെശം പിമ്പെ ചെൽവിതും ചെയ്താർ. അതുനെരം പിമ്പെ കാൽനടയെഴുന്നരുളുന്ന ഭ്രാതാക്കന്മാരെക്കണ്ടു ശത്രുഘ്നകുമാരനും തെർമെൽനിന്നിറങ്ങിയവരെച്ചെന്നു കണ്ടു വലത്തുവെച്ചു തൊഴുതു ഞാൻ മധുരാപുരിക്കു പൊകുന്നു താമസിയാതെ വരുന്നതുമുണ്ടെന്നറിയിച്ചു വിടകൊണ്ടു തെരിൽക്കരെറി പടയൊടുംകൂടി മധുരാപുരം നൊക്കിപ്പൊവിതും ചെയ്താൻ. പിന്നെ ശ്രീലക്ഷ്മണനും ശ്രീഭരതനും തിരുവയൊദ്ധ്യാപുരിയിലകത്തു പൊവിതും ചെയ്താർ. പിന്നെ ശ്രീരാഘവചക്രവർത്തിയും പിതൃപൈതാമഹമാകിയ രാജ്യം ധർമ്മം പിഴയാതെ പരിപാലിച്ചു ഭ്രാതാക്കന്മാരൊടും മാതാക്കളൊടും പുരൊഹിതന്മാരൊടും ബന്ധുക്കളൊടും അറുപത്തുനാലക്ഷൊഹണിപ്പടയൊടും കൂടസ്സുഖിച്ചു വസിച്ചരുളി ശ്രീരാഘവചക്രവർത്തി.

അക്കാലത്തു രാജ്യത്തിലൊരനർത്ഥമില്ലാ അനാവൃഷ്ടിയില്ലാ അതിവൃഷ്ടിയില്ലാ ദുർഭിക്ഷമില്ലാ ചൊരഭയമില്ലാ ബാലമരണമില്ലാ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും മഹാരാജാവിനെപ്പെടിച്ചു തങ്ങൾ തങ്ങളുടെ കൃത്യമടുത്തവണ്ണമെ ചെയ്കയല്ലാതെ മറെറാരു വക

യകൃത്യങ്ങൾ ചെയ്കയില്ലാ പിന്നെ ബ്രാഹ്മണൻ ചെയ്യുന്ന കർമ്മങ്ങളാൽ ദേവകൾ പ്രീതിപ്പെട്ടു കാലവർഷം ക്രമംപിഴയാതെ വർഷിച്ചു ധനധാന്യപുഷ്ടിയുണ്ടാക്കിസ്സുഖിച്ചിരിക്കുന്ന കാലത്തു ഒരുനാളൊരുത്തൻ ചെയ്തൊരകൃത്യം ഹേതുവാകകൊണ്ടു മഹാനായി ജ്ഞാനവൃദ്ധനായിരിപ്പൊരു ബ്രാഹ്മണനുടെ ഐയ്യാണ്ടു വയസ്സുചെന്ന പുത്രൻ മരിച്ചു പൊവിതും ചെത്താൻ. അതുനെരം ബ്രാഹ്മണനും ബ്രാഹ്മണിയും കൂടശ്ശവശരീരത്തെയുമെടുത്തുകൊണ്ടു തിരുവയോദ്ധ്യയെ പ്രാപിച്ചാസ്ഥാനമണ്ഡപത്തിൽ ചെന്നു കിടാവിനുടെ ശരീരം മഹാജനസഭാമുമ്പാകക്കൊണ്ടു കിടത്തി മുറയിട്ടതുടങ്ങിനാൻ ബ്രാഹ്മണശ്രേഷ്ഠൻ. അയ്യൊ മകനെ ഞാനരിച്ചു നീയെനിക്കു ശെഷക്രിയ ചെയ്യേണ്ടുന്നൊനാകയുമല്ലൊയെന്നാലായതിപ്പോൾ മരിച്ചല്ലൊ കാണാകുന്നിതുമെന്നാൽ ഞാൻ നിണക്കു ശെഷക്രിയ ചെയ്യുമാറു സംഗതി വന്നുവെന്നും, പുത്രനില്ലാഞ്ഞു പെരിക ദുഃഖിച്ചിരിക്കുമതുനെരമെനിക്കു സന്തതിയായ നീ സന്തതിവെരുതായൊ മകനെയെന്നും, പിന്നെ മഹാരാജാവിന്മുമ്പിൽനിന്നു മഹാജനങ്ങൾ കാൺകെ പുത്രദുഃഖം പൊറാഞ്ഞു മാറത്തടിച്ചു തൊഴിച്ചു പ്രലാപിച്ചു കരഞ്ഞു തുടങ്ങിനാൻ മഹാബ്രാഹ്മണവൃദ്ധൻ. അയ്യൊ മഹാജനമെ കേൾക്ക മഹാരാജാവിനുടെ വിചാരം പൊരാഞ്ഞിട്ടൊ ധർമ്മം പിഴച്ചിട്ടൊ ബാലമരണമകപ്പെട്ടതെന്നും പിന്നെ നാട്ടിലും നഗരത്തിലും ദെശങ്ങളിലെങ്ങാനുമിരിക്കുന്ന ജനങ്ങളിലൊരാളെങ്കിലുമൊരു പിഴ ചെയ്കിൽ രാജാ

വിനല്ലൊ ദൊഷമകപ്പെടലെന്നുമെന്നാലായതൊന്നും
നിരൂപിക്കാതെയിരിക്കുന്ന രാജാവിൻ നാട്ടിലെങ്ങി
നെ കുടിയിരുന്നു പുലരുന്നെന്നും പിന്നെ മഹാരാജാ
വു തന്തിരുവടി കെൾക്കുമാറു മുറയിടുകെന്നു നിൎണ്ണ
യിച്ചു രാജാവു കെൾക്കുമാറു തിണ്ണം മുറയിട്ടു ചൊല്ലു
ത്തുടങ്ങിനാൻ ബ്രാഹ്മണശ്രെഷ്ഠൻ. മുമ്പിലിക്ഷ്വാക
മുതലാകിയ രാജാവു തുടങ്ങി ദശരഥരാജാവൊടുക്ക
മായി അനെകം രാജാക്കന്മാർ വാണിരിക്കുന്നതെന്നാ
ലന്നെങ്ങുമൊരുനാളുമൊരു ബാലമരണമുണ്ടായിതെ
ന്നു കണ്ടിട്ടും കെൾപ്പാനുമില്ല, ഇപ്പൊളിമ്മഹാരാജാ
വിന്നു വിചാരം പൊരാഞ്ഞിട്ടല്ലൊ ഇപ്രകാരം ഭവി
ച്ചതെന്നും ചൊല്ലി പിന്നെയും ചൊല്ലിനാനിബ്രാഹ്മ
ണശ്രെഷ്ഠൻ. ഞാനൊ ധൎമ്മത്താലെ രാജ്യപരിപാല
നം ചെയ്യുന്നെന്നു രാജാവു കല്പിച്ചിരിക്കുന്നുമെന്നാ
ലായതിപ്പൊളധൎമ്മത്താലെ രാജ്യപരിപാലനം ചെ
കകൊണ്ടല്ലൊ ബാലമരണമുണ്ടാവാൻ കാരണമെന്നാ
ലെന്റെ പുത്രൻ മരിച്ചവന്റെ പ്രാണനുണ്ടാക്കിത്തര
ണമെന്നുമായതല്ലയെങ്കിൽ ഞാനുമെന്റെ പത്നിയു
മിവിടെ തിരുവടിയുടെ മുമ്പിൽ നിന്നു മരിച്ചു
തിരുവടിക്കു ബ്രഹ്മഹത്യാദൊഷം വരുത്തുന്നുണ്ടെ
ന്നും, പിന്നെ പല പുത്രരുണ്ടെങ്കിലൊരുവൻ മരിച്ചു
പൊയെങ്കിൽ മറ്റെവരുണ്ടെന്നിരിക്കാം, ആയതൊ
ന്നിയെ ഒരുവനല്ലൊ ഉള്ളതെന്നാലവൻ മരിച്ചു പൊ
വിലും ചൈതാനല്ലൊയെന്നിപ്രകാരം ചൊല്ലി ഉച്ച
ത്തിൽ മുറയിടുന്നതു കെട്ടു മഹാരാജശ്രീരാഘവചക്ര
വൎത്തിയും നിരൂപിച്ചു ഞാനിജ്ജന്മത്തിലൊരു പാപം

ചെയ്തവരാരെ നിങ്ങളും തൊന്നുന്നുമില്ലാ മുന്നെജ്ജ ന്മത്തിലെതഃനമൊരു ദൊഷം ചെയ്താനെന്നുമറി യാവൊന്നല്ലയല്ലൊയെന്നാൽ ഞാൻ നാട്ടിലെങ്ങും നടന്നാരാഞ്ഞൊരകൃത്യം ചെയ്യുന്നവനെങ്കിലവനെ നിഗ്രഹിച്ചു അങ്ങളുക്കിനുടെ ബാലനെ രക്ഷിക്ക ണമെന്നുരച്ചു ശ്രീലക്ഷ്മണകുമാരനെ നൊക്കിയ രുളിച്ചെയ്തു ചക്രവൎത്തിയും. ലക്ഷ്മണാ നീ ചെന്നു ബ്രാഹ്മണനെക്കണ്ടു അവൻ ചൊല്ലുന്നതി നൊന്നുമൊന്നറിയപ്പെടാതെ ബ്രാഹ്മണനുടെ പുത്ര ന്റെ ശവശരീരത്തിന്നൊന്നുമൊരു വിഘ്നം വരാതെ എണ്ണത്തൊണിയിലിട്ടു രക്ഷിച്ചുകൊൾക കുമാരായെ ന്നരുളിച്ചെയ്തു പിന്നെ വസിഷ്ഠാദിമഹൎഷിമാരെയെ ല്ലാം വരുത്തി വിചാരിക്കുമക്കാലം ദെവരാജാവിനു ടെ നിയൊഗത്താൽ ദെവൎഷിമുഖ്യനാകിയ ശ്രീനാര ദമഹൎഷിയുമവിടെക്കെഴുന്നരുളുകയും ചെയ്തു. അതു നെരം ശ്രീരാഘവചക്രവൎത്തിയുമെതിരെറ്റുകൊണ്ടു ടൻ തന്തിരുവടിയെയൎഘ്യപാദ്യാചമനീയമായുള്ള പൂ ജാസാധനങ്ങളെക്കൊണ്ടു പൂജിച്ചു ബ്രാഹ്മണൎക്ക യൊ ഗ്യമായിരിപ്പൊരു സിംഹാസനം കൊടുത്തിരുത്തി തൊഴുതുപ്രകാരമെ ചക്രവൎത്തിയുമിരുന്ന കാലത്തു മ ഹാരാജാവിനെ നൊക്കിയരുളിച്ചെയ്തു ശ്രീനാരദമ ഹൎഷി. കെൾക്ക മഹാരാജാവെ ദെവരാജാവിന്നു ടെ നിയൊഗത്താൽ നിന്തിരുവടിയെക്കാണ്മാൻ ഞാൻ ഇവിടെക്ക വന്നതുമെന്നാൽ നിന്നുടെ രാജ്യത്തിങ്ക ലൊരു ശൂദ്രനൊരു തപസ്സു ചെയ്യുന്നതെന്നാൽ ശൂ ദ്രനു തപസ്സിനു യൊഗ്യമില്ലാ, ബ്രാഹ്മണൎക്കും

ക്ഷത്രിയൎക്കും വൈശ്യൎക്കുമെ തപസ്സ ചെയ്യുവാൻ വിധി ച്ചിട്ടുള്ളു, ശൂദ്രന്ന വാൎത്തകത്തരം പറകയും പടപ്പെട്ട ന്നപോളവിടെ മരിക്കയും ബ്രാഹ്മണൎക്ക ശുശ്രൂഷ ചെയ്ക യും ബ്രാഹ്മണരെയും ക്ഷത്രിയരെയും വൈശ്യരെയും രക്ഷിക്കുന്നതെ ശൂദ്രന്ന ധൎമ്മമാകുന്നതും, പിന്നെയും പരലോകധൎമ്മമായുള്ളതു പശുബ്രാഹ്മണരെ രക്ഷിക്ക യെന്നും തനിക്ക ചോറ തരുന്ന തന്റെ നായിനാൎക്ക വേണ്ടി നിലത്തിൽ കറയാതെ ശത്രുവരുമ്പോൾ മുൻ നൊക്കിച്ചെല്ലുന്ന ശത്രുവിനൊട്ട കെട്ടിക്കലഹിച്ചു പൊ റിൻ കടം തീൎത്തു വീരസ്വൎഗ്ഗം പ്രാപിക്കുന്നതു ശൂദ്രന്ന ധൎമ്മമെന്നും പിന്നെയുമരുളിച്ചെയ്തു ശ്രീനാരദമഹ ൎഷി. ശൂദ്രൻ തപസ്സ ചെയ്യുന്നതുകൊണ്ടു ബ്രാഹ്മണന്റെ ടെ വത്സൻ മരിച്ചതുമെന്നാലവനെ ഭവാൻ കൊ ല്ലുമതുനേരം ബ്രാഹ്മണന്റെ കിടാവിന്ന പ്രാണ ങ്ങളാവിതും ചെയ്യുമെന്നരുളിച്ചെയ്യുകെട്ട ശ്രീരാഘവ ചക്രവൎത്തിയും തെളിഞ്ഞ മാനസനായി നിരൂപിച്ചു തും ചെയ്താൻ. മുന്നം ഞാൻ പുഷ്പകവിമാനത്തൊടരു ളിച്ചെയ്തുവല്ലൊ നീ പൊയളകാപുരിയെ പ്രാപിച്ചു വൈശ്രവണ്ണന്റ വാഹനമായിരിക്കായെന്നിക്ക നിന്നെ കൊണ്ടെതാനുമൊരു ആവശ്യമുണ്ടാകുമ്പോൾ ഞാൻ നിരൂപിക്കുമതുനേരം പൊട്ടങ്ങനവെ വരണമെന്നരു ളിച്ചെയ്തുവല്ലൊ. അങ്ങിനെയിരിക്കുന്ന പുഷ്പകവിമാ നത്തെ ധ്യാനിച്ചരുളി തന്തിരുവടി. അക്കാലത്തു വൈശ്രവണ്ണന്റെ ആലയത്തിലിരിക്കുന്ന പുഷ്പകവി മാനം ശ്രീരാഘവചക്രവൎത്തി ധ്യാനിക്കുന്നതറിഞ്ഞു പൊട്ടങ്ങനവെ അളകാപുരിയിൽനിന്നു പുറപ്പെട്ടു

അംബരമാൎഗ്ഗെ വന്നിറങ്ങി തിരുവയൊദ്ധ്യാപുരിയെ
പ്രാപിച്ചു ശ്രീരാമദെവന്തിരുവടിയെക്കണ്ടു വന്ദിച്ചു
പുഷ്പകവിമാനമതുനെരം ശ്രീരാഘവചക്രവൎത്തിയുമര
യും തലയും മുറുക്കി വില്ലും ശരവും കൈക്കൊണ്ടു പൊ
ട്ടങ്ങനവെ ഉടവാളും വലത്തുകെട്ടി പുഷ്പകവിമാനത്തെ
വന്ദിച്ചു കരയെറിയരുളിച്ചെയ്തു ചക്രവൎത്തി. അതു
നെരം ശ്രീലക്ഷ്മണകുമാരനും ശ്രീഭരതനും കൂടപ്പൊവാ
നായിപുഷ്പകവിമാനത്തിന്മെൽ കരെറുവാനായിച്ചെന്ന
നെരത്തു അവരെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി.
കെൾക്ക ലക്ഷ്മണാ നിങ്ങളെന്നൊടുകൂടെപ്പൊരെണ്ടാ
നീ ചെന്നു ബ്രാഹ്മണന്റെ പുത്രശരീരം വാങ്ങിക്കൊ
ണ്ടു കെടുവരാതെ സൂക്ഷിച്ചു ബ്രാഹ്മണനൊടു ദുഃഖി
യായ്കെന്നും മൂന്നു നാളിനകത്തു നിന്റെ പുത്രന്റെ പ്രാ
ണനെ രക്ഷിച്ചുതരുന്നുണ്ടെന്നു ചൊല്ലി ശവശരീരമെടുത്തെ
ണ്ണത്തൊണിയിലാക്കി രക്ഷിച്ചുകൊൾക ചെന്നാടനെ
യെന്നരുളി പിന്നെ ശ്രീഭരതനൊടുമരുളിച്ചെയ്തു. നീ
ഞാൻ വരുവൊളം രാജ്യത്തിലെങ്ങുമൊരാപത്തു കൂടാ
തെ രക്ഷിച്ചുകൊൾക എന്നരുളിച്ചെയ്തയച്ചു പിന്നെ
യംബരമാൎഗ്ഗെയെഴുന്നരുളി കിഴക്കെ സമുദ്രതീരത്തൊ
ളമാരാഞ്ഞു കാണാഞ്ഞതുനെരം വടക്കെ സമുദ്രതീര
ത്തൊളമാരാഞ്ഞു കാണാഞ്ഞുകൊണ്ടുടനെ പടിഞ്ഞാ
റെ സമുദ്രതീരത്തൊളവും നൊക്കിയപ്പൊളങ്ങുമെയ
കൃത്യം ചെയ്യുന്നവനെ കാണാഞ്ഞുകൊണ്ടു പൊട്ടങ്ങ
നവെ തെക്കെ സമുദ്രതീരത്തു ചെന്നന്വെഷിക്കുമതു
നെരം അവിടെ ശൈവലമാകുന്ന പച്ചത്തിന്റെ
താഴ്വരയിങ്കൽ പെരിക ദിവ്യമായിരിപ്പൊരു സരസ്സ

മുണ്ടവിടെയസ്സരസ്സിന്റെ തീരത്തുണ്ടൊരരയാലതിന്റെയൊരു കൊമ്പുമ്മേൽ സരസ്സിലമ്മാറു താണിരിക്കുന്നുമെന്നാലക്കൊമ്പോടു കാലുരണ്ടും പിണച്ചുകെട്ടി തലകീഴക്കമ്പോടുഞെറുറി നീരിൽ താണു മഹാതപസ്സു ചെയ്യുന്ന ജംബുകനെന്നൊരു ശൂദ്രമുനി അവനെ കണ്ടുള്ളനേരം ചക്രവർത്തിയും വിമാനത്തിന്മേൽ നിന്നിറങ്ങിത്തപസ്സു ചെയ്യുന്ന ശൂദ്രമുനിയോടു ചോദിച്ചരുളി ചക്രവർത്തി. ആരെടൊ ഭവാൻ പെരിക മഹാനായിരിക്കുന്ന തപസ്സു ചെയ്യുന്നതു ബ്രാഹ്മണനൊ ക്ഷത്രിയനൊ വൈശ്യനൊ ശൂദ്രനൊയെന്തു സിദ്ധാന്തമായിപ്രകാരം തപസ്സു ചെയ്വാനെന്നും പരമാൎത്ഥം പറയണമെനിക്കെന്നാലെന്നുടെ പരമാൎത്ഥം മുമ്പിൽ പറയാം ഞാനൊ സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ദശരഥചക്രവർത്തിയുടെ പുത്രനാകിയ രാമനെന്ന നാമധേയമെന്നാലെന്നോടു വഞ്ചനം പറയാതെ പരമാൎത്ഥം പറയണമെന്നു ചക്രവർത്തിയരുളിച്ചെയ്തു കേട്ടു പരമാൎത്ഥം ചൊല്ലുവിതും ചെയ്താൻ. ഞാൻ ബ്രാഹ്മണനല്ലാ ക്ഷത്രിയനുമല്ലാ വൈശ്യനുമല്ലാ ശൂദ്രയോനിയിൽപിറന്ന ശൂദ്രൻ, ജംബുമാലികനെന്നെന്നുടെ പേരും. ഞാൻ മറ്റൊന്നു കാംക്ഷിച്ചല്ലാ തപസ്സു ചെയ്യുന്നതുമുടലൊടെ സ്വൎഗ്ഗം പ്രാപിച്ചു ദേവകളോടുംകൂടി സുഖിച്ചിരിക്കണമെന്നാലായതു സിദ്ധാന്തമായിട്ടത്രെയെന്നിപ്രകാരം ശൂദ്രമുനി ചൊല്ലു കേട്ടുള്ളനേരം ചക്രവർത്തിക്കു പൊറുക്കരുതാത കോപം പൊന്തു മൂൎച്ഛിച്ചു മഹാപാപിയായി ദുൎമ്മാൎഗ്ഗശീലനായിരിക്കുന്ന നീ തപസ്സു ചെയ്കകൊണ്ടല്ലൊ

മഹാബ്രാഹ്മണനുടെ ഏകസന്തതിയായിരിക്കുന്ന പു
ത്രൻ മരിച്ചതുമെന്നാലിവനെക്കൊല്ലണമെന്നു നിർണ്ണ
യിച്ചു വലത്തെക്കൈകൊണ്ടു വാളുറയൂരി ശൂദ്രനെന്നു
ചൊല്ലുന്നതിന്നുന്നമെ വെട്ടിത്തലയറുത്തുകളവിതും
ചെയ്തു ശ്രീരാഘവചക്രവൎത്തി. അതുനെരമിന്ദ്രാദി
ദെവകളും ബ്രഹ്മതിരുവടിയുംകൂടി ദിവ്യമായിരിക്കുന്ന
വിമാനമെറിയംബരമാൎഗ്ഗെ വന്നുനിന്നു ശ്രീരാഘവച
ക്രവൎത്തിയുടെ മുമ്പിലാമ്മാറു വന്നു നിന്നു മഹാചക്രവ
ൎത്തിയെ സ്തുതിപ്പിതും ചെയ്താർ. മഹാരാജാവെ നി
ന്തിരുവടി ശൂദ്രമുനിയെക്കൊന്നതുകൊണ്ടു ഞങ്ങൾക്കു
പെരികസ്സുഖം വന്നുവെന്നുമെന്നുമാരാനും രാജ്യങ്ങ
ളിൽനിന്നു ഞായക്കെടു ചെയ്യുന്നുവെങ്കിലാരാഞ്ഞറി
ഞ്ഞു രാജാവു ശിക്ഷചെയ്യാഞ്ഞിലതിന്നുടെ ദൊഷം രാ
ജാവിന്നുമുണ്ടല്ലൊയെന്നുണ്ടു ശാസ്ത്രോക്തവിധിയെ
ന്നാൽ നിന്തിരുവടി നിഷ്കൎഷാദം ചെയ്ത ശൂദ്രമുനി
യെക്കൊല്ലപ്പെട്ടതെന്നാലതിനാലെ ഞങ്ങളും പെരി
ക പ്രീതിപെട്ടുവല്ലൊയെന്നാലെനിയൊന്നുണ്ടു വെണ്ട
തു ദെവകളും മനുഷ്യരുമൊരുത്തിയിൽ കൂടിയാൽ മ
നുഷ്യൎക്കു വെണ്ടും വരം ദെവകൾ കൊടുക്കണമെ
ന്നാൽ ഞങ്ങളാൽവെണ്ടും വരം വരിച്ചുകൊൾക മഹാ
രാജാവെയെന്നു ബ്രഹ്മാദിദെവകളരുളിച്ചെയ്തുകെട്ടു
തൊഴുതറിയിച്ചരുളി ശ്രീരാഘവചക്രവൎത്തി. നിന്തിരു
വടിമാർ പ്രീതിപെട്ടുതാകിൽ ബ്രാഹ്മണനുടെ പുത്ര
നു പ്രാണനുണ്ടാകവെണമെന്നു മഹാരാജാവറിയിക്ക
കെട്ടു അരുളിച്ചെയ്തു ബ്രഹ്മതിരുവടി. യാതൊരു
നെരത്തു നിന്തിരുവടി ശൂദ്രമുനിയുടെ തലയറുത്തു

മെന്നാലൊരുമുഹൂൎത്തനെരംകൊണ്ടു ബ്രാഹ്മണനുടെ പുത്രന്ന പ്രാണനുണ്ടായി പുത്രനും ബ്രാഹ്മണനും ബ്രാഹ്മണിയുംകൂടിതങ്ങളുടെ ഭവനം നൊക്കിപ്പൊവിതും ചെയ്താർ, അതൊ ഞങ്ങടെ വിശെഷിച്ചനുഗ്രഹിക്കെണമെന്നില്ലായല്ലൊ മഹാരാജാവെയെന്നു ബ്രഹ്മാദിദെവകളരുളിച്ചെയ്തുകെട്ടു പിന്നെയുമരുളിച്ചെയ്തു ചക്രവൎത്തി. ശൂദ്രമുനിയെയല്ലൊ ഞാൻ കൊല്ലപ്പെട്ടതെന്നാലവന്നു സ്വൎഗ്ഗപ്രാപ്തിവരുവാനനുഗ്രഹിക്കവെണം നിന്തിരുവടിമാരെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു ബ്രഹ്മാദിദെവകളുമരുളിച്ചെയ്തു ചെയ്താർ. അതുവും ഞങ്ങടെ വിശെഷിച്ചനുഗ്രഹിക്കവെണമെന്നില്ലല്ലൊ മഹാരാജാവെ, യാതൊരുനെരം ഭവാൻ ശൂദ്രമുനിയെ കൊല്ലപ്പെട്ടതെന്നാലപ്പൊഴെയവൻ ദിവ്യരൂപനായി സ്വൎഗ്ഗത്തെ പ്രാപിച്ചാനവനമെന്നാൽ അവയെല്ലാം നില്ക്ക, ഇതല്ലൊ കുംഭസംഭവനാകുമഗസ്ത്യഭഗവാനുടെയാശ്രമം കാണാകുന്നതെന്നാലവിടച്ചെന്നകംപുക്ക മഹൎഷിയെക്കണ്ടു നമസ്കരിച്ചു പിന്നെവെണം നിന്തിരുവടി തിരുവയൊദ്ധ്യക്കെഴുന്നള്ളുവാനെന്നരുളി മഹാരാജാവിനെ പുഷ്പവൃഷ്ടിയാലുമാശീൎവ്വചനത്താലും സംഭാവിച്ചു പൂജിച്ചു പിന്നെ സ്വൎഗ്ഗലൊകം നൊക്കിയെഴുന്നരുളി ബ്രഹ്മാദിദെവകൾ. പിന്നെ ശ്രീരാഘവചക്രവൎത്തിയും അവിടെനിന്നു പുഷ്പകവിമാനമെറി അഗസ്ത്യഭഗവാനുടെ ആശ്രമത്തിന്നു പുറത്തുഭാഗത്തെഴുന്നരുളി പുഷ്പകവിമാനത്തിന്മെൽ നിന്നിറങ്ങിയാശ്രമത്തിന്നകത്തു ചെന്നു മഹൎഷിമാരാൽ പരിവൃതനായിരിക്കുന്നൊ അഗസ്ത്യഭഗ

വാനെക്കണ്ടു വലത്തുവെച്ചു നമസ്കരിച്ചു തൊഴുതുപ്രകാരമെ നിന്നരുളുന്ന ചക്രവൎത്തിയെക്കണ്ടു അഗസ്ത്യഭഗവാനും പെരിക പ്രീതിപെട്ടു സന്തോഷഹൃദയനായി വളര മിഴിച്ചു കുളിര നൊക്കി മധുരപ്രകാരെണ പ്രശംസാപരമായുള്ള വചനങ്ങളെക്കൊണ്ടും അൎഘ്യപാദ്യാചമനീയങ്ങളെക്കൊണ്ടും സംഭാവിച്ചു പൂജിച്ചു രാജാൎഹമായിരിക്കുന്ന സിംഹാസനമിരിപ്പാൻ കൊടുത്തു ഇരുപ്പുതാക മഹാരാജാവെയെന്നു മഹൎഷിയരുളിച്ചെയ്തുകെട്ടു തൊഴുതപ്രകാരമെ ഇരുന്നരുളി ചക്രവൎത്തി. അന്നെരം ചക്രവൎത്തിയെ നൊക്കി മധുരമായരുളിച്ചെയ്തു മുനിമുഖ്യൻ. അല്ലയൊ രാജശ്രേഷ്ഠാ ഭവാനെക്കണ്ടെത്രയും സുഖം വന്നിതു ഞങ്ങൾക്കെന്നാലത്രയല്ലാ സൎവ്വജനങ്ങളും സന്തൊഷപ്രകാരെണ നിന്തിരുവടിയുടെ നാമധെയമുച്ചരിക്കുമ്പൊഴും നിന്തിരുവടിയെക്കൊണ്ടു പറയുമ്പൊഴുമെല്ലാവൎക്കും പരമാനന്ദമായല്ലൊയിരിക്കുന്നതും, പിന്നെ ശൂദ്രമുനിയെക്കൊന്നു ബ്രാഹ്മണന്റെ പുത്രനു പ്രാണനുണ്ടായതുകൊണ്ടു പെരികസന്തൊഷം വന്നിരിക്കുന്നു മഹാരാജാവെയെന്നുമെന്നാലതു നില്ക്ക, ഭവാനെന്നൊടിപ്പൊളൊരാഭരണത്തെക്കൈക്കൊൾക വെണം മഹാരാജാവെയെന്നാലായതെതെന്നാൽ ഒരു വളയെന്നുടെ ഗ്രഹത്തിങ്കലിരിക്കുന്നതു പണ്ടു വിശ്വകൎമ്മാവിനാൽ ചമക്കപ്പെട്ടു ബ്രഹ്മന്തിരുവടിക്കു കൊടുത്തതൊരു സംഗതിയാലെയെനിക്കു തന്നിരിക്കുന്നതുമെന്നാലാവള പൊന്മയമായി സൎവ്വരത്നമയമായി വിചിത്രമായി രമണീയമായി രാജാൎഹമായിരിപ്പൊന്നാകയുമുണ്ടു.

എന്നാലതു രാജാക്കന്മാൎക്കലങ്കരിപ്പാൻ യൊഗ്യമായിരിപ്പൊന്നാകയുമുണ്ടു പിന്നെ വിശെഷിച്ചു നിന്തിരുവടിക്കലങ്കരിപ്പാൻ യൊഗ്യമെന്നു ഞാൻ പറയണമെന്നില്ലല്ലൊയെനിക്കലങ്കരിപ്പാൻ ഒട്ടും യൊഗ്യമല്ലാ. ആയതെന്തുകൊണ്ടെന്നാൽ കൈപ്പും പുളിപ്പും ചവൎപ്പുമിരിക്കുന്ന ഫലമൂലമല്ലൊ ഭൊജനത്തിന്നു പിന്നെ പുല്ലിന്മെലല്ലൊ ഇരിക്കയും കിടക്കയും ചെയ്യുന്നതുമെന്നാൽ മരവുരിയമായിരിക്കുന്ന വൽക്കലമല്ലൊ ഉടുക്കുന്നതും പിന്നെ ജടയല്ലൊ മുടിയാകുന്നതുമെന്നാലെനിക്കിതൊട്ടും യൊഗ്യമായിരിപ്പൊന്നുമല്ലായെന്നാൽ ഭവാനെ ഇതു യൊഗ്യമായിരിപ്പൊന്നുമെന്നരുളിച്ചെയ്തു വളയെടുത്തു തൃക്കൈയിൽ കൊടുത്തരുളി മുനിമുഖ്യൻ. അതുനെരം മഹാരാജാവുമതിനെത്തൊഴുതു വാങ്ങിത്തന്റെ ഉള്ളംകൈയിൽ വെച്ചു തൃക്കൺ പാൎത്തു അതിന്റെ ശൊഭകണ്ടു പെരിക വിസ്മയിച്ചു വിചാരിച്ചരുളിച്ചെയ്തു ചക്രവൎത്തി. ഭഗവാനെ വിശ്വകൎമ്മാവിനാൽ നിൎമ്മിതമായി ബ്രഹ്മാന്തിരുവടിക്കു കൊടുത്തതൊരു സംഗതിവശാലെനിക്കു കിട്ടിയെന്നല്ലൊ നിന്തിരുവടിയരുളിച്ചെയ്തതുമെന്നാൽ ഇങ്ങിനെയിരിക്കുന്ന ദിവ്യാഭരണപ്രകാരമെ നിന്തിരുവടിക്കു അകപ്പെട്ടതെന്നു ശ്രീരാഘവചക്രവൎത്തി തൊഴുതറിയിക്കപ്പെട്ടടനരുളിച്ചെയ്തു അഗസ്ത്യഭഗവാൻ. കെൾക്ക മഹാരാജാവെ ഞാൻ പണ്ടു ത്രെതായുഗാദികാലത്തൊരു നാൾ പുറപ്പെട്ടു നൂറു യൊജന വിസ്താരമുള്ളൊരു വനത്തിൽ ചെന്നു പെരുമാറിസ്സഞ്ചരിച്ചുനടക്കുംവഴിയും ചൈതാൻ. എന്നാലിന്നൂറു യൊജന വനമകത്തെങ്ങു

മൊരു പക്ഷികളുംപൊലും പാന്ഥുകളുംപൊലും മൃഗ
ങ്ങളുംപൊലും രാക്ഷസർപൊലും കാണ്മാനും കെൾ
പ്പാനുമില്ലാ പിന്നെത്തപസ്സുചെയ്യുന്നമഹർഷിമാരുമില്ല.
അങ്ങിനെയിരിക്കുന്ന ആതപഹീനമഹാവനത്തിൽ
പെരുമാറിസ്സഞ്ചരിച്ചെങ്ങും നടക്കുമെളുകാലം കാണായി
താവനത്തിൻ നടുവിലാമ്മാറ ദിവ്യമായിരിപ്പൊരു ന
ദി കണ്ടു അന്നദിയിലിറങ്ങി സ്നാനം ചെയ്തുച്ചുക വൈ
ദികം കർമ്മങ്ങളെച്ചെയ്തൊടുക്കി പിന്നെയവിടെയുള്ള
സുഖം നിരൂപിച്ചിനിവിടെ വസിക്കണമെന്നു നിർണ്ണ
യിച്ചു അസ്തമനകാലത്തു ചെയ്യേണ്ടും കർമ്മങ്ങളെച്ചെ
തൊടുക്കിയസ്സരസ്സിന്റെ തീരത്താമ്മാറ വസിപ്പതും
ചെയ്തേൻ. പിന്നെ പിററന്നാളെതിരവെ പുറപ്പെട്ടു
കർമ്മാനുഷ്ഠാനങ്ങളെച്ചെയ്തൊടുക്കി നിന്നു കാലത്തു
കാണായിതൊരു തേജോരാശി ദിക്കുകളെല്ലാടവും
ശോഭിച്ചു നിറഞ്ഞുവഴിഞ്ഞൊരുതിളൊളിട്ടംബരമാർഗ്ഗെ
വരുന്നതു കണ്ടു ഞാൻ നൊക്കുമളുനെരം മഹാമെരു
വിന്റെ മുടിമെൽനിന്നു ആദിത്യമണ്ഡലമിറങ്ങിവ
രുന്നതൊയെന്നു തൊന്നുമാറൊരു ദിവ്യവിമാനത്തി
ന്മെൽ കിരീടമകുടകുണ്ഡലാദ്യാഭരണഭൂഷിതനായി
വെണ്കൊററക്കുടയും വെഞ്ചാമരയെന്നിത്യാദിയായു
ള്ള രാജചിഹ്നങ്ങളാൽ പരിവൃതനായി അപ്സരസ്ത്രീ
ജനം മുന്നാലും പിന്നാലും നിന്നു നൃത്തം ചെയ്തുംകൊ
ണ്ടു പിന്നെ ദിവ്യരായുള്ള ചില ഗന്ധർവ്വന്മാർ ദി
വ്യമായിരിക്കുന്ന ഗീതങ്ങളും പാടിയും നൃത്തം ചെ
യ്തുമങ്ങിനെ വരുന്നൊരു മഹാപുരുഷനെ കാണായി
വരുന്നതവൻവന്നു വിമാനത്തിന്മെൽ നിന്നസ്സരസ്സി

നാടെ തീരത്താമ്മാറിറങ്ങിനിന്നു നൊക്കുമതുനെര
മൊരുശവമുണ്ടസ്സരസ്സിലാമ്മാറെതുമൊത്രനമെനിയെ
കിടക്കുന്നതുമെന്നാലശ്ശവത്തിനെ യമ്മഹാപുരുഷൻ
ചെന്നു തികയത്തിന്നു മുടിച്ചു തെളിഞ്ഞു മാനസനായി
ഏമ്പലുമിട്ടു പിന്നെയും വിമാനത്തിന്മെൽ കരെറുവാ
നായിക്കൊണ്ടു വിമാനമന്വെഷിച്ചു നടപ്പിതും ചൈ
താൻ. അതുകണ്ടു നിരൂപിച്ചെൻ ഞാനിങ്ങിനെ ദി
വ്യനായിരിപ്പൊരു മഹാപുരുഷനവൻ ദെവകളെയു
മതിശയിച്ചൊരു രൂപമുടയവനാകയുമുണ്ടു, പിന്നെ
ഐശ്വൎയ്യം പെരികയുമുണ്ടു. എന്നാലിപ്രകാരം ദിവ്യ
നായി മഹാനായിരിക്കുമവനെന്തിപ്പുളത്യന്തം നികൃ
ഷ്ടമായിരിപ്പൊരു ഭൊജനം ചൈവാനെന്നുമെന്നാലാ
യതവനൊടു ചൊദിച്ചറിയണമെന്നു നിൎണ്ണയിച്ചു നില്ല
നില്ല മഹാപുരുഷനായുള്ളൊവെയെന്നു ഞാൻ വിളി
ച്ചതുനെരം അവനും പൊടുന്നനവെ തിരിഞ്ഞു വന്നെ
ന്നെ വലത്തുവെച്ചു തൊഴുതഭിവാദ്യം ചൈതു നില്പി
തും ചൈതാൻ. അതുനെരമവനെ നൊക്കിച്ചൊല്ലി
ഞാനെന്തു മഹാപുരുഷനായി ദിവ്യനായിരിക്കുന്നു
നീ നികൃഷ്ടഭൊജനം ചൈവാൻ കാരണമെന്നു ഞാൻ
ചൊദിച്ചപ്പൊളെന്നൊടു ചൊല്ലിനാന്മഹാപുരുഷൻ.
പണ്ടു ത്രെതായുഗാദികാലത്തു വിദൎഭനെന്നൊരു രാ
ജാവുളവായിതും ചൈതാൻ. അവ്വിദൎഭരാജാവിരിവർ
ഭാൎയ്യമാരെ വിവാഹം ചൈതാൻ. അവരിരിവരുമൊ
രൊ കുമാരന്മാരെ പ്രസവിപ്പതും ചൈതാർ. അവ
രിരിവരിലും വെച്ചു ജ്യെഷ്ഠഭ്രാതാവാകിയതു ഞാനുമെ
ന്നാലെന്നുടെ നാമധെയം ശ്വെതനെന്നുമെന്നാലെ

ന്നുടെയനുജഭ്രാതാവിന്നു സുരഥനെന്നു നാമധെയമെ
ന്നാലിനിയും കെൾക്ക ബ്രാഹ്മണശ്രെഷ്ഠനായുള്ളൊ
വെ ഞാനെന്നുടെ പിതാവിൻ നിയൊഗത്താൽ പി
തൃപൈതാമഹന്മാരാകുന്ന വിദർഭവിഷയത്തിങ്കൽനിന്ന
ഭിഷിക്തനായി അട്ടത്തൊവണ്ണം ധൎമ്മത്താലെ പെരിക
ക്കാലം രാജ്യം പരിപാലിപ്പൂതും ചെയ്താൻ. ഇപ്ര
കാരം പലകാലം ചെന്നൊടത്തുമെന്നുടെയനുജഭ്രാതാ
വാകിയ സുരഥന്നു രാജ്യം കൊടുത്തവനെ രാജാവാ
ക്കി രാജ്യമുറപ്പിച്ചു ഞാൻ തപസ്സിന്നു പൊന്നിവ്വന
ത്തിങ്കൽ വന്നിസ്സരസ്സിന്നുടെ തീരത്തുനിന്നു പതിനാ
യിരത്താണ്ടു മഹാതപസ്സുചെയ്തിതും ചെയ്താൻ. പി
ന്നെ പതിനായിരത്താണ്ടു കഴിഞ്ഞു കാലത്തു ശരീര
ത്തെ ഉപെക്ഷിച്ചു ദെവശരീരത്തെയവലംബിച്ചു സ്വ
ൎഗ്ഗലൊകം പ്രാപിച്ചവിടെ പലനെരത്തും പെരുമാറി
സ്സുഖിച്ചു പിന്നെ ബ്രഹ്മലൊകം പ്രാപിച്ചപ്പൊൾ മററ
പല ജനമുണ്ടു ബ്രഹ്മലൊകത്തു സുഖിച്ചുവസിക്കുന്നതു
വരൊടുകൂടി ബ്രഹ്മന്തിരുവടിയാൽ സംഭാവിതനായി
സുഖിച്ചുവസിപ്പൂതും ചെയ്തുതാനും. അക്കാലമെനിക്കു
പൈയും ദാഹവും പെരുതായി നടപ്പാനുമിരിപ്പാനും
കിടപ്പാനുമരുതാതെ പെരുതായ സങ്കടത്തെ പ്രാപി
ച്ചിരിക്കുമന്നെരം ബ്രഹ്മന്തിരുവടിയെ നമസ്കരിച്ചു
ചൊദിപ്പൂതും ചെയ്തെൻ. ഭഗവാനെ ബ്രഹ്മലൊക
ത്തൊരു പൈയും ദാഹവുമില്ലയെന്നു കെട്ടിരിപ്പുണ്ടു
ഞാനെന്നാലത്രയുമല്ലാ ഇവിടെ നിന്തിരുവടിയെ
പെരിക പുണ്യം ചെയ്ത ജനമുണ്ടു സെവിച്ചു സുഖി
ച്ചു വസിക്കുന്നതെന്നാലവൎക്കാൎക്കുമൊരു പൈയും ദാഹ

വുമുണ്ടായിട്ടു കാണാനുമില്ലായെന്നാലെനിക്കു പാരം പൈദാഹവുമുണ്ടായിട്ടു ജഠരാഗ്നിയെരിഞ്ഞു കത്തി ജ്വലിക്കുവാനെന്തു കാരണമെന്നരുളിച്ചെയ്ക വേണം സ്വാമിയെന്നു ഞാൻ തൊഴുതറിയിച്ചതു കേട്ടരുളിച്ചെയ്തു ബ്രഹ്മാതിരുവടി. കേൾക്ക മഹാരാജാവെ നീ പണ്ടു ത്രേതായുഗത്തിങ്കൽ നിന്നുടെ രാജ്യത്തിങ്കലട്ടത്തവൎണ്ണമല്ലാതെയൊരകൃത്യം വരാതെ കീൎത്തിവരുത്തിപ്പ്രരികയഴകതായിപ്പാലിച്ചു പെരിക പുണ്യങ്ങൾ ചെയ്തിരിക്കുന്ന കാലത്തു നീ അൎത്ഥലൊഭം കൊണ്ടു ഏതുമൊരുവസ്തു ഒരുത്തൎക്കുപൊലും കൊടുക്കയുമില്ലാ പിന്നെ അത്ഥ്യമല്ലാ അന്നദാനമില്ലാ താംബൂലദാനമില്ലാ ഭൂമിദാനമില്ലാ കന്യാദാനമില്ലാ സുവൎണ്ണദാനമില്ലാ വസ്ത്രദാനമില്ലാ ഗോദാനമില്ലാ എന്നിച്ചൊല്ലിയ ദാനങ്ങളൊന്നും നീ ചെയ്തൊന്നുമല്ലാ, പിന്നെ രാജഭാഗമായിരിക്കുന്ന അന്നരാശികളെ സംപൂൎണ്ണമാകുംവൎണ്ണം താനശിച്ചുംകൊണ്ടൊരു ജലപാനം പൊലുമൊരുവൎക്കും കൊടുക്കാതെ അൎത്ഥലൊഭശീലനായി ദാനം മറന്നു പിന്നെ അനുജനു രാജ്യം കൊടുത്തു വനത്തിൽപുക്കു പതിനായിരത്താണ്ടു എനിക്കും ദേവകൾക്കും പ്രീതിവരുമാറു മഹാതപസ്സു ചെയ്തൊന്നല്ലൊയെന്നാൽ പണ്ടു താനുപയോഗിക്കുമ്പൊളതിലൊരംശംപൊലുമാൎക്കുമൊരുവൎക്കുമൊരു വസ്തു ദാനം ചെയ്തതുമില്ലായെന്നാൽ നിന്നുടെ പരിപാലനുടെ ധൎമ്മത്താലും നിന്നുടെ തപൊമഹിമയാലും നീ ബ്രഹ്മലൊകത്തെ പ്രാപിച്ചതുമെങ്കിലെനിക്കെന്തു പൈയും ദാഹവുമുണ്ടാവാനെന്നു നിനക്കിലതൊ മുന്നം രാജാ

ധിപനായിരിക്കും കാലമൊരു ദാനം പൊലുമറിഞ്ഞു
മറിയാതെയും ചെയ്യുന്നൊനല്ലായ്കകൊണ്ടു പൈയും
ദാഹവുമുണ്ടാവാൻ വന്ന കാരണമെന്നാലതിന്നൊരു
പ്രായശ്ചിത്തം ചൊല്ലിത്തരുന്നുമുണ്ടു മഹാരാജാവെ.
നീ അന്നദാനം ചെയ്യായ്കകൊണ്ടു നിണക്കു വന്ന
പൈയും ദാഹവും കെടുപ്പാനുള്ളതിനെ ചൊല്ലിത്തരു
ന്നുമുണ്ടു മഹാരാജാവെ. നീ പണ്ടു തപസ്സു ചെയ്തി
രുന്ന വനത്തിലസ്സരസ്സിലുണ്ടു നീയുപെക്ഷിച്ച ശവശരീ
രം കിടക്കുന്നിതു. അതു നീ പണ്ടു പുഷ്ടമായുള്ള ഭൊജനം
ചെയ്കയാൽ നിന്റെ തടി പെരിക പുഷ്ടിവെച്ചി
രിക്കുന്നതുകൊണ്ടു അശ്ശവശരീരം നീ ചെന്നു ഭക്ഷിക്ക
മഹാരാജാവെയെന്നാൽ നിന്റെ പൈയും ദാഹവും
തീരുവിതുംചെയ്യും. പിന്നെയും പിററന്നാളക്കുവണ്ണമെ
യുണ്ടാകും ശവശരീരമെന്നാലതു പിററന്നാളും ചെന്നു
തിന്നു തണ്ണീരും കുടിച്ചുകൊൾക പിന്നെയും പിററ
ന്നാളുമിങ്ങിനെ ചെയ്ക പിന്നെയുമിങ്ങിനെ പി
ന്നെയും നിത്യമായിങ്ങിനെ പതിനായിരത്താണ്ടു
തികയുവൊളമിശ്ശവശരീരം ഭക്ഷിച്ചു സരസ്സിലെ നീ
രുംകുടിച്ചു സുഖിച്ചിരിക്ക മഹാരാജാവെയെന്നരുളി
പിന്നെയുമരുളി ബ്രഹ്മന്തിരുവടി. അശ്ശവം നിണക്കു
പെരിക സ്വാദുകരമായി ഭവിക്കയെന്നരുളി പിന്നെ
അൎത്ഥലൊഭിയായി ദാനംചെയ്യാത്ത പുരുഷന്മാരു ച
ത്താൽ തന്റെ ശവം താന്തന്നെ തിന്നുപൊരുത്തണമെ
ന്നെയവന്നു ഗതിയുള്ളൂതെന്നിവിടെക്കണ്ടറിയണമെ
ന്നിപ്രകാരമെല്ലാം ബ്രഹ്മന്തിരുവടിയരുളിച്ചെയ്തുകെട്ടു
തൊഴുതറിയിച്ചു ഞാൻ. അയ്യൊ ഭഗവാനെ ബ്രഹ്മ

ലൊകത്തു പ്രാപിച്ചു വസിക്കുന്ന ഞാൻ ശവം തിന്നു വസിക്കയെന്നല്ലൊ ബ്രഹ്മന്തിരുവടിയരുളിച്ചെയ്തതും· സ്വാമിയെന്നു ഞാനുണൎത്തിയനെരമരുളിച്ചെയ്തു ബ്രഹ്മന്തിരുവടി. കെൾക്കപ്പൊയാക മഹാരാജാവെ അൎത്ഥലൊഭിയായി ദാനം ചെയ്യാത്ത നീ ശവംതിന്നു പതിനായിരത്താണ്ടു കഴിഞ്ഞാൽ കുംഭസംഭവനാകുമഗസ്ത്യഭഗവാൻ വരുമവിടെ, അതുനെരമിവ്വുള്ള മഹൎഷിയുടെ കൈയിൽ ഞാൻ ദാനംചെയ്യാത്തതിന്നു പ്രായശ്ചിത്തമായി മഹൎഷിവൎക്കൽ ദാനംചെയ്താൽ നിന്നുടെ മുന്നത്തെ ദൊഷമെല്ലാം കെട്ടുവിളും ചെയ്യും, പിന്നെ നിന്നുടെ പൈയും ദാഹവും കെടും. അപ്പൊൾ അസ്ഥ്വശരീരമവിടെ നിന്നു മറഞ്ഞു പൊവിളും ചെയ്യും. പിന്നെ നീ ബ്രഹ്മലൊകം പ്രാപിച്ചു സുഖിച്ചു വസിക്കയെന്നിപ്രകാരമരുളിച്ചെയ്തു തന്തിരുവടിയുടെ തൃക്കയ്യിൽ നിക്ഷിപ്തമായിരിക്കുന്ന വള തന്തിരുവടിക്കു ദാനം ചെയ്വാനായിക്കൊണ്ടു തന്നരുളി ബ്രഹ്മന്തിരുവടി, ആയതെൻകൈയിലിരിക്കുന്നതു നിന്തിരുവടിയങ്ങു കൈക്കൊൾകവെണമെന്നിങ്ങിനെ മഹൎഷിയെ നൊക്കിയറിയിച്ചാൻ ശ്വെതനാകുന്ന രാജാവും· അതു കെട്ടു നിരൂപിച്ചു ഞാൻ പണ്ടെന്നുമൊരു രാജാവൊടു മാരണാദി വാങ്ങുമാറില്ലായെന്നാലിവനൊടിതിനെ വാങ്ങുകയൊ വാങ്ങാതിരിക്കയൊയെന്നു നിരൂപിച്ചു പിന്നെയും നിരൂപിച്ചപ്പൊളിവനൊടിതു കൈക്കൊള്ളാഞ്ഞിലിവനെല്ലാനാളും ശവം തിന്നുവൊരുത്തനായിട്ടുംവരും, പിന്നെയതുമല്ലാ ബ്രഹ്മന്തിരുവടിയരുളിച്ചെയ്തവചനം വളസമായിട്ടും വരുമെന്നു നിൎണ്ണയിച്ചു

വള കൈക്കൊൾകയും ചെയ്തെൻ. എന്നാൽ യാ
തൊരളവിലിവനൊടിതു വാങ്ങിക്കൊള്ളുമെന്നാലിതു
നെരമുള്ളവം മറവാതു പൊവിതും ചെയ്തു. പിന്നെ
രാജാവും തപിച്ചു തെളിഞ്ഞ കാഞ്ചനസദൃശനായി
തെജൊരൂപനായി തെളിഞ്ഞ മാനസഹൃദയനായി വ
ന്നെന്നെ വലത്തുവെച്ചു നമസ്കരിച്ചു അനുജ്ഞയും
വാങ്ങി വിമാനമെറി പൊന്മയമായി രമണീയമായി
രിക്കുന്ന സിംഹാസനത്തിന്മെലിരുന്നു സ്വൎഗ്ഗസ്ത്രീകളാ
ലും ഗന്ധൎവ്വന്മാരാലും ദെവകളാലും പരിവൃതനായി
ബ്രഹ്മലൊകം നൊക്കിപ്പൊവിതും ചെയ്താൻ ശ്വെത
രാജാവും. എന്നാലിതു വിശ്വകൎമ്മാവിനാൽ ചമക്ക
പ്പെട്ടു ബ്രഹ്മാതിരുവടിക്കു കൊടുത്തു ബ്രഹ്മാതിരുവടി
യാൽ ശ്വെതനു കൊടുത്തതെന്നാലവനു മൊക്ഷസം
ഗതിക്കു ഞാനവനൊടു സംഗ്രഹിച്ചു നിനക്കു യൊഗ്യ
മാകുംവണ്ണമലങ്കരിപ്പാൻ ഞാൻ തന്നാഭരണമലങ്കരി
ച്ചുകൊൾകയെന്നരുളിച്ചെയ്തിതഗസ്ത്യഭഗവാൻ.

അതുനെരമാദിത്യഭഗവാനസ്തമിച്ചതുനെരം ശ്രീ
രാഘവചക്രവൎത്തിയെ നൊക്കിയരുളിച്ചെയ്തു മഹ
ൎഷിമുഖ്യൻ. നാമിക്കഥ പറഞ്ഞിരുന്നതുകൊണ്ടു നെരം
പൊയതറിഞ്ഞതുമില്ലാ കാലമസ്തമനമായിതെന്നാലെ
ന്നി സന്ധ്യാവന്ദനത്തിന്നു എല്ലാരുമായിപ്പൊകയെന്നു
മരുളിച്ചെന്നു സന്ധ്യാപവാസാദികളെച്ചെയ്തൊടു
ക്കി പൎണ്ണശാലയിൽ പ്രാപിച്ചു ദെശകാലാവ
സ്ഥയും പറഞ്ഞിരുന്നു വസിക്കുമതുനെരം ശ്രീരാ
ഘവചക്രവൎത്തിയെ കാണ്മാൻ വനവാസി
കളായ മഹൎഷിവൎഗ്ഗമെല്ലാമെഴുന്നരുളിയതു നെരം

മഹൎഷിമാരെ തൊഴുതുനെരമിരിപ്പുതാക മഹാരാജാവെയെന്ന മരുളിയെല്ലാവരുമിരുന്നു പുരാണങ്ങളും പറഞ്ഞു പറഞ്ഞിരിക്കുന്നെരമഗസ്ത്യഭഗവാനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. ഇക്കഥ പറഞ്ഞിരിക്കുന്നെരമല്ലൊ നിന്തിരുവടിയൊടൊരു ചൊദ്യം ഞാൻ ചെയ്യുന്നതെന്നാൽ മുൻപറഞ്ഞു നൂറു യൊജന നീണ്ടെടപ്പെട്ട വട്ടമായുള്ളൊരു മഹാവനത്തിൽ നിൎമ്മലമായുള്ള ജലത്തൊടുകൂടിയൊരുസരസ്സുമുണ്ടങ്ങിനെയിരിപ്പൊരു മഹാവനത്തിലെങ്ങുമൊരു പന്നഗമില്ലാ പക്ഷികളില്ലാ മൃഗങ്ങളില്ലാ രാക്ഷസരില്ലാ മഹൎഷികളില്ലാ ബ്രാഹ്മണരില്ലായെന്നല്ലൊ അരുളിച്ചെയ്തതുമെന്നാലതിന്നുകാരണമെന്നരുളിച്ചെയ്കവെണം മഹാനുഭാവനായുള്ളൊരുവനെന്നിപ്രകാരം ചക്രവൎത്തിയരുളിച്ചെയ്യക്കെട്ടു ചക്രവൎത്തിയെ നൊക്കിയരുളിച്ചെയ്തു മഹൎഷിമുഖ്യൻ. കെട്ടാലും മഹാരാജാവെ പണ്ടു സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ഇക്ഷ്വാകുവാകുന്ന മഹാരാജാവു മന്ത്രികളൊടും പുരൊഹിതരൊടുംകൂടി നിരൂപിച്ചു വിന്ധ്യനു വടക്കു ഹിമവാന്നു തെക്കു ഇതിനകത്തുള്ള ദെശമെല്ലാം തന്റെ പുത്രനാകിയ ദണ്ഡനു കൊടുത്തവനെയവിടെ രാജാവാക്കിയഭിഷെകംചെയ്തു ചതുരംഗപ്പടയും കൊടുത്തു യാത്രയാക്കവിതും ചെയ്താൻ. പിന്നെ ദണ്ഡനാകുന്ന രാജാവവിടെച്ചെന്നു മധുമത്തമെന്നൊരു നഗരം ചമച്ചു അവിടെക്കുടിപൂവിതുംചെയ്താൻ. അന്നഗരത്തിലാനകുതിരതെർകാലാളാകുന്ന ചതുരംഗപ്പടയൊടും മന്ത്രികളൊടും പുരൊഹിതരൊടും കൂടി രാജ്യം പാലിച്ചു

സുഖിച്ചു വസിപ്പൂതും ചെയ്താൻ. അവൻ സൂൎയ്യവംശത്തിലുള്ള രാജാവല്ലോയെന്നാലവന്നു പുരോഹിതനായ വസിഷ്ഠമഹൎഷിയവിടെ പുരോഹിതനായി പൊയതുമില്ല. പിന്നെയുശനമഹൎഷിയെ പുരോഹിതനാക്കിക്കൊണ്ടു മഹൎഷിക്കിരിപ്പാനൊരാശ്രമം ചമച്ചു കൊടുത്തവിടെ മഹൎഷിയും സുഖിച്ചു വസിപ്പൂതും ചെയ്തു. അങ്ങിനെ പലകാലം ചെന്നൊരമൊരുനാൾ താനിരിക്കും ദേശമൊഴിച്ചു മററുള്ള വനമെല്ലാം നായാടണമെന്നുറച്ചു പുരോഹിതരൊടും പടയൊടുമൊന്നിച്ചു മൃഗങ്ങളെയന്വെഷിച്ചു നടക്കമളുനെരം ശുക്രമഹൎഷിയുടെയാശ്രമത്തിന്നു പുറത്തു ഭാഗത്തു ചെന്നതുനെരമായാശ്രമത്തിന്നകത്തു നിന്നൊരു സൎവ്വാംഗസുന്ദരിയായി ലക്ഷ്മീദെവിക്കു സദൃശമായിരിപ്പൊരു കന്യാരത്നം പുറപ്പെട്ടു വരുന്നതു കണ്ടു ദണ്ഡനാകനു രാജാവും കാമൊന്മാദപരവശനായി ചൊല്ലുവിതും ചെയ്താൻ. ചൊല്ലു ചൊല്ലാരു നീയെന്നുമെങ്ങുനിന്നു വരുന്നു നീയെന്നുമാരുടെ പുത്രിയെന്നുമാരു നിൻ ഭൎത്താവെന്നുമെന്തു നിന്നുടെ പെരെന്നുമിപ്രകാരം രാജാവു ചൊദിക്കുന്നതു കെട്ടു കന്യാവൊരു മരം മറഞ്ഞു നിന്നു രാജാവിനെ നൊക്കി ചൊല്ലുവിതും ചെയ്താൾ. ഞാൻ ശുക്രമഹൎഷിയുടെ പുത്രിയെന്നുമെന്നുടെ നാമധെയം അരയെന്നുമാകുന്നു, ഞാനൊ കന്യാവാകയുമുണ്ടു. പിന്നെയെന്നുടെ പിതാവിന്നു പൂവും പുല്ലും ചമതയും കൊണ്ടുവന്നു പിതാവിന്നു കൊടുത്തു പിതാവെ പൂജിച്ചാശ്രമത്തിൽ വസിപ്പൊരുത്തിയാകയുമുണ്ടെന്നിപ്രകാരം ചൊല്ലിനാൾ.

അരയാകുന്ന കന്യാവും. അതുകെട്ടു ദണ്ഡനാകുന്ന രാജാവും കാമൊന്മാദപരവശനായിത്തന്നെ ചെന്നു കന്യാവെ നൊക്കി മൊഹിച്ചു ചൊല്ലുവിതും ചൈതാൻ. നീയെനിക്ക വശമായിരുന്നെന്നെയനുഭവിച്ചെന്നുടെ സങ്കടമൊഴിക്ക ഭദ്രെയെന്നും നിന്നുടെ അധരപാനം ചെയ്യാഞ്ഞിലിപ്പൊൾ ഞാൻ മരിക്കുമെന്നും രാജാവു ചൊല്ലുകെട്ടു അരയാകുന്ന കന്യാരത്നം പെരിക ഭയപ്പെട്ടു ചൊല്ലുവിതും ചൈതാൾ. എന്നു മഹാരാജാവെ കന്യാവായിരിക്കുന്നയെന്നൊടു യൊഗ്യമല്ലാത്തവ പറയരുതെന്നും പിന്നെയതുമല്ലാ നിന്നുടെ ഗുരുവായ ശുക്രമഹർഷിയുടെ പുത്രിയല്ലൊ ഞാനെന്നുടെ പിതാവെന്നെയൊരുത്തന കൊടുത്താൽ പിന്നെയവനൊടുകൂടിയനുഭവിക്കയല്ലാതെ ദുർവൃത്തിയൊരുനാളും ചെയ്കയില്ലെന്നും ചൊല്ലി പിന്നെ രാജാവെനൊക്കിയറിയിപ്പുതും ചൈതാൾ. കെൾക്ക മഹാരാജാവെ രാജ്യത്തിങ്കലാരാനുമെതാനുമൊരു നിൎല്ലജ്ജം ചെയ്കിൽ അതിനെയറിഞ്ഞു രാജാവു വെണമല്ലൊ ശിക്ഷ ചെയ്വാനെന്നാൽ മഹാരാജാവെ നീയിതെന്നൊടു പറയുന്നതൊട്ടും യൊഗ്യമല്ലായെന്നു പറഞ്ഞു പൊവാന്തുടങ്ങിനാൾ അരയാകുന്ന കന്യാരത്നം. അതു കണ്ടു ദണ്ഡനാകുന്ന രാജാവും കാമൊന്മാദപരവശനായി പൊറുക്കരുതാതെ ചമഞ്ഞതുനെരം താനൊരു ദുർവൃത്തി ചെയ്യാതൊന്നെങ്കിലുമവളെ ഓടിച്ചെന്നണഞ്ഞു ബലാൽ പിടിച്ചനുഭവിപ്പാൻ തുടങ്ങുമതുകണ്ടു കന്യാരത്നം പെരിക ഭയപ്പെട്ടു ചൊൽവിതും ചൈതാൾ. എന്നു രാജാവെ ദുഷ്കൎമ്മം ചെയ്വാൻ

ഇടങ്ങാതെ പൊകയെന്നുമായതെന്നിയെ ധൃഷ്ടമ്മംചെ
യ്യുന്നുവെങ്കിൽ നിണക്കു നാശംവരും, ആയതുകൊണ്ടെ
ന്നെ തീണ്ടാതെ പൊകയെന്നു ചൊല്ലി മുറയിട്ടുവ
ണ്ണമെയാശ്രമം നൊക്കിയൊടുന്ന കന്യരത്നത്തെയൊ
ടിയണഞ്ഞു പൊക്കു മുട്ടിച്ചു അവളുടെയനുവാദം കൂ
ടാതെ പിടിച്ചനുഭവിപ്പൂതും ചെയ്താൻ. പിന്നെത്ത
ന്നുടെ മനൊഹിതം വന്നവളെ വിട്ടുപൊയി തന്നുടെ
കൊയിലകംപുക്കി വസിപ്പൂതും ചെയ്താനിരാജാവും.
പിന്നെ കന്യാരത്നമാന കലക്കിയ പൊയ്കയിൽ മയ
ങ്ങിത്തളൎന്ന താമരപൊലെ ശൊകകെട്ടു വാടിയ മുഖ
ത്തൊടുംകൂടിക്കണ്ണുനീരാലും രുധിരത്താലും മൂടപ്പെട്ടു
ശരീരത്തൊടും കൂടച്ചെന്നു പിതാവാകിയ ശുക്രമഹ
ൎഷിയെ മുറയിട്ടുവണ്ണമെ ചെന്നു ദണ്ഡനാകുന്ന രാജാ
വു ബലാൽ തന്നെ പരിഭവിച്ച പ്രകാരമെല്ലാമറിയി
പ്പൂതും ചെയ്താൾ. അതു കെട്ടു ശുക്രമഹൎഷിയും പെ
രിക കൊപമുടയനായി ദണ്ഡനാകുന്ന രാജാവെശ
പിപ്പൂതും ചെയ്തു ഇമ്മഹാപാപിയായി ദുഷ്ടനായി
രിക്കുന്ന രാജാവുതാനും തന്നുടെ ബന്ധുക്കളുമമാത്യരും
മന്ത്രിവൎഗ്ഗവുമെല്ലാവരും കൂടെ ദെവെന്ദ്രൻ പൂഴിവൎഷ
മായിരിക്കുന്ന അഗ്നിവൎഷം വൎഷിച്ചു ഭസ്മമായിപ്പൊ
കയെന്നു ശപിച്ചു പിന്നെ തന്നുടെ പുത്രിയെ
നൊക്കിയരുളിച്ചെയ്തു. മകളെ നിന്നെയിപ്പൊ
ഴൊരുത്തൎക്കു കൊടുപ്പാനുമരുതല്ലൊ, അതുകൊണ്ടു
നീ ഇവിടെയിരുന്നു പലകാലം തപസ്സു ചെയ്തു ശു
ദ്ധയായാൽ പിന്നെ ഞാൻ നിന്നെ പുത്രിയായിസ്സംഗ്ര
ഹിച്ചു യൊഗ്യനായിരിപ്പൊരു ഭൎത്താവിന്നു കൊടു

കുന്നുമുണ്ടെന്നരുളിച്ചെയ്തു മകളെയാശ്വസിപ്പിച്ചു പിന്നെയവിടെക്കൂടിയിരിക്കുന്ന മഹർഷിമാരെയും ബ്രാഹ്മണരെയും മററുള്ള പ്രാണികളെയും വിളിച്ചരുളിച്ചെയ്തു ശുക്രമഹർഷി. എടൊ ബ്രാഹ്മണരെ മഹർഷിമുഖ്യന്മാരെ പ്രാണികളെ നാമെല്ലാരുമിവിടനിന്നു പൊറുക്കുന്നവരെ കൂടിവാങ്ങിപ്പോകണമല്ലെന്നാലിവിടെയിപ്പോൾ നാശം വരുമെന്നരുളിയതുനേരമെല്ലാരുമായിക്കൂടിവാങ്ങിപ്പോയി ഗോദാവരിതീരം പ്രാപിച്ചു കുടിയിരിപ്പും ചെയ്താർ. അവിടെ നിന്നിരുവടി പണ്ടു വനവാസം ചെയ്തിരുന്നവല്ലോയെന്നാലവിടെ ബ്രാഹ്മണരും മഹർഷിമാരും കൂടിയേറുകയാൽ ജനസ്ഥാനമെന്ന പേരുണ്ടായി. പിന്നെ ദേവേന്ദ്രൻ പൂഴിവർഷമായിരിക്കുന്ന അശനിവർഷം വർഷിച്ചു ദണ്ഡനായിരിക്കുന്ന രാജാവെയും മന്ത്രികളെയും ബന്ധുക്കളെയും സ്വജനങ്ങളെയുമാകപ്പാടെ ഭസ്മമാക്കിച്ചെവ്വതും ചെയ്തു. എന്നാലമ്മഹർഷിയുടെ ശാപസംഗതിയാൽ നൂറുയോജന നീളവിസ്താരമെല്ലാം പാഴായിപ്പോവിതും ചെയ്തു. പിന്നെത്തന്റെ പുത്രി തപസ്സു ചെയ്യുന്നെടം പൂഴിവർഷം വർഷിക്കരുതെന്നരുളിയ സംഗതിക്കവിടെ വർഷിച്ചതുമില്ലായെന്നാലിന്നൂറുയോജന വട്ടമായുള്ളെടം പക്ഷിമൃഗാദിയില്ലാത്ത വൻകാടായിപ്പോവിതും ചെയ്തുയെന്നാലന്നു തുടങ്ങി ദണ്ഡന്റെ രാജ്യം മഹർഷിയുടെ ശാപകാരണമായി ദണ്ഡകാരണ്യമെന്നു പേരുമുണ്ടായിതെന്നരുളിച്ചെയ്തിതഗസ്ത്യഭഗവാൻ.

പിന്നെയുമരുളീതഗസ്ത്യഭഗവാൻ. കെൾക്ക മഹാരാജാവെ രഘുശ്രെഷ്ഠാ നാമെല്ലാരും കഥപുരാണങ്ങളും പറഞ്ഞു രസിച്ചു സുഖിച്ചിരിക്കകൊണ്ടു നെരം പൊയതറിഞ്ഞതുമില്ലാ. പാതിരാവായി കാലമിപ്പൊളതിനുള്ളൊരടയാളവും കെൾപ്പൊയാകാ രഘുശ്രെഷ്ഠാ. പക്ഷിയാദി മൃഗങ്ങളും തുടങ്ങി സകല ജന്തുക്കളും കരലടങ്ങിയെന്നാലങ്ങിനെയല്ലൊയിപ്പൊൾ കാണാകുന്നതെന്നാലിനി നിദ്രയെക്കൊണ്ടനുഭവിക്കായെന്നു മഹർഷിയരുളിച്ചെയ്യുകെട്ടു ചക്രവത്തിയും പള്ളിക്കുറുപ്പിന്നെഴുന്നരുളി നിദ്രയെക്കൊണ്ടനുഭവിച്ചു പുലന്നവാറെ ജലാശയത്തെപ്രാപിച്ചു സ്നാനംചെയ്തു കമ്മങ്ങളും ചെയ്തൊടുക്കി മഹർഷിയെച്ചെന്നു നമസ്കരിച്ചു തിരുവയൊദ്ധ്യാപുരി പുക്കപൊകുന്നെന്നു ചക്രവത്തി തൊഴുതറിയിക്കകെട്ടു മഹർഷിയും പ്രീതിപെട്ടു തെളിഞ്ഞ മാനസനായി അരുളിച്ചെയ്വതും ചെയ്തു. കെൾക്ക മഹാരാജാവെ നിന്തിരുവടി തിരുവയൊദ്ധ്യാപുരിയെ പ്രാപിച്ചു പിതൃപൈതാമഹമാകുന്ന രാജ്യത്തെ പ്രാപിച്ചു അടുത്തവണ്ണം ധമ്മം പിഴയാതെ രാജ്യപരിപാലനംചെയ്ക മഹാരാജാവെയെന്നരുളിപ്പിന്നെയുമരുളി മഹർഷിമുഖ്യൻ. നിന്തിരുവടി രാവണാദി രാക്ഷസരെയും ബാലിയെയും വിരാധനെയും ഖരദൂഷണത്രിശിരസ്സുകളെയും മാരീചനെയും താടകയെയും കൊന്നു ദെവകളെയുമൃഷികളെയും ബ്രാഹ്മണരെയും അഴകനായി രക്ഷിച്ചുവല്ലൊ ഭവാൻ. എന്നാൽ ധമ്മം ചെയ്യുമെടത്തെതാനും ചില പാപങ്ങളും സമ്പാദിച്ചു പൊയെങ്കിലായതു പൊവാനുമായിക്കൊണ്ടു

തിരുവയൊദ്ധ്യാപുരിയെ പ്രാപിച്ചാലുടനശ്വമെധാദിയായുള്ള യാഗങ്ങളെച്ചെയ്കവെണം മഹാരാജാവെയെന്നു മഹൎഷിയരുളിച്ചെയ്തുകെട്ടു ചക്രവൎത്തിയും തെളിഞ്ഞ മാനസനായി അഗസ്ത്യഭഗവാനെയും മററുള്ള മഹൎഷിമാരെയും വലത്തുവെച്ചു നമസ്കരിച്ചു തൊഴുതു വിടകൊണ്ടു പുറപ്പെട്ടു പുഷ്പകവിമാനമെറി തിരുവയൊദ്ധ്യാപുരിയെ നൊക്കിയെഴുന്നരുളുകയും ചെയ്തു. പിന്നെയംബരമാൎഗ്ഗെ പൊയി തിരുവയൊദ്ധ്യാപുരിയുടെ ഗൊപുരദ്വാരത്തിങ്കൽ ചെന്നു താണിതു വിമാനമപ്പൊഴും ചക്രവൎത്തിയും വിമാനത്തിന്മെൽ നിന്നിറങ്ങിയരുളുന്നെരം ശ്രീലക്ഷ്മണകുമാരനും ശ്രീഭരതമാരനും വസിഷ്ഠാദി മഹൎഷിമാരും സുമന്ത്രാദി മന്ത്രിവൎഗ്ഗവും മററു നഗരവാസികളിൽ സമ്മതരായുള്ള ജനവുമെല്ലാരും കൂടി ചക്രവൎത്തിയുടെ തിരുമുമ്പിലാമ്മാറു ചെന്നെതിരെററുകൊണ്ടെഴുന്നരുളിച്ചാസ്ഥാനമണ്ഡപത്തിലാമ്മാറകം പ്രാപിച്ചു പൊന്മയമായി വിചിത്രമായിരിക്കുന്ന സിംഹാസനത്തിന്മെൽ ചെന്നിരുന്നരുളി ശ്രീരാഘവചക്രവൎത്തിയും. പിന്നെ മഹാരാജാവും ശ്രീലക്ഷ്മണകുമാരനെയും ശ്രീഭരതനെയുമണയക്കൊണ്ടുടനരുളിച്ചെയ്തു ചക്രവൎത്തിയും. കെൾപ്പിനെടൊ ഭ്രാതാക്കന്മാരെ ഞാനൊരു കാൎയ്യം നിരൂപിച്ചിരിക്കുന്നതുമെന്നാലതു നിങ്ങളിരുവരുംകൂടി നിരൂപിച്ചു ചൊല്ലുവെണമെന്നാലായതു ചെയ്യണമെന്നൊ ചെയ്യെണ്ടായെന്നൊ എന്നാലതു നിരൂപിച്ചു ചൊല്ലുവെണമെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു തൊഴുതുണൎത്തിച്ചാൻ ഭരതകുമാരൻ. കെൾക്ക മഹാരാജാ

റൊ രാജസൂയം ചെയ്യുന്നെരം പലരെ വെട്ടിക്കൊന്ന വെണമല്ലൊ രാജസൂയംചെയ്വാനെന്നും പിന്നെ മണ്ഡലാധിപന്മാരായ രാജാക്കന്മാരൊട്ടു കലഹിച്ചുജയിക്കെണ്ടുമവരെ ജയിക്കയുമാട്ടിക്കളെയെണ്ടുമവരെയാട്ടിക്കളഞ്ഞും തിറകൊണ്ടു വെണമല്ലൊ രാജസൂയം ചെയ്വാനെന്നും പിന്നെ ചതുസ്സാഗരത്തിനകത്തുള്ള രാജാക്കന്മാരെല്ലാം നമുക്ക കപ്പം തന്നടിമ ചൊല്ലിയിരിക്കുന്നല്ലൊയെന്നാലായതും നിന്തിരുമനസ്സിലുണ്ടല്ലൊ പിന്നെയെങ്ങനെ ബന്ധുജനത്തെ വെട്ടിക്കൊല്ലുന്നു മഹാരാജാവെയെന്തമെന്നാലെങ്ങിനെ ചെയ്യുന്നെന്നു ശ്രീഭരതകുമാരൻ തൊഴുതറിയിക്കെട്ട മഹാരാജാവുമതികൾ ബുദ്ധിചെന്ന പരമാത്ഥമാകുന്ന ഭരതൻ പറഞ്ഞതുമെന്നാലതു നില്ക്ക മറ്റെതു നാമൊരു യജ്ഞം ചെയ്വൂതെന്നു നിരൂപിച്ചു ചൊല്ലുവിനെന്നരുളിച്ചെയ്തുകെട്ട ചക്രവത്തിയെത്തൊഴുതുണത്തിനാൻ ലക്ഷ്മണകുമാരൻ. സവ്വപ്രായശ്ചിത്തമായിരിപ്പൊന്നല്ലൊ അശ്വമെധം ബ്രഹ്മഹത്യാദൊഷം പൊവാനെന്നും പിന്നെ അശ്വമെധത്തൊടൊത്ത പുണ്യമില്ലെന്നു ഞാൻ കെട്ടിരിക്കുന്നുയെന്നാലായതു ചെയ്യണമെന്നു ഞാൻ നിരൂപിച്ചിരിക്കുന്നു. മുന്നം നിന്തിരുവടി വനവാസം ചെയ്വാനെഴുന്നരുളിയ നാളടിയനും കൂടപ്പൊന്നെനല്ലൊ. അന്നു ജനസ്ഥാനത്തു നാം വസിക്കുമതുകാലം മഹഷിവഗ്ഗമടിയത്തൊടൊരൊ കഥയരുളിച്ചെയ്തു കെട്ടിട്ടുണ്ടു ഞാനായതെന്തെന്നാൽ പണ്ടു വൃത്രനെന്നൊരു അസുരശ്രെഷ്ഠൻ ഉളവായിതും ചെതായെന്നാലവന്റെ ശരീരനീളവിസ്താരം മുന്നൂറു യൊജന നീളമുണ്ടു പിന്നെ നൂറുയൊജനയകലമുണ്ടു

താനും. അങ്ങിനെയിരിക്കുന്ന അസുരശ്രെഷ്ഠനെക്കൊന്നു ദെവരാജാവിന്ദ്രൻ. അതിനാലെ ദെവരാജാവിന്നു ബ്രഹ്മഹത്യാദൊഷം സമ്പാദിക്കകൊണ്ടവനശ്വമെധം ചെയ്കയാൽ ബ്രഹ്മഹത്യാദൊഷം കെട്ടുവിളുംചെയ്തുയെന്നിപ്രകാരമരുളിച്ചെയ്തു മഹൎഷിവൎയ്യമെന്നൊരെന്നു ശ്രീലക്ഷ്മണകുമാരനറിയിക്കെക്കെട്ടരുളിച്ചെയ്തു ചക്രവൎത്തി. വത്സാ ലക്ഷ്മണാ വൃത്രൻ ദെവെന്ദ്രനവനെക്കൊന്നപ്രകാരവും ദെവരാജാവശ്വമെധം ചെയ്തപ്രകാരവുമതിനാലെയവന്നു ബ്രഹ്മഹത്യാദൊഷം പൊയപ്രകാരം നീ കെട്ടുവല്ലൊ വിസ്താരെണ ചൊല്ലുകെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു തൊഴുതുണൎത്തിനാൻ ശ്രീലക്ഷ്മണകുമാരൻ. പണ്ടു കൃതയുഗാദികാലത്തു വൃത്രനെന്നൊരസുരരാജാവുളനായിതുംചെയ്താൻ. അവൻ നൂറു യൊജനയകലവും മുന്നൂറു യൊജന നീളവുമുള്ളൊരുത്തനവനസുരയൊനിയിൽ പിറന്നൊരു ദൊഷമെയവനുള്ളുതാനും. പിന്നെയവനന്നു തുടങ്ങിയെല്ലാനാളും ധൎമ്മത്തിലെ ബുദ്ധിചെല്ലുവിതും ചെയ്യുമെന്നാലധൎമ്മത്തിലൊരുനാളും ബുദ്ധി ചെല്ലുകയുമില്ലാ. പിന്നെയവൻ നിരൂപിച്ചാൻ സകലപുരുഷാൎത്ഥത്തെസ്സാധിക്കണമെങ്കിൽ തപസ്സുകൊണ്ടെ സാധിക്കാവുവെന്നു നിൎണ്ണയിച്ചു പിന്നെ ജ്ഞാനവുമുണ്ടായി ജ്ഞാനത്തിങ്കൽനിന്നു വിജ്ഞാനമുണ്ടായി വിജ്ഞാനത്തിൽനിന്നു അടക്കമുണ്ടായി. ആയതെന്തിനെയെന്നു, നല്ലതിതെന്നും നന്നല്ലായിതെന്നുമറിയുന്നതല്ലൊ ജ്ഞാനമാകുന്നതും പിന്നെ നല്ലതിനെച്ചെയ്തു കൊള്ളുന്നതും നല്ലതല്ലാതകൎമ്മമൊരിക്കലുമൊരുനാളും ചെയ്യാതൊഴിച്ചു കൊള്ളുന്നതല്ലൊ വി

ജ്ഞാനമാകുന്നതു. പിന്നെ രാഗദ്വെഷപൈശുന്യാദികളും ഡംഭും സ്വച്ഛന്ദവും വനിതാംഗനമാരൊടു കൂടയുള്ളനുഭവമിവയൊന്നും നമുക്കില്ലാ അനിത്യമായുള്ളവയുമില്ലായെന്നാൽ തപസ്സൊന്നുകൊണ്ടെ ഇഹലൊകപരലൊകത്തിന്നു നല്ലതെന്നും പിന്നെ മൊക്ഷമായതവയെന്നും നിനച്ചു തപസ്സുകൊണ്ടുവെണം സകലപുരുഷാൎത്ഥത്തെസ്സാധിപ്പാനെന്നു നിൎണ്ണയിച്ചു പൊയി ഹിമവാൻ പൎവ്വതത്തിന്റെ താഴ്വരയിൽ ചെന്നു തപസ്സുചെയ്‌വാൻ തുടങ്ങുമളവുനെരം വൃത്രനും നിരൂപിച്ചുതും ചെയ്താൻ. എല്ലാനാളും ദെവകളെ രക്ഷിപ്പാനായിക്കൊണ്ടു അസുരകളെയും രാക്ഷസരെയും കൊല്ലുകല്ലൊ സകലലൊകശരണ്യനാകുന്ന വിഷ്ണുഭഗവാൻ തന്റെ ശീലമെന്നാലവൻ തിരുവടിയെക്കുറിച്ചു തപസ്സുചെയ്യുന്നെന്നു നിരൂപിച്ചു വിഷ്ണുഭഗവാന്റെ ശ്രീപാദാരവിന്ദങ്ങളെ സ്മരിച്ചു പഞ്ചാഗ്നിമദ്ധ്യസ്ഥനായി പലപല പതിനായിരം സംവത്സരം കൊടുതായ തപസ്സുചെയ്തു വസിച്ചാൻ വൃത്രൻ. അക്കാലത്തു സകലലൊകശരണ്യനാകുന്ന വിഷ്ണുഭഗവാൻ വൃത്രനുടെ തപസ്സിന്മഹിമകണ്ടു അവന്റെ മുമ്പിലാമ്മാറു പ്രത്യക്ഷനായി അരുളിച്ചെയ്വതുംചെയ്തു. എന്തു വൃത്രനായുള്ളൊവെ എന്തു കാംക്ഷിച്ചു തപസ്സു ചെയ്യുന്നെന്നുമായതിനെപ്പറഞ്ഞാലതുതരുന്നുണ്ടെന്നും വിഷ്ണുഭഗവാനരുളിച്ചെയ്യുക്കെട്ടു വൃത്രനും തൊഴുതറിയിപ്പുതും ചെയ്താൻ. ഭഗവാനെ ത്രൈലൊക്യവാസികളിൽവെച്ചെല്ലായിലും പ്രധാനമായിരിപ്പൊനല്ലൊ ദെവരാജാവിന്ദ്രനെന്നാലവനെപ്പിഴക്കി ഞാൻ ത്രൈ

ലൊക്യനാഥനായിരിക്കുന്ന ഇന്ദ്രനായി സ്വൎഗ്ഗത്തിൽ വാഴുവാനുള്ള വരമനുഗ്രഹിച്ചരുളവെണം ഭഗവാനെ യെന്നു തൊഴുതറിയിച്ചാൻ വൃത്രനാകുന്ന അസുരൻ. അതു കെട്ടരുളിച്ചെയ്തു വിഷ്ണുഭഗവാൻ. കെൾക്ക നീ അസുരശ്രെഷ്ഠാ ഇതിന്നുനമൊത്തതരമിപ്രകാരമുള്ള തപസ്സു ചെയ്തതുമില്ലാ. ഞാൻ ഒരുത്തൎക്കും വരം കൊടുത്തിട്ടുമില്ലാ. ഭഗവാൻ ശ്രീകൈലാസവാസി യെസ്സെവിച്ചാൽ വരം തരുമെന്നരുളിച്ചെയ്തുകെട്ടു തൊഴുതു പിന്നെയുമറിയിച്ചാൻ വൃത്രാസുരൻ. ഭക്തവത്സലനായുള്ളൊരു ഭഗവാനെ പത്മനാഭാ പരംപുരുഷൊത്തമാ നിന്തിരുവടിയെല്ലാനാളും രാക്ഷസരെയുമസുരകളെയുമടങ്ങക്കൊല്ലുവൊരുത്തനല്ലൊ ദെവകൾക്കു വെണ്ടീട്ടന്നാളായതു പൊലെയെന്നെയും കൊല്ലല്ല ഭഗവാനെയെന്നിവണ്ണം അസുരശ്രെഷ്ഠനുണൎത്തിക്കെട്ടു ഭഗവാൻ പന്നഗശായിയുമരുളിച്ചെയ്തിതന്നെരം. ഞാൻ നിന്നെക്കൊല്ലുന്നില്ലെന്നരുളിച്ചെയ്തു വരത്തെയുമനുഗ്രഹിച്ചു മറഞ്ഞരുളീതും ചെയ്തു വിഷ്ണുഭഗവാൻ. പിന്നെ വൃത്രാസുരൻ പത്മയൊനിയാകുന്ന ചതുൎമ്മുഖനെക്കുറിച്ചു പഞ്ചാഗ്നിമദ്ധ്യസ്ഥിതനായി കൊടുതായ തപം തുടങ്ങിനാൻ വൃത്രൻ. അതുനെരം ബ്രഹ്മന്തിരുവടിയും വൃത്രന്റെ തപൊമഹിമ കണ്ടു പെരിക പ്രീതിപെട്ടു സന്തൊഷിച്ചു വൃത്രനു ചെന്നു വരം കൊടുക്കണമെന്നു നിനച്ചിരിക്കുമതുകാലം വൃത്രന്റെ കഠൊരമായിരിക്കുന്ന തപസ്സുകണ്ടു സപ്തദ്വീപങ്ങളും സപ്തസമുദ്രങ്ങളും പൃഥിവിയും അന്തരീക്ഷം സ്വൎഗ്ഗംപാതാളമിവയെല്ലാം

ാഢട്ടതി കീഴ്മെൽ ഇളകിമറിയുമെന്നു നിണ്ണയിച്ചു
അതു കണ്ടു ദെവകളും ദെവരാജാവും പെറിക ഭയപ്പെ
ട്ടയെന്നുടെയിന്ദ്രത്വം പറിച്ചുപൊകുമെന്നുറച്ചു ഇന്ദ്ര
ത്വം പറിച്ചുപൊകാഴ്വാനും ബ്രഹ്മന്തിരുവടി വെളിച്ച
പ്പെട്ടു വരം കൊടാഴ്വാനമെന്തൊരുപായമുള്ളതെന്നു
നിരൂപിച്ചു പിന്നെയും നിരൂപിച്ചു. വിഷ്ണുഭഗവാന
ല്ലൊ നമ്മെയാപത്തിങ്കൽനിന്നു രക്ഷിക്കുന്നതെന്നാൽ
വിഷ്ണുഭഗവാനെക്കൊണ്ടു കൊല്ലിക്ക വൃത്രനെയെന്നുറ
ച്ചു ദെവകളൊടും കൂട പൊട്ടങ്ങനവെ ശ്രീപാലാഴി
തീരത്തെ പ്രാപിച്ചു വിഷ്ണുഭഗവാനെ സ്തുതിക്കത്തുടങ്ങി
നാരിന്ദ്രാദിദെവകൾ. അന്നെരം വിഷ്ണുഭഗവാനും
ഇന്ദ്രാദിദെവകൾ. വന്നു തന്തിരുവടിയെ സ്തുതിക്ക
ന്നതറിഞ്ഞു പൊട്ടങ്ങനവെ ദെവകളുടെ മുന്നിലാമ്മാ
റെഴുന്നരുളവിതും ചെയ്തു. അന്നെരം ദെവരാജാ
വും വിഷ്ണുഭഗവാനെ വലത്തുവെച്ചു നമസ്കരിച്ചു തൊ
ഴുതപ്രകാരമെന്നിന്നറിയിപ്പുതും ചെയ്താൻ. ഭഗവാ
നെ ഭക്തവത്സനായുള്ളൊവെ ഞങ്ങൾക്കൊരൊന്നുമൊ
രാപത്തുണ്ടാകുമന്നെരം നിന്തിരുവടിയല്ലൊ അതി
ങ്കൽനിന്നു കരയെററിക്കൊള്ളുമതെന്നാൽ ഇപ്പൊ
ളൊരു മഹാനാകുന്ന ആപത്തുണ്ടായിരിക്കുന്നു; ആയ
തെന്തെന്നാൽ വൃത്രനെന്നൊരു മഹാസുരനെന്നെപ്പിഴ
ക്കി സ്വഗ്ഗത്തെ പ്രാപിച്ചുകൊള്ളണമെന്നു നിണ്ണയിച്ചു
ബ്രഹ്മന്തിരുവടിയെക്കുറിച്ചു തപസ്സുചെയ്യുന്നൊനെ
ന്നാൽ ബ്രഹ്മന്തിരുവടിയുമവന്നു വരംകൊടുക്കുംമുന്ന
മെ വൃത്രനെക്കൊന്നു ഞങ്ങളെ രക്ഷിച്ചരുളവെണം
ഭഗവാനെയെന്നു ദെവെന്ദ്രനറിയിക്കക്കെട്ടു അരുളി

ചെയ്തിതു വിഷ്ണുഭഗവാൻ. ഞാൻ വൃത്രനെക്കൊല്ലുനില്ലെന്നു വരം കൊടുത്തതിനാലുകൊണ്ടു അവനെ ഞാൻ കൊല്ലുന്നതൊട്ടും യോഗ്യമല്ലായെങ്കിലൊ ഞങ്ങളെ രക്ഷിപ്പാനാരുള്ളതെന്നും പിന്നെയെന്നുടെ ഇന്ദ്രത്വം പിഴങ്ങിപ്പോകുമാറല്ലൊ ഇരിക്കുന്നെന്നു നിനച്ചു നിങ്ങടം ഭയപ്പെടേണ്ടാ. വൃത്രനെക്കൊല്ലുവാനൊരുപായം ഞാനുണ്ടാക്കിത്തരുന്നതുമുണ്ടു. എന്നാലെന്നുടെ ചക്രംകൊണ്ടു മൂന്നു കൂറിട്ടൊരു കൂറു ദേവേന്ദ്രനു കൊടുത്തു രണ്ടാമതൊരു കൂറവന്നുടെ വജ്രത്തിന്മേലുമാക്കി പിന്നെ വൃത്രൻ മരിച്ചു വീഴുമ്പോൾ ഭൂമി താങ്ങിക്കൊള്ളരുതല്ലോയെന്നാലതു ഹേതുവായി ഒരു കൂറു ഭൂമിയിലുമാക്കി വൃത്രനെക്കൊല്ലുവാനായ്ക്കൊണ്ടെന്നരുളിച്ചെയ്തു വിഷ്ണുഭഗവാൻ തന്നുടെ ശക്തികൊണ്ടംശിച്ചു ദേവരാജാവിന്നും കൊടുത്തൊരു കൂറവന്റെ വജ്രത്തിന്മേലുമാക്കിയൊരു കൂറു ഭൂമിക്കും കൊടുത്തരുളി വിഷ്ണുഭഗവാൻ. നീ ചെന്നവന്നുടെ ശിരസ്സറുത്തു നിന്നുടെ വിഷമം തീർക്കായെന്നരുളിച്ചെയ്തയച്ചതുനേരമിന്ദ്രനും പെരിക ഭക്തിയോടുമഹങ്കാരം വർദ്ധിച്ചു പിന്നെ വജ്രമെടുത്തുയർത്തിപ്പിടിച്ചു ഐരാവതോപരികരയേറി പൊട്ടങ്ങവെ വൃത്രൻ തപസ്സു ചെയ്യുന്നെടം പ്രാപിച്ചു വൃത്രനുടെ മൂർദ്ധാവിങ്കൽ വജ്രത്തെ പ്രയോഗിപ്പൂതും ചെയ്തു ദേവരാജാവിന്ദ്രൻ. അതുനേരമിന്ദ്രനും നിരൂപിച്ചു ഞാനിപ്രയോഗിച്ച വജ്രംകൊണ്ടവന്മരിയാഞ്ഞിൽ മഹാപർവ്വതാകാരകായനായിരിക്കുന്ന അവൻ വന്നെന്നെ വധിക്കുമെന്നാലതിന്മുന്നമെ പൊകണമെന്നു നിർണ്ണയിച്ചു ഭയപ്പെട്ടു ഐരാവതത്തൊടും

ദ്രുമയൊളിച്ചു പൊയി ദെശാന്തരത്തെ പ്രാപിച്ചാൻ ദെവരാജാവിന്ദ്രൻ. അപ്പൊഴുതു വജ്രം ചെന്നു വൃത്രന്റെ മൂൎദ്ധാവു പിളൎന്നു ചെന്നകത്തു പുക്കി പ്രാണങ്ങളെയും പറിച്ചു കൊണ്ടു ദെവരാജാവിന്റെ കൈയിൽ ചെന്നു പുക്കിതു വജ്രവുമതുനെരം. വജ്രമെറ്റ പൎവ്വതാകാരകായനാകിയ വൃത്രൻ മരിച്ചു ഭൂമിയിലാമ്മാറു വീഴുവിളും ചെയ്താൻ. പിന്നെ വൃത്രനാകുന്ന അസുരൻ പെരിക ധൎമ്മിഷ്ഠനാകകൊണ്ടും തപസ്വിയാകകൊണ്ടും അവൻപക്കൽനിന്നു പുറപ്പെട്ടു ബ്രഹ്മഹത്യാദൊഷം പുറപ്പെട്ടു ചെന്നു ദെവെന്ദ്രനെച്ചെന്നു പീഡിപ്പിക്കും ചെയ്തു. അതു കാരണമായി ദെവരാജാവും നിശ്രീകനായി സ്വൎഗ്ഗത്തിലിരിക്കരുതാതെ നിന്ദ്യനായി പെരിക ദുഃഖിച്ചു പിന്നെയൊരു കഴിവില്ലാഞ്ഞു ദെവകളൊടു ശ്രീപാലാഴി ച്ചെന്നു വിഷ്ണുഭഗവാനെക്കണ്ടറിയിപ്പതും ചെയ്താൻ. സ്വാമി, വൃത്രനെക്കൊന്ന കാരണമായി ബ്രഹ്മഹത്യാദൊഷം വന്നെന്നെപ്പെരികപ്പീഡിച്ചു സ്വൎഗ്ഗത്തിലുമെങ്ങുമെയിരിക്കരുതാതെ ചമഞ്ഞതുകൊണ്ടു ബ്രഹ്മഹത്യാദൊഷം കെടുവൊരുപായത്തെയരുളിച്ചെയ്യെണം ഭഗവാനെയെന്നു ദെവരാജാവറിയിക്കെട്ടു ദെവരാജാവൊടരുളിച്ചെയ്തു വിഷ്ണുഭഗവാൻ. എല്ലാ പാപങ്ങളിലുംവെച്ചു പ്രധാനമായിരിക്കുന്ന പാപം ബ്രഹ്മഹത്യാദൊഷം പിന്നെയെല്ലാ ധൎമ്മങ്ങളിലുംവെച്ചു പ്രധാനമായിരിക്കുന്നതശ്വമെധമെന്നാലായതുകൊണ്ടു് ബ്രഹ്മഹത്യാദൊഷം പൊവാൻ സൎവ്വപ്രായശ്ചിത്തമായി അശ്വമെധയജ്ഞം

ചെയ്തു ബ്രഹ്മഹത്യാദൊഷവും മററുള്ള പാപ
ങ്ങളും കളഞ്ഞു പുണ്യഫലത്തെയനുഭവിക്കയെന്നരു
ളിച്ചെയ്തു മറഞ്ഞരുളി വിഷ്ണുഭഗവാൻ. അതുനെരം
ദെവരാജാവും സ്വൎഗ്ഗത്തിൽവന്നു ദെവകളെയും മഹ
ൎഷിമാരെയും ബ്രാഹ്മണരെയും വരിച്ചുകൊണ്ടശ്വമെ
ധമെടുത്തവണ്ണം ചെയ്തൊടുക്കിയതുനെരം ദെവരാജാ
വിനെ പിടിച്ചു ബ്രഹ്മഹത്യാപാപമവിടെ നിന്നുകൂ
ടായ്കകൊണ്ടു വെളിപ്പെട്ടു ചൊല്ലുവിതും ചെയ്താൻ.
ദെവകളെ നിങ്ങളശ്വമെധം ചെയ്കകൊണ്ടെനിക്കു
ദെവെന്ദ്രനൊടകപ്പാനരുതാതെയായി വന്നുവല്ലൊയെ
ന്നാലെനിക്കിരിപ്പാനൊരാശ്രമമുണ്ടാക്കിത്തന്നാലവി
ടെ വസിക്കയും ചെയ്യാം. എനിക്കു മറെറാരുത്തിൽ
പൊറുപ്പാനരുതായ്കയുമുണ്ടെന്നതുകെട്ടു ദെവകളും നി
രൂപിച്ചു ബ്രഹ്മഹത്യാദൊഷംകൊണ്ടു നാലു കൂറിട്ടൊ
രു കൂറു നദിയിലിട്ടു ചൊൽവിതും ചെയ്താർ. വ
ൎഷം നാലു ദിക്കിലും മഴപെയ്തു പെരുവെള്ളം കയ
റി മിട്ടാൽ കവിഞ്ഞൊഴുകുമതുനെരമാവെള്ളത്തിൽ
പെരിക നീന്തിക്കുളിക്കുന്നവരെ പിടിച്ചു കൊൾക
കയെന്നും പിന്നെയൊരു കൂറു തീണ്ടായിരുന്ന സ്ത്രീ
കൾക്കു കൊടുത്തവരൊടുകൂടി മൂന്നുനാൾ വസിക്കയെ
ന്നുമന്നവരൊടുകൂടി രമിക്കുന്ന പുരുഷനെ പിടി
ച്ചൊളണമെന്നും പിന്നെയൊരു കൂറു ബ്രാഹ്മണരെ
ക്കൊല്ലുന്നൊരെ പിടിച്ചൊളണമെന്നും പിന്നെ
യൊരു കൂറുള്ളതു ഭൂമിയിലുമാക്കിച്ചൊല്ലുവിതും ചെ
യ്തു ഭൂമിയൊരു കാൎയ്യം കൂടാതെ കൊത്തിപ്പുണ്ണാക്കുന്നവ
രെ പിടിച്ചൊളണമെന്നുമെന്നാലിന്നാലു പെരെയും

പീഡിച്ചവരൊടുകൂടിക്കളിച്ചു രമിച്ചു സുഖിക്കയെന്നു കെട്ടു ബ്രഹ്മഹത്യാപാപവും ദെവെന്ദ്രനെ വിട്ടു പൊവിതും ചെയ്താൻ. അതുനെരം ദെവെന്ദ്രനും പണ്ടെപ്പൊലെ സ്വർഗ്ഗത്തിൽ സുഖിച്ചു ത്രൈലൊക്യനാഥനായി വസിപ്പൂതും ചെയ്താൻ.

എന്നിപ്രകാരം ശ്രീലക്ഷ്മണകുമാരൻ തൊഴുതറിയിക്കക്കെട്ടു ശ്രീരാഘവചക്രവർത്തിയും തെളിഞ്ഞ മാനസനായി അരുളിച്ചെയ്യൂതും ചെയ്തു. ഞാനൊരശ്വമെധം ചെയ്യണമെന്നു നിശ്ചയിച്ചിരിക്കുന്നെൻ ഭ്രാതാക്കന്മാരെയെന്നുമെന്നുടെ ലക്ഷ്മണാ നീയിച്ചൊന്നതു കെട്ടെനിക്കിപ്പൊഠം തൊന്നിതൊരു വ്യാഖ്യാനമെന്നൊടു വസിഷ്ഠമഹർഷിയരുളിച്ചെയ്തിതു എന്നാലശ്വമെധത്തിന്നുടെ മഹിമ കെട്ടിരിക്കുന്നു ഞാനായതെപ്രകാരമെന്നാലായതുവും കെഠംക്ക ഭ്രാതാക്കന്മാരെ. പണ്ടു ഒമനനെന്നു പ്രസിദ്ധനായിരിപ്പൊരു പ്രജാപതിയുളവായാനവന്നുമൊരു പുത്രനുമുളവായാനവൻ പെരിക ധർമ്മിഷ്ഠനായിരിപ്പൊരുത്തനവന്ന ല്ലിരാജാവു വാൽഹികമെന്നൊരു നഗരം ചമച്ചുകൊണ്ടവിടെയഭിഷിക്തനായട്ടുത്തവണ്ണമെ രാജ്യപരിപാലനം ചെയ്തു ബന്ധുക്കളൊടും ബാന്ധവന്മാരൊടും അമാത്യരൊടുംകൂടിസ്സുഖിച്ചു വസിപ്പൂതും ചെയ്താൻ. പിന്നെയിളനാകുന്ന രാജാവും നായാടണമെന്നു നിശ്ചയിച്ചു ഹിമവാൻ പർവ്വതത്തിന്നുടെ താഴ്വരയെ പ്രാപിച്ചു മാനും പന്നി സിംഹം വ്യാഘ്രമാദിയായുള്ളവയെക്കൊൽകയെന്നു നിനച്ചു ചെന്നു

നായാടത്തുടങ്ങുവീതും ചൈതാൻ. അക്കാലത്തു സക
ലലോകമംഗല്യാംഗസമ്പന്നനാകിയ ശ്രീമഹാദേവ
ന്തിരുവടിയും സകലലോകജനനിയാകുന്ന ശ്രീപാൎവ്വ
തിദേവിയോടുംകൂടിയവ്വനത്തിൽ പ്രാപിച്ചു മഹാ
മൈഥുനവ്യാപാരത്തെച്ചൈതു രമിക്കുന്ന കാലത്തു
ശ്രീപാൎവ്വതിദേവിയരുളിച്ചെയ്തതാളല്ലൊ. ഞാനമെ
ന്നുടെ ഭൎത്താവുമിവിടനിന്നു പൊകുംമുന്നമെ യാവ
നൊരുത്തനെങ്കിലുമിവിടെ വന്നുവെങ്കിലപ്പൊഴവൻ
സ്ത്രീരൂപമായിപ്പൊകയെന്നു ശപിച്ചരുളുവീതും ചൈ
താറം. അതുകാലമിളനാകുന്ന രാജാവുമതറിയാതെ
അവിടെ പാൎക്കെതുവായി പുരുഷൻ പൊയി
സ്ത്രീരൂപമാവീതും ചൈതാൻ. പിന്നെയത്രയുമല്ലാ
തന്നൊടുകൂടി വന്ന പുരുഷരെല്ലാവരും സ്ത്രീരൂപമായി
പ്പൊവീതും ചൈതാർ. അക്കാലം ശ്രീമഹാദേവന്തിരു
വടിയുടെ മൈഥുനാവസാനത്തിങ്കൽ സുബ്രഹ്മണ്യന
ളവാവീതും ചൈതാൻ. പിന്നെയിളനാകുന്ന രാജാ
വും സ്ത്രീരൂപമായി പെരിക ദുഃഖിച്ചു നിരൂപിച്ചുതും
ചൈതു, ഞാനിപ്പാപത്തിൽനിന്നു കരെറണമെങ്കിൽ
ശ്രീമഹാദേവന്തിരുവടിയെക്കുറിച്ചു തപസ്സു ചെയ്യണ
മെന്നു നിൎണ്ണയിച്ചു തപസ്സു ചൈതു തുടങ്ങുവീതും ചൈ
താൻ. അക്കാലത്തിളനുടെ തപൊമഹിമ കണ്ടു ശ്രീമ
ഹാദേവന്തിരുവടിയും പ്രത്യക്ഷനായി അരുളിച്ചെ
യ്യുതും ചൈതു. എന്തു മഹാരാജാവെയെന്നാൽ വെ
ണ്ടുവൊന്നെന്നാലതു ചൊല്ലുകെന്നരുളിച്ചൈതു ശ്രീ
മഹാദേവന്തിരുവടി. അതു കെട്ടു തൊഴുതുണൎത്തി
നാൻ ഇളനാകുന്ന രാജാവും. എന്തു ഭഗവാനെ പുരു

ഷനായിരിക്കുന്ന ഞാനിപ്പൊളൊരു സ്ത്രീരൂപമായി
പ്പൊയിരിക്കുന്നതെന്നാലെന്നുടെ സ്ത്രീരൂപം കളഞ്ഞു
മുന്നെപ്പൊലെ പുരുഷനായിരിക്കുന്ന രൂപത്തെയനു
ഗ്രഹിച്ചരുളവെണം ഭഗവാനെയെന്നിളനാകുന്ന രാജാ
വു തൊഴുതറിയിക്കക്കെട്ടു അരുളിച്ചെയ്തു ശ്രീമഹാദെ
വന്തിരുവടി. എത്രയും മഹാരാജാവെ ഈ വനത്തിൽ
വന്ന പുരുഷന്മാരാരെങ്കിലും സ്ത്രീരൂപമായിപ്പൊകയെ
ന്നു ശപിച്ചാൾ ശ്രീപാൎവ്വതീദെവിയെന്നാലവൾ വെ
ണം വരം തരുവാനെന്നതെന്നാലെളുതല്ലെന്നും പിന്നെ
മറെറതാനും വെണ്ടുന്നതിനെച്ചൊല്ലിയാൽ വരം ത
രുവാനും കുറവില്ലെന്നു ശ്രീപരമെശ്വരന്തിരുവടിയരു
ളിച്ചെയ്തുകെട്ടു ശ്രീപാൎവ്വതീദെവിയെ തൊഴുതു നമ
സ്കരിച്ചു പുരുഷരൂപത്തെയൎത്ഥിച്ചാനിളനാകുന്ന രാ
ജാവും. അല്ലയൊ ത്രൈലൊക്യനായികയായുള്ളൊരു
മഹാദെവിയെന്നുടെ സ്ത്രീരൂപത്തെക്കളഞ്ഞു പുരുഷ
രൂപത്തെയനുഗ്രഹിച്ചരുളവെണം ദെവിയെന്നു തൊ
ഴുതറിയിക്കക്കെട്ടരുളിച്ചെയ്തു ശ്രീപാൎവ്വതീദെവി
യും കെൾക്ക മഹാരാജാവനായുള്ളൊരു രാജാവെയെ
ന്നുടെ ഭൎത്താവാകിയ ശ്രീമഹാദെവന്തിരുവടിയും ഞാ
നുമൊന്നുതന്നെയല്ലൊ എന്നാൽ ഞാൻ പാതി വരം
തരികയും ചെയ്യാമായതെങ്ങിനെയെന്നാലായതും പ
റയുന്നുണ്ടു താനും. മുപ്പതുനാൾ സ്ത്രീരൂപമായിരിക്ക
പിന്നെ മുപ്പതുനാൾ പുരുഷരൂപമായിട്ടുമിരിക്ക. പി
ന്നെയുമങ്ങിനെ പിന്നെയുമങ്ങിനെയുഴമിട്ടു തിങ്ങൾ
തിങ്ങൾ തൊറും സ്ത്രീപുരുഷനായിരിക്ക. പിന്നെ
സ്ത്രീയായിരിക്കുന്നനാൾ ഞാനിളനാകുന്ന രാജാവെന്ന

റിയാതെ പൊകയെന്നും പിന്നെ മൂപ്പത്തു നാൾ പുരുഷരൂപമായിരിക്കുന്ന നാൾ ഞാൻ മൂന്നാം സ്ത്രീരൂപമായിരുന്നാവെന്നുള്ളതറിയാതെ പൊകയെന്നുമരുളി പിന്നെമറഞ്ഞരുളിശ്രീപാൎവ്വതിദെവിയും ശ്രീപരമെശ്വരന്തിരുവടിയും. പിന്നെയിളൻ പൊയി ഇളയെന്ന നാമമുടയവളായി ത്രൈലൊക്യമൊഹിനിയായിരിപ്പൊരു രൂപത്തെയുടയവളായി പിന്നെത്തന്നുടെ പരിവാരജനമെല്ലാം സ്ത്രീരൂപമായി വനത്തിൽ വസിപ്പൂതും ചെയ്താർ. പിന്നെ മറവുള്ള മാസത്തിലിളനാകുന്ന രാജാവായിത്തന്നുടെ പരിവാരജനവും പുരുഷരൂപമായവലംബിച്ചുടനെല്ലാരുമായിസ്സുഖിച്ചു വസിച്ചുങ്ങിനെ പലകാലം ചെന്നൊടുമൊരുനാൾ ആ വനത്തിൽ ദിവ്യമായിരിപ്പൊരു സരസ്സങ്ങതിലിറങ്ങി കളിപ്പാനായിക്കൊണ്ടു തന്നുടെ സഖിമാരായ തൊഴിമാരൊടുമൊത്തു കളിക്കുന്നെരം ചന്ദ്രനുടെ പുത്രനാകിയ ബുധനുമസ്സരസ്സിലിറങ്ങി സ്നാനംചെയ്‌വാനായിക്കൊണ്ടുചെന്നിറങ്ങി കളിക്കുന്ന ബുധനെക്കണ്ടു ഇളയാകുന്ന കന്യാവുമിവനെനിക്കു ഭൎത്താവായെങ്കിൽ കൊള്ളാമെന്നുറച്ചു കാമൊന്മാദപരവശയായി നൊക്കിനില്ക്കുമളുനെരം ബുധനുമവളെക്കണ്ടു മൊഹിച്ചു ഇവളെനിക്കു ഭാൎയ്യയായി കിട്ടിയെങ്കിൽ നന്നായിരിന്നുതെന്നു നിനച്ചു കാമൊന്മാദപരവശനായവളുടെ സമീപത്തെ പ്രാപിച്ചു ചൊല്ലുവിതും ചെയ്താൻ. കെൾക്ക രൂപയൌവനസമ്പന്നയായിരിക്കുന്ന ഭദ്രെ നീയെന്നൊടു കൂടപ്പൊന്നെനിക്കു ഭാൎയ്യയായിരുന്നു നമ്മിൽ രമിച്ചു സുഖിച്ചു വസിക്കെണ്ടും കാലമെന്നു ബുധൻ ചൊല്ലുക്കെട്ടു

ഇളയാകുന്ന കന്യാവിന്നുമപ്രകാരമല്ലൊ തൊന്നിയിരിക്കുന്നതെന്നാലതു കാരണമായാരെന്നുള്ളതറിയണമെന്നും ചൊല്ലിയന്നവളിപ്പൂതും ചെയ്താൾ. അതു കെട്ടു ബുധനും ചൊല്ലിനാൻ ചന്ദ്രദെവന്റെ പുത്രൻ ബുധനെന്നെന്റെ നാമധെയമെന്നു പറഞ്ഞു പിന്നെ ഇവളാരെന്നറിയണമെന്നു നിൎണ്ണയിച്ചു ദിവ്യം ചക്ഷുസ്സുകൊണ്ടു നൊക്കിയുള്ളവണ്ണമെയറിഞ്ഞു വിസ്മയിച്ചു നിരൂപിപ്പൂതും ചെയ്താൻ. ഇളനാകുന്ന രാജാവു ശ്രീപാൎവ്വതിദെവിയുടെ ശാപംകൊണ്ടു സ്ത്രീരൂപമായിപ്പൊയതെന്നും പിന്നെ മൂപ്പതു നാൾ സ്ത്രീരൂപമായിപ്പൊകുമെന്നും മൂപ്പതുനാൾ പുരുഷരൂപമായിപ്പൊകുമെന്നിങ്ങിനെയൊന്നിടയിട്ടൊരൊ തിങ്ങൾ പുരുഷനായുമൊരൊ തിങ്ങൾ സ്ത്രീരൂപമായിരിക്കുമെന്നറിഞ്ഞു നിരൂപിച്ചാനിവൻ സ്ത്രീരൂപമായ നാളിവളൊടുകൂടസ്സുഖിച്ചു രമിക്കാം, പിന്നെ മൂപ്പതു നാൾ പുരുഷനാകുമന്നവന്റെ തൊഴനായിട്ടുമിരിക്കാമെന്നു നിൎണ്ണയിച്ചവളെ വിവാഹം ചെയ്തു സുഖിച്ചു വസിച്ചാൻ. അങ്ങിനെ പലകാലം ചെന്നപ്പൊളിളയാകുന്നവൾക്കു ഗൎഭമുണ്ടായൊമ്പതാം മാസത്തിൽ പ്രസവിപ്പൂതും ചെയ്താളവനല്ലൊ പൂരുവാകുന്ന രാജാവു്. അവൻ സൊമവംശാദി രാജാവെന്നറികെടൊ ഭ്രാതാക്കന്മാരെ. പിന്നെ ബുധനും നിരൂപിച്ചാനിവൻപക്കൽ നിന്നല്ലൊ സൊമവംശമുണ്ടായിതെന്നാലിവനെയിവ്വനത്തിൽ നിന്നു കരെററണം ഞാനെന്നു കല്പിച്ചു നിൽക്കുമളവിൽ പത്താന്തിങ്ങളിലിളനായതുനെരമവനെനൊക്കി ചൊല്ലിനാൻ ബുധൻ. കെൾക്ക മഹാരാജാവെ നീ

പ്രജാപതിയെന്ന രാജാവിന്റെ പുത്രനിളനാകുന്ന രാജാവല്ലൊയെന്നാൽ നീ കാലമറിയാതെ ഈ വനത്തിൽ വന്നതുനെരം ശ്രീപാൎവ്വതിദെവിയുടെ ശാപം കൊണ്ടൊരു മാസം സ്ത്രീയായുമൊരു മാസം പുരുഷനായുമിങ്ങിനെയല്ലൊ കഴിയുന്നിവിടെയെന്നാലിതിന്റെ പ്രായശ്ചിത്തമായിരിപ്പൊന്നശ്വമെധമെന്നാലശ്വമെധമാകുന്ന യജ്ഞംകൊണ്ടു യജിക്കാമെന്നു ബുധനറിയിച്ചതുനെരമിളനാകുന്ന രാജാവും തെളിഞ്ഞ മാനസനായി ബ്രാഹ്മണരെയും മഹൎഷിമാരെയും വരിച്ചുകൊണ്ടു അതൃത്തവന്നമശ്വമെധം ചെയ്തൊട്ടെവിതും ചെയ്താൻ. അക്കാലത്തു ദെവകളും ചെരികെ പ്രീതിപെട്ടു ശ്രീമഹാദെവതിരുവടിയും പ്രസന്നമാനസനായി വന്നരുളിച്ചെയ്തവൃതും ചെയ്തു. നിന്റെപക്കൽനിന്നു സൊമവംശമുണ്ടാവിതും ചെയ്യുമല്ലൊയെന്നാലിന്നു ഇടങ്ങി മഹാരാജാവായിരിക്കുന്ന പുരുഷരൂപത്തെയവലംബിച്ചു നിന്റെ രാജ്യം പ്രാപിച്ചു രാജ്യപരിപാലനം ചെയ്തു സുഖിച്ചു വസിക്കയെന്നരുളി മറവിതും ചെയ്തു ശ്രീമഹാദെവതിരുവടി. പിന്നെ ഇളനാകുന്ന രാജാവും തന്റെ സഖിമാരെല്ലാം പുരുഷാകാരം പൂണ്ടു രാജാവൊടു കൂടപ്പൊയി രാജ്യം പ്രാപിച്ചു സുഖിച്ചു വസിപ്പുതും ചെയ്താർ. എന്നാലശ്വമെധമാകുന്ന യജ്ഞം പുരുഷാൎത്ഥമാകുന്നതു ഭ്രാതക്കാന്മാരെയെന്നാൽ നിങ്ങറം ചൊല്ലുവതു പരമാൎത്ഥമായിട്ടു ഇരിക്കുന്നെന്നതുകൊണ്ടു വിശ്വസിച്ചേൻ ഞാനെന്നാൽ ലക്ഷ്മണാ ഭരതാ പെരിക വിരിയ അശ്വമെധം ചെയ്വാനുള്ളടങ്ങ വെണമെന്നരുളിച്ചെയ്തു പിന്നെവസിഷ്ഠമഹൎഷിയുടെ

യാശ്രമത്തിലെഴുന്നരുളിയകത്തു പുക്ക വസിഷ്ഠഭഗ
വാനെയും കണ്ടു വലത്തുവെച്ചു നമസ്കരിച്ചു ജാ
ബാലി മഹൎഷിയെയും വാമദെവമഹൎഷിയെയും ന
മസ്കരിച്ചു പിന്നെ വസിഷ്ഠഭഗവാൻ പൂജിതമായി
രാജാൎഹമായിരിക്കുന്ന സിംഹാസനത്തിന്മെൽ മഹ
ൎഷിമാരെ തൊഴുതപ്രകാരമെ ഇരുന്നു മഹൎഷി
മാരെ നൊക്കിയരുളിച്ചെയ്തു ശ്രീരാഘവചക്രവ
ൎത്തി. കെൾക്ക ഭവാന്മാരെ ഞാനശ്വമെധമായി
രിക്കുന്ന യജ്ഞം ചെയ്യണമെന്നു നിരൂപിച്ചിരിക്കുന്നു
തുകൊണ്ടു ചെയ്യാമൊവെന്നൊ ചെയ്യരുതാതൊന്നൊ
ആയതിനു കാലമൊ കാലമല്ലയൊ നമുക്കിതു ചെയ്തു
സംഹരിക്കാമൊവെന്നൊ ആയതെന്നിയെയിരിക്കുന്നൊ
ഒായെന്നു നിരൂപിച്ചരുളിച്ചെയ്തതിന്നെകൊണ്ടു യ
ജിപ്പിച്ചരുളവെണം ഭഗവാനെയെന്നു ചക്രവൎത്തിയ
രുളിച്ചെയ്ത കാലത്തു മഹൎഷിമാരും പെരിക പ്രീതി
പെട്ടു മഹാരാജാവെ പെരിക വെണ്ടുവൊന്നാകയുമു
ണ്ടുതെന്നാൽ നിന്തിരുവടിയുടെ പൂൎവ്വന്മാരാചരിച്ചു
പൊന്നൊന്നാകയുമുണ്ടുയെന്നു വസിഷ്ഠഭഗവാനരുളി
ച്ചെയ്തുകെട്ടു നമസ്കരിച്ചു പൊട്ടങ്ങനവെ പുറപ്പെട്ടു
പൊയാസ്ഥാനമണ്ഡപത്തെ പ്രാപിച്ചു പൊന്മയമാ
യിരിക്കുന്ന സിംഹാസനത്തിന്മെലിരുന്നു ഭ്രാതാക്കന്മാ
രെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി· കെൾപ്പിനെ
ടൊ ഭ്രാതാക്കന്മാരെ നിങ്ങൾ വെണമല്ലൊയെന്നടെ
യശ്വമെധം ചെയ്തു സംഹരിപ്പാനെന്നും ഞാൻ യജ്ഞ
ത്തിന്നു ദീക്ഷ പുക്കാൽ പിന്നെ വെണ്ടുന്നതെല്ലാം നി
ങ്ങൾനിരൂപിച്ചു കൊള്ളണമെന്നാൽ മുമ്പിൽവെണ്ടതു

മധുരാപുരിയിലുള്ളെല്ലാ ശത്രുഘ്നനിരിക്കുന്നതെന്നാലവനുള്ളെടത്തൊരു ദൂതനെ വിട്ടവനെയിങ്ങു വരുത്തിക്കൊൾകയും വെണം ഭൂമിനാൻ. നമ്മുടെ മാതുലനായിരിക്കുന്ന യുധാജിത്തുള്ളെടത്തുമൊരു ദൂതനെ വിട്ടു വിളിപ്പിച്ചു കൊള്ളുണം. പിന്നെ നമ്മുടെ ഗുരുവല്ലൊ ജനകരാജാവെന്നാലവിടെയുമൊരു ദൂതനെയയച്ചു വരുവാനിയൊഗിക്കണം. നമുക്കു പുരാണബന്ധുവല്ലൊ കാശിരാജാവവനുള്ളെടത്തും ദൂതനെ വിട്ടു വിളിപ്പിച്ചുകൊള്ളണം. പിന്നെ പതിനെൺവിഷയത്തിലുള്ള രാജാക്കന്മാരെയുമമ്പത്താറ ദെശത്തുള്ള രാജാക്കന്മാരെയുമവിടവിടെയുള്ള സകലജനങ്ങൾ വരുവാനും ദൂതരെയയച്ചു വിളിപ്പിച്ചു കൊള്ളുണം. പിന്നെ സൂര്യാത്മജൻസുഗ്രീവനുള്ളെടത്തും ദൂതനെയയച്ചു ശ്രീഹനുമാനാദിയായുള്ള വാനരശ്രെഷ്ഠന്മാരൊടും കൂടി വരുവാൻ നിയൊഗിക്കണം. പിന്നെ ശ്രീവിഭീഷണനുള്ളെടത്തുമൊരു ദൂതനെ വിട്ടവനെയും വിളിപ്പിച്ചു കൊൾകയും വെണം. പിന്നെ ഗോമതിയാകുന്ന നൈമിശാരണ്യപുണ്യസ്ഥലത്തു വെച്ചു വെണമശ്വമെധം ചെയ്‌വാനമെന്നാൽ അതിനു വെണ്ടുന്നതെല്ലാമൊരുക്കിക്കൊൾവിനെന്റെ ലക്ഷ്മണാ ഭരതായെ.ന്നിപ്രകാരമരുളിച്ചെയ്തു ശ്രീരാഘവചക്രവൎത്തി. അന്നെരം ശ്രീലക്ഷ്മണകുമാരനും ചക്രവൎത്തിയരുളിച്ചെയ്തവണ്ണം എല്ലാ ദിക്കിലും ദൂതരെ അയക്കുവിളും ചെയ്താൻ.

അക്കഥ നിൽക്ക; പിന്നെ ലൊകാപവാദത്തിനു ശമനമായി സീതാദെവിയെ ലക്ഷ്മണൻ കൂട്ടിക്കൊണ്ടു

പൊയി ഗംഗാനദി കടത്തി വനഭൂമിയിൽ മണതിട്ടു മെലാക്കി വന്നപ്പൊളവളെ ശ്രീവാല്മീകിമഹൎഷിയറിഞ്ഞു വന്നു കൂട്ടിക്കൊണ്ടുപൊയി പതിവ്രതമാരായിരിക്കുന്നതാപസിമാരുടെ പൎണ്ണശാലയിലാക്കിയവരൊടരുളിച്ചെയ്കയും ചെയ്തു. ഗൎഭിണിയാകുമിവളെ നിങ്ങൾ നൊക്കി രക്ഷിക്കണമെന്നരുളിച്ചെയ്തവിടെ വസിക്കുംകാലം മെല്ലെ മെല്ലെ ദെവിക്കു ഗൎഭം തികഞ്ഞു നല്ലൊരുമുഹൂൎത്തംകൊണ്ടു പ്രസവിപ്പൂതും ചെയ്താൾ. അതുനെരമക്കുമാരനെയും സീതാദെവിയെയും നല്ലവണ്ണമീറെറടുത്തു നൊക്കി രക്ഷിച്ചവിടെ വസിക്കുന്നു കാലമൊരുദിനം മഹൎഷിക്കു ദെവപൂജക്കു പുല്ലും ചമത പുഷ്പമിത്യാദി കൊണ്ടുവരുവാൻ പുത്രനെ പൎണ്ണശാലയിലാക്കി ദെവി പൊയതുനെരം പുത്രനും മാതാവിൻ പിന്നാലെ പൊയതറിയാഞ്ഞു മഹൎഷിയും വത്സനെക്കാണാഞ്ഞു വ്യസനിച്ചു വിളിച്ചെങ്ങുമെ കാണാഞ്ഞു ദുഃഖിച്ചു കുശകൊണ്ടൊരു വത്സനെച്ചമച്ചു ജീവനുമിട്ടു കുമാരനൊടും കൂടിയവിടെ വസിക്കുന്നെരം സീതാദെവിയും പുഷ്പങ്ങളുംകൊണ്ടു വരുന്നെരം ദെവിയുടെ പിന്നാലെ വരുന്ന ബാലനെക്കണ്ടതുനെരം മഹൎഷിയും സൃഷ്ടിപുത്രനെ മറയ്പാൻ ഭാവിച്ചതുകണ്ടു മഹൎഷിയൊടറിയിച്ചു സീതാദെവിയെനിക്കുകുമാരനും വെണമെന്നപെക്ഷിച്ചതു കെട്ടു മഹൎഷിയും പെരികപ്രീതിപ്പെട്ടു കുമാരനെ കൈപിടിച്ചു സീതാദെവിക്കു കൊടുക്കുവിതും ചെയ്തു. പിന്നെ സീതാദെവി കുമാരന്മാരൊടും കൂടി സുഖിച്ചു വസിപ്പൂതും ചെയ്താൾ. ഇങ്ങിനെ ചില ദിനം കഴിഞ്ഞപ്പൊൾ മഹൎഷിയും നിരു

പിച്ചു കുമാരന്മാൎക്കു നാമകരണമഹാദാനം ചെയ്യണമെന്നൊൎച്ചു നല്ലൊരു മുഹൂൎത്തംകൊണ്ടു കുമാരന്മാൎക്കു ലവനെന്നും കുശനെന്നും നാമമരുളിച്ചെയ്കയും ചെയ്തു. പിന്നെ പുത്രരൊടും കൂടി മുനിയാശ്രമത്തിൽ സുഖിച്ചു വസിപ്പതും ചെയ്താൾ സീതാദെവി. അതുകാലം കുമാരന്മാർ ശിശുത്വം കഴിഞ്ഞു ശൈശവത്തെ പ്രാപിച്ചതുകാലം വിദ്യകളെല്ലാം പഠിപ്പിച്ചു വെദങ്ങളും പരിപൂൎണ്ണമായി പഠിപ്പിച്ചു പിന്നെ ധനുൎവ്വെദത്തിങ്കൽ പെരിക നിപുണന്മാരാവിതും ചെയ്താർ. അത്രയുമല്ല മഹൎഷിയാലുണ്ടാക്കപ്പെട്ട ആദ്ധ്യാത്മരാമായണമാകു കാണ്ഡവും പഠിപ്പിച്ചുറപ്പിച്ചതിലും വിശെഷിച്ചു യുദ്ധകാണ്ഡം മുന്നലൊട്ടും വഴിയൊട്ടും ചൊല്ലുമാറുവിട്ടുറപ്പിച്ചു കുമാരന്മാരുമതു കണ്ടു ശ്രീവാല്മീകിമഹൎഷിയും പെരിക പ്രീതിപെട്ടു കുമാരന്മാരൊടരുളിച്ചെയ്കയും ചെയ്തു. നിങ്ങൾ പഠിച്ചിരിക്കുന്ന അദ്ധ്യാത്മരാമായണമാരുടെയും മുമ്പിൽ നിന്നും രാജസഭയിൽ നിന്നും പാടി നൃത്തം ചെയ്വിൻ. നിങ്ങളെ വില്ലിങ്കലും വിദ്യകളിലുമാരും ജയിക്കയില്ലെന്നരുളിച്ചെയ്തു മഹൎഷിമുഖ്യൻ.

പിന്നെയതു നിൽക്ക, ചക്രവൎത്തിയരുളിച്ചെയ്കയാൽ ദൂതരെ നാലു ദിക്കിലുമയച്ചതിലൊരുവൻ ചെന്നു കിഷ്കിന്ധയെ പ്രാപിച്ചു സൂൎയ്യാത്മജനെക്കണ്ടു ചക്രവൎത്തിയരുളിച്ചെയ്ത വൃത്താന്തമെല്ലാം കെൾപ്പിച്ചതുനെരം സുഗ്രീവനും തന്റെ മന്ത്രിപ്രവരനായിരിക്കുന്ന ശ്രീഹനുമാനാദിവാനരസൈന്യത്തൊടും തങ്ങൾ

തങ്ങളുടെ ഭാൎയ്യമാരൊടും കൂടി കിഷ്കിന്ധയിൽനിന്ന പുറപ്പെട്ടു തിരുവയോദ്ധ്യയെ പ്രാപിച്ചു മഹാരാജശ്രീ ചക്രവൎത്തിയെക്കണ്ടു നമസ്കരിപ്പൂതും ചെയ്താൻ. പിന്നെ ദൂതൻ ചൊന്നതു കെട്ടു ചക്രവൎത്തിയുടെ അശ്വമെധം കൊണ്ടുത്സവിക്കണമെന്ന നിൎണ്ണയിച്ചു പൎവ്വതാകാരകായന്മാരായിരിക്കുന്ന രാക്ഷസപ്പെരിമ്പടയൊടും തങ്ങൾതങ്ങളുടെ ഭാൎയ്യമാരൊടുമെല്ലാവരൊടുംകൂടി ശ്രീവിഭീഷണൻ ലങ്കാപുരിയിൽനിന്ന പുറപ്പെട്ടും ഖെചരമാൎഗ്ഗെ പൊന്ന തിരുവയോദ്ധ്യയെ പ്രാപിച്ചു ചക്രവൎത്തിയെക്കണ്ടു നമസ്കരിപ്പൂതും ചെയ്താൻ. പിന്നെ കെകയരാജാവാകിയ യുധാജിത്തും കെകയവിഷയത്തിങ്കൽനിന്ന പുറപ്പെട്ടു തിരുവയോദ്ധ്യയെ പ്രാപിച്ചു ചക്രവൎത്തിയെക്കണ്ടു വന്ദിപ്പൂതും ചെയ്താൻ. അതുനെരം കാശിരാജാവും വിദെഹരാജാവും വന്ന തിരുവയൊദ്ധ്യയെ പ്രാപിപ്പൂതും ചെയ്താർ. അപ്പൊഴുതു പതിനെൺവിഷയത്തിലുള്ള രാജാക്കന്മാരൊരുത്തരുമൊഴിയാതെ തങ്ങളുടെ പടയൊടുമമാത്യരൊടും ഭാൎയ്യമാരൊടും കൂട വന്ന ചക്രവൎത്തിയെക്കണ്ടു തൊഴുതു വന്ദിപ്പൂതും ചെയ്താർ. പിന്നെ ശ്രീരാഘവചക്രവൎത്തി ഭരതനെ നൊക്കിയരുളിച്ചെയ്വൂതും ചെയ്തു. നീ ചെന്ന വസിഷ്ഠമഹൎഷിയെക്കണ്ടു നമസ്കരിച്ചു വസിഷ്ഠമഹൎഷിയരുളിച്ചെയ്തവണ്ണമിതിന്ന കിഴക്കെ ദിക്കിൽ ഗൊമതിയാകുന്ന നദിയുടെ തീരത്തു നൈമിശാരണ്യമാകുന്ന പുണ്യസ്ഥലത്തു യജ്ഞവാടത്തെ യുഴകരായിച്ചമപ്പൂതും ചെയ്ക; പൊകുമ്പൊൾ നഗരവാസികളെയും കൂട്ടിക്കൊണ്ടുപൊയവിടെയൊരു

യപ്പെരുന്തെരുവും ചമച്ചു പിന്നെയും വെണ്ടുവതു അവനവന്നവെണ്ടുന്ന വ്യാപാരങ്ങളവിടെ പുഷ്ടമാക്കിച്ചമച്ചുണ്ടാക്കയും വെണം. പിന്നെ യജ്ഞം ചെയ്യുന്നെപൊഠം മംഗലവാദ്യസ്തുതിനൃത്തഗീതങ്ങളെച്ചെയ്‌വാൻ നടന്മാരെയും നത്തകന്മാരെയും നൎത്തകിമാരെയും കൊണ്ടുചെന്നവിടെയാക്കയും വെണം. പിന്നെ യജ്ഞവാടമടിച്ചുതളിപ്പാൻ പെരികയച്ചിമാരെ കൂട്ടിക്കൊണ്ടു പൊകയും വെണം. പിന്നെ ബ്രാഹ്മണൎക്കും രാജാക്കന്മാൎക്കും മൃഷ്ടമായുള്ള ഭൊജനത്തെച്ചമച്ചു കൊടുപ്പാൻ വിദഗ്ദ്ധരായുള്ള പാചകന്മാരെയും കൂട്ടിക്കൊണ്ടുപൊകയും വെണം. പിന്നെയവിടെ വെണ്ടതെല്ലാം വിചാരിച്ചു കുറവുവരാതെ ചമച്ചുകൊള്ളുകയും വെണം. പിന്നെ ശ്രീലക്ഷ്മണകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. ബ്രാഹ്മണരെയും മഹൎഷികളെയും പതിനെൺവിഷയത്തിലെ രാജാക്കന്മാൎക്കുമവരുടെ പ്രാഭവത്തിന്നും വംശത്തിന്നും വിശെഷിച്ചു മൂപ്പിന്നും വിദ്യക്കും തക്കവണ്ണം യൊഗ്യമായസ്ഥാനത്തിരുത്തുവാൻ നീ വെണമെന്നരുളിച്ചെയ്തു പിന്നെ ചക്രവൎത്തിയും വസിഷ്ഠഭഗവാനുടെ ആശ്രമത്തിലെഴുന്നരുളി മഹൎഷിയെ നമസ്കരിച്ചു സിംഹാസനത്തിന്മെലെഴുന്നരുളി തൊഴുതപ്രകാരമെയിരുന്നരുളി മഹൎഷിയെ നൊക്കിയരുളിച്ചെയ്തു മഹാരാജശ്രീചക്രവൎത്തി. ഭഗവാനെ നിന്തിരുവടി അശ്വമെധംകൊണ്ടുയജിക്കുന്നെപൊഠം ഞാൻ പത്നീസഹിതനായി വെണമല്ലൊ യജിപ്പാനെന്നാലതിന്നെന്തൊരു കഴിവെന്നരുളിച്ചെയ്കവെണം. പിന്നെ നിൎദ്ദൊഷയായി ഭൊഷര

ഹിതയായിരിക്കുന്ന സീതയെ ഞാൻ കളവിലും ചൈതെന്നല്ലോയെന്നാലായതിനെങ്ങിനെയിവിടെ വെണ്ടും പ്രകാരമായതിനെയരുളിച്ചെയ്കവെണം ഭഗവാനെയെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടടനരുളിച്ചെയ്തു മഹൎഷിമുഖ്യൻ. കെൾക്ക മഹാരാജാവെ സീതെക്കുണ്ടും ദൊഷമില്ലയെന്നുള്ളതൊ ഭവാൻ ലങ്കാദ്വീപിൽ നിന്നു അഗ്നിപ്രവെശം ചെയ്യിച്ചപ്പൊളറിഞ്ഞതല്ലൊയിരിക്കുന്നതുമെന്നാലവളെ വിളിപ്പിച്ചുകൊണ്ടു പത്നീസഹിതനായിരുന്നുകൊണ്ടശ്വമെധം ചൈകയെന്നരുളിച്ചെയ്തു വസിഷ്ഠമഹൎഷി. അതുകെട്ടു തൊഴുതറിയിച്ചു ചക്രവൎത്തി. ഭഗവാനെ ഏതുമൊരപരാധമില്ലെന്നാലും സീതയെ ഞാൻ കളഞ്ഞതല്ലൊയെന്നാലെനിയിതു കൊള്ളുകെന്നുള്ളതൊട്ടും യൊഗ്യമല്ലാ ഭഗവാനെയെന്നരുളിപ്പിന്നെയുമരുളിച്ചെയ്തു ചക്രവൎത്തി. ഇപ്പൊൾ സീതയെക്കൊള്ളവെണമെങ്കിൽ മുന്നമെന്തിനു കളഞ്ഞുവെന്നും കളഞ്ഞാൽ കൊള്ളരുതെന്നും പിന്നെയാരാനുമെന്തെങ്കിലുമൊന്നു പറഞ്ഞാൽ അതയതു കെൾക്കണമെന്നത്രെ നമ്മുടെ രാജാവിന്നൊരു നിലയുമൊറപ്പും ദൃഢബുദ്ധിയുമുള്ളൊരുത്തനല്ലാ രാജാവെന്തിങ്ങിനെയെന്നു പരാപവാദം പറയുന്നതു കെൾക്കുമല്ലൊ ഭഗവാനെയെന്നുമെന്നാൽ സീതയെ സ്വീകരിക്കുന്നതൊട്ടും പിടിപ്പൊന്നല്ലായെന്നാലിപ്പൊളൊരുത്തിയെ വിവാഹം ചൈകയെന്നുവെച്ചാലതു ഞാൻ ചെയ്വൊരുത്തനുമല്ലാ ആയതെന്തുകൊണ്ടെന്നാൽ ഞാനിത്രനാളും സീതയൊടും കൂടെയനുഭവിച്ചിരിപ്പൊനാകകൊണ്ടു മറെറാരു

സ്ത്രീയോടും കൂടി സുഖിക്കയെന്നുള്ളതൊട്ടും സുഖമു
ള്ളതല്ലായെന്നാലായതിനൊരുപായത്തെയരുളി
ച്ചെയ്കവേണം ഭഗവാനെയെന്നു മഹാരാജാവു
രുളിച്ചെയ്തകാലത്തു നിരൂപിച്ചരുളിച്ചെയ്തു വ
സിഷ്ഠമഹർഷി. കേൾക്ക മഹാരാജാവെ ബ്രാഹ്മ
ണർ യാഗം ചെയ്യുമ്പോൾ പത്നീസഹിതരാ
യി വേണമല്ലൊ ചെയ്വാനെന്നാൽ പത്നിയില്ലാ
യെങ്കിൽ പ്പൊന്നുകൊണ്ടൊരു ഭാര്യയെച്ചമച്ചുകൊണ്ട
രികെയിരുത്തിച്ചെയ്യാമായതിന്നു ശാസ്ത്രവിധിയുമുണ്ടു.
എന്നാൽ ഭവാനുമായതുപൊലെയൊരു സീതയെ
പൊൻകൊണ്ടു ചമച്ചരികെയിരുത്തിക്കൊണ്ടശ്വമെ
ധം ചെയ്വായാക മഹാരാജാവെയെന്നു വസിഷ്ഠ
മഹർഷിയരുളിച്ചെയ്തുകേട്ടു മഹാരാജാവും മഹർഷി
യെ നമസ്കരിച്ചു അറിയിപ്പതും ചെയ്തു. ഭഗവാനെ
യെന്നി പെരിക വേഗത്തൊടുംകൂടി ബ്രാഹ്മണരെയും
മഹർഷിമാരെയും കൂട്ടിക്കൊണ്ടു വന്നെന്നുടെ അശ്വ
മെധം ചെയ്തതവണ്ണമെ ദക്ഷിണയും വിഘ്നംവരാ
തെ വാങ്ങിസ്സംഹരിക്കമാറു ഗോമതീതീരമാകുന്ന
നൈമിശാരണ്യത്തെ പ്രാപിച്ചരുളുക ഭഗവാനെയെ
ന്നറിയിച്ചു പിന്നെയകംകൊയിലാമ്മാരെഴുന്നരുളി
ലക്ഷ്മണകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവ
ൎത്തി. കേൾക്ക സൌമിത്രെ പൊൻകൊണ്ടൊരു സീ
തയെച്ചമച്ചരികെയിരുത്തിക്കൊണ്ടശ്വമെധം ചെ
കയെന്നു വസിഷ്ഠമഹർഷിയരുളിച്ചെയ്തതെന്നാൽ
പൊൻകൊണ്ടൊരു സീതയെച്ചമച്ചുണ്ടാക്കവെയായാ
കായെന്നു ചക്രവൎത്തിയരുളിച്ചെയ്തുകേട്ടു ശ്രീലക്ഷ്മണ

കുമാരനും ഉരുക്കിത്തെളിഞ്ഞ രമണീയമായിരിപ്പൊരു പൊൻകൊണ്ടു സീതാദെവിയുടെ തിരുവുടമ്പു ചമപ്പിച്ചുണ്ടാക്കുവിതും ചെയ്താൻ. പിന്നെ ശ്രീഭരതകുമാരൻ ചക്രവർത്തിയരുളിച്ചെയ്തവണ്ണമെ നൈമിശാരണ്യത്തിൽ ഗോമതീതീരം യജ്ഞവാടത്തെച്ചമപ്പുതും ചെയ്താൻ. അതുനെരം ചക്രവർത്തിയും നിരൂപിച്ചു അറുപത്തുനാലക്ഷൌഹിണിപ്പടയുള്ളതിൽ വെച്ചു മുപ്പത്തിരണ്ടു അക്ഷൌഹിണിപ്പടയുമെണ്മരമാത്യരുള്ളതിൽ നാൽവരെയും കൂട തിരുവയോദ്ധ്യാപുരിയാകുന്ന മഹാനഗരം കാപ്പാനുമാക്കി, മുപ്പത്തുരണ്ടക്ഷൌഹിണിപ്പടയും സുമന്ത്രാദി നാൽവരമാത്യരൊടും സുഗ്രീവാദിവാനരന്മാരൊടും ശ്രീവിഭീഷണാദിരാക്ഷസപ്രവരന്മാരൊടും കൂട തിരുവയോദ്ധ്യാപുരിയിൽ നിന്നു പുറപ്പെട്ടു നൈമിശാരണ്യത്തെ പ്രാപിച്ചുകംപൂവിതും ചെയ്തു ചക്രവർത്തി. അതുനെരം ശ്രീഭരതനാൽ ചമക്കപ്പെട്ട യജ്ഞവാടനഗരത്തിന്റെ ചെരുന്നെരുവും മറെറാരു പ്രദെശം ബ്രാഹ്മണർക്കിരിപ്പാനും മഹർഷിമാർക്കിരുന്നരുളുവാനും രാജാക്കന്മാർക്കിരിപ്പാനും ചമച്ചപ്രകാരവും ചമച്ചിരിക്കുന്നപ്രകാരവും അന്നപാനാദിഭൊജനശാല ചമച്ചിരിക്കുന്നപ്രകാരവും യജ്ഞം ചെയ്‌വാൻ ചമച്ചപ്രകാരവും നൊക്കിക്കണ്ടു പെരിക വിസ്മയത്തൊടും പ്രീതിപെട്ടു ശ്രീഭരതനെ നൊക്കിപ്പിന്നെയും പിന്നെയുമരുളിച്ചെയ്തു ചക്രവർത്തി. വത്സാ ഭരതാ ഞാൻ നിരൂപിച്ചവണ്ണമെ നീയിവിടെ യജ്ഞവാടമെല്ലാം പെരികയഴകതായിച്ചമച്ചെന്നെന്നവനൊടു മധുരമായരുളിച്ചെയ്തു ചക്ര

വൎത്തി. പണ്ടു ഞാൻ പിതാവിന്റെ നിയോഗത്താൽ പതിനാലാണ്ടു വനവാസം ചെയ്തനാറം പതിനാലാണ്ടു രാജ്യത്തിന്നൊരപായം വരാതെയുമനൎത്ഥം വരാതെയും രക്ഷിച്ചതന്റെവല്ലൊ എന്നാലെന്നിൽ പെരിക സ്നേഹവും ബഹുമാനവും വിശ്വാസവും വളരെയുള്ളൊരുത്തനെന്നു ഞാനറിഞ്ഞിരിക്കുന്നൊനല്ലൊ എന്നാൽ നീ വെണം പതിനെൺവിഷയത്തിലെ രാജാക്കന്മാരെയവരവരെ ബഹുമാനത്തൊടും വകതിരിച്ചിരുത്തി അന്നപാനാദികളെക്കൊണ്ടും മററുള്ള സൽക്കാരങ്ങളെക്കൊണ്ടും പൂജിപ്പാനെന്നരുളിച്ചെയ്തു ചക്രവൎത്തി. അതുനെരം ദൂതൻ ചെന്നു ചൊന്ന മൊഴി കെട്ടു ശത്രുഘ്നകുമാരൻ തന്റെ പടയൊടും മധുരാപുരിയിൽനിന്നു പുറപ്പെട്ടു വന്നു നൈമിശാരണ്യം പ്രാപിച്ചു യജ്ഞവാടമകംപുക്കു മഹാരാജാവിനെക്കണ്ടു നമസ്കരിച്ചു തൊഴുതുനിന്ന ശത്രുഘ്നകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എടൊ ശത്രുഘ്നകുമാരാ നീ കുതിര പെരുമാററിക്കൊണ്ടു വന്നു യൂപത്തൊടു കെട്ടുവൊയാകായെന്നരുളിച്ചെയ്തു ചക്രവൎത്തി.

അതു കെട്ടു ശത്രുഘ്നകുമാരനും നീലവൎണ്ണമായി രമണീയമായി ശ്രീമയമായി ലക്ഷണയുക്തമായിരിക്കുന്ന കുതിരയെ ചതുസ്സാഗരപൎയ്യന്തമാകിയ ഭൂമിയിലൊരെടമൊഴിയാതെ യജ്ഞാശ്വത്തെപ്പെരുമാറിച്ചു കൊണ്ടു വരുമതുനെരം തമസാനദീതീരം ലവനെക്കണ്ടെതാനും തമ്മിൽ പറഞ്ഞു പിണങ്ങിച്ചെറുത്തു യുദ്ധം ചെയ്തു കലഹിക്കുമതുനെരം ശത്രുഘ്നകുമാരനും പിൻവാങ്ങാതെ

ശരമുടനവൻ പ്രയൊഗിച്ചടുത്തു ലവനെജ്ജയിച്ചു പിടിച്ചു കതിരക്കാക്കകെട്ടിക്കൊണ്ടു പൊകുമതുനെരം കുശനും കെട്ടു പൊടുന്നനവെ ചെന്നു തന്റെ മാതാവായ സീതാദെവിയെ നമസ്കരിച്ചുണർത്തിപ്പതും ചെയ്താൻ. കെൾക്ക മാതാവെയെന്റെ ജ്യെഷ്ഠഭ്രാതാവൊടു കൊടുതായൊരു ശത്രു വന്നു യുദ്ധം ചെയ്തു ജയിച്ചു പിടിച്ചു കതിരക്കാക്ക കെട്ടിക്കൊണ്ടു പൊകുന്നു പൊലതുകൊണ്ടവനൊടു യുദ്ധം ചെയ്തു ജയിച്ചെന്റെ ജ്യെഷ്ഠഭ്രാതാവെക്കൊണ്ടു വരുവാനനുഗ്രഹിച്ചയക്കവെണമെന്നു മാതാവൊടുണർത്തിച്ചതു കാലം മാതാവുമരുളിച്ചെയ്തു പൊടുന്നനവെ നീ ചെന്നു മഹർഷിയെക്കണ്ടറിയിക്ക, എന്നാൽ മഹർഷിയും പ്രീതിപെട്ടനുഗ്രഹിച്ചു നിന്നെ യുദ്ധത്തിന്നയക്കുമെന്നു മാതാവു പ്രീതിയൊടനുഗ്രഹിച്ചയച്ചതുനെരം കുശനും പൊടുന്നനവെ മഹർഷിയെച്ചെന്നു കണ്ടു നമസ്കരിച്ചുണ്ടായ വൃത്താന്തമെല്ലാമറിയിച്ചതുനെരം മഹർഷിയും പ്രീതിയൊടും വത്സനെ പിടിച്ചണച്ചാലിംഗനം ചെയ്തൊരു ശരമെടുത്തഭിമന്ത്രിച്ചു കൊടുത്തു നീ ചെന്നു ശത്രുവെ ജയിച്ചു ലവനെയുംകൊണ്ടു വരികയെന്നനുഗ്രഹിച്ചു ശസ്ത്രവും കൊടുത്തയച്ചതുനെരം കുശനുമസ്ത്രം തൊഴുതു വാങ്ങിപ്പിരിഞ്ഞു പൊടുന്നനവെ ചെന്നു ചെറുഞാണൊലിയും ചെയ്തടുത്തു ചെറുത്തു മഴപൊലെ ശസ്ത്രങ്ങളും തൂകിത്തുടങ്ങുവിതും ചെയ്താൻ. അതു കണ്ടു ശത്രുഘ്നകുമാരനും പെരിക ക്രുദ്ധിച്ചു ശസ്ത്രവർഷം തുടങ്ങുവിതും ചെയ്താൻ. അതുനെരം കുശനും പെരിക വെഗത്തൊടും കലഹിച്ചു യുദ്ധ്യൊദ്യുക്തനായടുത്തു യുദ്ധം

ചെയ്തു ചെറുത്ത ശത്രുഘ്നനെയും കുതിരയെയും പിടിച്ചു ലവനെയും കൂട്ടിയങ്ങു പൊകവിളും ചെയ്താൻ. അതുനേരമൊരു ദൂതൻ പൊട്ടങ്ങനവെ നൈമിശാരണ്യം പ്രാപിച്ചു ചക്രവർത്തിയെക്കണ്ടു വൃത്താന്തമെല്ലാമറിയിച്ചതുനേരം ചക്രവർത്തിയും നിരൂപിച്ചു ശ്രീലക്ഷ്മണകുമാരനെയും ശ്രീഹനുമാനാദി വാനരന്മാരെയും മററുമിത്യാദി പടനായകന്മാരെയും നിയോഗിച്ചു നിങ്ങൾ ചെന്നു യാവനൊരുത്തനാകിലുമവനെ യുദ്ധം ചെയ്തു ജയിച്ചു പിടിച്ചു കെട്ടിക്കൊണ്ടു വരുവിനെന്നരുളിച്ചെയ്തയച്ചപ്പോളവരും പൊട്ടങ്ങനവെ ചെന്നു കുശലവന്മാരോടു യുദ്ധം ചെയ്യുമതുനേരം കുശലവന്മാരും ചെറുത്തിതുപുറവും ചൊറത്തു വന്നു കൊട്ടതായ യുദ്ധവും ചെയ്തുതുടങ്ങുവിളും ചെയ്താർ. 'പിന്നെ കുശനും ക്രുദ്ധിച്ചു വൃഷ്ടിപോലെ ശരം വർഷിച്ചു ചെന്നെററ ശ്രീലക്ഷ്മണകുമാരനെയും ശ്രീഹനുമാനാദി വാനരന്മാരെയും മററുള്ള പടജ്ജനത്തെയുമെത്ത മോഹിപ്പിച്ചു പിടിച്ചു കെട്ടിക്കൊണ്ടു മാതാവിന്മുമ്പിൽ വെച്ചതുനേരം സീതാദേവിയെല്ലാരെയും നോക്കിയപ്പോൾ കാണായി ശ്രീഹനുമാനെയും ശ്രീലക്ഷ്മണകുമാരനെയും മററുള്ളവരെയും. അതുനേരം സീതാദേവിയും കണ്ണുനീരാലൊലൊലപ്പെട്ട നനയപ്പെട്ട മുഖത്തൊടും ക്രുദ്ധച്ചൊൽവിളും ചെയ്താൾ. കേൾക്കയെൻ ബാലന്മാരെ മുന്നമെൻ ഭർത്താവോടൊന്നിച്ചു വനവാസത്തിന്നു പോയനാൾ ഗോദാവരി തീരത്തു നിന്നെന്നുടെ ഭർത്താവും തമ്പിയും കാണാതെ രാവണനെന്നെക്കട്ടു കൊണ്ടുപോയി ലങ്കാദ്വീപിങ്കൽ

വെച്ചു നാടും ഞാനെന്നുടെ ഭർത്താവെക്കാണാതെ സങ്കടപ്പെട്ടിരിക്കുന്നേരം ശ്രീഹനുമാനൊരുത്തനെയല്ലോ ഞാൻ മുമ്പിൽക്കണ്ടതുമെന്നാലിവന്റെ സഹായോപായംകൊണ്ടല്ലോ എൻഭർത്താവു രാവണാദിരാക്ഷസരെ വധിച്ചതും, പിന്നെയെന്നുടെ ഭർത്താവിൻ സോദരനല്ലോയെന്നുടെ ലക്ഷ്മണനെന്നാലിവരെയെല്ലാവരെയുമുടനെയയച്ചു വിടുകയും വേണമെന്നു മാതാവിൻ വാക്കു കേട്ടു കുശലവന്മാരും പൊടുന്നനവെ ചെന്നു കെട്ടഴിച്ചു പോവിനെന്നും ചൊല്ലി വിടുവിക്കുംചെയ്താർ. അതുനേരമവരെല്ലാവരുമൊഴിച്ചു പ്രാണൻ വന്ന ദേഹംപോലെയെഴുനീറ്റു ശത്രുഘ്നകുമാരനോടും കുതിരയോടും പടയോടുംകൂടച്ചെന്നു നൈമിശാരണ്യം പ്രാപിച്ചു ചക്രവർത്തിയെക്കണ്ടു തൊഴുതു നമസ്കരിച്ചുണ്ടായ വൃത്താന്തമെല്ലാമറിയിപ്പുതും ചെയ്താർ. പിന്നെ ശത്രുഘ്നകുമാരനും കുതിരയെക്കൊണ്ടു വന്നു യൂപത്തോടു കെട്ടുവിക്കും ചെയ്താൻ.

പിന്നെ സൂര്യാത്മജനാം സുഗ്രീവനെ നോക്കിയരുളിച്ചെയ്തു ചക്രവർത്തി. ത്രൈലോക്യകണ്ടകനായി നിർമ്മര്യാദശീലനായി ദാരാപഹാരിയായിരിക്കുന്ന രാവണനെക്കൊൽവാൻ ഞാൻ പോകുന്നേരമെന്നോടുകൂടെ നീയും നിന്നുടെ പടയുമായി വന്നു യുദ്ധം ചെയ്തു മരിച്ചു സ്വർഗ്ഗം പ്രാപിക്കാമൊന്നിക്കിലല്ലെങ്കിൽ രാക്ഷസ രാജാവിനെയും പടയെയും കൊന്നു ജയം വരുത്തിത്തരുവനെന്നു നിർണ്ണയിച്ചു പോന്നു രാവണാദിരാക്ഷസരെ ഒട്ടൊഴിയാതെക്കൊന്നെനിക്കു ജയം വരുത്തി

ത്തന്നുള്ളു മെന്നുടെയാപത്തുകാലത്തെത്രയും സ്നേഹിച്ച
ബന്ധുവല്ലൊ ഭവാനെന്നാൽ ഭവാൻ വെണം ബ്രാഹ്മ
ണരെ പൂജിപ്പാനെന്നരുളിച്ചെയ്തു പിന്നെ ധൎമ്മാ
ത്മാവാകിയ ശ്രീവിഭീഷണനെ നൊക്കിയരുളിച്ചെയ്തു
ചക്രവൎത്തി. കെൾക്ക മഹാത്മാവനായുള്ളൊരു ശ്രീ
വിഭീഷണാ നിന്നുടെ പുത്രമിത്രബന്ധുബാന്ധവന്മാരെ
യും ഭ്രാതാക്കന്മാരെയും വിട്ടു കളഞ്ഞെന്നൊടുകൂടിവന്നു
പായവും ചൊല്ലി വഴിയും കാട്ടി രാവണനെക്കൊല്ലിച്ചെ
ന്നുടെയഭിപ്രായത്തെ സാധിച്ചതന്നൊരുത്തനല്ലൊ നീ
യെന്നാലങ്ങിനെയിരിക്കുന്ന ബന്ധുവല്ലൊനീയെന്നാൽ
നീ വെണം മഹൎഷിമാരെ പൂജിപ്പാനെന്നരുളിച്ചെ
യ്തു പിന്നെ ശ്രീലക്ഷ്മണകുമാരനെ നൊക്കിയരുളി
ച്ചെയ്‌വിളും ചെയ്തു. വത്സാ ശ്രീലക്ഷ്മണാ നീ
വെണം യജ്ഞത്തിന്നു വെണ്ടുമുപകരണങ്ങളെടുത്ത
വിടവിടെ നിന്നു തരുവാനും കൊടുപ്പാനുമല്ലെ
ന്നാൽ യജ്ഞത്തിന്നു വെണ്ടുമുപകരണമെത്തീല്ലെന്നു
ചൊല്ലി വിളിക്കുമൊട്ടുനെരം പിന്നെയൊട്ടുനെരം
മിണ്ടാതെയിരിക്കും പിന്നെയൊട്ടുനെരം കൃത്യം
പൊലെ ക്രിയ ചെയ്യുമിരിക്കും പിന്നെയൊട്ടുനെരമു
പകരണങ്ങൾ വന്നാൽ ചെകയും ചെയ്യുമിങ്ങിനെ
യെന്നാൽ യാതൊരു കൎമ്മത്തിന്നും യാതൊരു
വെലക്കും യാതൊരു ക്രിയചെയ്താലും ഫലമില്ലെ
ന്നു വരുമല്ലൊയെന്നാലായതുകൊണ്ടവിടവിടെവെ
ണ്ടുമുപകരണങ്ങളവിടവിടെയെത്തിച്ചു മവിടവി
ടെയുടന്നുടനെത്തിയുമറിഞ്ഞുമൊരു കൊഴക്കവരാ
തെ വിചാരിച്ചെത്തിച്ചു കൊൾകയും വെണമെ

ന്നരുളിച്ചെയ്തു പിന്നെയവിട വന്ന രാജാക്ക
ന്മാരിൽവെച്ചു ജനകരാജാവിനെയഭിവാദ്യം ചെ
യ്തു തൊഴുതരുളിസ്സംഭാവിച്ചു പിന്നെ കാശിരാജാ
വിന്റെ കൈയും പിടിച്ചു സംഭാവിച്ചു പിന്നെ മറ്റു
വന്ന രാജാക്കന്മാരെയെല്ലാവരെയും വളര മിഴിച്ചു
കളിര നൊക്കിയും ചിലരെ നൊക്കി മന്ദസ്മിതം
ചെയ്തും ചിലരെ ശിരസ്സുകൊണ്ടു കലുക്കി പ്രീതിവരു
ത്തിയും ചിലരെ പ്രീതിപെട്ടു കടാക്ഷിച്ചു സന്തൊഷം
വരുത്തി പിന്നെ എല്ലാവരെയും വളര മിഴിച്ചു കളിര
നൊക്കിയിരുത്തി പിന്നെ മാടാരത്തിലെഴുന്നരുളി ദീ
ക്ഷാവെഷത്തൊടും കൂട പൊൻകൊണ്ടു ചമച്ചു സീ
താദെവിയൊടും കൂട യജ്ഞദീക്ഷ തുടങ്ങിയിരുന്നരുളി
ശ്രീരാഘവചക്രവൎത്തി. അതുനെരം വസിഷ്ഠമഹൎഷിയും
ഇരുപത്താറു യൂപം ചമച്ചുനാട്ടി ആറു യൂപം കരി
ങ്ങാലികൊണ്ടു ചമച്ചുനാട്ടി പിന്നെയൊരു യൂപം ദെ
വതാരംകൊണ്ടു നാട്ടി പിന്നെയൊരു യൂപം. നറുവെ
രികൊണ്ടു നാട്ടി പിന്നെയൊരു യൂപം പൊൻകൊ
ണ്ടു നാട്ടിയെന്നാലായതു രാജാവിന്റെ ഐശ്വൎയ്യ
ത്തിനാൽ നാട്ടിയൊന്നുമെന്നാലായതെല്ലാ യൂപങ്ങ
ളിലുംവെച്ചു പെരിക ഉയൎന്നൊന്നാകയുമുണ്ടു, പിന്നെ
അശ്വമെധത്തിന്നു ചടങ്ങു വെണ്ടിയുള്ളൊന്നുമല്ലായെ
ന്നാലശ്വമെധം ചെയ്യും പ്രദെശത്തുനിന്നു മംഗല
യൊഗ്യങ്ങളായുള്ള കാഹളാദിനാദങ്ങൾ മുഴങ്ങി
കെൾക്കായിതു ചിലെടത്തുനിന്നു നൎത്തകന്മാർ നൃത്ത
ങ്ങൾ ചെയ്യുന്നതും കാണാകുന്നു ചിലെടത്തുനിന്നു മ
ധുരമായുള്ള ഗീതങ്ങൾ പാടീട്ടും കെൾക്കായിതു പി

ന്നെ ദിവ്യരായുള്ള മഹൎഷിവൎഗ്ഗമശ്വമെധത്തിന്ന വെണ്ടുമുപകരണങ്ങളെക്കൊണ്ടു അഗ്നിയിലാഹുതി ചെയ്തു തുടങ്ങുവിതും ചെയ്താർ. അക്കാലത്തു ശ്രീഭരതൻ ശത്രുഘ്നനോടും കൂട പതിനെൺവിഷയത്തിലുള്ള രാജാക്കന്മാരുടെ ഇഷ്ടമാകുംവണ്ണം പൂജിക്കത്തുടങ്ങുവിതും ചെയ്താൻ. പിന്നെ സൂൎയ്യാത്മജൻ സുഗ്രീവൻ മുതലായുള്ള വാനരന്മാർ ബ്രാഹ്മണവൎഗ്ഗത്തെ മൃഷ്ടമായുള്ള ഭൊജനങ്ങളെക്കൊണ്ടും വന്ദനനമസ്കാരങ്ങളെക്കൊണ്ടും മധുരമായുള്ള വചനങ്ങളെക്കൊണ്ടും പൂജിക്കത്തുടങ്ങുവിതും ചെയ്താർ. അന്നെരം ശ്രീവിഭീഷണാദിരാക്ഷസവൎഗ്ഗമെല്ലാം മഹൎഷിമാരെ വലത്തുവെച്ചു നമസ്കരിച്ചു അവരവൎക്കിഷ്ടമാംവണ്ണം ഫലമൂലവും മരവുരിയവും വല്ക്കലവും കൃഷ്ണാജിനവും കൊടുത്തു പൂജിക്കത്തുടങ്ങുവിതും ചെയ്താർ. അങ്ങിനെയിരിക്കുന്ന യാഗശാലയിൽ ഏതുമൊരു കുറവെന്നിയെ ഒന്നാലൊന്നിനില്ലയെന്നും പിന്നെ കൃഷ്ണമായി മലിനമായിരിക്കുന്ന ജനമാരും യാഗശാലക്കകത്തു പൊകയുമില്ലായെങ്കിലും ചക്രവൎത്തിയവൎക്കും കൊടുക്കാതെ വിട്ടുകളകയുമില്ലാ. യജ്ഞശാലയുടെ നാലു വാതിക്കലും പുറത്തും ചിലരെ ഇരുത്തി അവൎക്ക വെണ്ടും ചൊറും വസ്ത്രവും പൊന്നും പണവുമവരവൎക്ക ദാരിദ്ര്യം കൊടുമാറ കൊടുത്തു വിടുവിതും ചെയ്യും. പിന്നെ സുഗ്രീവനാദിവാനരന്മാൎക്കും ശ്രീവിഭീഷണാദിരാക്ഷസപ്രവരന്മാൎക്കും മഹാബ്രാഹ്മണൎക്കും മഹൎഷിമാൎക്കും രാജാക്കന്മാൎക്കും പൊന്നും പുടവയും അവരവർ ചൊന്നവണ്ണം കൊടുത്തുമവിടവിടെച്ചെന്നു മധുരമായിപ്പറകയും സം

സംഭാവിച്ചു പെരുമാറിത്തുടങ്ങിനാൻ ചക്രവൎത്തി. അതു നെരം രാജാക്കന്മാരും മഹൎഷികളും മഹാബ്രാഹ്മണരുമഞ്ചും പത്തും മുപ്പതും നൂറുമഞ്ഞൂറും ജനമൊരൊരുത്തിയിൽ കൂട്ടം കൂടി തങ്ങളിൽ പറയത്തുടങ്ങുവിതും ചെയ്താർ. പണ്ടു സൂൎയ്യവംശസംഭൂതന്മാരാകിയ ഇക്ഷ്വാകു തുടങ്ങി ദശരഥനൊടുക്കമായി അനെകം രാജാക്കന്മാരുളരായതിൽ അവരെല്ലാമൊരൊരൊ ജാതി ചില യജ്ഞങ്ങൾ ചെയ്വിതും ചെയ്താർ. എന്നാലായതൊന്നുമിതിനൊടൊക്കയുമില്ലാ. ഇതുപൊലുള്ളശ്വമെധമെങ്ങുമൊരുനാളുമാരും ചെയ്തവാറു നാം കണ്ടിട്ടും കെട്ടിട്ടുമില്ലാ. പിന്നെ ഭൂമിയിൽ മററുമനെകം രാജാക്കന്മാരുളരായി അവരും പെരിക ക്രതുക്കളെ ചെയ്താർ, ആയതൊന്നുമിതിനൊടൊത്തു കെട്ടിട്ടും കണ്ടതുമില്ല. പിന്നെ ദെവരാജാവിന്ദ്രൻ നൂറു ക്രതുക്കളെ ചെയ്താനെന്നാലായതൊന്നുമിങ്ങിനെ ചെയ്തതുമില്ലാ. പിന്നെ ധൎമ്മരാജാവാകിയ യമഭഗവാൻ ചെയ്താൻ പെരിക യജ്ഞം, എന്നാലായതുമിതുപൊലെ ചെയ്തുകണ്ടില്ലാ. വരുണഭഗവാനുമിതുപൊലെ യജ്ഞം ചെയ്തു കണ്ടില്ലാ. പിന്നെ വൈശ്രവണ്ണനുമിതുപൊലെ യജ്ഞം ചെയ്തു കണ്ടില്ലാ. എന്നാലായതൊന്നുമല്ലല്ലൊ വിസ്മയം ബഹുവിസ്മയമെന്നാലായതെന്തെന്നാൽ, മരത്തിന്മെൽ പിറന്നു മരത്തിന്മെലെ വളൎന്നു കാട്ടും പടലവും ഫലമൂലങ്ങളും പച്ചിലയും തിന്നു ഏതുമൊരറിവു തൊന്നുമെങ്കിലതുവുമില്ലാ അങ്ങിനെയുള്ളവയല്ലൊയീ വാനരന്മാരെന്നാലങ്ങിനെയിരിക്കുന്ന വാനരങ്ങൾ പെരിക അടക്കത്തൊട്ടും

കൂടെയാവിടവിടെച്ചെന്നു അവരവരൊടു മധുരമായിപ്പ
റഞ്ഞു പൂജിക്കുന്ന കൌതുകം കണ്ടാൽ പെരിക വിസ്മ
യമായിട്ടെയിരിക്കുന്നിതു. പിന്നെ പൎവ്വതാകാരകായ
ന്മാരായി പശുക്കളെയും ബ്രാഹ്മണരെയും മഹൎഷിമാരെ
യും വെട്ടിക്കൊന്നു പച്ചിറച്ചിയും തിന്നു നടക്കുന്ന രാ
ക്ഷസപ്രവരന്മാർ പെരിക അടക്കത്തൊടും ചക്രവൎത്തി
യുടെ അടിയാരെപ്പൊലെ മഹൎഷിമാരെ പൂജിക്കുന്നതു
കണ്ടാൽ വളരെ വിസ്മയം. പിന്നെയത്രയുമല്ലാ, വന്ദ
നനമസ്കാരങ്ങളും അവിടവിടെച്ചെന്നു അവരവൎക്കു വെ
ണ്ടുന്ന വസ്തുക്കൾ കൊണ്ടു കൊടുക്കുന്നതും കണ്ടാലായ
തും വിസ്മയമെന്നെ പറയാവതുള്ളതെന്നിപ്രകാരം പറ
യുന്നു മഹാജനങ്ങളവിടവിടെനിന്നു കൂടിയും.

പിന്നെ സൂൎയ്യവംശാലങ്കാരഭൂതനാകിയ ശ്രീ
രാഘവചക്രവൎത്തി ഗോമതിയാകുന്ന നദീതീരത്തു
നൈമിശാരണ്യവനത്തിൽ നിന്നു അശ്വമെധം ചെ
യ്യുന്നതെന്നു കെട്ടു ശ്രീവാല്മീകി മഹൎഷിയവിടെക്കെ
ഴുന്നരുളുകെന്നു കല്പിച്ചു ശിഷ്യകളൊടും പുത്രരൊടും
സീതാദെവിയൊടും സീതാപുത്രന്മാരാകിയ കുശലവ
ന്മാരൊടും കൂടത്തമസാനദിതീരത്തു നിന്നു പുറപ്പെട്ടു
നൈമിശാരണ്യത്തിലെഴുന്നരുളി യജ്ഞവാടത്തെ പ്രാ
പിപ്പൂതും ചെയ്താർ. അവിടെ അനെകായിരം മഹ
ൎഷിമാരും ബ്രാഹ്മണരൊടും പുത്രരൊടും ഭാൎയ്യമാരൊടും
കൂടിയെഴുന്നരുളിയവൎക്കിരിപ്പാനൊരൊരൊ പൎണ്ണശാ
ല കെട്ടിയതിനകത്തല്ലൊ അവർ വസിച്ചരുളുന്നിതും.
അതു കണ്ടു ശ്രീവാല്മീകിഭഗവാനും അതിനടുക്കെ ഒരു

പൎണ്ണശാലയും കെട്ടി അതിൽ വസിച്ചരുളുവിതും ചെയ്തു. പിന്നെ ഗോമതിയാകുന്ന നദിയിലിറങ്ങി സ്നാനം ചെയ്തു നിയമങ്ങളും ചെയ്തുതൊടങ്ങി പൎണ്ണശാലയെ പ്രാപിച്ചരുളി. പിന്നെ കുശലവന്മാരെ വിളിച്ചു കൊണ്ടരുളിച്ചെയ്തു മഹൎഷിമുഖ്യൻ. എടൊ കുശലവന്മാരെ നിങ്ങളെതിരവെ ചെന്നു സ്നാനം ചെയ്തു ശുദ്ധമായനുഷ്ഠാനങ്ങളെച്ചെയ്തുതൊടങ്ങി പിന്നെ ഞാൻ ചമച്ചൊരു ശ്രീരാമായണം രാജസഭയിൽ നിന്നും മഹൎഷിമാരുടെ മുമ്പിൽ നിന്നും ബ്രാഹ്മണസഭയിൽ നിന്നും മഹാരാജചക്രവൎത്തിയുടെ മുമ്പിൽ ചെന്നു നിന്നുമൊരു കുറവെന്നിയെ സംശയിക്കാതെ പാട്ടുവിൻ കുമാരന്മാരെയെന്നും, പിന്നെ ദിവ്യഗീതങ്ങൾ പാട്ടുന്നേരം അവിടവിടെ യോഗ്യമായുള്ള താളത്തോടും സ്വരത്തോടും കൂടെ പാട്ടുവിനെന്നും ചൊല്ലി പിന്നെയുമരുളിച്ചെയ്തു മുനിമുഖ്യൻ. നിങ്ങൾക്ക പൈയും ദാഹവും ഉണ്ടായിട്ടു വ്യസനം വരുമല്ലോയെന്നാലായതിന്നു മധുരതരമായിരിക്കുന്ന ഫലമൂലങ്ങളുപയോഗിച്ചുപൊയി സൎവ്വലോകൎക്കും കേട്ടാൽ ചെവിക്കും ഹൃദയത്തിന്നും പരമാനന്ദം വരുമാറു പാടികളിക്കയും വെണമെന്നിപ്രകാരമരുളിച്ചെയ്തു ശ്രീവാല്മീകിഭഗവാൻ. പിന്നെ അന്നു രാത്രി കഴിഞ്ഞു പിറെറന്നാളെതിരവെ പുറപ്പെട്ടു കുശലവന്മാർ സ്നാനം ചെയ്തു ശുദ്ധരായി അനുഷ്ഠാനം ചെയ്തുതൊടങ്ങി ഭക്ഷണതൃപ്തിയും വരുത്തി ജടാവല്ക്കലധാരികളായിപ്പുറപ്പെട്ടു യജ്ഞവാടമകംപുക്ക മഹൎഷികളുടെ സഭയിൽ ചെന്നും രാജസഭയിലും ബ്രാഹ്മണസഭയിൽച്ചെന്നും മധുരമായിപ്പാടിയും

താളം വെച്ചു തുടങ്ങുവിതും ചെയ്താർ. അതു കെ
ട്ടു മഹൎഷിമാരും ബ്രാഹ്മണരും രാജാക്കന്മാരും വാനര
ന്മാരും രാക്ഷസരും മററവിടെക്കൂടിയവരുമെല്ലാ
വരും പെരിക വിസ്മയിച്ചാനന്ദിച്ചു പൈയ്യും ദാഹ
വുമില്ലാതെ കെട്ടു സന്തൊഷിച്ചു ആരി ച്ചുമച്ചുതി ശ്രീ
രാമചരിതമാകുന്ന ദിവ്യഗീതമിതാരിച്ചുമച്ചുവെന്നു
മിക്കുമാരന്മാരാരുടെ പുത്രരെന്നുമിപ്രബന്ധം പണ്ടെ
ന്നും നാം കെട്ടിട്ടുമില്ലാ അത്യന്തം രമണീയമായിരി
പ്പൊന്നാകയുമുണ്ടുതാനുമെന്നാൽ മുന്നമി ശ്രീരാഘവ
ചക്രവൎത്തിയാൽ ചെയ്യപ്പെട്ട പരാക്രമമല്ലൊ ഇപ്പാ
ടുന്ന ഗീതമെന്നാലായതിപ്പൊൾ എടുത്തു കാട്ടുന്നൊ
രൊ കുമാരന്മാരെന്നു തൊന്നുമവരുടെ സ്വരപ്രയൊഗ
വും താളപ്രയൊഗവും മാധുൎയ്യവും കെട്ടാൽ എന്നൊ
സുഖമെ അതിശയമെയെന്നിരിക്കുന്നെന്നു പറഞ്ഞു
പിന്നെ കുശലവന്മാരുടെ വപുസ്സുകണ്ടും പെരിക പര
മാനന്ദം വന്നിരിക്കുന്നു പിന്നെ പാടുന്നതു കെട്ടാലും
ചെവിയിലമൃതു കൊരി നിറക്കുന്നെന്നപൊലെ പീ
യൂഷമായിത്തൊന്നുകയും ചെയ്യുന്നു. പിന്നെ ഇതിന്ന
ൎത്ഥം നിരൂപിക്കുമ്പൊൾ മനസ്സിന്നും പരമാനന്ദമായി
രിക്കുന്നു. പിന്നെ പരലൊകത്തിന്നും പെരികസ്സാധ
നമായിട്ടിരിക്കുന്നതാനുമെന്നിപ്രകാരമവരവർ സ്തുതി
ച്ചു പറവിതും ചെയ്താർ. പിന്നെ കുശലവന്മാരിപ്രകാ
രം സൎവ്വജനത്തിന്നും പരമാനന്ദം വരുമാറു പാടിപ്പാ
ടിച്ചെല്ലുമളവെന്നെരം ശ്രീരാഘവചക്രവൎത്തിയും യജ്ഞ
ശാലയകംപൂവാനായിക്കൊണ്ടു ഭ്രാതാക്കന്മാരൊടും സുമ
ന്ത്രാദി മന്ത്രിപ്രവരന്മാരൊടും കൂടിയവിടച്ചുമച്ചു നഗര

ൾപ്പുരന്തരുവൃടെയെഴുന്നരുളുമളുന്നെരം മഹാരാജാ
വിനു കാണായി മൊഹനരൂപന്മാരായിരിക്കുന്ന രാജ
കുമാരന്മാർ പാടിപ്പാടി വരുന്നതു കണ്ടു സ്വല്പനെരം
നിന്നരുളി കുമാരന്മാരുടെ പാട്ടുകെട്ടുമവരുടെ രൂപം
കണ്ടും പെരികസ്സന്തൊഷിച്ചു കുമാരന്മാരെ നൊക്കി
യരുളിച്ചെയ്തു ചക്രവൎത്തി. എടൊ കുമാരന്മാരെയെ
ന്നൊസ്സംബന്ധിച്ചിരിപ്പൊരു നൂതനഗീതമിതാരി ചമ
ച്ചുള്ളൊന്നും നിങ്ങളാരുടെ പുത്രരെന്നും നിങ്ങളെവിട
നിന്നു വരുന്നെന്നുമിപ്രകാരം ചക്രവൎത്തിയരുളിച്ചെയ്തു
കെട്ടു കുശലവന്മാരും മഹാരാജാവിനെ നൊക്കിയറി
യിപ്പിച്ചും ചെയ്താർ. ഞങ്ങൾ ശ്രീവാല്മീകിമഹൎഷി
യുടെ പുത്രരാകയുമുണ്ടുയെന്നാൽ ശ്രീവാല്മീകിയാൽ
ചമക്കപ്പെട്ടതാകയുമുണ്ടു. ഞങ്ങളുടെ പിതാവിൻ
നിയൊഗത്താൽ ഞങ്ങൾ പാടിക്കളിക്കയും ചെയ്യുന്നു
യെന്നാൽ പിതാവിവിടെ വാടത്തിങ്കലൊരു പൎണ്ണശാ
ലയിലെഴുന്നരുളിയുളനായിരിക്കുന്നതുമുണ്ടുയെന്നി പ്ര
കാരമറിയിച്ചാർ കുശലവന്മാർ. അതു കെട്ടു ശ്രീരാ
ഘവചക്രവൎത്തിയും പ്രീതിപെട്ടവരുടെ പാട്ടു കെട്ടുമ
വരുടെ സൌന്ദൎയ്യം കണ്ടും പെരുതായിരിപ്പൊരു
സ്നെഹം പൊന്നു വൎദ്ധിച്ചു നിരൂപിച്ചു ചക്രവൎത്തി.
അവരിരുവരെയും വിളിച്ചെന്നുടെ മടിയിലിരുത്തി
മൂൎദ്ധനി മുകന്നു മുറുകെപ്പിടിച്ചാശ്ലെഷിച്ചുവെങ്കിൽ
നന്നായിരുന്നുതെന്നുള്ളൊരു തിരുമനസ്സുണ്ടാവിതും
ചെയ്തു ചക്രവൎത്തിക്കു തന്തിരുവടിയുടെ പുത്രരെന്നു
ള്ളതു തന്തിരുവടിയറിഞ്ഞതുമില്ലായെങ്കിലും തന്തിരു
വടിക്കെറിയൊരു തിരുമനസ്സുണ്ടാവിതും ചെയ്തു പി

ന്നെ ശ്രീലക്ഷ്മണകുമാരനൊടും ശ്രീഭരതനൊടും ശത്രുഘ്നകുമാരനൊടുമരുളിച്ചെയ്തു ചക്രവൎത്തി. ഇവർ പാടുന്നതിനെ കെൾക്കണം നാമെന്നരുളിച്ചെയ്തു അവരെ വിളിച്ചു പാടിപ്പിതും ചെയ്തു ചക്രവൎത്തി. അന്നെരം രാജാക്കന്മാരും മഹൎഷിമാരും ബ്രാഹ്മണരും ശ്രീരാഘവചക്രവൎത്തിയെയും നൊക്കികുമാരന്മാരെയും നൊക്കി നിരൂപിച്ചു പറഞ്ഞു ഉടങ്ങുവിതും ചെയ്താർ. നമ്മുടെ ചക്രവൎത്തിയുമിക്കുമാരന്മാരുമായൊരു പ്രകാരവുമൊരു ഭെദാഭെദവുമില്ലാ സൎവ്വാംഗവും നൊക്കുന്നെരമൊരുപ്രകാരവും വിശെഷമെന്നിയെയിരിക്കുന്നതുമില്ലാ. ജടയും വൽക്കലവും ധരിച്ചതു കണ്ടാൽ ചക്രവൎത്തിയുടെ പുത്രന്മാരെന്നു തൊന്നും, ശരീരാകൃതി കണ്ടാൽ ചക്രവൎത്തിക്കും കുമാരന്മാൎക്കുമൊത്തിട്ടിരിക്കുന്നതെന്നിപ്രകാരം സഭയിലുള്ള ജനമെല്ലാം പറഞ്ഞു ഉടങ്ങുവിതും ചെയ്താർ. പിന്നെ ശ്രീലക്ഷ്മണകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എന്നതെ ലക്ഷ്മണാ ഇക്കുമാരന്മാൎക്കു പതിനെണ്ണായിരം പൊൻ കൊടുക്കണമെന്നരുളിച്ചെയ്തതു കെട്ടു ലക്ഷ്മണകുമാരനും പതിനെണ്ണായിരം പൊൻ കൊണ്ടുവന്നു കുമാരന്മാരുടെ മുമ്പിലമ്മാറു വെപ്പിതും ചെയ്താൻ. അതുനെരം കുമാരന്മാരുമപ്പൊൻകൊണ്ടെതുമാദരിച്ചതുമില്ലാ. പിന്നെ രാജാവിനെ നൊക്കിയറിയിച്ചാർ കുമാരന്മാർ. കെൾക്ക മഹാരാജാവെ വനത്തിൽ വസിച്ചു ചവറ്റും പുളിച്ചുമിരിക്കുന്ന ഫലമൂലങ്ങൾ ഭക്ഷിച്ചു ജടയും വൽക്കലയും ധരിച്ചു വസിക്കുന്ന ഞങ്ങൾക്കു പൊൻകൊണ്ടുമെന്തുമൊരു കാരിയമില്ലെന്നറി

യിച്ചാർ കുമാരന്മാരും. അതു കെട്ടു രാജശ്രേഷ്ഠനും പെരിക പ്രീതിപെട്ടു അത്യന്തം സ്വാദുകരമായുള്ള ഫലമൂലങ്ങളെക്കൊണ്ടുവന്നു കൊടുപ്പിക്കയും ചെയ്തു പിന്നെയരുളിച്ചെയ്തു ചക്രവൎത്തി: എടൊ കുമാരന്മാരെ നിങ്ങൾ പഠിച്ചിരിക്കുന്ന രാമായണങ്ങൾ ബാലകാണ്ഡമാദിയായി ആറു കാണ്ഡവും പിന്നെ ഉത്തരരാമായണവും ക്രമത്താലെ പാടിക്കേൾക്കയും വേണമെന്നാലഞ്ഞൂറു സൎഗ്ഗമുള്ളൊന്നല്ലൊ ഇശ്രീരാമായണം കാവ്യത്തിനെന്നല്ലൊ നിങ്ങൾ ചൊല്ലി കേൾക്കായതെന്നാൽ നിയമമായി ഇരിപതു സൎഗ്ഗമിരിപത്തഞ്ചു ദിവസം പാടുവിക്കയും ചെയ്കയെന്നരുളിച്ചെയ്തു സംഭാവിച്ചു കാലത്തെ വരുവിനെന്നും ചൊല്ലി യാത്രയാക്കുവിക്കയും ചെയ്തു ചക്രവൎത്തി. പിന്നെ വത്സന്മാരുമൊരു പൎണ്ണശാലയിൽ ചെന്നു വസിച്ചു പിററന്നാളെതിരവെ ബാലന്മാർ വന്നു ബ്രാഹ്മണവൎഗ്ഗവും മഹൎഷിവൎഗ്ഗവും പതിനെൺ വിഷയത്തിലെ രാജാക്കന്മാരും ശ്രീവിഭീഷണാദിരാക്ഷസരും സുഗ്രീവാദിവാനരന്മാരും നഗരവാസികളും ജനപദവാസികളും ലക്ഷ്മണനാദിഭ്രാതാക്കന്മാരും സുമന്ത്രാദിമന്ത്രിപ്രവരന്മാരും കൂടിയടുത്തുനിന്നു ശ്രീരാമായണമാകുന്ന മഹാകഥയെ ബാലകാണ്ഡം തുടങ്ങിയാറു കാണ്ഡവും പെരിക ശ്രുതിപൂരെണ ചൊല്ലിയമൃതൊപമമായെല്ലാരെയും കേൾപ്പിച്ചു പിന്നെ വിശെഷിച്ചുത്തരരാമായണം പാടുന്ന കാലത്തു കുശലവന്മാരെ സീതാദെവി പെററതെന്നും തന്തിരുവടിയുടെ പുത്രരെന്നും അറിയാവിക്കയും ചെയ്തു. അതുനാളും ശ്രീവാല്മീകിമഹൎഷിയുടെ പുത്രരായുള്ള ഋഷികുമാരന്മാരെ

കേരള സാഹിത്യ അക്കാദമി

ന്നു തന്തിരുവടി നിരൂപിച്ചിരിക്കുന്നതും ഉത്തരരാമയ
ണമാകുന്ന മഹാകഥയെ പാടുന്നേരം തന്തിരുവടിയു
ടെ പുത്രന്മാരെന്നറിഞ്ഞപ്പോൾ ഇക്കുമാരന്മാരെ വി
ളിച്ചു മടിയിലിരുത്തി മൂൎദ്ധ്നി മുകൎന്നു മുറുകപ്പിടിച്ചാ
ശ്ലേഷിച്ചു പിന്നെ വസിഷ്ഠമഹൎഷിയെ നോക്കിയരു
ളിച്ചെയ്തു ചക്രവൎത്തി. കേൾക്ക ഭഗവാനെ ശ്രീവാ
ത്മീകിമഹൎഷിയോടും കൂടി ജനകരാജനന്ദനയായിരി
ക്കുന്ന സീതാദേവിയിവിടെ പൎണ്ണശാലയിലുണ്ടുപോ
ലെന്നുള്ളതിക്കാൎയ്യത്തിലെ അറിയപ്പെട്ടതല്ലൊയെ
ന്നാൽ സീതാദേവിയെയാരു വിശ്വാസം ചൈകിൽ
സ്വീകരിക്കേണമെന്നു ഞാൻ കല്പിച്ചിരിക്കുന്നിതുമെന്നാ
ൽ സീത നിൎദ്ദോഷയെന്നുള്ളതു ലങ്കാദ്വീപിങ്കൽ നിന്നു
അഗ്നിപ്രവേശം ചെയ്തപ്പോൾ സൎവ്വദേവന്മാരുമറിയ
അഗ്നിഭഗവാനിവൾക്കു ദോഷമില്ലെന്നു ചൊല്ലിയെൻ
കൈയിൽ കൊണ്ടുതന്നതൊയെല്ലാവരുമറിഞ്ഞിരി
ക്കുന്നല്ലൊ. എന്നാലങ്ങിനെയിരിക്കുമ്പോൾ അപ
വാദപരിഹാരാൎത്ഥമായി നിൎദ്ദോഷയായി ഗൎഭിണിയാ
യിരിക്കുന്ന സീതയെ ഉപേക്ഷിച്ചതുമെന്നാൽ ബുദ്ധി
മാനായ പുരുഷനു അപവാദമപഖ്യാതിയിലല്ലൊ
ഭയമാകുന്നതുമായതുകാരണമായല്ലൊ അവളെക്കള
യപ്പെട്ടതും. ഇപ്പോളശ്വമേധത്തിന്നെഴുന്നരുളിയ
മഹൎഷിമാരും ബ്രാഹ്മണരും പതിനെൺവിഷയത്തി
ലെ രാജാക്കന്മാരും മററു നഗരവാസികളും സുഗ്രീവാ
ദിവാനരന്മാരും ശ്രീവിഭീഷണാദിരാക്ഷസരും കൂടിയ
സഭയിൽനിന്നഗ്നിപ്രവേശം ചെയ്തെന്നുടെ ധൎമ്മ
പത്നിയെ ഞാൻ സ്വീകരിച്ചിരിക്കുന്നതുമെന്നാലെന്തി

പ്പൊഴിവിടെ നിന്നഗ്നിപ്രവെശം ചെയ്വാനെന്നു നി
നക്കിൽ നഗരവാസികളായിരിക്കുന്ന ജനം നിനച്ചതു
നിനച്ചതു പറയുമെന്നാലവരുടെ വായടക്കുവാനായി
ക്കൊണ്ടിപ്പൊളഗ്നിപ്രവെശം ചെയ്യുന്നതുമെന്നരുളി
ച്ചെയ്തു പിന്നെയുമരുളിച്ചെയ്തു ചക്രവൎത്തി. ഭഗ
വാനെ നിന്തിരുവടിയെഴുന്നരുളി ശ്രീവാല്മീകിഭഗവാ
നെക്കണ്ടു വൃത്താന്തമെല്ലാമറിയിച്ചു മഹൎഷിയൊടു
കൊപിക്കൊല്ലായെന്നു മധുരമായരുളിച്ചെയ്തു പിന്നെ
യതിന്നുത്തരമരുളിച്ചെയ്യുന്നതും കെട്ടെഴുന്നള്ളണമെ
ന്നരുളിച്ചെയ്തു കെട്ടു വസിഷ്ഠഭഗവാനമെഴുന്നരുളി ശ്രീ
രാഘവചക്രവൎത്തിയരുളിച്ചെയ്തതെല്ലാം ശ്രീവാല്മീ
കി മഹൎഷിയൊടരുളിച്ചെയ്തതു കെട്ടു ശ്രീവാല്മീകി
മഹൎഷിയുമരുളിച്ചെയ്തു. യാതൊന്നു മഹാരാജാവു ക
ല്പിച്ചതെന്നാലതുപൊലെ ചെയ്യുന്നതെനിക്കും പെ
രിക വെണ്ടുവൊന്നാകയുമുണ്ടു; നമുക്കു രാജാവൊടൊ
രു കൊളല്ലായ്കയുമില്ലായെന്നു ചെന്നറിയിച്ചാലുമെന്ന
രുളിച്ചെയ്തു ശ്രീവാല്മീകിമഹൎഷി. അതു കെട്ടു വ
സിഷ്ഠഭഗവാനമെഴുന്നരുളി മഹാരാജാവെക്കണ്ടറിയി
ച്ചതുനെരം മഹാരാജാവും പെരിക പ്രീതിപെട്ടു തെ
ളിഞ്ഞ മാനസമുടയനായി ശ്രീവാല്മീകിമഹൎഷിയുമി
തിന്നടമ്പെടുകയില്ലെന്നുറച്ചു ശ്രീവാല്മീകിമഹൎഷിയെ
പ്പെരിക ഭയപ്പെട്ടിരിക്കുന്നു ഞാനെന്നാലായതിപ്രാ
യമായിട്ടിരിക്കുന്നതെന്നു നിൎണ്ണയിച്ചു പിന്നെ സഭയി
ലെ മഹാജനമെല്ലാം കെൾക്കുമാറരുളിച്ചെയ്തു. ഭവാ
ന്മാരെ നിങ്ങളെല്ലാവരും നാളെപ്പുലരുമ്പൊളിവിടെ
ക്കെഴുന്നള്ളുകയും വെണമെന്നു മഹൎഷിവൎഗ്ഗത്തൊടും

ബ്രാഹ്മണരൊടും രാജാക്കന്മാരെല്ലാരൊടും സുഗ്രീവാദിവാനരന്മാരൊടും ശ്രീവിഭീഷണാദിരാക്ഷസരൊടും ജനപദവാസികളൊടും നഗരവാസികളൊടുമെല്ലാവരൊടും പുലരിയെ വരണമെന്നരുളിച്ചെയ്തു. എന്നാൽ ഞാൻ നിർദ്ദോഷയായി ഗർഭിണിയായിരിക്കുന്ന സീതയെ അപവാദപരിഹാരാർത്ഥമായവളെയുപെക്ഷിച്ചെനല്ലൊ. എന്നാലവളെ ഉപെക്ഷിപ്പാനൊരു സംഗതിയുമില്ലാ. മുന്നം ലങ്കയിൽനിന്നഗ്നിപ്രവെശം ചെയ്തനാൾ സർവ്വദെവന്മാരും കൂടിയെടുത്തഗ്നിഭഗവാനെൻകൈയിൽ കൊണ്ടുതന്നിവൾക്കൊരു ദൊഷമില്ലെന്നു ചൊല്ലിയതുനെരമിവളെ ഞാൻ സ്വീകരിച്ചതും ചെയ്തതെന്നാൽ നഗരത്തിലെ ജനം തൊന്നിയതു പറകകൊണ്ടു എന്നെൊരിക്കലഗ്നിപ്രവെശം ചെയ്യിച്ചു സീതയെ സ്വീകരിച്ചു കൊൾകയെന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു. ആയതുകൊണ്ടു നിങ്ങളെല്ലാവരും നാളപ്പുലരുമ്പൊൾ വരണമെന്നരുളിച്ചെയ്തു പിന്നെ ശ്രീവാല്മീകിമഹർഷിയെത്തൊഴുതറിയിച്ചു മഹാരാജാവും. ഭഗവാനെ നിന്തിരുവടി ശിഷ്യകളൊടും സീതയൊടും എന്റെപുത്രന്മാരാകിയ കുശലവന്മാരൊടും കൂടെ നാളെ പുലരുമ്പൊളെഴുന്നരുളുകവെണമെന്നുമെല്ലാക്കും വിടകൊടുത്തു പിന്നെ വസിഷ്ഠഭഗവാനൊടും ഭരതശത്രുഘ്നരൊടും ലക്ഷ്മണനൊടും സുമന്ത്രാദിമന്ത്രിവർഗ്ഗത്തൊടും കൂടി കർമ്മശാലയിലെഴുന്നരുളി ചക്രവർത്തി. പിന്നെ അന്നരാത്രികഴിഞ്ഞു പറെറന്നാൾ പുലരുമ്പൊൾ നീരാട്ടുപള്ളിപുക്കു നിയമകർമ്മങ്ങൾ ചെയ്തൊടുക്കി ഭ്രാതാക്കന്മാരൊടും മന്ത്രിവർഗ്ഗത്തൊടും

കൂടെ മററുള്ള ജനമെല്ലാം വരുന്നതിൻമുന്നമെ ആസ്ഥാനത്തെക്കെഴുന്നരുളി ചക്രവൎത്തി. അന്നെരം മഹൎഷിമാരും ബ്രാഹ്മണരും രാജാക്കന്മാരും നഗരവാസികളുമെല്ലാരുമൊരുമിച്ചാസ്ഥാനത്തെ പ്രാപിപ്പൂതും ചെയ്താർ. അന്നെരം മുന്നമവിടെയെഴുന്നള്ളാത്ത മഹൎഷിമാരെല്ലാമവിടെക്കെഴുന്നള്ളുവിതും ചെയ്താർ. പിന്നെയുമനെകമായിരം ജനമെല്ലാം സീതാദെവിയെ അഗ്നിപ്രവെശം ചെയ്യിക്കുന്നു ചക്രവൎത്തിയെന്നു കെട്ടു കാണ്മാൻ വന്നു സഭയിലെ നില്പിതും ചെയ്താർ. പിന്നെ സുഗ്രീവാദി വാനരന്മാരും ശ്രീവിഭീഷണാദി രാക്ഷസരും ജനപദവാസികളും പതിനെൺവിഷയത്തിലെ രാജാക്കന്മാരും തൽസംബന്ധികളുമെന്നുവെണ്ടാ സകല ജനവും സഭയിൽ വന്നു കൂടുവിതും ചെയ്താർ. അന്നെരം ശ്രീവാല്മീകിമഹൎഷിയും ശിഷ്യരും പ്രതിശിഷ്യരൊടും ജനകരാജനന്ദനയാം സീതാദെവിയൊടും രാജപുത്രന്മാരാകിയ കുശലവന്മാരൊടുംകൂടി പൎണ്ണശാലയിൽ നിന്നു പുറപ്പെട്ടു സഭയിലാമ്മാറു എഴുന്നള്ളുവിതും ചെയ്താർ. അന്നെരം ചക്രവൎത്തിയും പെരിക പ്രീതിപെട്ടു മാനസമുടയനായി ശ്രീവാല്മീകിഭഗവാനെ തൊഴുതറിയിപ്പൂതും ചെയ്തു. ഭഗവാനെ സീതയൊടരുളിച്ചെയ്കവെണം എന്നൊടു കൊപിക്കയും ചെയ്യാതെ അഗ്നിപ്രവെശം ചെയ്തു തന്നുടെ ആത്മശുദ്ധി വരുത്തി മഹാജനത്തിന്നു ബൊധിപ്പിച്ചെന്നൊടു ചെൎന്നു കൊള്ളുവാനരുളിച്ചെയ്കവെണം ഭഗവാനെയെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു അരുളിച്ചെയ്തു ശ്രീവാല്മീകിമഹൎഷിയും. കെൾക്ക മഹാരാ

ജാവെ ഭവാനവളെസ്സംഭാവിച്ചു വിളിച്ചു മധുരമായരുളിച്ചെയ്ക ഭഗവാനെയെന്നരുളിച്ചെയ്തു ശ്രീവാല്മീകി മഹൎഷിമുഖ്യൻ. അതുനെരം നിരൂപിച്ചു സീതാദെവിയുമെത്തു മഹാരാജാവെന്നൊടരുളിച്ചെവാൻ നിൽക്കുന്നതു നിഷ്ഠുരമായിരിക്കുന്ന വചനങ്ങളൊ ആയതെന്നിയെ സംഭാവിച്ചു മധുരമായരുളിച്ചെയ്വാനൊ നിനക്കെന്നു നിരൂപിച്ചു നിന്നരുളുന്ന സീതാദെവിയെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. മഹാനുഭാവയായുള്ളൊരു ജനകരാജനന്ദനെ സീതെ നീ രാവണപാലിതമാകിയ ലങ്കാപുരിയിലിരുന്ന നാൾ ഞാൻ വന്നു രാവണാദിരാക്ഷസരെക്കൊന്നപ്പൊളിന്ദ്രാദിദെവകളും രാക്ഷസരും വാനരന്മാരുമറിയ അഗ്നിപ്രവെശം ചെയ്തു നെരം സകലലൊകമംഗല്യാംഗനാകിയ ശ്രീമഹാദെവനിരുവടിയും പത്മയൊനിയാകിയ ബ്രഹ്മനിരുവടിയും ത്രൈലൊക്യനാഥനാകിയ ദെവരാജാവും സകലദെവതാവൎഗ്ഗവുമറിയ അഗ്നിഭഗവാൻ നിന്നെയെടുത്തുകൊണ്ടു വന്നെൻ കൈയിൽ നിൎദ്ദൊഷയാമിവൾക്കൊരു ദൊഷമില്ലെന്നു ചൊല്ലിത്തന്നപ്പൊൾ ഞാൻ നിന്നെ സ്വീകരിച്ചനുഭവിപ്പതും ചെയ്തെൻ. എന്നാൽ നിന്റെ ശുദ്ധതയൊ ഞാനറിഞ്ഞിരിക്കുന്നു. അങ്ങിനെയറിഞ്ഞിരിക്കുന്നതാകിലെന്തിന്നെന്നെ ഉപെക്ഷിച്ചുവെന്നു നിനക്കിലതൊ പരാപവാദകാരണമായല്ലൊ ഗൎഭിണിയായിരിക്കുന്ന നിന്നെ ഉപെക്ഷിച്ചതുമെന്നാലായതുകൊണ്ടു നിണക്കെതുമൊരു കുറവു വന്നതുമില്ലാ. ലക്ഷ്മണനൊടു നീ ചൊല്ലിയയച്ചതു ലക്ഷ്മണ

നെന്നോടു പറഞ്ഞു കേട്ടറിഞ്ഞിരിക്കുന്നു ഞാനെ
ന്നുടെ ഭർത്താവിനു ഞാൻ വിഷയമൊരൊപകീർത്തിയു
ണ്ടാകയും വേണ്ടായെന്നല്ലൊ നീ നിരൂപിച്ചിരുന്ന
തുമെന്നാലിപ്പോഴിവിടെ സകലജനങ്ങളും കൂടിയിരി
ക്കുന്നതെന്നാലവരുടെ വായടക്കുവാനായിക്കൊണ്ടു
ഏതുമൊരിക്കലഗ്നിപ്രവെശം ചെയ്തു എന്നോടുകൂടി
സുഖിച്ചിരിപ്പായാകാ ഭദ്രെയെന്നാൽ ഞാനിതു ചൊ
ല്ലിയെന്നു നീയെന്നോടു ദ്വേഷിക്കയുമരുതു ഭദ്രെയെ
ന്നു മധുരമായരുളിച്ചെയ്തു് പിന്നെ ശ്രീലക്ഷ്മണകുമാ
രനെ വിളിച്ചുകൊണ്ടരുളിച്ചെയ്തു ചക്രവർത്തി. യാഗ
ശാലക്കു പുറത്തുഭാഗത്തൊരു തീക്കുഴി ചമച്ചുണ്ടാക്കി
അഗ്നികൂട്ടിച്ചമച്ചുണ്ടാക്ക കുമാരായെന്നരുളിച്ചെയ്തു പി
ന്നെയുമരുളിച്ചെയ്തു. സീതയഗ്നിപ്രവെശം ചെയ്യു
മ്പൊഴും വെന്തു ഭസ്മമായിപ്പോകുന്നൊളമൊ ആയതെ
ന്നിയെ അഗ്നിഭഗവാനെടുത്തു കൊണ്ടുവരുന്നൊനൊ
യെന്നു നിരൂപിച്ചാകുലമാനസനായിരുന്നരുളി ശ്രീരാ
ഘവചക്രവർത്തി. അക്കാലത്തു ത്രൈലൊക്യനാഥനാകി
യ ദെവരാജാവും സകലദൈവതാവർഗ്ഗവും ബ്രഹ്മർഷിമുഖ്യ
ന്മാരും സീതാദെവിയഗ്നിപ്രവെശം ചെയ്യുന്നതു കാണ്മാ
ൻപൊക നാമെന്നുചൊല്ലി വിമാനമെറിയംബരമാ
ർഗ്ഗെയെഴുന്നരുളുവിതും ചെയ്താർ. അന്നേരം സീതാ
ദെവിയും നിരൂപിച്ചാൾ മുന്നമൊരിക്കൽ ലങ്കാദ്വീ
പികൽനിന്നു അഗ്നിപ്രവെശം ചെയ്തു സത്യമറിയി
ച്ചേൻ ഞാനെന്നാലിപ്പുഴമൊരിക്കലഗ്നിപ്രവെശം
ചെയ്താൽ പിന്നെയുമൊരിക്കലാരാലുമെതാനുമപ
ശ്രുതി പറഞ്ഞുവെങ്കിലന്നും ഞാൻ തീയിൽ ചായണ

മല്ലൊയെന്നാലിങ്ങിനെയെല്ലാനാളും തീയിൽ പായ
ണമെന്നുവെച്ചാലെന്നാലാവൊന്നല്ലാ, എന്നാലെ
ന്റെ ശരീരത്തൊടെ ഞാൻ മറഞ്ഞു പൊകുന്നതു യൊ
ഗ്യമാകുന്നതെന്നു നിരൂപിച്ചു സഭയിലെ ജനമെല്ലാം
കെൾക്കുമാറുമരുളിച്ചെയ്തു സീതാദെവി. എന്നെ
ശ്രീഗൊദാവരിതീരത്തുനിന്നു കട്ടുകൊണ്ടുപൊ
യാനല്ലൊ ദുഷ്ടനായി പാപിയായി നിൎമ്മൎയ്യാദശീല
നാകിയ രാവണൻ. അവൻ ലങ്കയിൽ കൊണ്ടുപൊയി
വെച്ചു നാൾ ഒരു സംവത്സരമാത്രമൊരുടയവരെന്നി
യെ ഇരുന്നെനല്ലൊ രാക്ഷസരുടെ ദെശത്തു. അക്കാ
ലത്തെൻ ഭൎത്താവും തമ്പിയും വാനരപ്പടയൊടും ലങ്ക
യെ പ്രാപിച്ചു രാവണനെ സകുടുംബത്തൊടും കൂടെ
വധിച്ചെന്റെ പരമാൎത്ഥമറിവാൻ ഞാനഗ്നിപ്രവെ
ശം ചെയ്യുമളുന്നെരം സകലദെവന്മാരെ നിയൊഗ
ത്താലെന്നെയഗ്നിഭഗവാനെടുത്തു കൊണ്ടുവന്നിവൾ
ക്കൊരു ദൊഷമില്ലെന്നു ചൊല്ലിത്തന്നുവല്ലൊ. ആയ
തെന്നിയെ ഇന്നു മഹൎഷിമാരും ബ്രാഹ്മണരും രാജാ
ക്കന്മാരും നഗരവാസികളും ജനപദവാസികളും രാക്ഷ
സരും വാനരന്മാരും വന്നു നിറഞ്ഞു നിന്നതു ഞാൻ
തീയിൽ പായുന്നതു കാണ്മാനല്ലൊ. പിന്നെയും ബര
മാക്ഷി നിന്നരുളുന്ന വൈവസ്വതനും കാണുമാറു ഞാ
നൊരു ശപഥം ചെയ്യുന്നതുമുണ്ടു. ആയതു സഭയിലെ
മഹാജനമെല്ലാരും കെട്ടരുളിയാലും. മുന്നമെന്നെ ജ
നകവിഷയത്തിങ്കൽ നിന്നു ശൈവമായിരിക്കുന്ന ധനു
സ്സിനെ മുറിച്ചെന്റെ ഭൎത്താവെന്നെ പാണിഗ്രഹണം
ചെയ്തനാൾ ഭൎത്താവിൻ ശ്രീമുഖാരവിന്ദത്തിങ്കലെന്നു

ടെ മനസ്സ പതിച്ചതിത്രനെരവുമവന്തന്തിരുവടി പ
ക്കൽ നിന്ന വാങ്ങിയിരിക്കുന്നതുമില്ലാ. ഒരാണ്ടു ലങ്ക
യിലിരുന്നപ്പൊൾ പല നാളുണ്ടല്ലൊ ഭർത്താവിനൊടു
ഞാൻ പിരിഞ്ഞിരിക്കുന്നതുമെന്നാലന്നെരമൊരുനാ
ളുമെന്നുടെ മനസ്സ ഭർത്താവിൻപക്കൽ നിന്നൊരു മുഹൂ
ൎത്തനെരംപൊലും പിരിഞ്ഞതുമില്ലായെന്നാൽ ഞാനി
ച്ചൊല്ലിയതെല്ലാം പരമാൎത്ഥമായിട്ടിരിക്കുമെങ്കിൽ ഭൂ
മിദെവിയെന്നെസ്സംഗ്രഹിച്ചു കൊള്ളുമല്ലൊ. പിന്നെ
യെന്നുടെ മനസ്സുകൊണ്ടും കൎമ്മംകൊണ്ടും വാക്കുകൊ
ണ്ടുമിങ്ങിനെ മൂന്ന പ്രകാരമല്ലൊ ചാരിത്രഭംഗം, പി
ന്നെയത്രയുമല്ലായെന്നുടെ ഭർത്താവെന്നിയെ മറെറാരു
ഭർത്താവിനൊടുമനുസരിപ്പു ഞാനെന്ന നിരൂപിക്കിലാ
യതും ചാരിത്രഭംഗമായിട്ടല്ലൊയിരിക്കുന്നതെന്നാലായ
തെന്നിയെ ഞാൻ മറെറാരുവനുമായനുഭവിച്ചുവെങ്കിൽ
പെരികസ്സുഖമുണ്ടായിരുന്ന അതൊ മഹാപാപി ഭർത്താ
വു വിരൊധിച്ചു സമ്മതിയാഞ്ഞതുവല്ലൊയെന്ന നിന
ക്കിലതുവും ചാരിത്രഭംഗമായിട്ടിരിക്കുമല്ലൊ, ആയ
തെന്നിയെ കൎമ്മംകൊണ്ടാകിൽ കെവലം ചാരിത്ര
ഭംഗമല്ലൊയെന്നാൽ മനസ്സുകൊണ്ടും വാക്കുകൊണ്ടും
കൎമ്മംകൊണ്ടും ഞാനെന്നുടെ ഭർത്താവിനൊടൊരുനാളും
പിരിയാതെയിരുന്നൊരുത്തിയായിട്ടിരിക്കിൽ സകല
ലൊകമംഗല്യാംഗയായിരിക്കുന്ന ഭൂമിദെവിയെന്നെ
സ്സംഗ്രഹിച്ചുകൊള്ളുമല്ലൊ. ആയതെന്നിയെ അസത്യ
മായിട്ടിരിക്കിലായതുമിവിടെ സൎവ്വജനങ്ങളെയും
ബൊധിപ്പിക്കുമല്ലൊ. ആയതെന്നിയെ പരമാൎത്ഥ
മായിട്ടിരിക്കൽ ഭൂമി പിളൎന്നിട്ടതിനകത്തു വഴി തന്ന

തന്നൊട ചെത്തു കൊള്ളുമല്ലൊയെന്നിപ്രകാരം സൎവ്വലൊകജഗന്മാതാവാകിയ സീതാദെവിയരുളിച്ചെയ്തകാലത്തു ഭൂമി പിളൎന്നതിനകത്തു നിന്നു ദിവ്യമായി രമണീയമായി പൊന്മയമായിരിപ്പൊരു സിംഹാസനമുയൎന്നു വൻനാഗത്താന്മാരുടെ ശിരസ്സിലാമ്മാറു ചുമന്നവണ്ണമെ വന്നിട്ടു കാണായി. അങ്ങിനെയിരിക്കുന്ന സിംഹാസനത്തിന്മെൽ ശ്യാമമായിരിക്കുന്ന നിറത്തൊടും സൎവ്വാംഗസുന്ദരിയായി സൎവ്വാഭരണഭൂഷിതയായിരിക്കുന്ന ഭൂമിദെവിയൊരു തൃക്കാൽകൊണ്ടു ഭൂമിയിൽ ചവിട്ടി പിന്നെ സീതാദെവിയെ നൊക്കി വരിക മകളെ സീതെയെന്നു ചൊല്ലി വിളിച്ചു രണ്ടു തൃക്കൈകൊണ്ടു മുറുകപ്പിടിച്ചു മടിയിലിരുത്തി മൂൎദ്ധനി മുകൎന്നു ചുംബിച്ചാശ്ലെഷിച്ചു ചൊൽവിതും ചെയ്തു. മകളെ സീതെ നീയെതും ദുഃഖിയാതെയിരിക്കയെന്നും നിന്നെ ഞാൻ സംഗ്രഹിക്കുന്നുണ്ടെന്നും മധുരമായരുളിച്ചെയ്തു പിന്നെ സഭയിലിരിക്കും മഹാജനം കണ്ടിരിക്കെ സിംഹാസനവും ഭൂമിദെവിയും സീതാദെവിയൊടും കൂടെ ഭൂമിയിലമ്മാറു മറവിതും ചെയ്തു. അതുനെരമംബരവാസികൾ സീതാദെവിയുടെ പതിവ്രതഭാവവുമാത്മശുദ്ധിയും കണ്ടു പെരിക വിസ്മയപ്പെട്ടു സീതാദെവിയുടെ മൂൎദ്ധാവിങ്കൽ പുഷ്പവൃഷ്ടിയും ചെയ്താർ. പിന്നെ സഭയിലിരുന്ന മഹൎഷിമാരും ബ്രാഹ്മണരും രാജാക്കന്മാരും രാക്ഷസപ്രവരന്മാരും വാനരവീരന്മാരും നഗരവാസിവളും ജനപദവാസികളും കണ്ടു പെരിക വിസ്മയപ്പെട്ടു പറവിതും ചെയ്താർ. അതുനെരം മഹാരാജാവും സീതാദെവിയിപ്രകാരം ശപഥം ചെയ്തു

ന്നതും കെട്ടു കെട്ടിരിക്കുന്നേരം ഭൂമി പിളൎന്നൊരു സിം
ഹാസനത്തെ പുറപ്പെടുന്നതുമതിന്മേൽ സൎവ്വലോക
ശരണ്യയാകുന്ന ഭൂമിദേവി വെളിച്ചപ്പെട്ടെഴുന്നരുളി
യതും സീതാദേവിയെ പിടിച്ചു മടിയിലിരുത്തി മുറുക
പ്പിടിച്ചാശ്ലേഷിക്കുന്നതുമുടനെ ഭൂമിയിലാമ്മാറു മറ
ഞ്ഞരുളുന്നതും കണ്ടു ചക്രവൎത്തിക്കു പൊറുക്കരുതാത
ദുഃഖം പൊന്തു മൂൎഛിച്ചു ദുഃഖമടക്കരുതാഞ്ഞു സ്വല്പ
നേരം മുറയിടുവിതും ചെയ്തു കണ്ണുനീരാൽ നനയ
പ്പെട്ട ശ്രീമുഖമുടയനായി മെല്ലെ മെല്ലെത്തളൎച്ചയെ
പ്രാപിച്ചു ഇത്തിക്കൊണ്ടു ചമച്ച സിംഹാസനത്തിന്മേൽ
യജ്ഞത്തിന്നു ദീക്ഷപൂകിയിരിക്കുന്നയെന്നാലങ്ങിനെ
ഇരിക്കുന്ന സിംഹാസനത്തിന്മേൽ നിന്നു വീഴുന്നു
മെല്ലായെന്നു തൊന്നുമാറു അവ്വളവിലൊരു ദണ്ഡ
മല്ലൊ യജ്ഞദീക്ഷക്കു കൈയിൽ പിടിച്ചിരിക്കെ
ണ്ടവൊന്നു, ആ ദണ്ഡൂന്നിപ്പിടിച്ചവ്വണ്ണമെ പ്ര
ലാപിപ്പതും ചെയ്തു. എന്നെ കഷ്ടമെയെന്നുടെ
ധൎമ്മപത്നിയെ ഞാൻ നൊക്കിയിരിക്കവെ കാണ
പ്പെടാതെ വന്നു ചമഞ്ഞുവല്ലൊ. ഇവളെ അഗ്നി
പ്രവെശം ചെയ്യിച്ചു ശുദ്ധയാക്കി മഹാജനത്തി
ന്റെ വായടക്കി സംഗ്രഹിച്ചെന്നുടെ പ്രാണവല്ലഭ
യൊടും കൂടി സുഖിച്ചു വസിക്കാമെന്നു നിനച്ചിരിക്കുമ
ളവിലിപ്രകാരമന്തരവും വന്നുകെന്നുമെന്നാലെന്നുടെ
പ്രാണവല്ലഭയെ വെറിട്ടെങ്ങിനെ ഞാനിരിക്കുമാറു
മെങ്ങിനെ പ്രാണനെ രക്ഷിക്കുമാറുമെന്നു നിനച്ചു
പെരിക ദുഃഖിതനായിരിക്കുന്ന മഹാരാജാവിന്നു പൊ
റുക്കരുതാതെ തന്തിരുവടിയെ വലിഞ്ഞു പുറപ്പെടു

ന്നൊരു കൊപം പൊന്തു മൂൎഛിച്ചു ഭൂമിദെവിയെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എന്നുടെ പ്രാണവല്ലഭയെ നീയെന്നുടെ മുന്നിൽനിന്നു കൊണ്ടുപൊയതു നിനച്ചാൽ ഒട്ടുമെ പൊറുപ്പൊന്നുമല്ലായെന്നാലിക്കൊണ്ടുപൊയതിനു നിന്നൊടു വഴക്കെനിക്കുണ്ടായതെല്ലുക്കയുമാമെന്നുടെ ദെവിയെ നീ കൊണ്ടുപൊയവണ്ണമെകൊണ്ടുവന്നു കാട്ടിത്തരികയും വെണമതു നീ ചെയ്യാത പക്ഷമെങ്കിൽ നിണക്കൊരിക്കലുമൊരുക്കവുമില്ലായെന്നു വരുത്തുന്നുണ്ടു ഞാൻ മുന്നം ജനസ്ഥാനത്തുനിന്നു എന്നെ വഞ്ചിച്ചു കട്ടെടുത്തു കൊണ്ടുപൊയ രാവണനെ നിഗ്രഹിപ്പാൻ സമുദ്രം ചിറകെട്ടിക്കടന്നു സമുദ്രമദ്ധ്യഗതമായിരിക്കുന്ന ലങ്കയെ പ്രാപിച്ചു രാവണനെയും പുത്രന്മാരെയും ബന്ധുക്കളെയും ബാന്ധവന്മാരെയും കൂടക്കൊന്നൊടുക്കി സീതയെ വീണ്ടുകൊണ്ടെൻ ഞാനെന്നാലെന്നെ നിന്ദിച്ചെന്നുടെ ധൎമ്മപത്നിയെയെന്നുടെ മുന്നന്നുതാൻ കണ്ടിരിക്കെക്കൊണ്ടുപൊയ ദെവിയെക്കൊണ്ടു വന്നു തരികയും വെണം. ആയതെന്നിയെ കൊണ്ടുവന്നു തരുന്നതില്ലായെങ്കിൽ വരുണാസ്ത്രം പ്രയൊഗിച്ചു ഭൂമിയെന്നൊരു നാമമില്ലാതെ പൎവ്വതങ്ങളൊടുംകൂടെ സമുദ്രമാക്കിക്കളയുന്നതുണ്ടു ഞാൻ. എന്നിപ്രകാരമരുളിച്ചെയ്തു തൃക്കൺ ചുകന്നു കൊപിച്ചരുളുന്ന ശ്രീരാഘവചക്രവൎത്തിയെക്കണ്ടു അംബരമാൎഗ്ഗെ വിമാനത്തിന്മെൽ സൎവ്വദെവകളൊടുംകൂടി നിന്നരുളുന്ന ബ്രഹ്മന്തിരുവടിയും നിരൂപിച്ചു ചക്രവൎത്തിയുടെ കൊപത്തെശ്ശമിപ്പിപ്പാനെന്തൊരുപായമുള്ളതെന്നു നിരൂപിച്ചു പൊടങ്ങ

നവെ വിമാനത്തിന്മെൽ നിന്നിറങ്ങി നൈമിശാര
ണ്യം പ്രാപിച്ച യജ്ഞവാടമകംപുക്ക മഹാരാജശ്രീ
ചക്രവൎത്തിയുടെ തിരുമുമ്പിലാമ്മാറെഴുന്നരുളി മഹാ
രാജാവെ നൊക്കിയരുളിച്ചെയ്തു ബ്രഹ്മന്തിരുവടി. മ
ഹാനുഭാവനായുള്ളൊരു ജഗൽകൎത്താവെ സാക്ഷാൽ
ശ്രീനാരായണമൂൎത്തിയല്ലൊ നിന്തിരുവടിയെന്നാൽ
ദുഃഖിപ്പാനും ശൊകിപ്പാനുമൊട്ടും സംഗതിയുമില്ലാ
പരമാൎത്ഥം നിരൂപിക്കുമ്പൊൾ. ശ്രീവൈഷ്ണവഭാവ
ത്തെ നിരൂപിച്ചരുളവെണം ഭഗവാനെ. ത്രൈലൊ
ക്യകണ്ടകനാകിയ രാവണൻ ദെവകളെയും മഹൎഷി
മാരെയും പശുക്കളെയും ബ്രാഹ്മണരെയും ഉപദ്രവിക്ക
കൊണ്ടു ഞാനും സകലദെവവൎഗ്ഗവും കൂടി ക്ഷീരാബ്ധി
തീരത്തു വന്നു നിന്തിരുവടിയെ സ്തുതിക്കവിഷയമായി
നിന്തിരുവടിയും വെളിച്ചപ്പെട്ടു കണ്ടനെരം ഞങ്ങ
ളും തൊഴുതു നമസ്കരിച്ചറിയിപ്പുതും ചെയ്തു. ദെവന്മാ
രാലും ദാനവന്മാരാലും യക്ഷന്മാരാലും കിന്നരന്മാരാ
ലും സിദ്ധവിദ്യാധരചാരണരാലും പന്നഗപക്ഷികളാ
ലും മനുഷ്യരെന്നിയെ മററാരുമെന്നെക്കൊല്ലരുതെന്നു
വരംകൊണ്ടാനിരാക്ഷസരാജാവു രാവണൻ. പിന്നെ
മനുഷ്യൎക്കു കൊല്ലാവിതെന്നു ഞങ്ങളറിയിപ്പുതും
ചെയ്തു. പിന്നെ സൂൎയ്യവംശാലങ്കാരസംഭൂതനാകിയ
ദശരഥചക്രവൎത്തിയും പുത്രാൎത്ഥമായി യജ്ഞം ചെയ്യു
ന്നൊരെന്നാൽ ദശരഥനു പുത്രനായവതരിച്ചു രാവ
ണനെക്കൊന്നു ഞങ്ങളെ രക്ഷിച്ചരുളവെണമെന്നറി
യിച്ചകാലത്തു നിന്തിരുവടിയും പ്രീതിപ്പെട്ടരുളി
ച്ചെയ്തു ഞാനവ്വണ്ണം ചെയ്യുന്നുണ്ടെന്നും പിന്നെ ശ്രീ

ഭഗവതിയെ നോക്കിയരുളിച്ചെയ്തു നിന്തിരുവടി. നീയും പോയി ഭൂമിയിൽ പിറക്കണം, നിൻമൂലമായി ഞാൻ രാവണനെക്കൊല്ലുമാറായും വരണം. പിന്നെ സൂര്യവംശത്തിങ്കൽ നിന്നാൽ സന്തതിയുണ്ടാകയും വേണമെന്നരുളിച്ചെയ്തുവല്ലൊ. എന്നാൽ സീതയായി അയോനിജയായവതരിച്ചതും ശ്രീഭഗവതിയല്ലൊ. പിന്നെയവന്തിരുവടിയവതരിച്ച കാര്യം സാധിച്ചൊടുക്കമായതിന്നുനാമെ അയോനിജയായി ജനിച്ചവളവിടയങ്ങു ലയിപ്പിതും ചെയ്തു സ്വർഗ്ഗത്തെ പ്രാപിപ്പതും ചെയ്താം. എന്നാൽ നിന്തിരുവടിയും സൃഷ്ടിസ്ഥിതിസംഹാരകർത്താവാകുന്ന ശ്രീനാരായണസ്വാമിയല്ലൊ നിന്തിരുവടിയെന്നാൽ ശ്രീവൈഷ്ണവഭാവത്തെ ഒരു മുഹൂർത്തകാലം നിരൂപിച്ചരുളവേണം സ്വാമിയെന്നാൽ നിന്തിരുവടിയവതാരം ചെയ്ത കാര്യമെല്ലാം സാധിച്ചരുളിയല്ലൊ സ്വാമിയെനി കുറെക്കാലവും കൂടെ മാനുഷഭാവത്തോടിരിക്കവേണം പിന്നെ സ്വർഗ്ഗത്തെപ്രാപിച്ചരുളി ശ്രീഭഗവതിയോടും കൂടിസ്സുഖിച്ചുരമിച്ചരുളുക സ്വാമിയെന്നരുളിച്ചെയ്തു മറഞ്ഞരുളി ബ്രഹ്മാന്തിരുവടി. പിന്നെ ശ്രീരാഘവചക്രവർത്തിയും മെല്ലെ മെല്ലെ കോപമടക്കി ശ്രീവാല്മീകിമഹർഷിയെ നോക്കിയരുളിച്ചെയ്തു. ഭഗവാനെ നിന്തിരുവടിയാൽ ചമക്കപ്പെട്ട ശ്രീരാമായണചരിതമാറു കാണ്ഡവും പാടി കെട്ടുവല്ലൊ, ഉത്തരരാമായണവും പാടികെട്ടുവല്ലൊ. ഇനി ഭവിഷ്യദ്രാമായണമുണ്ടല്ലൊ നിന്തിരുവടിയാൽ ചമക്കപ്പെട്ടതുമെന്നാലതും പാടികേൾപ്പാനിച്ഛിക്കുന്നേൻ.

എന്നാലിന്നസമയമാകകൊണ്ടു നാളെയെതിരവെ വന്നു പാടുകയും വെണമെന്നാലിന്നു ചെന്നു തങ്ങൾ തങ്ങൾക്കുള്ള പൎണ്ണശാലയെ പ്രാപിച്ചു വസിച്ചു നാളപ്പുലരുമ്പൊളെല്ലാവരുമെഴുന്നരുളുകയും വെണമെന്നരുളിച്ചെയ്തുവിടയും കൊടുത്തു പിന്നെ വസിഷ്ഠമഹൎഷിയൊടും മന്ത്രിവൎഗ്ഗത്തൊടും ഭ്രാതാക്കന്മാരൊടും കൂടി തിരുവടിയുടെ പുത്രന്മാരാകിയ കുശലവന്മാരുടെ കൈയും പിടിച്ചു യജ്ഞശാലയിലാമ്മാറെഴുന്നരുളി വസിച്ചന്നരാത്രികഴിഞ്ഞു പിററന്നാളെതിരവെ സഭയിലാമ്മാറെഴുന്നരുളി ചക്രവൎത്തി. അന്നെരം ശ്രീവാല്മീകിമഹൎഷിയും മററുള്ള മഹൎഷിമാരും ബ്രാഹ്മണരും രാജാക്കന്മാരും വാനരന്മാരും രാക്ഷസരുമെല്ലാരും വന്നൊത്തുകൂടിയളവനരം ശ്രീവാല്മീകിമഹൎഷിയൊടരുളിച്ചെയ്തു ചക്രവൎത്തി. ഭഗവാനെ ഭവിഷ്യരാമായണകഥ പാടുവാനരുളിച്ചെയ്കവെണമെന്നരുളിച്ചെയ്തുകെട്ടു അരുളിച്ചെയ്തു ശ്രീവാല്മീകിഭഗവാൻ. മഹാരാജാവെ ഭവിഷ്യരാമായണഗീതം പാടുമ്പൊൾ പലർ കെൾക്കപ്പൊടുവതു യൊഗ്യമല്ലാ, വസിഷ്ഠമഹൎഷിയും ബ്രഹ്മൎഷിമുഖ്യന്മാരും ഞാനും നിന്തിരുവടിയുമെ കെൾക്കാവിതെന്നരുളിച്ചെയ്തു പിന്നെ ജനവൎജ്ജ്യസ്ഥലത്തെ പ്രാപിച്ചു ഭവിഷ്യരാമായണകഥയും കുശലവന്മാർ പാടുവിതും ചെയ്താർ. പതിനായിരത്താണ്ടു ചക്രവൎത്തി രാജ്യപരിപാലനം ചെയ്തു പിന്നെ മാനുഷഭാവം വിട്ടു സകലലൊകശരണ്യനാകുന്ന വിഷ്ണുരൂപം സംഗ്രഹിച്ചു സ്വൎഗ്ഗലൊകം പ്രാപിപ്പൊളമുള്ള

ഭവിഷ്യരാമായണമാകുന്ന ശ്രീകഥയെപ്പാടി ഉപസം
ഹരിപ്പുതും ചെയ്താർ കുശലവന്മാർ. അതുകെട്ടു ബ്രഹ്മർ
ഷിമുഖ്യന്മാരും വളരെ പ്രീതിപെട്ടരുളുവിതും ചെ
യ്താർ. മുന്നം ബ്രഹ്മന്തിരുവടി നൂറായിരം ഗ്രന്ഥം ചമച്ചി
തു. അതിനെ ബ്രഹ്മലോകത്തുനിന്നനുപാഠം പാടിക്കെ
ട്ടെനല്ലൊ. ഇപ്പൊഴും ശ്രീവാല്മീകിയാൽ ചമക്കപ്പെട്ട
പ്രബന്ധരാമായണവും പാടിക്കെട്ടുവല്ലൊ. എന്നാൽ
തങ്ങളിലെതുമൊരു ഭെദമെന്നിയെ രണ്ടും സൂക്ഷ്മ
മൊത്തിട്ടിരിക്കുന്നിതുമെന്നരുളിച്ചെയ്തു പിന്നെ ശ്രീ
രാഘവചക്രവർത്തിക്കാശീർവ്വാദമരുളിച്ചെയ്തു ബ്രഹ്മർഷി
മുഖ്യന്മാരും ബ്രഹ്മലോകം നോക്കിയെഴുന്നള്ളുവിതും
ചെയ്താർ. പിന്നെയശ്വമെധം ചെയ്തൊടുങ്ങി അ
ശ്വമെധത്തിന്നു യൂപത്തൊടു കെട്ടിയ കുതിരയെക്കൊ
ണ്ടു ദെവകൾക്കു പ്രീതി വരുമാറു അടുത്തവണ്ണം ഹൊ
മിപ്പുതും ചെയ്തു മഹർഷികൾക്കും ബ്രാഹ്മണർക്കും പ്രീതി
വരുമാറു ദക്ഷിണയും ചെയ്തു പിന്നെ കർമ്മികൾക്കും
പരികർമ്മികൾക്കുമെടുത്തവണ്ണം ദക്ഷിണ ചെയ്തൊടു
ങ്ങി പിന്നെ അവഭൃതസ്നാനവും ചെയ്തു വസിഷ്ഠമഹ
ർഷിയൊടരുളിച്ചെയ്തു ശ്രീരാഘവചക്രവർത്തി. ഭഗവാ
നെ ഞാൻ നൂറശ്വമെധം ചെയ്യെണമെന്നു കല്പിച്ചിരി
ക്കുന്നതെന്നാൽ അതിനെച്ചെയ്യിച്ചരുളവെണമെന്നു
അരുളിച്ചെയ്ത കാലത്തു ചക്രവർത്തിയെ നൊക്കിയരുളി
ച്ചെയ്തു വസിഷ്ഠമഹർഷിയും. കെൾക്ക മഹാരാജാവെ
പത്തശ്വമെധം ചെയ്തു തൊണ്ണൂറു അശ്വമെധത്തി
ന്നു വെണ്ടുന്ന ദാനവും ചെയ്വൂതാക. യാതൊരു
ക്രതുവും ചെയ്യുന്നതും ദാനം ചെയ്വാനായിക്കൊണ്ടെ

ന്നാൽ തൊണ്ണൂറശ്വമെധത്തിന്നും ദാനം ചെയ്തു പത്തശ്വമെധം ചെയ്തു അതിനടുത്ത ദാനവും ചെയ്താൽ നൂറശ്വമെധം ചെയ്തതിനൊടൊക്കുമെന്നിപ്രകാരം മഹൎഷിയരുളിച്ചെയ്തുകെട്ടു ചക്രവൎത്തിയും തെളിഞ്ഞ മാനസനായി പിന്നെയുമൊമ്പതശ്വമെധം അടുത്തവണ്ണമെ ചെയ്തൊടുക്കി മഹാദാനവും ചെയ്തൊടുക്കിയെന്നാൽ പത്നീസഹിതനായി വെണമല്ലൊ യാതൊരു കൃതവും ചെയ്‌വാനതിനൊ സീതാദെവി മറഞ്ഞരുളിനാലല്ലൊ പിന്നെ മറെറാരുത്തിയെ വിവാഹം ചെയ്തതുമില്ല യജ്ഞം ചെയ്യുമ്പൊളെന്നാലൊരൊരൊ യജ്ഞത്തിന്നൊരൊരൊ സീതാദെവിയെ പൊൻകൊണ്ടവയവത്തൊടും കൂടച്ചമച്ചു അതു യജ്ഞത്തിന്നപ്പൊളപ്പൊൾ ബ്രാഹ്മണൎക്ക പകുത്തു കൊടുപ്പിരും ചെയ്യും. ഇങ്ങിനെ യജ്ഞമെല്ലാം ചെയ്തൊടുക്കിതെളിഞ്ഞ മാനസനായി പിന്നെ സുഗ്രീവാദി വാനരന്മാരെ വിളിച്ചുകൊണ്ടു മധുരമായരുളിച്ചെയ്തു സംഭാവിച്ചു നീ നിന്റെ വാനരസൈന്യത്തൊടും കൂടി പൊയി കിഷ്കിന്ധയെ പ്രാപിച്ചു ധൎമ്മം പിഴയാതെ രാജ്യം പാലിച്ചു വസിക്കയെന്നരുളിച്ചെയ്തു വിടയും കൊടുത്തു, പിന്നെ ധൎമ്മാത്മാവാകിയ ശ്രീവിഭീഷണനെ വിളിച്ചു സംഭാവിച്ചു മധുരമായരുളിച്ചെയ്തു നീയും നിന്റെ രാക്ഷസസൈന്യത്തൊടും കൂടി പൊയി നിന്റെ കുലരാജധാനിയെ പ്രാപിച്ചു ധൎമ്മം പിഴയാതെ രാജ്യപരിപാലനം ചെയ്തു സുഖിച്ചു വസിക്കയെന്നരുളിച്ചെയ്തവനെയും കൊടുത്തു, പിന്നെ മഹൎഷിമുഖ്യന്മാരെയും ബ്രാഹ്മണ

രെയും വലത്തുവെച്ചു നമസ്കരിച്ചു ഭവാന്മാരെ നിങ്ങളെല്ലാം നിങ്ങളുടെയാശ്രമം നൊക്കിയെഴുന്നരുളുവൊയാകായെന്നരുളിച്ചെയ്തനുജ്ഞയും കൊടുത്തു, പിന്നെ വസിഷ്ഠവാമദെവാദിപുരൊഹിതരൊടും ലക്ഷ്മണഭരതശത്രുഘ്നന്മാരൊടും പുത്രരൊടും സുമന്ത്രാദ്യമാത്യവൎഗ്ഗത്തൊടും മിത്രബന്ധുബാന്ധവന്മാരൊടും കൂടി നൈമിശാരണ്യത്തിൽനിന്നു പുറപ്പെട്ടു സൎവ്വാലങ്കാരസംഭൃതന്മാരാകിയ രാജാക്കന്മാരുടെ കുലരാജധാനിയാകിയ തിരുവയൊദ്ധ്യയെ പ്രാപിച്ചു വസിച്ചരുളുവിതും ചെയ്തു. പിന്നെ ശത്രുഘ്നകുമാരനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. നീ പൊയി മധുരാപുരിയെ പ്രാപിച്ചു രാജ്യപരിപാലനം ചെയ്കയെന്നരുളി വിടയും കൊടുത്തു പിന്നെ പരിവാരജനപരിവൃതനായി രാജ്യപരിപാലനം ചെയ്തു സുഖിച്ചു വസിച്ചു ബ്രാഹ്മണരെയുംക്ഷത്രിയരെയും വൈശ്യരെയുംശൂദ്രരെയും അടുത്തവണ്ണം പരിപാലിച്ചു തങ്ങൾ തങ്ങളുടെ കൎമ്മങ്ങളിൽനിന്നു പിഴയാതെ നിൎത്തിസ്സുഖിച്ചു വസിച്ചരുളി ചക്രവൎത്തി. പിന്നെയൊ ചക്രവൎത്തിയുടെ രാജ്യപരിപാലനകാലത്തു അനാവൃഷ്ടിയില്ലാ ദുൎഭിക്ഷമില്ലായെന്നുമൊരുപദ്രവമില്ലാ ചൊരഭയമില്ലാ ബാലമരണമില്ലാ പരാന്നകാംക്ഷിതമില്ലാ പരദാരകാംക്ഷിതമില്ലാ അതുനീക്കി വിളയിക്കമില്ലാ ജനങ്ങളന്യൊന്യം രഞ്ജിപ്പല്ലാതെ തമ്മിൽ സ്പൎദ്ധയുമില്ലാ. വൃക്ഷങ്ങൾ പുഷ്പിച്ചാലും കായിച്ചാലും അതിസ്വാദുമുണ്ടാം. തങ്ങളിലാൎക്കും യാചനവുമില്ലാ. സസ്യങ്ങളും ധനധാന്യങ്ങളും പെരിക പുഷ്ടിയുണ്ടായി ധൎമ്മശീലരായിസ്സുഖിച്ചു വസ്സിപ്പൂതും ചെയ്താർ.

ഇപ്രകാരം രാജ്യം പുഷ്ടിവെപ്പിച്ചു ചക്രവൎത്തി സുഖിച്ചു വസിക്കുംകാലം ശ്രീലക്ഷ്മണകുമാരനു ഊൎമ്മിള പെററിതിവര് കുമാരന്മാരുണ്ടാവിതും ചെയ്തു. അതിൽ മൂത്തവനു നാമധെയം തക്ഷകനെന്നും രണ്ടാമവനു നാമധെയം ഛത്രകെതുവെന്നും ഇങ്ങിനെ ഇരിവരുടെ നാമധെയം. പിന്നെ ശ്രീഭരതനു മാണ്ഡവിയാകുന്ന ധൎമ്മപത്നി പെററിതിവർ പുത്രന്മാരുളവാവിതും ചെയ്താർ. അതിൽ മൂത്തവനു നാമധെയം സുബാഹുവെന്നും രണ്ടാമവനു നാമധെയം ശൂരസെനനെന്നും പെർ. പിന്നെ മൂന്നാമതു ശത്രുഘ്നനുടെ ശ്രുതകീൎത്തിയാകുന്ന ധൎമ്മപത്നി പെററിതിവർ കുമാരന്മാരുളവാവിതും ചെയ്താർ. അതിൽ മൂത്തവനു നാമധെയം അംഗദനെന്നും രണ്ടാമവനു നാമധെയം ചന്ദ്രകെതുവെന്നും. ഇങ്ങിനെയെല്ലാവരുമായിസ്സുഖിച്ചിരിക്കുന്ന കാലത്തു കെകയവിഷയത്തിങ്കൽനിന്നു കെകയരാജാവു യുധാജിത്തിൻപൊക്കൽനിന്നു ഗാൎഗ്ഗ്യനാകുന്ന മഹൎഷിയെഴുന്നരുളി തിരുവയൊദ്ധ്യയെ പ്രാപിച്ചതു കാലം ശ്രീരാഘവചക്രവൎത്തിയും മഹൎഷിയെ പൂജിച്ചു സംഭാവിച്ചരുളിയതുനെരം മഹൎഷിയുമരുളിച്ചെയ്തു. കെൾക്ക മഹാരാജാവെ സിന്ധുവിഷയത്തിങ്കൽ അനെകമായിരം ഗന്ധൎവ്വന്മാർ വന്നു പുക്കതുകൊണ്ടവരാൽ പെരിക ഉപദ്രവം ചെയ്തിട്ടു നാട്ടിലുള്ള ജനത്തിന്നു കുടിയിരിപ്പാൻ വിഷമമായിട്ടിരിക്കുന്നതെന്നാൽ അവരെ വെട്ടിക്കൊന്നു ഞങ്ങളെ രക്ഷിക്കവെണമെന്നരുളിച്ചെയ്തുകെട്ടു ശ്രീരാഘവചക്രവൎത്തിയും ഭരതനെ നൊക്കിയരുളിച്ചെയ്തു. ഭരതാ നീ പുത്ര

രൊടും കൂടപ്പോയി ഗന്ധൎവ്വന്മാരെക്കൊന്നു സിന്ധുവിന്റെ രണ്ടു ഭാഗത്തുമൊരൊ നഗരം ചമച്ചു നിന്റെ പുത്രരെയവിടെ കുടിയിരുത്തിപ്പോരുവൊരാകയെന്നരുളിച്ചെയ്തു ആനതെർകുതിരകാലാളാകിയ പടയും കൊടുത്തു യാത്രയാക്കി നമ്മുടെ മാതുലനാകുന്ന യുധാജിത്തിന്റെ ഉപദ്രവം തീൎത്തുപൊരുകയെന്നു വിടകൊടുത്തരുളി ചക്രവൎത്തി. അതുനെരം ഭരതനും തന്റെ പുത്രരൊടും പടയൊടും കൂടി ശ്രീരാഘവചക്രവൎത്തിയെ വലത്തുവെച്ചു നമസ്കരിച്ചു തൊഴുതു വിടകൊണ്ടു പൊയി സിന്ധുവിങ്കൽ ചെന്നു പുക്കു ഗന്ധൎവ്വന്മാരെയടങ്ങക്കൊന്നൊടുക്കി രണ്ടു ഭാഗത്തും രണ്ടു നഗരവും ചമച്ചു ആനതെർ കുതിര കാലാളാകിയ പടയെല്ലാമിരിവൎക്കുമൊരുപൊലെ വെവ്വെറെ കൊടുത്തു നിങ്ങളിരിവരുമൊരിക്കലുമൊരു വിരൊധം വരാതെ ബുദ്ധിയൊത്തിരിപ്പിൻ മക്കളെയെന്നരുളിച്ചെയ്തു പിന്നെ ഐയാണ്ടവരൊടുകൂടിയവിടെ വസിപ്പൂതും ചെയ്തു പിന്നെ പൊന്നു തിരുവയൊദ്ധ്യാപുരി പുക്കു ശ്രീരാഘവചക്രവൎത്തിയെക്കണ്ടു നമസ്കരിച്ചു വൃത്താന്തമെല്ലാമറിയിച്ചു വസിപ്പൂതും ചെയ്താൻ ശ്രീഭരതകുമാരൻ. പിന്നെ വസിഷ്ഠമഹൎഷിയെനൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. ഭരതകുമാരന്റെ പുത്രൎക്കു രണ്ടു നഗരവും രാജ്യവും ചമച്ചു കൊടുത്തെനല്ലൊയെനി ലക്ഷ്മണകുമാരന്റെ പുത്രരിരിവൎക്കുമെവിടെ രാജ്യം കൊടുക്കാവിതെന്നരുളിച്ചെയ്തകാലത്തു അരുളിച്ചെയ്തു വസിഷ്ഠഭഗവാൻ. ഇവിടക്കു കെഴക്കൻദിക്കിൽ സമുദ്രതീരത്തുണ്ടുകനകബലമെന്നൊരു

ദെശമവിടയുള്ള കാട്ടാളരെക്കൊന്നു പാഴാക്കിക്കളയാതെ അവിടം കൊടുപ്പിതൊരുത്തനു, പിന്നെ പടിഞ്ഞാറെ സമുദ്രതീരത്തുണ്ടൊരു ദെശമവിടച്ചില മ്ലെച്ഛരിരിക്കയാലെ പാഴായിട്ടിരിക്കുന്നിതു അവരെക്കൊന്നവിടെ കൊടുക്കണമൊരുത്തനെന്നിപ്രകാരമരുളിച്ചെയ്തു മഹർഷിമുഖ്യൻ. അതു കെട്ടു ചക്രവത്തിയും ശ്രീലക്ഷ്മണകുമാരനെ വിളിച്ചുകൊണ്ടരുളിച്ചെയ്തു. ലക്ഷ്മണാ നീ കിഴക്കെസ്സമുദ്രതീരത്തു പടയൊടും കൂടച്ചെന്നു കാട്ടാളരെക്കൊന്നു അംഗതിയെന്നൊരു നഗരം ചമച്ചു തക്ഷകനെയവിടെ കുടിവെച്ചുറപ്പിച്ചു പിന്നെ പടിഞ്ഞാറെ സമുദ്രതീരത്തും പടയൊടും കൂടച്ചെന്നു അവിടെയുള്ള മ്ലെച്ഛരെ കൊന്നൊടുക്കി ചന്ദ്രമതിയെന്നൊരു നഗരം ചമച്ചു അവിടെ ഛത്രകെതുവിനെ രാജാവാക്കിയിരുത്തിച്ചുറപ്പിച്ചു പൊരുകയെന്നരുളിച്ചെയ്തുകെട്ടു ശ്രീലക്ഷ്മണകുമാരനും പുറപ്പെട്ടാനതെർകുതിരകാലാളായ പടയൊടും പുത്രരൊടും കൂടപ്പോയി കിഴക്കെ സമുദ്രതീരത്തെ പ്രാപിച്ചു കാട്ടാളരെക്കൊന്നൊടുക്കി അംഗതിയെന്നൊരു നഗരം ചമച്ചു തക്ഷകനെ കുടിയിരുത്തി രാജാവാക്കിയഭിഷെകം ചെയ്തു ആനതെർകുതിരകാലാളാകുന്ന പടയും കൊടുത്തു ഒരു സംവത്സരമവിടെ വസിച്ചുറപ്പിച്ചു പിന്നെ പടിഞ്ഞാറെ സമുദ്രതീരം പ്രാപിച്ചു മ്ലെച്ഛരെയെല്ലാം കൊന്നു അവിടെ ചന്ദ്രമതിയെന്നൊരു നഗരം ചമച്ചു ഛത്രകെതുവിനെകുടിയിരുത്തി രാജാവാക്കി വാഴിച്ചു ആന തെർ കുതിരകാലാളാകിയ പടയും കൊടുത്തുറപ്പിച്ചു ഒരാണ്ടവിടയും

വസിച്ചു പിന്നെ അവിടെ നിന്നു പൊന്നു തിരുവയൊദ്ധ്യാപുരി പുക്കു ശ്രീരാഘവചക്രവൎത്തിയെക്കണ്ടു നമസ്കരിച്ചു വൃത്താന്തമെല്ലാമറിയിച്ചു ശ്രീലക്ഷ്മണകുമാരനും.

പിന്നെ മഹാരാജാവുമട്ടത്തവണ്ണമെ ധൎമ്മത്താലെ രാജ്യപരിപാലനം ചെയ്തു പതിനൊരായിരത്താണ്ടു കഴിഞ്ഞളവിലക്കാലത്തു ഇന്ദ്രാദിദെവകളെല്ലാരുമൊത്തു നിരൂപിച്ചു ഭഗവാൻ ശ്രീനാരായണസ്വാമി ദശരഥന്റെ പുത്രനായവതരിച്ചു അവതാരകാൎയ്യമെല്ലാം സാധിച്ചുവല്ലൊ എന്നാലെനി സ്വൎഗ്ഗത്തിനെഴുന്നള്ളിച്ചു കൊൾവാനെന്തൊരുപായമുള്ളതെന്നെല്ലാരും കൂടിച്ചെന്നു ബ്രഹ്മതിരുവടിയെക്കണ്ടു തൊഴുതറിയിപ്പുതും ചെയ്താർ. ഭഗവാനെ പന്നഗശായീ പരമപുരുഷൊത്തമനാകിയ ശ്രീനാരായണമൂൎത്തി ദെവകളെയും മഹൎഷിമാരെയും രക്ഷിപ്പാനായിക്കൊണ്ടു ദശരഥപുത്രനായി ശ്രീരാമരൂപനായവതരിച്ചരുളിയല്ലൊ പിന്നെ അവതാരകാൎയ്യവും സാധിച്ചരുളിയെനി സ്വൎഗ്ഗത്തിനെഴുന്നള്ളിച്ചു കൊൾവാനുള്ളതിനെ ചിന്തിച്ചു കൊൾകവെണമെ സ്വാമിയെന്നുണൎത്തിച്ചു കാലത്തു ബ്രഹ്മതിരുവടിയും നിരൂപിച്ചു കാലനെ വിളിച്ചു കൊണ്ടരുളിച്ചെയ്തു. മഹാനുഭാവനായുള്ളൊവെ കാലാ നീ പൊയി ഭൂമിയിലാമ്മാറു തിരുവയൊദ്ധ്യാപുരിയിലകംപുക്കു ശ്രീരാഘവചക്രവൎത്തിയെക്കണ്ടുണൎത്തിക്കവെണമവതാരകാൎയ്യമെല്ലാം ചെയ്തുവല്ലൊ എന്നി താമസിയാതെ സ്വൎഗ്ഗത്തിനെഴുന്നരുൾകവെണ

മെന്നറിയിക്കയെന്നു ബ്രഹ്മതിരുവടിയരുളിച്ചെയ്തു കെട്ടു ധൎമ്മരാജാവും ബ്രഹ്മതിരുവടിയെ തൊഴുതു പുറപ്പെട്ടു കാലനുമൊരു താപസവെഷമവലംബിച്ചു തിരുവയൊദ്ധ്യാപുരിയിലകംപുക്കു സഭാദ്വാരത്തിൽ ചെന്നു നിന്നവിടെ നിൽക്കുന്ന ശ്രീലക്ഷ്മണകുമാരനെ നൊക്കിച്ചൊല്ലുവിതും ചെയ്തു. കെൾക്ക ലക്ഷ്മണകുമാരാ ഞാനതിബലനാകുന്ന മഹൎഷിയയച്ചു വന്നെൻ. ചക്രവൎത്തിയെക്കണ്ടു മഹൎഷിയരുളിച്ചെയ്തയച്ചു കാൎയ്യമെല്ലാം ചക്രവൎത്തിയെക്കണ്ടറിയിപ്പാൻ വന്നിതുമെന്നാൽ ആയതുകൊണ്ടു ലക്ഷ്മണാ നീ ചെന്നെന്നുടെ വരവിനെയറിയിക്കയെന്നു ചൊല്ലുകെട്ടു ശ്രീ ലക്ഷ്മണകുമാരനും അമ്മഹൎഷിയെ നമസ്കരിച്ചു പൊയി സഭാമണ്ഡപത്തിലിരുന്നരുളുന്ന ചക്രവൎത്തിയെക്കണ്ടു തൊഴുതറിയിപ്പതും ചെയ്താൻ. മഹാരാജാവെയൊരു മഹൎഷിയുണ്ടു സഭാദ്വാരത്തിങ്കലെഴുന്നരുളി നിൽക്കുമതുമെന്നാലവന്തിരുവടി അതിബലനാകുന്ന മഹൎഷിയരുളിച്ചെയ്തയച്ചെഴുന്നരുളിപ്പൊൽ നിന്തിരുവടിയെക്കണ്ടു ചില കാൎയ്യം പറയേണ്ടതുണ്ടുപൊലെന്നു ശ്രീലക്ഷ്മണകുമാരൻ തൊഴുതറിയിക്കകെട്ടു ചക്രവൎത്തിയുമരുളിച്ചെയ്തു. നീ ചെന്നു മഹൎഷിയെ കൂട്ടിക്കൊണ്ടു വരികയെന്നു ചക്രവൎത്തിയരുളിച്ചെയ്തുകെട്ടു ലക്ഷ്മണകുമാരനും ചെന്നു മഹൎഷിയെ കൂട്ടിക്കൊണ്ടു സഭാമണ്ഡപത്തിലകത്തു പൂവിതും ചെയ്താൻ. അതു നെരം ചക്രവൎത്തിയും സിംഹാസനത്തിന്മെൽ നിന്നെഴുനീററു മഹൎഷിയെ നമസ്കരിച്ചു അൎഗ്ഘ്യപാദ്യാചമനീയമായിരിക്കുന്ന പൂജാസാധനങ്ങളെക്കൊണ്ടും വ

ന്ദനനമസ്കാരാദികളെക്കൊണ്ടും പൂജിച്ചു മഹൎഷികൾക്കിരിപ്പാൻ യോഗ്യമായ സിംഹാസനം കൊടുത്തിരുന്നരുളിയപ്പോൾ ചക്രവൎത്തിയും മഹൎഷിയെ തൊഴുതപ്രകാരമെ സിംഹാസനത്തിന്മെലിരുന്നരുളുവിളും ചെയ്തു പിന്നെയരുളിച്ചെയ്തു ചക്രവൎത്തി. എന്തു ഭഗവാനെയെഴുന്നരുളിയ കാൎയ്യമെന്നാലായതരുളിച്ചെയ്കയും വെണമെന്നരുളിച്ചെയ്തിതു കാലനാകുന്ന മഹൎഷിയും. കെൾക്ക മഹാരാജാവെ ഞാനും നിന്തിരുവടിയുമായി പരമരഹസ്യമായി പറയെണ്ടുമൊരു കാൎയ്യമാകയുമുണ്ടു, എന്നാലിപ്പോൾ സഭയിലുള്ള ജനത്തെയെല്ലാരെയും പുറത്തു പറഞ്ഞാക്കി ലക്ഷ്മണനും കെൾക്കാതെ പറകയും വെണമത്രയുമല്ല നമ്മിൽ പറയുന്നെരമൊരുത്തൻ പൊലുംവന്നു കെൾക്കെ താൻ കാണ്കെ താൻ ചെയ്കിലപ്പൊഴവനെ വധിക്കവെണമിങ്ങിനെയിരിപ്പൊരു നിൎണ്ണയമുണ്ടെങ്കിലെ ഞാൻ പറയുന്നിതുമെന്നു മഹൎഷിയരുളിച്ചെയ്തുകെട്ടു ചക്രവൎത്തിയും ഞാനവ്വണ്ണമെ ചെയ്യുന്നുണ്ടെന്നു പ്രതിജ്ഞയും ചെയ്തെല്ലാരെയും പുറത്തുനിൎത്തി ലക്ഷ്മണനെ ദ്വാരത്തിങ്കൽ കാവലും നിൎത്തിയാരെയുമകത്തു കടത്തായ്കെന്നുമരുളിച്ചെയ്തു ചക്രവൎത്തി. അതുനെരം ശ്രീലക്ഷ്മണകുമാരനും ഗൊപുരദ്വാരത്തിങ്കലാരെയും കടത്താതെ കാവലുമായി നില്പിതും ചെയ്താൻ. പിന്നെ മഹൎഷിയായി വന്ന കാലനും ചക്രവൎത്തിയൊടറിയിപ്പതും ചെയ്താൻ. കെൾക്ക മഹാരാജാവെ ഞാനതിബലനെന്നു ചൊല്ലിയതു ബ്രഹ്മന്തിരുവടിയെയെന്നാൽ ബ്രഹ്മന്തിരുവടി ചൊല്ലാലിവിടെക്ക വന്നതു

മെന്നാൽ ഞാൻ യമധൎമ്മരാജാവെന്നറിക മഹാരാജാവെ. നിന്തിരുവടി സകലലൊകകൎത്താവാകുന്ന വിഷ്ണുഭഗവാനല്ലൊ എന്നാൽ മാനുഷഭാവംകൊണ്ടു തിരുവുള്ളത്തിലറിയാതെയിരിക്കുന്നുമെന്നാലി ബ്രഹ്മന്തിരുവടിയരുളിച്ചെയ്തയച്ചവയെല്ലാം ഞാനെന്റെ മുഖംകൊണ്ടറിയിക്കുന്നെൻ മഹാനുഭാവനായുള്ളാവെയെന്നുണൎത്തിച്ചു പിന്നെയുമുണൎത്തിച്ചു കാലമുനി. എങ്കിലൊ മുന്നമെകാൎണ്ണവമായിരിക്കുന്ന കാലത്തു നിന്തിരുവടിയുടെ നാഭിപത്മത്തിൽ നിന്നല്ലൊ ഞാനുമുളനായതും, പിന്നെ സൃഷ്ടികൎത്താവായെന്നെ കല്പിച്ചതും നിന്തിരുവടിയല്ലൊ. ഞാനുമിന്ദ്രാദിദെവകളും കൂടി രാവണനെക്കൊന്നു ഞങ്ങളെ രക്ഷിപ്പാനും ദശരഥചക്രവൎത്തിക്കു പുത്രന്മാരാവാനും കാരണമായി നിന്തിരുവടി ദശരഥരാജാവിന്നു പുത്രനായി ശ്രീരാമരൂപനായവതരിച്ചുവല്ലൊ, അവതാരകാൎയ്യവും സാധിച്ചു. എന്നാൽ സൎവ്വലൊകശരണ്യനാകുന്ന ശ്രീനാരായണസ്വാമിയെന്നറിഞ്ഞടങ്ങുക ഭഗവാനെ. മുന്നമെല്ലാനാളും ഞങ്ങളെ രക്ഷിപ്പാനായിക്കൊണ്ടൊരൊരൊ കാലത്തൊരൊരൊ ജാതി രൂപമായവതാരം ചെയ്തു രക്ഷിച്ചു കൊണ്ടുവല്ലൊ. മുന്നമിരണ്യകശിപുവെന്നൊരസുരരാജാവുളനായി ദെവകളെയും മഹൎഷിമാരെയും ബ്രാഹ്മണരെയുമുപദ്രവിച്ചുകൊള്ളുമവനെന്നൊട്ടു പക്ഷികളും മൃഗങ്ങളും മനുഷ്യരുമാരുമകത്തുനിന്നും പുറത്തുനിന്നും ആകാശത്തുനിന്നും ഭൂമിയിൽനിന്നും രാവും പകലും കൊല്ലരുതെന്നെയെന്നു വരംകൊണ്ടു പിന്നെയതു കാരണമായി നിന്തിരുവടി നര

സിംഹരൂപമായവതരിച്ചു രാവും പകലുമെന്നിയെ ആകാശത്തും ഭൂമിയിലും സംബന്ധിക്കാതെ ആയുധം കൊണ്ടുമല്ലാതെ സന്ധ്യാസമയമകത്തും പുറത്തുമല്ലാതെ ഉമ്മരപ്പടിമെലിരുന്നു തന്തിരുവടിയുടെ തൃത്തുടമെൽ വെച്ചു ക്രൂരത്തു കൊടിയവനായി വജ്രസമമാകുന്ന നഖങ്ങളെക്കൊണ്ടിരണ്യകശിപുവിന്റെ ഹൃദയം കത്തിപ്പിളൎന്നു കുടൽമാലയെടുത്തണിഞ്ഞു ഞങ്ങളെ രക്ഷിച്ചരുളിയല്ലൊ ഭഗവാനെ. പിന്നെയവന്റെ വംശത്തിൽ മഹാബലിയെന്നൊരസുരൻ വന്നുളവായാനവൻ ത്രൈലൊക്യമെല്ലാം പറഞ്ഞു തനിക്കാക്കിക്കൊണ്ടു നടത്തി ഞങ്ങളെയെല്ലാമുപദ്രവിച്ചു വാഴുമളവിലവനൊരു യജ്ഞം ചെയ്യുന്നകാലം നിന്തിരുവടിയും കാശ്യപപ്രജാപതിയുടെ ഭാൎയ്യയാമദിതിവയററിലൊരു കുറമാണിയായവതരിച്ചു മഹാബലിയെച്ചെന്നു കണ്ടെനിക്കു ചമതയിടുവാനെന്റെ കാൽക്കു മൂവടി ദെശം ഭൂമി തരവെണമെന്നിരന്നതുനെരം ധൎമ്മാത്മാവായ മഹാബലിയും പെരികച്ചിരിച്ചു ചൊൽവിതും ദൈത്യൻ. രാജ്യമെങ്കിലും ദ്രവ്യമെങ്കിലും യാചിച്ചുവെങ്കിൽ തരായിരുന്നു ആയതെന്നിയെയൊരു പറവെങ്കിലായതുവും പെരിക വെണ്ടുവൊന്നാകയുമുണ്ടു. ആയതുമെന്നിയെ മൂവടി ദെശമെ വെണ്ടുവെങ്കിലായതുതരാമെന്നു ചൊല്ലിയതുനെരം രണ്ടു ശ്രീപാദംകൊണ്ടു്ധൎമ്മശീലനായ മഹാബലിയെക്കൊല്ലാതെ പാതാളലൊകത്താക്കി ഞങ്ങളെ രക്ഷിച്ചരുളിയല്ലൊ ഭഗവാനെ. പിന്നെ രാവണനെക്കൊൽവാനവതരിച്ചു രാവണനെക്കൊന്നു സൂൎയ്യവംശത്തിൽ സന്തതിയുമുണ്ടാക്കി

പതിനൊരായിരത്താണ്ടു രാജ്യം വാണു വസിച്ചു അവതരിച്ചു കാൎയ്യമെല്ലാം സാധിച്ചു തിരുവവതാരത്തിൽ പറഞ്ഞ അവധിയുമണഞ്ഞിട്ടല്ലൊയിരിക്കുന്നുമെന്നാലെന്നും തിരുവുടമ്പിനൊടെയെന്നും ചിലനാൾ മനുഷ്യവെഷത്തൊടെയിരിക്കകയൊ തിരുവുള്ളമാകുന്നുമായതെന്നിയെ മാനുഷമായിരിക്കുന്ന തിരുവുടമ്പിനൊടെ സ്വൎഗ്ഗത്തിനെഴുന്നരുളുകയൊ തിരുവുള്ളമാകുന്നുമായതുമെന്നിയെ മാനുഷരൂപം മാററി വിഷ്ണുരൂപത്തെ സംഗ്രഹിച്ചു സ്വൎഗ്ഗത്തിനെഴുന്നരുളുകയൊ തിരുവുള്ളമാകുന്നു സ്വാമി, കെവലം വിഷ്ണുഭഗവാൻ നിന്തിരുവടിയെന്നറിഞ്ഞരുളുക മഹാരാജാവെയെന്നു കാലൻ ചൊല്ലുന്നതിനെക്കെട്ടു ശ്രീരാഘവചക്രവൎത്തിയും പരമാൎത്ഥമായുള്ളതു തിരുവുള്ളത്തിലെറി തന്തിരുവടിയും നിരൂപിച്ചു ഞാൻ വിഷ്ണുവെന്നുള്ളതു നിൎണ്ണയിച്ചരുളിച്ചെയ്തു ചക്രവൎത്തി. ഞാനിത്രനാളും മനുഷ്യനെന്നു നിനച്ചിരിക്കുന്നതുമിപ്പൊൾ ഞാൻ വിഷ്ണുവെന്നു നിൎണ്ണയിച്ചറിവിതും ചെയ്തെൻ. എന്നാലെനി സ്വൎഗ്ഗത്തിന്നു താമസിയാതെ പൊകുന്നുണ്ടെന്നിപ്രകാരം കാലമുനിയും ശ്രീരാഘവചക്രവൎത്തിയും കൂടിതമ്മിൽ പറഞ്ഞിരിക്കുന്ന സമയം ശ്രീദുൎവ്വാസാവായിരത്താണ്ടു നിരാഹാരനായിത്തപസ്സുചെയ്തു തപസ്സിന്റെ അവസാനത്തിങ്കൽ പൈയും ദാഹവും പെരുതാകയാലെവിടപ്പൊയാലെന്നുടെ പൈയും ദാഹവും കെടുമാറു മൃഷ്ടമായി ഭൊജനം കിട്ടുമെന്നു നിരൂപിച്ചു മഹാരാജാവു ശ്രീരാഘവചക്രവൎത്തിയെച്ചെന്നു കണ്ടാൽ കിട്ടുമെന്നു നിൎണ്ണയിച്ചെഴുന്നരുളീത്തിരുവയൊദ്ധ്യാ

പുരിയിലകംപുക്ക സഭാദ്വാരത്തിങ്കലെഴുന്നരുളി ശ്രീ
ലക്ഷ്മണകുമാരനെ നോക്കിയരുളിച്ചെയ്തു ശ്രീദുൎവ്വാ
സാവും. കേൾക്ക ലക്ഷ്മണാ ഞാനായിരത്താണ്ടു നിരാ
ഹാരനായിത്തപസ്സു ചെയ്തു തപോവസാനകാല
ത്തു പൈയ്യും ദാഹവും പെരുതാകകൊണ്ടു ശ്രീരാഘവ
ചക്രവൎത്തിയെക്കണ്ടാൽ തൃപ്തമായി ഭക്ഷിപ്പാൻ കിട്ടു
മെന്നു നിനച്ചിവിടെക്ക വന്നിതുമെന്നാലെന്നുടെ വര
വിനെ പെരികെ വേഗം ചെന്നു ചക്രവൎത്തിയോടറി
യിക്കയെന്നു ദുൎവ്വാസാവരുളിച്ചെയ്തുകേട്ടു തൊഴുതുണ
ൎത്തിനാൻ ശ്രീലക്ഷ്മണകുമാരൻ. ചക്രവൎത്തിയകത്തടച്ചു
മന്ത്രകാലമിപ്പോളൊരു മുഹൂൎത്തസമയം പാൎക്ക സ്വാ
മിയെന്നുമായതല്ലായെങ്കിൽ അടിയൻ നിന്തിരുവടി
ക്കവേണ്ടും ഉപദംശമൃഷ്ടാന്നമാകുംവണ്ണം ചെയ്വനെ
ന്നു ലക്ഷ്മണനറിയിക്കക്കേട്ടു മഹൎഷിക്ക പൊറുക്കരു
താത കോപം പൊന്നു മൂൎച്ഛിച്ചു ഉടന്നു കരിമിഴി
യും വെണ്മിഴിയും തിരിച്ചറിയാതവണ്ണം ചുകന്നു തിരു
വുടമ്പു വിറച്ചു വലിഞ്ഞു പുറപ്പെടുന്ന കോപത്തോടു
മരുളിച്ചെയ്തു ശ്രീദുൎവ്വാസവും. ഞാൻ തപോവസാന
കാലത്തു പൈയ്യും ദാഹവും പെരുതായി വന്നനേര
ത്തുയെന്നുടെ പൈയ്യും ദാഹവും നിരൂപിയാതെ മന്ത്ര
കാലം കഴിവോളം ഞാനിവാതിക്കൽ നിക്കണമെന്ന
ല്ലോ എന്നോടു ലക്ഷ്മണൻ ചൊല്ലിയതെന്നാൽ ആയ
തൊട്ടും പൊറുന്നവൊന്നുമല്ലാ. എന്നാൽ നിങ്ങളെ
ല്ലാവരെയും കുടുമ്പിച്ചു ഭസ്മമാക്കിക്കളയുന്നതുണ്ടു ഞാ
നെന്നിങ്ങനെ കോപിച്ചരുളുന്ന ശ്രീദുൎവ്വാസാവെക്കണ്ടു
നിരൂപിച്ചു ശ്രീലക്ഷ്മണകുമാരൻ. എന്തിപ്പോഴിവിടെ

വെണ്ടു ഞാനകത്തു പൂകുന്നതാകിലെന്നെ ചക്രവൎത്തി വെട്ടിക്കൊല്ലുമെന്നു വരുമല്ലൊ ഞാനകത്തു ചെന്നു ചക്രവൎത്തിയൊടു ചൊല്ലാതെയിരിക്കിൽ ഞങ്ങളെല്ലാരെയും വംശത്തൊടെ പടജ്ജനത്തൊടെ മന്ത്രിവൎഗ്ഗത്തൊടെയെല്ലാരെയും കൂടച്ചപിച്ചു ശ്രീദുൎവ്വാസാവിന്റെ ശാപാഗ്നിയാൽ വെന്തു ഭസ്മമാമാറാവരുമല്ലൊ. എന്നാൽ വംശത്തൊടെ നശിക്കയെക്കാളും ഞാനൊരുത്തൻ നശിക്കുന്നതു പെരിക യൊഗ്യമത്രെയെന്നു നിൎണ്ണയിച്ചു മഹൎഷിയൊടറിയിച്ചു ഭഗവാനെ ഞാനകത്തു ചെന്നു ചക്രവൎത്തിയൊടറിയിച്ചു വരുന്നെന്നു ചൊല്ലി വാതിക്കൽ മഹൎഷിയെ നിൎത്തിയകത്തു ചെന്നു ചക്രവൎത്തിയെക്കണ്ടുണൎത്തിച്ചാൻ ശ്രീലക്ഷ്മണകുമാരൻ. കെൾക്ക മഹാരാജാവെ ശ്രീദുൎവ്വാസാമഹൎഷിയുണ്ടല്ലൊ സഭാദ്വാരത്തിൽ എഴുന്നരുളി പൈയും ദാഹവും പെരുത്തു പൊറുക്കരുതാതെ ക്ലെശപ്പെട്ടിരിക്കുന്നു മഹാരാജാവെയെന്നു ലക്ഷ്മണൻ തൊഴുതുണൎത്തിക്കെട്ടു ശ്രീരഘുവരചക്രവൎത്തിയും നിരൂപിച്ചു പെരിക ദുഃഖിച്ചു ഞാനന്തകനൊടു പ്രതിജ്ഞ ചെയ്തിരിക്കുന്നുവല്ലൊ നമ്മിൽ പറയുന്നെരം നമ്മുടെ മുന്നിൽ യാവനൊരുത്തനെങ്കിലും ശ്രീലക്ഷ്മണനെങ്കിലും മുന്നിൽ വന്നുവെങ്കിൽ അവനെ കൊല്ലുന്നുണ്ടെന്നു സമയം ചെയ്തെനല്ലൊ, അപ്പൊൾ വന്നതു ലക്ഷ്മണനായിട്ടും വന്നുവല്ലൊ, എന്നാലെന്നുടെയനുജഭ്രാതാവെ ഞാൻ വെട്ടിക്കൊല്ലുമാറു വന്നുവല്ലൊ, എന്നാലായതു ഞാൻ ചെയ്യാഞ്ഞിലൊ പ്രതിജ്ഞാഭംഗം വരുമല്ലൊ എന്നിപ്രകാരം നിരൂപിച്ചു പെരിക ദുഃഖാത്മനായി പിന്നെ കാലനൊടരുളി

ച്ചെയ്തു ചക്രവൎത്തി. നമ്മിൽ പറഞ്ഞവണ്ണമെ
ചെയ്യുന്നുണ്ടെന്നരുളിച്ചെയ്തു കാലനെയരുളി യാത്ര
യാക്കവിടും ചെയ്തു പിന്നെ പൊട്ടന്നവെ സിം
ഹാസനത്തിന്മേൽ നിന്നെഴുനീററു സഭാചാരം നൊ
ക്കിയെഴുന്നരുളി ശ്രീദുൎവ്വാസാവെക്കണ്ടു വലത്തുവെച്ചു
നമസ്കരിച്ചു തൊഴുതു വളര മിഴിച്ചു കുളിര നൊക്കി
മധുരമായരുളിച്ചെയ്തു കൂട്ടിക്കൊണ്ടുപൊയാസ്ഥാന
മണ്ഡപത്തിലാമ്മാറെഴുന്നരുളി ബ്രാഹ്മണൎക്കിരിപ്പാൻ
യൊഗ്യമായിരിപ്പൊരു സിംഹാസനം കൊടുത്തിരു
ത്തി പിന്നെയൎഗ്ഘ്യപാദ്യാചമനീയമായുള്ള പൂജാസാ
ധനങ്ങളെക്കൊണ്ടും വന്ദനനമസ്കാരാദികളെക്കൊണ്ടും
പൂജിച്ചു മഹൎഷിയുടെ നിയൊഗത്താലെ തൊഴുതു
പ്രകാരമെ തന്തിരുവടിയും സിംഹാസനത്തിന്മെലിരു
ന്നരുളി ശ്രീദുൎവ്വാസാവിനെ നൊക്കി മധുരമായരുളി
ച്ചെയ്തു ശ്രീരാഘവചക്രവൎത്തി. മഹാനുഭാവനായു
ള്ളൊരു ഭഗവാനെ യാതൊരു കാൎയ്യമെന്നാൽ ചെ
യ്യെണ്ടുവതെന്നാലായതിനെ എന്നൊടരുളിച്ചെയ്ക
യും വെണമെന്നു ചക്രവൎത്തി തൊഴുതറിയിക്കകെട്ടു
അരുളിച്ചെയ്തു മുനിമുഖ്യൻ. ഞാനായിരത്താണ്ടു നി
രാഹാരനായിത്തപസ്സു ചെയ്തു തപസ്സിന്നുടെയവസാ
നത്തിങ്കൽ പൈയും ദാഹവും പെരുക്കയാൽ വന്നു
ഭവാനെക്കണ്ടാലപ്പൊഴെ ദിവ്യങ്ങളായി മധുരമായുള്ള
ഉപദംശം മൃഷ്ടമായശിപ്പാൻ കിട്ടുമെന്നുറച്ചു വന്നതു
മിവിടെക്കു ഞാനെന്നരുളിച്ചെയ്യുകെട്ടു ചക്രവൎത്തി
യും പെരിക പ്രീതിപെട്ടു രാജാൎഹമായുള്ള അന്നരാ
ശികളെക്കൊണ്ടുമത്യന്തം മധുരമായി രമണീയമായി

രിക്കുന്ന ഉപദംശങ്ങളെക്കൊണ്ടും മൃഷ്ടമായി ഭുജിപ്പിച്ചു പൂജിപ്പൂതും ചെയ്തു മഹാരാജചക്രവൎത്തി. അതുനെരം ശ്രീദുൎവ്വാസാവും പെരിക പ്രീതിപെട്ടു രാജാവെ നൊക്കിയരുളിച്ചെയ്തു. ഞാനനെകം കാലം തപസ്സുചെയ്തു പെരിക ക്ഷുത്തു വൎദ്ധിച്ചനെരമെവിടെച്ചെന്നാലെന്റെ ക്ഷുത്തൃഡ്ദാഹാദി തീൎക്കാമെന്നു നിനച്ചപ്പൊൾ തൊന്നി സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ശ്രീരാഘവചക്രവൎത്തിയെച്ചെന്നു കണ്ടാലപ്പൊഴെ ഞാൻ നിനച്ചവണ്ണമെ മൃഷ്ടമായി ഭുജിക്കാമെന്നുറച്ചിവിടെ വന്നു നമ്മിൽക്കണ്ടനെരം ഞാൻ നിനച്ചവണ്ണം തന്നെ മഹാരാജാവെന്നെ മൃഷ്ടമായി ഭുജിപ്പിച്ചു പൂജിപ്പിതും ചെയ്താനെന്നാലെന്നും ഞാൻ തപസ്സുചെയ്വാൻ പൊകുന്നമെന്നായിരത്താണ്ടു കൂടിയെനിയെ എനിക്കൊരു ഭക്ഷണവും വെണ്ടിയതുമില്ലായെന്നരുളിച്ചെയ്തു ചക്രവൎത്തിക്കാശീൎവ്വാദവും ചെയ്തു തിരുവയൊദ്ധ്യാപുരിയിൽ നിന്നു പുറപ്പെട്ടു തന്നുടെയാശ്രമം നൊക്കിയെഴുന്നരുളുവിതും ചെയ്തു. പിന്നെയനന്തരം ശ്രീരാഘവചക്രവൎത്തിയും നിരൂപിച്ചു ഞാനെന്നുടെ ലക്ഷ്മണനെ വെട്ടിക്കൊല്ലുമാറു വന്നുവല്ലൊയെന്നു നിനച്ചു പെരിക ദുഃഖിച്ചു സഭാമണ്ഡപത്തിൽനിന്നു പുറപ്പെട്ടകംകൊയിലകം പുക്കി പെരിക ദുഃഖിതനായി നിന്നപ്പിതും ചെയ്തു. ഞാൻ കാലനൊടു പ്രതിജ്ഞചെയ്തതു നമ്മിൽ പറയുന്നനെരമാരാകിലും വരിക താൻ കാണ്ക താൻ കെൾക്ക താൻ ചെയ്കിലവനെക്കൊല്ലണമെന്നു കാലൻ ചൊല്ലിയനെരമവനെ ഞാൻ കൊല്ലുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്തതു നെരത്തു

വന്നു ശ്രീലക്ഷ്മണകുമാരനായിട്ടും വന്നുവല്ലോ
യെന്നാലെന്നുടെ പ്രാണനായിട്ടും തോഴനായിട്ടും ഭ്രാ
താവായിട്ടും പിന്നെയെന്നോടുകൂടി സുഖദുഃഖമനുഭ
വിപ്പാനും പിന്നെ മററുംപല ഗുണവുമുണ്ടെററവുമങ്ങി
നെയിരിക്കുന്നയെന്നുടെ ലക്ഷ്മണനെ ഞാൻ വെട്ടി
ക്കൊല്ലുമാറു വന്നുവല്ലോയെന്നാൽ ഞാനതു ചെയ്തി
ല്ലായെങ്കിൽ പ്രതിജ്ഞാഭംഗം വരും, പ്രതിജ്ഞാഭംഗം
വന്നാൽ ധൎമ്മം നശിക്കും, ധൎമ്മം നശിച്ചാൽ സകല
പുരുഷാൎത്ഥങ്ങളും നശിക്കും, അതിനാലെ പരലോക
വിരോധം വരും. പിന്നെയവനെ വെട്ടിക്കൊല്ലുണ
മെന്നു നിനക്കിലെന്നാലാവൊന്നല്ലായെന്നിപ്രകാ
രം നിരൂപിച്ചു വെന്തു വെന്തുരുകുന്ന മാനസമുടയനാ
യിമുറയിട്ടൊഴുകുന്ന കണ്ണുനീരാൽ നനയപ്പെട്ടു ശ്രീമുഖാ
രവിന്ദത്തോടും കൂടെ സിംഹാസനത്തിന്മേൽ വിരണ്ടു
വീണു പ്രലാപിക്കത്തുടങ്ങി ചക്രവൎത്തി. അന്നേരം
ശ്രീലക്ഷ്മണകുമാരനാമകംകൊയിലകം പുക്കു ചക്രവ
ൎത്തിയെച്ചെന്നു നമസ്കരിച്ചു ദുഃഖാൎത്തനായി ഭൂമിയി
ലാമ്മാറു കിടന്നരുളി മുറയിടുന്ന ചക്രവൎത്തിയെ തൊ
ഴുതുണൎത്തിനാൻ ശ്രീലക്ഷ്മണകുമാരൻ. കേൾക്ക മഹാ
രാജാവെ നിന്തിരുവടിയെതും ദുഃഖിച്ചരുളല്ലാ സ്വാ
മിയെന്നുണൎത്തിക്കുമന്നേരം ശ്രീഭരതനും ധൎമ്മാത്മാ
വായ വസിഷ്ഠമഹൎഷിയും സുമന്ത്രാദി മന്ത്രിവീരന്മാരും
ബന്ധുക്കളും ബാന്ധവന്മാരും മററുള്ളവരുമെല്ലാരുമ
കംകൊയിലകത്തു ചെന്നു ചക്രവൎത്തിയെ തൊഴുതു
നില്പിതും ചെയ്താർ. അന്നേരം ദുഃഖാൎത്തനായി ഭൂ
മിയിലാമ്മാറു കിടന്നു മുറയിടുന്ന ചക്രവൎത്തിയോടു

പിന്നെയുമുണൎത്തിച്ചിതു ലക്ഷ്മണകുമാരൻ. എൻവിനയമായി നിന്തിരുവടി ദുഃഖിയാതെ തന്തിരുവടിയുടെ പ്രതിജ്ഞാഭംഗം വരാതെ അടിയനെ വെട്ടിക്കൊന്നു നിന്തിരുവടിയുടെ പ്രതിജ്ഞയെ രക്ഷിച്ചരുളുക മഹാരാജാവെയെന്നും, പിന്നെ സൂൎയ്യവംശാലങ്കാരസംഭൂതന്മാരായിരിക്കുന്ന രാജാക്കന്മാരെന്നുമൊരുത്തരുമൊരുനാളുമൊരു പ്രതിജ്ഞാഭംഗം വരുത്തിയവരുമില്ലാ, പ്രതിജ്ഞാഭംഗം വന്നാൽ ധൎമ്മം നശിക്കും, ധൎമ്മം നശിച്ചാൽ കീഴിൽ ചെയ്ത തപസ്സും പുരുഷാൎത്ഥങ്ങളും നശിക്കും, പുരുഷാൎത്ഥങ്ങൾ നശിച്ചാൽ ഊൎദ്ധ്വലോകപ്രാപ്തിയെന്നിയെ കരയേറിക്കൂടാതു നരകം പ്രാപിച്ചു ദണ്ഡിച്ചു മുടിയുമെന്നാലൊട്ടും സംശയിക്കാതെയെന്നെ വെട്ടിക്കൊന്നു സത്യമായിരിക്കുന്ന ധൎമ്മത്തെയും പ്രതിജ്ഞ ചെയ്തതു നിലനിറുത്തിക്കൊണ്ടരുളുവായാകയെന്നു ശ്രീലക്ഷ്മണകുമാരൻ തൊഴുതറിയിക്കെക്കേട്ടു ചക്രവൎത്തിയും കണ്ണുനീരാൽ നനയപ്പെട്ടാൎദ്രമായിരിക്കുന്ന ശ്രീമുഖത്തൊടുംകൂടി വിങ്ങി വിങ്ങി മുറയിട്ടുവണ്ണമെ അരുളിച്ചെയ്തു ചക്രവൎത്തി. എന്നുടെ ലക്ഷ്മണാ നിന്നെപ്പിരിഞ്ഞു ഞാനൊരു മുഹൂൎത്തകാലം പ്രാണനൊടെയിരിക്കുമാറെനിക്കൊട്ടുമാവൊന്നല്ലാ കുമാരാ, നീയെനിക്കൊരിക്കൽ ഭ്രാതാവായിട്ടുമൊരിക്കലെന്നുടെ തൊഴനായിട്ടുമൊരിക്കലെന്നുടെ ശിഷ്യനായിട്ടുമൊരിക്കലെന്നുടെ ഗുരുവായിട്ടുമൊരിക്കലെന്നുടെ ബന്ധുവായിട്ടുമൊരിക്കൽ കാൎയ്യാകാൎയ്യം കൂടി നിരൂപിക്കുമ്പൊൾ മന്ത്രിയായിട്ടുമെന്നുവെണ്ടാ യിങ്ങിനെയെല്ലാമിരിക്കുന്ന

നിന്നെപ്പിരിഞ്ഞെങ്ങിനെ ഞാനെന്നുടെ പ്രാണനൊടുമിരിക്കുന്നതൊട്ടുമാവൊന്നുമല്ലാ. എന്നിപ്രകാരങ്ങളിച്ചെയ്തു പ്രലാപിക്കുന്ന ചക്രവൎത്തിയെ നൊക്കിയരുളിച്ചെയ്തു വസിഷ്ഠമഹൎഷി. കെൾപ്പൂതാകാ മഹാരാജാവെ വെട്ടിക്കൊല്ലുന്നതിനൊടൊക്കും മറയത്തു കളയുന്നതുമെന്നാൽ രണ്ടും സൂക്ഷ്മമൊത്തിട്ടിരിപ്പുവെന്നുള്ളതിന്ന ശാസ്ത്രോക്തവിധിയുമുണ്ടു. എന്നാൽ ലക്ഷ്മണനെ വെട്ടിക്കൊല്ലവെണ്ടാ മറയത്തു കളഞ്ഞാൽ പൊരുമെന്നീവണ്ണം വസിഷ്ഠഭഗവാനരുളിച്ചെയ്തു കെട്ടു ചക്രവൎത്തി ഭഗവാനെയെനിക്കു ലക്ഷ്മണനെ കളവൂയെന്നു നിനക്കിലുമാവൊന്നല്ലായെന്നാലെന്നുടെ പ്രാണനെ ഞാൻ കളയുന്നതിനൊടൊക്കുമെ ലക്ഷ്മണനെക്കളയുന്നതും പിന്നെ കാലൻതന്നുടെ ബലം പെരിക വിസ്മയമായിട്ടു ഇരിക്കുന്നതെന്നാലവൻ ചെയ്യുന്ന ബലത്തൊത്താലാരാലുമൊഴിക്കാവൊന്നല്ലായെന്നാലതുകൊണ്ടു ലക്ഷ്മണനെ ഉപെക്ഷിക്കുന്നെന്നരുളിച്ചെയ്തു ലക്ഷ്മണനെ നിനച്ചു നീള നീള നെടുതായി വീൎത്തു കണ്ണിൽനിന്നു ജലധാരയൊഴുകിയൊഴുകിക്കണ്ണുനീരൊടുംകൂടി ലക്ഷ്മണനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. ലക്ഷ്മണാ നിന്നെക്കളഞ്ഞെതൻ ഞാനെന്നുടെ ഭ്രാതാവല്ലായെന്നുടെ നാട്ടിന്നും നഗരത്തിന്നും ജനത്തിന്നും വസ്തുവഹകളെത്രത്തിന്നുമൊന്നിന്നുമൊരു സംബന്ധമിന്നു ഇടങ്ങി നിണക്കില്ലെന്നരുളിച്ചെയ്തു ചക്രവൎത്തി. അതു കെട്ടു ശ്രീലക്ഷ്മണകുമാരനും മനസ്സാലെയെഴുന്നൊരു മഹാദുഃഖത്തെ ധൈൎയ്യംകൊണ്ടടക്കിയൊരുക്ക

ത്തൊടും മന്ദമന്ദം മഹാരാജചക്രവൎത്തിയെ വലത്തുവെച്ചു നമസ്കരിച്ചു തൊഴുതു വിടകൊണ്ടു പുറപ്പെട്ടു ഞാനും വീണു മരിക്കുന്നുണ്ടു ഞാനെന്നു നിശ്ചയിച്ചു തന്തിരുവടിയുടെ കൊയിലകം പൂകാതെ ഗൊപുരവാതുക്കൽ നിന്നു പുറപ്പെട്ടു സരയുവാകുന്ന നദീതീരം പ്രാപിച്ചു സരയുവിൽ പെരിക ആഴമുള്ളൊരൊഴുക്കിനൊടും ചുഴിപ്പിനൊടും കൂടിയിരിക്കുന്നതിൻ നടുവിൽ ചെന്നിറങ്ങി മുഴുകുവിതും ചെയ്താൻ. അതുനെരം അനന്തമൂൎത്തിയായി ശ്രീവൈഷ്ണവതെജസ്സിനാലൊരു കൂറ തനിക്കുമുണ്ടെന്നാലപ്രകാരമനന്തമൂൎത്തിരൂപമായി വൈകുണ്ഠത്തെ പ്രാപിപ്പുതും ചെയ്താൻ. അതു കെട്ടു ശ്രീലക്ഷ്മണകുമാരന്റെ ധൎമ്മപത്നിയാകിയ ഊൎമ്മിളയും തന്റെ ഭൎത്താവു നീരിൽ പാഞ്ഞു മരിച്ചാനെന്നു കെട്ടു നിരൂപിച്ചു ഞാനെന്റെ ഭൎത്താവിൻ സമീപത്തെ പ്രാപിപ്പനഗ്നിപ്രവെശംചെയ്തെന്നു നിശ്ചയിച്ചു മാംസപിണ്ഡത്തെ അഗ്നിപ്രവെശം ചെയ്തുപെക്ഷിച്ചു വൈഷ്ണവത്തെ പ്രാപിച്ചതുളവിതും ചെയ്താൾ. അക്കാലത്തു ശ്രീരാഘവചക്രവൎത്തി ഉപെക്ഷിക്കയാൽ ശ്രീലക്ഷ്മണകുമാരൻ നീരിൽ പാഞ്ഞു മരിച്ചാനെന്നെല്ലാടവും നിറഞ്ഞ വാൎത്തയാവിതും ചെയ്തു.

പിന്നെ അനന്തരം ശ്രീരാഘവചക്രവൎത്തിയും ശ്രീലക്ഷ്മണകുമാരൻ നീരിൽ പാഞ്ഞു മരിച്ചാനെന്നു കെട്ടു മുരടററ മരാമരം പൊരിഞ്ഞു വീണതുപൊലെ സിംഹാസനത്തിന്മെൽ നിന്നുതന്നെ കീഴിലാമ്മാറു വീണു

വിരണ്ടു മുറയിട്ടവണ്ണമെ അരുളിച്ചെയ്തു മഹാരാജാ
വും. അയ്യോയെന്നുടെ ഭ്രാതാവെ ലക്ഷ്മണായെന്നു
ടെ ബുദ്ധിദൊഷംകൊണ്ടു നിന്നെക്കളഞ്ഞെനല്ലൊ
യെന്നു മനസ്സാലെ നിനച്ചു പെരിക ദുഃഖിച്ചു പിന്നെ
യും നിനച്ചു ഭരതന്നു രാജ്യാഭിഷെകം ചെയ്തുറപ്പിച്ചു
യാതൊരെടമെന്നുടെ ലക്ഷ്മണൻ വീണു മരിച്ചതെന്നാ
ലവിടെ ഞാനും ചെന്നു മരിക്കുന്നുണ്ടെന്നുറച്ചു ഭരത
നെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. എന്നുടെ ഭ
രതാ നീ രാജ്യപരിപാലനം ചെയ്തു സുഖിച്ചു വസി
ക്ക ഞാനെന്നുടെ ലക്ഷ്മണകുമാരൻ വീണു മരിച്ച സര
യുനദിയിൽ വീണു മരിക്കുന്നെന്നു ചക്രവൎത്തിയരുളി
ച്ചെയ്തുകെട്ടു ശ്രീഭരതകുമാരനും കണ്ണുനീരാലെ ആൎദ്ര
മാകുന്ന മുഖത്തൊടും കൂട തൊഴുതുണൎത്തിപ്പൂതും ചെ
യ്താൻ. കെൾക്ക മഹാനുഭാവനായുള്ളൊവെ നിന്തി
രുവടിയൊടു വെറിട്ടൊരു മുഹൂൎത്തകാലമൊരുത്തിയിൽ
പൊലുമിരിപ്പൊരുത്തനല്ലാ അടിയനെയും കൂട്ടിക്കൊ
ണ്ടു പൊമാറു വെണമരുളിച്ചെയ്‌വാനെന്നും പിന്നെ
നിന്തിരുവടിയുടെ പുത്രന്മാരല്ലൊ മഹാസമൎത്ഥന്മാരാ
യി വീൎയ്യപുരുഷരായി രാജ്യം ഭരിപ്പാൻ യൊഗ്യരായി
രിക്കുന്നു എന്നാലവൎക്കു രണ്ടു പെൎക്കും രണ്ടു നഗരവും
ചമച്ചു കൊടുത്തവരെയവിടെ രാജ്യാഭിഷെകം ചെ
യ്തു രാജ്യവുമൎത്ഥവും, പടയും പകുത്തു കൊടുത്തുറപ്പി
വരുത്തുക, പിന്നെ തിരുവയൊദ്ധ്യാപുരിയാൎക്കും
കൊടുക്കയും വെണ്ടായെന്നു ഭരതകുമാരനറിയിച്ചതു
നെരം ചക്രവൎത്തിയും തെളിഞ്ഞ മാനസനായി തെ
ക്കൊസലമാകുന്ന രാജ്യത്തു കശാവതിയെന്നൊരു

നഗരം ചമച്ചു കുശനെയവിടെ കുടിയെററി രാജാവാക്കിയഭിഷെകം ചെയ്യിപ്പിച്ചു അറുപത്തിനാലക്ഷൌഹിണിപ്പടയുണ്ടല്ലൊ സൂൎയ്യവംശാലങ്കാരസംഭൂതന്മാൎക്ക അതിൽ മുപ്പത്തിരണ്ടക്ഷൌഹിണിപ്പടയും എണ്മരമാത്യന്മാരുള്ളതിൽ നാലമാത്യന്മാരെയുമാന കുതിര ഭണ്ഡാരമെപ്പേർപ്പെട്ടതും പാതി കൊടുത്തു കുശനെയവിടെ കുടിയുറപ്പിപ്പതും ചെയ്തു. പിന്നെ വിന്ധ്യൻ പൎവ്വതത്തിനു വടക്ക ഉത്തരകൊസലത്തിങ്കൽ ശരാവതിയെന്നൊരു നഗരം ചമച്ചു ലവനെയവിടെ കുടിയെററി രാജാവാക്കിയഭിഷെകം ചെയ്യിപ്പിച്ചു പിന്നെ മുപ്പത്തിരണ്ടക്ഷൌഹിണിപ്പടയുള്ളതും നാലമാത്യന്മാരുള്ളവരെയുമാനകുതിര ഭണ്ഡാരമെപ്പേർപ്പെട്ടതും പാതി കൊടുത്തവിടെ ലവനെ കുടിയുറപ്പിപ്പതും ചെയ്തു. എന്നിപ്രകാരമെല്ലാം നഗരവാസികൾ കെട്ടതു നെരം പൊടുങ്ങനവെ വന്നു മഹാരാജാവെ കണ്ടു തൊഴുതു നമസ്കരിച്ചുണർത്തിപ്പതും ചെയ്താർ. കെൾക്ക മഹാരാജാവെ തിരുവടിയെഴുന്നള്ളുന്നെരത്തടിയങ്ങളും കൂട വിടകൊൾവാൻ തിരുവുള്ളമാകയും വെണമായതെന്നിയെ തിരുവടിയൊടു പിരിഞ്ഞാലെങ്ങിനെയടിയങ്ങളിവിടെ പൊറുക്കുന്നതെന്നാലായതുകൊണ്ടു ഞങ്ങളും കൂട വിടകൊള്ളുന്നു മഹാരാജാവെയെന്നു രാജ്യവാസികൾ തൊഴുതറിയിക്കക്കെട്ടു മഹാരാജാവും പെരിക പ്രീതിപെട്ടെല്ലാരെയും വളര മിഴിച്ചു കുളിര നൊക്കി പിന്നെ ശ്രീഭരതനൊടരുളിച്ചെയ്തു ചക്രവൎത്തി. കെൾക്ക ഭരതാ ശത്രുഘ്നകുമാരനിതെതുമറിഞ്ഞിരിക്കയുമില്ലായെന്നാൽ ശത്രു

ഘ്നനുള്ളെടമൊരു ദൂതനെയയച്ചു വരുവാൻ നിയൊഗിക്ക. പിന്നെ സൂര്യാത്മജൻ സുഗ്രീവനുള്ളെടത്തു കിഷ്കിന്ധക്കൊരു ദൂതനെയയച്ചവനെയും വരുവാൻ നിയൊഗിക്ക. ധർമ്മാത്മാവാകിയ ശ്രീവിഭീഷണനുള്ളെടത്തു ലങ്കയിലുമൊരു ദൂതനെയയച്ചു വരുവാൻ നിയൊഗിക്കയെന്നരുളിച്ചെയ്തുകെട്ട ഭരതകുമാരനും ശത്രുഘ്നനുള്ളെടത്തും സുഗ്രീവനുള്ളെടത്തും ശ്രീവിഭീഷണനുള്ളെടത്തും ദൂതരെ പറഞ്ഞു യാത്രയാക്കുവിളും ചെയ്താൻ. അതുനെരം ദൂതൻ ചെന്നു മധുരാപുരിയെ പ്രാപിച്ചു ശത്രുഘ്നകുമാരനെക്കണ്ടു വൃത്താന്തമെല്ലാമറിയിച്ചതുനെരം ശത്രുഘ്നകുമാരനും നിരൂപിച്ചു ശ്രീലക്ഷ്മണകുമാരനെ ചക്രവൎത്തിയുപെക്ഷിച്ചതുകാരണമായി ശ്രീലക്ഷ്മണകുമാരൻ വൈകുണ്ഠത്തെ പ്രാപിച്ചതും ചക്രവൎത്തി ശരീരമുപെക്ഷിച്ചു വൈഷ്ണവത്തെ പ്രാപിച്ചതുമെന്നതും കെട്ടു ഞാനും ചക്രവൎത്തിയെഴുന്നരുളുന്ന ദിക്കിന്നു കൂടപ്പൊകുന്നൊന്നു നിൎണ്ണയിച്ചു തന്തിരുവടിയുടെ പുത്രരല്ലൊ അംഗദനും ചന്ദ്രകെതുവുമവരെ വിളിച്ചവരിരുവരെയും രാജാവാക്കിയഭിഷെകം ചെയ്തു മധുരാപുരിയാകുന്ന മഹാനഗരത്തിലാമ്മാറു അംഗദനെയധിപനാക്കിവെച്ചു പടയും ഭണ്ഡാരവുമാന കുതിരയിത്യാദിയെപ്പെർപ്പെട്ടതും പാതി കൊടുത്തുറപ്പിച്ചിരുത്തി പിന്നെയതിന്നു വടക്ക വൈദിശമെന്നൊരു നഗരം ചമച്ചു ചന്ദ്രകെതുവെയവിടെ കുടിയെററി പടയും ഭണ്ഡാരവുമാനകുതിരയിത്യാദിയെപ്പെർപ്പെട്ടതും പാതി കൊടുത്തു പിന്നെയിരിവരെയും വിളിച്ചു ചൊൽവിളും ചെയ്തു. പ

ത്തരെ നിങ്ങളിരിവരുമൊരിക്കലുമൊരുനാളും തങ്ങളിൽ വൈരം വരാതെ ഏകമനസ്സായി ബുദ്ധിയൊത്തു രാജ്യംവാണു സുഖിച്ചിരിപ്പിനെന്നു ചൊല്ലിതന്നുടെ ധൎമ്മപത്നിയാകിയ ശ്രുതകീൎത്തിയൊടുംകൂടി മധുരാപുരിയിൽനിന്നു പുറപ്പെട്ടു തിരുവയൊദ്ധ്യാപുരി പുക്കു ജ്യെഷ്ഠഭ്രാതാവാകിയ ശ്രീരാഘവചക്രവൎത്തിയെ കണ്ടു നമസ്കരിച്ചു പിന്നെ ശ്രീഭരതനെയും നമസ്കരിച്ചു നില്പിതും ചെയ്താൻ ശത്രുഘ്നകുമാരൻ. പിന്നെ സൂൎയ്യാത്മജൻ സുഗ്രീവനാളിവാനരന്മാരും ദൂതൻ ചൊന്നതിനെക്കെട്ടു ശ്രീരാഘവചക്രവൎത്തി വൈകുണ്ഠത്തിനെഴുന്നരുളുവാനൊരുമ്പെട്ടു നിന്നരുളുന്നെന്നു കെട്ടു പെരിക ദുഃഖിതനായിക്കണ്ണുനീരാൽ നനയപ്പെട്ടു മുഖത്തൊടുകൂടയനായി യാതൊരു പ്രദെശത്തെന്നുടെ സ്വാമി ശ്രീരാഘവചക്രവൎത്തിയെഴുന്നരുളുന്നതെന്നാലവിടെ ഞാനും കൂടെപ്പൊകുന്നെന്നു നിശ്ചയിച്ചു ബാലിപുത്രനാകിയ അംഗദനെ രാജാവാക്കിയഭിഷെകം ചെയ്തു പുത്രാ അംഗദാ നീ പിതൃപൈതാമഹമാകുന്ന വാനരരാജ്യം ധൎമ്മംപിഴയാതെ പരിപാലിക്കായെന്നു ചൊല്ലിപ്പടയും ഭണ്ഡാരവും കാട്ടിക്കൊടുത്തു തങ്ങളുടെ കുലത്തിൻ മൎയ്യാദമാകുന്ന മാലയുമല്ലൊ പണ്ടു ബാലി മരിക്കുന്ന നാൾ സുഗ്രീവൻ കൈയിൽ കൊടുത്തതു അമ്മാലയുമെടുത്തംഗദനു കൊടുത്തു പിന്നെ തന്നുടെ മന്ത്രിപ്രവരനാകുന്ന ശ്രീഹനുമാനാദി ദെവാംശസംഭവന്മാരായി ദെവപുത്രമാൎഗ്ഗമാകിയ വാനരശ്രെഷ്ഠന്മാരൊടും താരയൊടും കൂടി കിഷ്കിന്ധയിൽനിന്നു പുറപ്പെട്ടു തിരുവയൊദ്ധ്യാപുരി പുക്കു

ശ്രീരാഘവചക്രവൎത്തിയെക്കണ്ടു തൊഴുതു നമസ്കരിപ്പൂ
തും ചെയ്താർ. പിന്നെ സമുദ്രമദ്ധ്യഗതമായിരിക്കുന്ന
ത്രികൂടപൎവ്വതത്തിൻമുകൾപ്പരപ്പിലുണ്ടായ ലങ്കയിലി
രുന്നു തപസ്സുചെയ്തു സുഖിച്ചിരിക്കുന്ന ശ്രീവിഭീ
ഷണനും ദൂതൻ ചൊല്ലിയ മൊഴി കേട്ടു ശ്രീരാഘവ
ചക്രവൎത്തി വൈകുണ്ഠലോകത്തെക്കെഴുന്നള്ളുവാനു
ണ്ടെന്നൊന്നു കേട്ടു പെരിക ദുഃഖിതനായിക്കണ്ണുനീരാൽ
ആൎദ്രമാകുന്ന മുഖത്തോടുംകൂടി രാക്ഷസപ്രവരന്മാ
രോടും സരമയാകുന്ന ഭാൎയ്യയോടും കൂടി ലങ്കാപുരി
യിൽനിന്നു പുറപ്പെട്ടു അംബരമാൎഗ്ഗേ പോന്നു തിരു
വയോദ്ധ്യാപുരിയെ പ്രാപിച്ചു ശ്രീരാഘവചക്രവൎത്തി
യെക്കണ്ടു നമസ്കരിപ്പൂതും ചെയ്താൻ. അക്കാലത്തു
ശ്രീരാഘവചക്രവൎത്തിയും സുഗ്രീവനെ നോക്കിയും
ശ്രീവിഭീഷണനെ നോക്കിയുമരുളിച്ചെയ്തു. ഏടോ
മഹാനുഭാവന്മാരായുള്ളോവെ സുഗ്രീവാ ശ്രീവിഭീഷ
ണാ മുന്നമെല്ലാം സൂൎയ്യവംശസംഭൂതന്മാരാകിയ രാജാ
ക്കന്മാരെല്ലാം പതിനായിരത്താണ്ടു രാജ്യം പരിപാ
ലിച്ചു പിന്നെ പുത്രൻപക്കൽ രാജ്യം തുടങ്ങിയെ
പ്പേൎപ്പെട്ടതും കാട്ടിക്കൊടുത്തു പിന്നെ വനവാസ
ത്തിന്നെഴുന്നരുളുവിതും ചെയ്യും. അങ്ങിനെയല്ലൊ കീ
ഴിൽ കേട്ടിട്ടുള്ളതും കണ്ടിട്ടുള്ളതുമെന്നാൽ ഞാനത
ല്ലയല്ലൊ പതിനൊരായിരത്താണ്ടു രാജ്യം പാലിച്ചു
സുഖിപ്പൂതും ചെയ്തേൻ. വനവാസമെന്നു ചൊല്ലു
ന്നതു മുന്നമെ ചെയ്വൂതും ചെയ്തുവല്ലൊ. എന്നാ
ലിപ്പൊളുപേക്ഷിച്ചു സ്വൎഗ്ഗത്തിന്നു പോകുന്നിതുമെ
ന്നാൽ നിങ്ങളും നിങ്ങളുടെ രാജ്യത്തെപ്രാപിച്ചു പിതൃ

പൈതാമഹമാകുന്ന രാജ്യം ധൎമ്മത്താലെ പരിപാ
ലിച്ചു സുഖിച്ചു വസിപ്പിതും ചൈവിൻ. എന്നിപ്ര
കാരം ശ്രീരാഘവചക്രവൎത്തിയരുളിച്ചെയ്തുകേട്ടു തൊ
ഴുതപ്രകാരമെ നിന്നറിയിപ്പതും ചൈതാൻ സുഗ്രീവ
നാകുന്ന വാനരശ്രേഷ്ഠൻ. കേൾക്ക മഹാരാജാവെ
നിന്തിരുവടിയോടുകൂടെയടിയനും കൂടി വിടകൊള്ളു
ന്നതെന്നാലതിനെതും വിരോധമരുളരുതു മഹാരാജാ
വെയെന്നുണൎത്തി പിന്നെയുമുണൎത്തിച്ചാൻ സുഗ്രീവൻ.
കേൾക്ക മഹാരാജാവെ അടിയൻ നിന്തിരുവടിയൊ
ടുകൂട വിടകൊണ്ടാൽ രാജ്യമെല്ലാമനാഥമായിപ്പോ
കുമെന്നു തിരുമനസ്സിലെകയും വേണ്ടാ, രാജ്യക
ൎത്താവായംഗദനെയഭിഷേകം ചെയ്തു രാജാവാക്കി
പ്പടയും ഭണ്ഡാരവുമെല്ലാം കൊടുത്തേല്പിച്ചു വിടകൊ
ണ്ടതുമടിയൻ, എന്നപ്രകാരം സുഗ്രീവൻ ചൊല്ലക്കേ
ട്ടരുളിച്ചെയ്തു ചക്രവൎത്തി. മഹാനുഭാവനായു
ള്ളോരു സുഗ്രീവാ നീയെന്നോടുകൂടിപ്പോരുന്നു
ണ്ടെന്നതൊന്നുകിൽ എന്നോടുകൂടിപ്പോന്നാലുമെന്ന
രുളിച്ചെയ്തു ചക്രവൎത്തി. പിന്നെ ധൎമ്മാത്മാവാ
കിയ വിഭീഷണനും തൊഴുതുണൎത്തിപ്പതും ചൈ
താൻ. കേൾക്ക മഹാരാജാവെ അടിയനും നിന്തിരുവ
ടിയോടുകൂടി വിടകൊള്ളുന്നെന്നാൽ അതിനെതും
വിരോധമായരുളല്ലാ സ്വാമിയെന്നു ശ്രീവിഭീഷണൻ
തൊഴുതറിയിക്കക്കേട്ടു കേട്ടു മന്ദസ്മിതം ചെയ്തരുളി
ചക്രവൎത്തി. എന്നുടെ തോഴാ വിഭീഷണാ നിണ
ക്കെന്നോടുള്ള ഭക്തിയും സ്നേഹവും നീ ചെയ്തൊ
രുപകാരവും നിരൂപിക്കുമ്പോൾ നീയെന്നോടുകൂട

പ്പൊരുവാൻ യൊഗ്യമായിട്ടിരിക്കുന്നില്ലെങ്കിലുമാ വൊന്നല്ലായല്ലൊ ശ്രീവിഭീഷണാ. ഞാനെന്റെ ദാരാപഹാരിയായിരിക്കുന്ന രാവണനെയും പുത്രമിത്ര ബാന്ധവന്മാരെയും കൂട അടങ്ങക്കൊന്നു എന്റെ പരിഭവത്തെക്കളഞ്ഞു സീതയെ വീണ്ടുകൊള്ളാമെന്നു ഞാൻ നിൎണ്ണയിച്ചു സമുദ്രതീരം പ്രാപിച്ചു നിന്നനെരം നിന്റെ ഭ്രാതാക്കന്മാരെയും രാജ്യത്തെയുമുപെക്ഷിച്ചെന്നെ വന്നു കണ്ടനെരം രാവണൻ ജീവിച്ചിരിക്കുന്നൊരവനെ ബഹുമാനിയാതെ നിന്നെ ലങ്കാനാഥനായഭിഷെകം ചെയ്തതെന്തായതു നിനച്ചുകൊൾ നീ ശ്രീവിഭീഷണാ. ചന്ദ്രാദിത്യന്മാരുള്ള കാലത്തുമാകാശഭൂമിയുള്ള കാലത്തും മൽകീൎത്തിയുള്ള നാളും ലങ്കാരാജ്യം വാണു സുഖിച്ചിരിക്ക നീയെന്നല്ലൊ ഞാൻ പ്രതിജ്ഞ ചൊല്ലിയഭിഷെകം ചെയ്തതുമെന്നാല പ്രതിജ്ഞാഭംഗം വരുമല്ലൊ നിന്നെക്കൂട്ടിക്കൊണ്ടു പൊയാൽ. നീയെന്നൊടുകൂടി പൊരരുതെന്നു വെച്ചുമല്ലായെന്നാൽ നിന്റെ രാക്ഷസവൎഗ്ഗത്തൊടും കൂടിപ്പൊയി ലങ്കയെ പ്രാപിച്ചു ധൎമ്മം പിഴയാതെ രാജ്യം പരിപാലനംചെയ്തു സുഖിച്ചു തപസ്സൊടും വസിക്ക മൽസഖെ ശ്രീവിഭീഷണായെന്നരുളി ത്തുക്കണ്ണാളു നിന്നരുളുമളവുനെരം ശ്രീഹനുമാനും പ്രീതിപെട്ടു ഭക്തിയൊടും നിരൂപിച്ചാനെന്നെ സ്വാമി സ്വൎഗ്ഗത്തിന്നു കൂട്ടിക്കൊണ്ടുപൊകുമൊ ആയതെന്നിയെ വെറുത്തരുളിച്ചെകയൊയെന്നു നിനച്ചു ദുഃഖിച്ചു ധാരമുറിയാത കണ്ണുനീരൊടും കൂടി മലിനമായി നിൽക്കുന്ന ശ്രീഹനുമാനെ വളര മിഴിച്ചു കുളിം

നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. കെൾക്ക മഹാനുഭാവനായുള്ളൊരു ശ്രീഹനുമാനെ നിന്നുടെ മനസ്സിലുള്ളസങ്കടം ഞാനറിഞ്ഞിരിക്കുന്നുവല്ലൊ, ഞാനും കൂടെ സ്വൎഗ്ഗത്തിന്നു വരുന്നെന്നു ചൊല്ലിയാൽ കൂട്ടിക്കൊണ്ടു പൊകയില്ലെന്നു നിനച്ചല്ലൊ സന്താപത്തൊടും കൂട നില്ക്കുന്നതെന്നു തൊന്നുന്നു നിന്നുടെ മുഖഭാവം കണ്ടാൽ. എന്നാലെന്നൊടുകൂടി വന്നു കഴികയില്ലെന്നും നിന്നെ ഞാൻകൂട്ടിക്കൊണ്ടുപൊകയില്ലെന്നിട്ടുമല്ലായെന്നാലായതു കെൾക്ക മഹാമതെ മാരുതാത്മജ. ഇബ്രഹ്മപ്രളയം കഴിഞ്ഞാൽ പിന്നെത്തെ ബ്രഹ്മപട്ടം നിനക്കാകുന്നുവല്ലൊ. എന്നാലായതുകൊണ്ടു നീ പൊയി ശമധനമാകുന്ന പൎവ്വതത്തിൻ താഴ്വരയിൽ ചെന്നു തപസ്സു ചെയ്തിരിക്ക. പിന്നെയെന്നെയൊരിക്കലും മറക്കാതെ സ്നെഹവിശ്വാസബഹുമാനത്തൊടും കൂടി നിരൂപിച്ചിരിക്കയും ചെയ്ക. ആയതെന്നിയെ ഞാൻ നിന്തിരുവടിയെപ്പിരിഞ്ഞാലെന്നുടെ ശരീരംകൊണ്ടെന്തു ഫലമെനിക്കെന്നല്ലൊ നിന്നുടെയുള്ളിലിപ്പൊളെന്നാലായതിന്നൊരുപായവും ചൊല്ലിത്തരുന്നുണ്ടു ഞാൻ. യാതൊരൊരുസ്ഥാനത്തു നിന്നെന്നുടെ കഥാചരിതങ്ങൾ ഭക്തിയൊടുംകൂടി ചൊല്ലി സ്തുതിച്ചും പ്രശംസിക്കയും ചെയ്യുന്നതെന്നാലവിടെ നീ ചെന്നു എന്നുടെകഥകൾകെട്ടു സുഖിച്ചുവസിച്ചുകൊൾകയെന്നു ശ്രീഹനുമാനെ നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. പിന്നെ ജാംബവാനാദി ദെവകളുടെ പുത്രന്മാരാകിയ വാനരശ്രെഷ്ഠന്മാരെല്ലാരും തൊഴുതറിയിപ്പുതും ചെയ്താർ. മഹാനുഭാവനായുള്ളൊരു മഹാ

രാജാവെ അടിയങ്ങളെല്ലാവരും നിന്തിരുവടിയൊടുകൂടി സ്വൎഗ്ഗത്തിന്നു വിടകൊള്ളുന്നതെന്നാലായതിനൊട്ടും വിരൊധമരുളരുതു ഭഗവാനെയെന്നു തൊഴുതുണൎത്തിക്കെട്ടു മഹാരാജചക്രവൎത്തിയും ദെവാംശസംഭവന്മാരായിരിക്കുന്ന വാനരന്മാരെ തൃക്കണ്ണൊത്തു വളരമിഴിച്ചു കുളിര നൊക്കി മധുരമായരുളിച്ചെയ്തു ചക്രവൎത്തി നിങ്ങളെല്ലാവരുമെന്നൊടുകൂടി സ്വൎഗ്ഗത്തിന്നു പൊരുവിനെന്നരുളിച്ചെയ്തു. പിന്നെ തിരുവയൊദ്ധ്യാനഗരവാസികളെല്ലാവരുമൊത്തുവന്നു ചക്രവൎത്തിയെക്കണ്ടു നമസ്കരിച്ചു തൊഴുതറിയിപ്പതും ചെയ്താർ. കെൾക്ക മഹാരാജാവെ നിന്തിരുവടിയെഴുന്നള്ളുന്നെരമടിയങ്ങളെല്ലാവരും കൂടെ വിടകൊള്ളുന്നു മഹാരാജാവെയതിനൊട്ടും വിരൊധമരുളാതെ കൂട്ടിക്കൊണ്ടെഴുന്നള്ളുവെണം സ്വാമി, നിന്തിരുവടിയെപ്പിരിഞ്ഞാലീനഗരംകൊണ്ടും അടിയങ്ങളുടെ പ്രാണങ്ങളെക്കൊണ്ടും വെണ്ടുവൊന്നില്ലായെന്നറിയിച്ചു ഭക്തിയൊടും കൂടിത്തൊഴുതറിയിക്കുന്ന നഗരവാസികളെ പെരിക പ്രീതിപെട്ടു മധുരമായരുളിച്ചെയ്തു ചക്രവൎത്തി. ഏടൊ നഗരവാസികളെ നിങ്ങളെല്ലാവരുമിത്രനാളുമെന്നൊടുകൂടി സുഖദുഃഖമനുഭവിച്ചു ജനമല്ലൊ എന്നാലിന്നിങ്ങളാരും ദുഃഖിയാതെ സ്വൎഗ്ഗത്തിന്നെന്നൊടുകൂടിപ്പൊന്നാലുമെന്നരുളിച്ചെയ്തു പിന്നെയത്രയുമല്ല സൎവ്വപ്രാണികളായിരിക്കുന്ന ജന്തുക്കളെല്ലാം പക്ഷി പാമ്പാന ഉറമ്പാദികളായുള്ള ജന്തുക്കളെല്ലാവരുമെന്നൊടുകൂടി പൊരുവിനെന്നരുളി പിന്നെ പുരൊഹിതനായി ഗുരുവായിരിക്കുന്ന വസിഷ്ഠമഹൎഷിയെ നൊക്കിയരുളിച്ചെയ്തു.

ഭഗവാനെ ഞാൻ സ്വൎഗ്ഗലോകത്തു മഹാപ്രസ്ഥാനം ചെയ്യുന്നതെന്നാൽ ഞാനിവിടെ പൂജിച്ചു വളൎത്തിയൊരു അഗ്നിഹോത്രം മുമ്പിലെഴുന്നള്ളിച്ചുതരെണം. വായവ്യശാസ്ത്രമതുവുമെഴുന്നള്ളിച്ചുതരെണം. പ്രസ്ഥാനസമയം പാവനമായിരിക്കുന്ന മന്ത്രങ്ങളെയും വേദങ്ങളെയും മുമ്പിൽനിന്നും പിന്നാലെ നിന്നു മുഴക്കെണം. ക്ഷേത്രങ്ങൾ തോറും മഹോത്സവങ്ങളെ ഘോഷിക്കെണം. നഗരവാസികൾ മാൎഗ്ഗമടിച്ചു തളിക്കയും വേണമെന്നരുളിച്ചെയ്തനെരം തിരുവയോദ്ധ്യാനഗരവാസികളായിരിക്കുന്ന നാരിമാരും നരന്മാരൊത്തുകൂടി മാൎഗ്ഗമെല്ലാമടിച്ചു തളിച്ചൊരിടമൊഴിയാതെ വഴിതോറും പുരവാതിൽതോറും തൊരണങ്ങളും തൂക്കി കൊടിക്കൂറകളും നാട്ടിയൊരോരൊ പുരംതോറുമടിച്ചു തളിച്ചു വാതിൽ തോറും നിറമെറും മണിവിളക്കുകളും തൂക്കി സ്നേഹവും ചെൎത്തഗ്നിയും കൊളുത്തി ജ്വലിപ്പിച്ചു പിന്നെ രാജ്യമൊരിടമൊഴിയാതെ മംഗലയോഗ്യങ്ങളായുള്ള പഞ്ചവാദ്യങ്ങളെക്കൊണ്ടൊരോരൊ ദേശംതോറും തിങ്ങി മുഴങ്ങി കെൾക്കായിതരുനെരം നിൎമ്മലരായി സുശീലരായി ഉത്തമരായിരിക്കുന്ന ജനങ്ങളെല്ലാരുമൊത്തു പറഞ്ഞു തുടങ്ങുവിതും ചെയ്താർ. നമ്മുടെ സ്വാമിയാകിയ ശ്രീരാഘവചക്രവൎത്തി തമ്പിമാരൊടും മാതൃക്കളൊടും കൂടി ശരീരമുപെക്ഷിച്ചു സ്വൎഗ്ഗത്തിന്നെഴുന്നരുളുന്നെന്നു കെട്ടതെന്നാൽ നാമെല്ലാരുമൊത്തു ചെന്നു കാണ്മൂതെന്നു നിശ്ചയിച്ചു ചെമ്പു മംഗലമായിരിക്കുന്ന ഗീതങ്ങളെക്കൊണ്ടൊരൊരുത്തരുടെ അദ്ധ്യാ

സംപൊലെ ചൊല്ലിസ്തുതിച്ചു ഭക്തിപൂരെണ നില്ലി
ളും ചെയ്താർ. അതുനെരം തിരുവയൊദ്ധ്യാനഗര
ങ്ങളിലുള്ള ദെവാലയങ്ങൾതൊറുമലങ്കാരയൊഗ്യമാ
കുംവണ്ണം മഹൊത്സവങ്ങളെക്കൊണ്ടുഘൊഷിപ്പുളും
ചെയ്താർ. ഇപ്രകാരം തിരുവയൊദ്ധ്യാരാജ്യം തൊ
റുമൊരിടമൊഴിയാതെ മംഗലവാദ്യഘൊഷഗീതസ്തു
തികളെക്കൊണ്ടു ഘൊഷമാകുംവണ്ണം തിങ്ങി മുഴങ്ങി
പ്പൊങ്ങി കെൾക്കാകുമതുനെരം ശ്രീരാഘവചക്രവൎത്തി
യും കാഷായവസ്ത്രവും ധരിച്ചു നിന്നതു കണ്ടു സൎവ്വ
ജനങ്ങളും ശ്രീനാരായണമൂൎത്തിയെന്നറിഞ്ഞു തൊഴുതു
നമസ്കരിച്ചു നില്ലിതും ചെയ്താർ. അതുനെരം ചക്ര
വൎത്തിയും കിരീടമകുടകടകകാദ്യലങ്കാരകണ്ഡലാഭരണ
ങ്ങളെക്കൊണ്ടലങ്കരിച്ചു ശൊഭിച്ചതെതു പ്രകാരമെ
ന്നാലായതുമുദയകാലത്തു ഉദയപൎവ്വതത്തിന്മെൽ നി
ന്നു സഹസ്രകിരണന്മാരൊരുമിച്ചുദിച്ചു പരന്നതുപൊ
ലെ പെരിക ശൊഭിച്ചരുളി മഹാരാജശ്രീ ചക്രവൎത്തി.
അതുനെരം ചക്രവൎത്തിയുടെ പിന്നാലെ കാഷായവ
സ്ത്രവും ധരിച്ചു ദീക്ഷപൂക്കി നില്ലിതും ചെയ്താർ ഭരത
ശത്രുഘ്നന്മാർ. അതുനെരം ചക്രവൎത്തിയും തന്റെ തൃ
ക്കൈകൊണ്ടു കുശയും പിടിച്ചു തിരുവയൊദ്ധ്യാപുരി
ക്ക കിഴക്കെ ഗൊപുരത്തിൽ കിഴക്കെ വാതിലൂടെ നി
ന്നു പുറപ്പെട്ടു കിഴക്കെ ബ്രാഹ്മണമുഖ്യന്മാരുടെ മഹാ
പെരുന്തെരുവൂടെ കിഴക്കനൊക്കിയെഴുന്നരുളുമതുനെരം
വസിഷ്ഠാദിമഹൎഷിമുഖ്യന്മാരും ബ്രാഹ്മണപ്രവരന്മാരും
മുമ്പിലും പിമ്പിലുമെഴുന്നരുളി പരമരഹസ്യമായി
രിക്കുന്ന മന്ത്രങ്ങളും ചതുൎവ്വെദങ്ങളുമുച്ചരിച്ചു ശ്രീരാമ

രുദ്രസ്വാമിയുടെ കൂടെ പരിവാരമായെഴുന്നരുളത്തുടങ്ങു
വിളും ചെയ്താർ. പിന്നെ ശ്രീരാഘവചക്രവർത്തിയും
മനസ്സുകൊണ്ടു മന്ത്രമുച്ചരിച്ചു മഹർഷിമാരൊടും ബ്രാ
ഹ്മണരൊടും ഭ്രാതാക്കന്മാരൊടും മാതൃക്കളൊടും ശ്രീഭ
രതന്റെ ധർമ്മപത്നിയൊടും ശത്രുഘ്നന്റെ ധർമ്മപ
ത്നിയൊടും നഗരവാസികളൊടും രാജ്യവാസിക
ളൊടും സൂര്യാത്മജൻ സുഗ്രീവനൊടും താരയൊ
ടും ബ്രഹ്മപുത്രനായിരിക്കുന്ന ജാംബവാനൊടും ദെ
വാംശസംഭവന്മാരായിരിക്കുന്ന വാനരശ്രെഷ്ഠന്മാരൊ
ടും കൂടി കളകളമാകുംവണ്ണം തിരുവയൊദ്ധ്യാപുരി
ക്ക ഒന്നര യൊജന കെഴക്കകത്തു സരയുവാകുന്ന പു
ണ്യനദിയുടെ പുണ്യതീരത്തെഴുന്നരുളിയന്നെരം
പുണ്യനദികണ്ടു തിരുമനസ്സുകൊണ്ടു നിരൂപിച്ചു ചക്ര
വർത്തി. ബ്രഹ്മന്തിരുവടിയുടെ മനസ്സുകൊണ്ടു നിരൂപി
ച്ചു ശ്രീകൈലാസപർവ്വതത്തിന്മെൽ നിറഞ്ഞു വഴിഞ്ഞു
നിന്നൊഴുകമാറു നിർമ്മിച്ചുണ്ടാക്കിയ മാനസസരസ്സി
ന്റെ പുണ്യജലത്തിൻ പൂർണ്ണശൊഭ കണ്ടു നിന്നരുളുന്ന
ശ്രീരാഘവചക്രവർത്തിയെ അംബരമാർഗ്ഗെ വിമാനത്തി
ന്മെൽ വന്നു നിന്നരുളുന്ന ദെവരാജാവിന്ദ്രനും ദെവക
ളും ബ്രഹ്മന്തിരുവടിയും യക്ഷന്മാരും ഗന്ധർവ്വന്മാരും
സിദ്ധവിദ്യാധരചാരണരും ഗുഹ്യകന്മാരും മറ്റു വി
മാനചാരികളായുള്ളവരെല്ലാം വന്നു നിറഞ്ഞു ശ്രീരാ
ഘവചക്രവർത്തിയുടെ തിരുവുടമ്പിന്മെൽ നന്ദനംവ
നത്തിലെ ദിവ്യപുഷ്പങ്ങൾ കൊണ്ടു വർഷിച്ചു വർഷിച്ചു
സ്തുതിച്ചു നിന്നന്നെരം പത്മയൊനിയും ശ്രീരാഘവ
ചക്രവർത്തിയുടെ തിരുമുമ്പിൽനിന്നു അന്തർദ്ധാനമസ്തരിച്ചു

തൊഴുതറിയിപ്പൂതും ചെയ്താൻ. കെൾക്ക മഹാരാജാ
വെ സ്വാമി നിന്തിരുവടി കെവലം വിഷ്ണുഭഗവാനാക
ന്നതും മുന്നം രാവണനെന്ന ദുഷ്ടാത്മാവു ദെവകളെയും
മഹർഷിമാരെയും ബ്രാഹ്മണരെയും പശുക്കളെയുമുപദ്ര
വിക്കകൊണ്ടു ഞങ്ങളെല്ലാവരുമൊത്തു ശ്രീപാൽക്ക
ടൽതീരം പ്രാപിച്ചു നിന്തിരുവടിയെസ്തുതിക്കപ്പെട്ട
തുനെരം നിന്തിരുവടിയും ദയാശീലനായി പ്രത്യക്ഷ
നായരുളിച്ചെയ്വതും ചെയ്തു. നിങ്ങളെല്ലാവരുമെ
ന്തിപ്പൊളിവിട വന്നുവെന്നും നിങ്ങൾക്ക വെണ്ടും വ
രത്തെ വരിച്ചുകൊൾവിനെന്നരുളിച്ചെയ്തുകെട്ടു ഞ
ങ്ങളും തൊഴുതുണർത്തിപ്പൂതും ചെയ്തുവല്ലൊ. നിന്തിരു
വടി സൂൎയ്യവംശാലങ്കാരസംഭൂതനാകിയ ദശരഥരാജാ
വിന്നു പുത്രനായവതരിച്ചു രാവണനെക്കൊന്നു ഞങ്ങ
ളെ രക്ഷിച്ചു പിന്നെ പതിനൊരായിരത്താണ്ടു രാജ്യ
പരിപാലനം ചെയ്തു പിന്നെ സ്വൎഗ്ഗത്തിന്നെഴുന്നരുള
വെണം ഭഗവാനെയെന്നു ഞങ്ങളുണർത്തിക്കയാലവി
നാൽ ദശരഥചക്രവൎത്തിക്ക പുത്രനായവതരിച്ചു നി
ന്തിരുവടിയവതാരകാൎയ്യമെല്ലാം സാധിച്ചരുളിയല്ലൊ.
എന്നിയൊട്ടും വൈകാതെ മാനുഷമാകുന്ന തിരുവുട
ലുപെക്ഷിച്ചു നിജമാകുന്ന വൈഷ്ണവരൂപമവലംബി
ച്ചു പെരിക വെഗം വൈകുണ്ഠനിവാസസ്ഥലത്തെ
ക്കെഴുന്നരുളവെണം ഭഗവാനെയെന്നു ബ്രഹ്മന്തിരുവടി
തൊഴുതറയിക്കകെട്ടു ശ്രീരാഘവചക്രവൎത്തിയും പെ
രിക പ്രീതിപെട്ട മാനസമുടയവനായി രണ്ടു തൃക്കൈ
കൊണ്ടും ശ്രീഭരതന്റെയും ശത്രുഘ്നകുമാരന്റെയും
കൈപിടിച്ചു സരയുവാകുന്ന പുണ്യനദിയിലിറങ്ങി

രാജ്യവാസികളെയും നഗരവാസികളെയും മററുള്ളവരെയെല്ലാവരെയും വളര മിഴിച്ചു കളിര നൊക്കിക്കടാക്ഷിച്ചു പിന്നെ സൂൎയ്യാത്മജൻ സുഗ്രീവനെയും ജാംബവാനാദിവാനരശ്രേഷ്ഠന്മാരെയും തിരുവയൊദ്ധ്യാനഗരവാസികളായ സ്ത്രീപുമാന്മാരെയും ആന ഇറമ്പുപക്ഷിപാമ്പാദിയായുള്ള സൎവ്വപ്രാണികളെയും പീയൂഷമാകുംവണ്ണം കളിര നൊക്കിയരുളിച്ചെയ്തു ചക്രവൎത്തി. നിങ്ങളെല്ലാവരുമിന്നദിയിലിറങ്ങി മുഴുകുവിനെന്നരുളിച്ചെയ്തുകെട്ടു മൊദമൊടവരെവരുമപ്പൊളന്യൊന്യം കൈപിടിച്ചു ചക്രവൎത്തിയൊടൊരുമിച്ചു മുഴുകിനിവൃന്നപ്പൊളവരെല്ലാം വിഷ്ണുപാൎഷദന്മാരായവതരിപ്പുതും ചെയ്താർ. ശ്രീഭരതൻ ചക്രരൂപനായും ശത്രുഘ്നകുമാരൻ ശംഖരൂപനായും വിഷ്ണുഭഗവാന്റെ രണ്ടുഭാഗത്തും കണ്ടനെരമിന്ദ്രാദിദെവകളും മഹൎഷിമാരും മററു വിമാനചാരികളെവരും ബ്രഹ്മാദിരുവടിയുമെല്ലാരുമൊരുമിച്ചു വിഷ്ണുഭഗവാന്റെ തിരുമുമ്പിൻ ചെന്നു ദണ്ഡനമസ്കാരം ചെയ്തു തൊഴുതു ചതുൎവ്വെദങ്ങളെച്ചൊല്ലി സ്തുതിച്ചുകൂട്ടിക്കൊണ്ടു പൊയി സ്വൎഗ്ഗത്തിന്നെഴുന്നരുളുവിപ്പും ചെയ്താർ. അതുനെരം ബ്രഹ്മലൊകവും സ്വൎഗ്ഗലൊകവുമൊരിടമൊഴിയാതെ ശംഖദുന്ദുഭിപടഹപണവദ്ധക്കാകാഹളാദി നാദങ്ങളെക്കൊണ്ടു മുഴങ്ങിത്തിങ്ങി നിറഞ്ഞു വഴിഞ്ഞു കെഠംക്കാകയും ദെവകളൊരുമിച്ചു പെരിമ്പറയടിച്ചു ഘൊഷിച്ചും പുഷ്പവൃഷ്ടി ചെയ്തും അപ്സരസ്ത്രീകളെല്ലാം നൃത്തങ്ങളെക്കൊണ്ടു ഘൊഷിച്ചും തുംബുരുനാരദന്മാർ മംഗലവാദ്യങ്ങളെച്ചൊല്ലി സ്തുതിക്കയും വീണാവെണുക

ളെക്കൊണ്ടു വിനോദിക്കയുമിപ്രകാരമെല്ലാം മംഗലവാദ്യസ്തുതികളെക്കൊണ്ടലംകൃതമായിരിക്കുന്നേരം സ്വൎഗ്ഗത്തിന്നെഴുന്നരുളി ഭോഗിശയനനായി വസിപ്പുതും ചെയ്താൻ വേദത്തിൻകാതലായി സൎവ്വലോകശരണ്യനായിരിക്കുന്ന വിഷ്ണുഭഗവാൻ.

എന്നിപ്രകാരം ശ്രീവാല്മീകിമഹൎഷി കുശലവന്മാൎക്കുപദേശപ്പെട്ട ശ്രീരാമായണകഥയെ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രനെന്നിന്നാലുവൎണ്ണത്തിലും ' വിശേഷിച്ചു ബ്രാഹ്മണൻ ഭക്തിയോടും നിത്യം ചൊല്ലിക്കൊള്ളുകിൽ വേദശാസ്ത്രനിപുണനായും സൎവ്വജ്ഞനായും വരും പിന്നെ ക്ഷത്രിയൻ ചൊല്ലുകയും കേൾക്കയും ചെയ്കിൽ രാജ്യത്തിലെതുമനൎത്ഥം കൂടാതെയും ധൎമ്മാത്മാവായും ബുദ്ധിശക്തിയുക്തനായും വരും. പിന്നെ വൈശ്യൻ ചൊല്ലുകയും ചൊല്ലിക്കയും ചെയ്കിൽ ധൎമ്മാത്മാവായും ധനവാനായും നിൎമ്മലനായും വരും. പിന്നെ ശൂദ്രൻ ഭക്തിയോടും നിത്യമായിച്ചൊല്ലുകയും ചൊല്ലി കേൾക്കയും ചെയ്കിൽ ജ്ഞാനിശ്രയനായും വീൎയ്യവാനായും ബുദ്ധിമാനായും ഗുണവാനായും ധനവാനായും സൎവ്വജ്ഞനായും പൂതനായും വരും. പിന്നെ രോഗാൎത്തൻ കേൾക്കിൽ രോഗമകന്നു അവ്യാധിതനായും വരും. പിന്നെ ശത്രുവൎദ്ധിതൻ കേൾക്കിൽ ശത്രു നശിച്ചു സുഖിതനായും വരും. പിന്നെ സ്ത്രീകൾ കേൾക്കിൽ ഭൎത്തൃസുഖവും പുത്രസന്തതിസമ്പത്തും വരും. പിന്നെ അലസൻ കേൾക്കിൽ അലസി നീങ്ങിസ്സുഖിതനായും വരും. പിന്നെ പശു കേൾക്കിൽ

പെരിക പാലുണ്ടായും വരും. പിന്നെ പ്രാണികൾ കെൾക്കിൽ അതിനതിനുള്ള അഭിപ്രായം സാധിക്കും. പിന്നെ ചൊല്ലിയവൎക്കും ചൊല്ലിച്ചവൎക്കും കെട്ടവൎക്കും കെൾപ്പിച്ചവൎക്കും ചൊല്ലണമെന്നു നിനക്കുന്നവൎക്കും ജന്മജന്മാന്തരങ്ങളിൽ ചെയ്ത പാപങ്ങളെപ്പെർപ്പെട്ടതും നശിച്ചു നിൎമ്മലനായും വരും. അത്രയുമല്ലാ അവസാനകാലത്തു സങ്കടമെന്നിയെ മരിച്ചു സൎവ്വലൊകശരണ്യനായിരിക്കുന്ന ഭഗവാൻ പന്നഗശായിയായിരിക്കുന്ന വിഷ്ണുനാരായണസ്വാമിയുടെ ശ്രീപാദാരവിന്ദത്തൊടെ ചെരുമവരെന്നു ശ്രീഗുരുവരുളിച്ചെയ്തു കെൾപ്പുണ്ടുമുണ്ടു.

ഇതി ഉത്തരരാമായണകഥാസാരം ശ്രീവാല്മീകി മഹൎഷി കുശലവന്മാൎക്കുപദെശം ചെയ്തുപാടിക്കപ്പെട്ടതു.

ശ്രീരാമായ നമഃ

യാദൃശം ലിഖിതം ദൃഷ്ടം താദൃശം ലിഖിതം മയാ
യദിശുദ്ധമശുദ്ധം വാ മമ ദൊഷൊ ന വിദ്യതെ.

കൊല്ലം ആയിരത്തെഴാമാണ്ടു ചിങ്ങഞ്ഞി മീനവ്യാഴം
കൎക്കടകമാസം 17-ാംനു- കളരിവാളക്കൽ വട
ക്കെ ഇല്ലം വൈകുണ്ഠനാമധെയൻ പിടാരര
ചൊല്ലാൽ കരുവെള്ളര കരുവാച്ചേരി
പടിഞ്ഞാറെക്കരെക്കണ്ണൻ എഴുതി
തീൎത്ത പുസ്തകമിദം
സമാപ്തം.

കേരള സാഹിത്യ അക്കാദമി

ശുഭമസ്തു ശ്രീഗുരുവെ ശരണം.

കരകൃതമപരാധം ക്ഷന്തുമൎഹന്തി സന്തഃ

അരവിന്ദബന്ധുസുതസോദരനഗ്രജൻെറ
സഖിവൈരിശിഷ്യരിപുതാതനെവെന്നവൻെറ
പിതൃതാതതാതപിതൃതാതസുതാരി തൻെറ
നയനാംബുജൻെറ ചരണാംബുരുഹം നമാമി.

രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി ഗച്ഛ താത യഥാസുഖം.

മൽഗുരവെ ശരണം.

സമാപ്തം.

കേരള സാഹിത്യ
അക്കാദമി